

# SREE NARAYANA GURUDEVA JAYANTHI

## SOUVENIR – 1986

(A Publication of Sree Narayana Association of North America)

## EXECUTIVE COMMITTEE

| | |
|---|---|
| President | ***K.G. Janardhanan*** |
| Vice President | ***Ammini Velayudhan*** |
| Secretary | ***P. Udayabhanu*** |
| Jt. Secretary | ***N.S. Rajeev*** |
| Treasurer | ***K.P. Radhakrishnan*** |
| Members | ***M. Sudhakaran*** |
| | ***Sasi Divakaran*** |
| | ***M.N. Jayarajan*** |
| | ***K. Velayudhan*** |
| Trustees | ***K.K. Gangadharan (Ala)*** |
| | ***P. Vasudev*** |
| | ***N.S. Thampi*** |

---

*SWAMI'S DIALOGUE*

*When people were assembling to discuss the opening of a model school at Sivagiri, one of the inmates said:*

*"People can achieve great things if they come together"*

*Swami : They can if they join together.*

*Inmate: Somebody once remarked that all the Englishmen would be drowned if all the Indians spat together.*

*Swami : That is true, but the mouth becomes dry on seeing an Englishman.*

# ഗുരു

ആരായുകിലന്ധത്വമൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ പരദൈവം;
ആരാധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തേ ! ഗുരുനാരായണമൂർത്തേ !

അൻപാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വൻപാകെ വെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുൻപായി നിനച്ചോക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിൻപാവനപാദം ഗുരുനാരായണമൂർത്തേ!

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ;
സന്യാസികളിലില്ലിങ്ങനെയില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ!

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻ താൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ!

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽക്കെട്ടിയിഴപ്പൂ
ആഹാ ബഹുലക്ഷം ജനമങ്ങേത്തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ! □

ആശാൻ

# പ്രസ്താവന

അമേരിക്കയിലെ മലയാളികഠംക്കും, മലയാളം അറിഞ്ഞുകൂടാത്ത അവരുടെ കുഞ്ഞുങ്ങഠംക്കും ശ്രീനാരായണഗുരുവിനെക്കുറിച്ചും ശ്രീനാരായണ പ്രസ്ഥാനങ്ങളെക്കുറിച്ചും അറിവുണ്ടാക്കുകയെന്ന പരിമിതമായ ലക്ഷ്യത്തോടെയാണ് ഈ സുവനീറിൻെറ പ്രവത്തനം തുടങ്ങിയതു്. കേരളത്തിലെ സാമൂഹിക – സാമ്പത്തിക – രാഷ്ട്രീയ നവോത്ഥാനങ്ങളുടെ പ്ര ഭവസ്ഥാനമായ ശ്രീനാരായണ പ്രസ്ഥാനങ്ങളെക്കുറിച്ചു് സമഗ്രമായ പഠനങ്ങഠം ഉഠംക്കൊള്ളുന്ന ഒരു സ്മാരകഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ഞങ്ങഠം ആഗ്രഹിച്ചു. സമയപരിധിയും, സാഹചര്യങ്ങളുടെ പരിമിതിയും ഞങ്ങളുടെ പ്രതിബന്ധങ്ങളെ വദ്ധിപ്പിച്ചു. അറിവുള്ളവരും, എഴുതുവാൻ കഴിവുള്ളവരും ഞങ്ങളിൽനിന്നും വളരെ വിദൂരതയിലാണല്ലോ. പ്രതീക്ഷിച്ച ലേഖനങ്ങഠം എല്ലാം കിട്ടിയില്ല. താമസിച്ചുവന്നവ ചേക്കാനും കഴിഞ്ഞില്ല.

ലേഖനങ്ങഠം മിക്കതും ഈ സുവനീറിനുവേണ്ടി പുതിയതായി അഭിജ്ഞന്മാർ എഴുതിത്തന്നിട്ടുള്ളതാണ്. വളരെ വിജ്ഞാനപ്രദങ്ങളായ ഒന്നുരണ്ടെണ്ണം പുനഃപ്രകാശനം ചെയ്തിട്ടുണ്ട്. അവ ലേഖകന്മാർ തന്നെ അയച്ചുതന്നിട്ടുള്ളതാണ്. പെട്ടെന്നു് തയ്യാറാക്കിയ ചില ലേഖനങ്ങഠംക്കു് പ്രതീക്ഷിച്ച പൂണ്ണത വന്നിട്ടില്ല. ലക്ഷ്യത്തിലെത്തിച്ചേരാൻ ഇനിയും വളരെ ദൂരം സഞ്ചരിക്കേണ്ടതുണ്ട് എന്നറിയാം. എന്നാലും നല്ല ചില ലേഖനങ്ങഠം ഇതിൽ ചേക്കുവാൻ കഴിഞ്ഞതിൽ ഞങ്ങഠം സന്തോഷിക്കുന്നു.

അനാരോഗ്യത്തേയും, മററനവധി ജീവിത ക്ലേശങ്ങളേയും അവഗണിച്ചുകൊണ്ടാണ് പലരും ലേഖനസഹായം ചെയ്തതു്. അവരോടുള്ള അതിരററ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

മലയാളം ടൈപ്പ് സെററിംഗും, മററു സാങ്കേതിക സഹായങ്ങളും ചെയ്തുതന്ന വിവേകോദയം പത്രാധിപർ ഡോ: സി. കെ. രവിക്കും, ചന്ദ്രികാ പ്രസ്സിലെ അദ്ദേഹത്തിൻെറ സഹപ്രവർത്തകക്കും ഞങ്ങഠം നന്ദി പറയുന്നു.

പ്രവർത്തക സമിതി,
**ശ്രീനാരായണ അസോസിയേഷൻ,**
നോർത്തു് അമേരിക്ക.

ന്യൂയോക്ക്,
ആഗസ്റ്റ് 23, 1986

---

എഡിററർ:— ഇ. കെ. ബാബുരാജൻ

# ശ്രീനാരായണൻെറ ഗുരുനാഥൻ

എസ്. ഗുപ്തൻ നായർ

ശ്രീനാരായണഗുരുവിൻെറ ഗുരുനാഥനാകുവൻ ഭാഗ്യം ലഭിച്ച കുമ്മമ്പള്ളി രാമൻ പിള്ളയാശാൻ വലിയ സംസ്കൃതപണ്ഡിതനായിരുന്നു. അദ്ദേഹം വൈദ്യം, ജ്യോതിഷം, വേദാന്തം എന്നിവയിലും അവഗാഹം നേടിയിരുന്നു. ആട്ടക്കഥകൾ രചിച്ച അദ്ദേഹം ഒരു കഥകളി നടൻ കൂടിയായിരുന്നു. ധാരാളം കവിതകൾ രചിച്ചിട്ടുണ്ട്.

സന്യാസിമാരെ സംബന്ധിച്ചിടത്തോളം അക്ഷരഗുരുവിനു് വലിയ പ്രാധാന്യമില്ല; അദ്ധ്യാത്മഗുരുവിനെയാണ് 'ഗുരു' എന്നു പറയുക. എങ്കിലും കേരളത്തിനു് വിസ്മരിക്കാനാവാത്ത മട്ടിൽ വിദ്യാദാനം ചെയ്തുകൊണ്ടു് ധന്യജീവിതം നയിച്ചിരുന്ന ഒരു മഹാത്മാവായിരുന്നു, ശ്രീനാരായണൻെറ ഗുരുനാഥനായിരുന്ന കുമ്മമ്പള്ളി രാമൻപിള്ള ആശാൻ. ആശാനെപ്പററി വളരെ കുറച്ചു വിവരങ്ങളേ നമുക്കു ലഭിച്ചിട്ടുള്ളു. പഴയ ഭാഷാകവികളെ പരിചയപ്പെടുത്തുന്ന വിഷയത്തിൽ ഗണ്യമായി പ്രവർത്തിച്ചിട്ടുള്ള ചെന്നിത്തല കൃഷ്ണയ്യർ എഴുതിയ 'മൺമറഞ്ഞ ഭാഷാകവികൾ' (ഒന്നാംഭാഗം) എന്ന പുസ്തകത്തിൽ ഒരു ലഘുചരിത്രം വായിക്കാം. അദ്ദേഹത്തെത്തന്നെ മുക്കാലും അവലംബിച്ചു ഉള്ളൂർ പരമേശ്വരയ്യരും എഴുതിയിട്ടുണ്ടു്–കേരള സാഹിത്യചരിത്രത്തിൽ. നാരായണഗുരുവിൻെറ ജീവചരിത്രകാരന്മാർ പോലും ഒഴുക്കൻ മട്ടിലേ രാമൻപിള്ള ആശാനെപ്പററി പറയുന്നുള്ളു. കോട്ടുകോയിക്കൽ വേലായുധൻ എഴുതിയ 'ശ്രീനാരായണഗുരു – ജീവിതചരിത്രം' (ഒന്നാം പതിപ്പ് 1973) വളരെ ആദരവോടെ ആശാനെ സ്മരിക്കുന്നുണ്ടു്. രാമൻപിള്ള ആശാൻെറ നാട്ടുകാരനായ എനിക്കു് ആ പേരു് കേൾക്കുമ്പോൾ അനിർവ്വചനീയമായ അഭിമാനം തോന്നാറുണ്ടു്. കേരളം ആശാനെ വേണ്ടതുപോലെ ആദരിക്കാത്തതിൽ ദുഃഖവും. ശ്രീനാരായണൻ, കുമ്മമ്പള്ളി ആശാൻെറയടുക്കൽ പഠിക്കാൻ വരുമ്പോൾ വയസ്സു് ഇരുപത്തിമൂന്നാണ്. ഇതു സാധാരണമല്ല. ആശാനു് ശിഷ്യനേക്കാൾ പത്തുവയസ്സേ മൂപ്പുള്ളുതാനും. നാലുവർഷം അവിടെ താമസിച്ചു പഠിച്ചു എന്നാണ് മൂർക്കോത്തു കുമാരൻെറ ജീവിത ചരിത്രത്തിൽ കാണുന്നതു്. (കൊല്ലവർഷം 1053 മുതൽ 1057 വരെ) എന്നാൽ രണ്ടുവർഷമേ ഗുരുകുലവാസമുണ്ടായിട്ടുള്ളു എന്നാണു് കെ. ദാമോദരൻ പറയുന്നതു്. അതാവണം ശരിയെന്നു കോട്ടുക്കോയിക്കൽ വേലായുധനും സമ്മതം മൂളുന്നു. ജാതിഭേദം കലശലായിരുന്ന അക്കാലത്തു് രാമൻ പിള്ള ആശാൻെറ അടുക്കൽ പഠിക്കാൻ ഇത്രയേറെ ഈഴവ വിദ്യാർത്ഥികൾ വന്നതെന്തുകൊണ്ടു്? രണ്ടുകാരണങ്ങളാലാണ്. ഒന്നു്: ആശാൻ, വിദ്യാദാന വിഷയത്തിൽ ജാതി നോക്കിയിരുന്നില്ല എന്നതു്. മററതു്: ഈഴവ വിദ്യാർത്ഥികളെ സൗജന്യമായി താമസിപ്പിച്ചു് ആഹാരം കൊടുക്കാൻ സന്നദ്ധമായിരുന്ന 'വാരണപ്പള്ളി' എന്ന ഈഴവ പ്രഭുകുടുംബം ആശാൻെറ വീടിനടുത്തുണ്ടായിരുന്നു എന്നതു്. വെളുത്തേരി കേശവൻ വൈദ്യൻ, പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ, ഉടയാൻകുഴി കൊച്ചുരാമൻ വൈദ്യൻ എന്നിവരെല്ലാം വാരണപ്പള്ളിയിൽ താമസിച്ചു് കുമ്മമ്പള്ളി ആശാൻെറ അടുത്തുനിന്നു് കാവ്യനാടകാലങ്കാരങ്ങൾ പഠിച്ചവരാണ്. ഈ ഉടയാൻകുഴി കൊച്ചുരാമൻ വൈദ്യരാണു് പിന്നീടു് കുമാരനാശാൻെറ സംസ്കൃതഭാഷാ ഗുരുവായിത്തീർന്നതു്. അപ്പോൾ കുമാരനാശാൻ കുമ്മമ്പള്ളി രാമൻപിള്ളയാശാൻെറ പ്രശിഷ്യനാണു് എന്നും നാം ധരിക്കണം. രാ

മൻപിള്ള ആശാൻ അന്നത്തെ നിലയ്ക്ക് മധ്യതിരുവിതാംകൂറിലെ ഒരു കൊച്ചു സർവ്വകലാശാല തന്നെയായിരുന്നു.

അദ്ദേഹത്തിൻെറ ചരിത്രം ചുരുക്കത്തിൽ ഇവിടെ വിവരിക്കാം. കായംകുളം പട്ടണത്തിലുള്ള കമ്മമ്പള്ളി വീട് ഇന്നും പ്രസിദ്ധമായ ഒരു തറവാടാണ്. അതിൻെറ ശാഖയാണ് കായംകുളം പുതുപ്പള്ളിയിലുള്ള തട്ടപ്പുരയ്ക്കൽ കുടുംബം. അതുകൊണ്ട് തട്ടപുരയ്ക്കൽ ആശാനെന്നും നാട്ടുകാർ അദ്ദേഹത്തെ വിളിച്ചുപോന്നു. ഒരു ശിഷ്യനായ ചേമണ്ണൂർ രാമൻ പിള്ളയുടെ വീട്ടിൽ താമസിച്ചുകൊണ്ട് കുട്ടികളെ പഠിപ്പിച്ചിരുന്നതിനാൽ 'ചേമണ്ണൂരാശാൻ' എന്നും അദ്ദേഹം അറിയപ്പെട്ടിരുന്നു. പണ്ട് കരുനാഗപ്പള്ളിത്താലൂക്കിലായിരുന്ന പുതുപ്പള്ളി പ്രദേശം, ഇപ്പോൾ കാർത്തികപ്പള്ളിത്താലൂക്കിലാണ് (ഇക്കഥ മനസ്സിലാക്കാതെ ഇന്നും ചില എഴുത്തുകാർ കരുനാഗപ്പള്ളി, കമ്മമ്പള്ളിൽ ആശാൻ എന്നെഴുതാറുണ്ട്.) 1020-ാമാണ്ട് വൃശ്ചികത്തിൽ (1844) അദ്ദേഹം ജനിച്ചു. അഛൻ ഒരു പോററിയായിരുന്നു. വേല വിരുത്തിയുള്ള കുടുംബങ്ങളിലൊന്നായിരുന്നു കമ്മമ്പള്ളി. അതിനാൽ ആശാനും വേലകളി അഭ്യസിക്കേണ്ടിവന്നു. (ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തിൻെറ ഒരു ചടങ്ങാണ് വേലകളി) പിന്നീട് ഉപജീവനത്തിനു ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ അടുക്കൽനിന്നു കഥകളി അഭ്യസിക്കയും ഒരു നല്ല കഥകളി നടനാവുകയും ചെയ്തു. അങ്ങനെയിരിക്കെ ഒരു ദിവസം ഒരു പദത്തിൻെറ അർത്ഥം തെററിദ്ധരിച്ച് മുദ്ര കാണിച്ചു. സഹനടൻ കണക്കിനു പരിഹസിച്ചു. 'എന്നാൽ ഇനി സംസ്കൃതം പഠിച്ചിട്ടുതന്നെ മേൽക്കാര്യം' എന്നു തീരുമാനിച്ച് സംസ്കൃതം പഠിക്കാൻ പുറപ്പെട്ടു. അന്ന് കടയനല്ലൂർ കൈലാസ ശാസ്ത്രികൾ എന്ന മഹാവിദ്വാൻ എരുവയിൽ താമസിച്ചു കുട്ടികളെ പഠിപ്പിക്കുന്നുണ്ടായിരുന്നു. രാമൻ പിള്ള, ശാസ്ത്രികളുടെ അടുക്കൽ എത്തി. കാവ്യനാടകാലങ്കാരങ്ങൾ മാത്രമല്ല, വ്യാകരണവും രാമൻപിള്ള നന്നായഭ്യസിച്ചു. പിന്നീട് ചെമ്പകശ്ശേരി പോററിയുടെ അടുക്കൽനിന്ന് വൈദ്യവും പടയത്തു് യജമാനൻെറ അടുക്കൽനിന്ന് ജ്യോതിഷവും ശ്രീധരയോഗിയുടെ അടുക്കൽനിന്നു വേദാന്തവും അഭ്യസിച്ചു. ചുരുക്കിപ്പറഞ്ഞാൽ, അല്പം സംസ്കൃതം പഠിക്കാൻ പുറപ്പെട്ട രാമൻപിള്ള സർവ വിദ്യാസമ്പന്നനായിട്ടാണ് വിദ്യാഭ്യാസം അവസാനിപ്പിച്ചത്. 'കലാംബു രാശിമുഴുവൻ സ്വായത്തമായാസ്വദിച്ചുനം വിട്ടുവിളങ്ങിടുന്ന' എന്ന മൂലൂരിൻെറ പ്രശംസ ഒട്ടും അസ്ഥാനത്തല്ല. വാരണപ്പള്ളി കൊച്ചുകൃഷ്ണപ്പണിക്കരുടെ അപേക്ഷയനുസരിച്ചാണത്രേ, അദ്ദേഹം വിദ്യാർത്ഥികളെ പഠിപ്പിക്കാൻ തുടങ്ങിയത്. 32 കൊല്ലക്കാലം ഈ ആചാര്യവര്യൻ തൻെറ വിദ്യാദാനയജ്ഞം അഭംഗുരമായി നിർവ്വഹിച്ചു. ചെമ്പഴന്തിയിൽ ജനിച്ച നാരായണഗുരു പഠിക്കാനായി വിദൂരസ്ഥമായ പുതുപ്പള്ളിയിലെത്തിയെന്നു പറഞ്ഞാൽ ആശാൻെറ കീർത്തി എത്രമാത്രം പരന്നിരുന്നു എന്നു ഊഹിക്കാം. ചെമ്പഴന്തിയിൽനിന്നു മാത്രമല്ല, വക്കം, തിരുവനന്തപുരം മുതലായ പ്രദേശങ്ങളിൽനിന്നുപോലും ശിഷ്യന്മാർ ചെന്നുകൊണ്ടിരുന്നു. ആശാൻെറ മുഖ്യകൃതികൾ താഴെ പറയുന്നവയാണ്. 1) പ്രബോധ ചന്ദ്രോദയം (നാടക പരിഭാഷ), 2) സുഭദ്രാഹരണം (ഓട്ടൻ തുള്ളൽ), 3) വക്കം സ്ഥലമാഹാത്മ്യം (കിളിപ്പാട്ട്), 4) കൃഷ്ണാർജ്ജുനവിജയം (ആട്ടക്കഥ), 5) സത്യാസ്വയംവരം (ആട്ടക്കഥ), 6) കാദംബരി കഥാസാരം (ഗദ്യം), 7) പട്ടണത്തു പിള്ളയാർ പാട്ട് (പരിഭാഷ). ഗദ്യവും പദ്യവും ആശാന് ഒന്നുപോലെ സ്വാധീനമായിരുന്നു. ഗദ്യമെഴുത്തുകാർ നന്നാ കുറവായിരുന്ന ഒരു കാലത്താണ് ആശാൻ കാദംബരി കഥയെ സംഗ്രഹിച്ചത്.

> ചന്ദ്രൻ ചന്ദനവും കളിത്ത പനിനീർ,
> കൂവും കുയിൽക്കൂട്ടവും
> സാന്ദ്രാമോദസുമാളിപാളിമിളിതം
> പൂങ്കാവു, മന്ദാനിലൻ
> മന്ദ്രധ്വാനാഘനം ദിനം, സുരഭിയെ-
> ന്നിത്യാദി മിത്രങ്ങളെ
> തന്ദ്രാഹീനമഹോ ജയിച്ചു, തരുണീ
> വൃന്ദത്തെ വെന്നീടുകിൽ.

ഇതു നാടക പരിഭാഷയിൽ നിന്നാണ്. അത്യന്തസുന്ദരമായ രചന.

ആശാൻെറ കിളിപ്പാട്ടിനും തുള്ളലിനുമൊക്കെ നല്ല ഒഴുക്കുണ്ട്. സംസ്കൃതത്തിലും മലയാളത്തിലും വളരെ ഒററ ശ്ലോകങ്ങൾ അദ്ദേഹം രചിച്ചിരുന്നു.

> ഗജാസ്യതാതമീശമന്തകാന്തകം മഹേശ്വരം
> ഗജാജിനാസ്ഥിധാരിണം ഭുജാവലീമനോഹരം
> അജാദിവന്ദ്യ പാദപങ്കജ പ്രശമ്പി നൂപുരം
> ഭജാമി ലോകനായകം ഭുജംഗഭൂഷണം ഹരം.

എന്ന ശിവസ്തുതി എത്ര സുന്ദരമായിരിക്കുന്നു.

ശ്രീനാരായണ ഗുരുവിൻെറ ഗുരുനാഥനാകാൻ ഭാഗ്യം സിദ്ധിച്ച ഈ അപൂർവ്വ പ്രതിഭാശാലിയെ നാം കുറെക്കൂടി ആദരവോടെ സ്മരിക്കേണ്ടതാണെന്നു തോന്നുന്നു. □

# ശൈവസിദ്ധാന്തസ്വാധീനം: ശ്രീനാരായണഗുരുവിന്റെ കൃതികളിൽ

ഡോ. ടി. ഭാസ്കരൻ

> ഗുരുദേവന്റെ കൃതികളിൽ ശങ്കരാദ്വൈതത്തിന്നു ചേരാത്ത പലതും കാണുന്നുണ്ട്. അദ്ദേഹം ശൈവസിദ്ധാന്തവും അംഗീകരിക്കുന്നു എന്നതാണതിനുകാരണം. ജഗൻമിഥ്യാ എന്നു പറഞ്ഞു് സാമൂഹ്യപ്രശ്നങ്ങളോടു വിമുഖത കാണിക്കുവാൻ ഗുരുവിനു കഴിഞ്ഞില്ല. ജീവിതത്തെ, അതിന്റെ സകല യാഥാർത്ഥ്യങ്ങളോടുംകൂടി നേരിട്ടു്, ജീവിതവ്യമാക്കാൻ അദ്ദേഹം യത്നിച്ചു.

ശങ്കരാചാര്യർ ക്രോഡീകരിക്കുകയും ശ്രുതി, യുക്തി, അനുഭവം എന്നിവയുടെ വെളിച്ചത്തിൽ അനിഷേധ്യമായി സ്ഥാപിക്കുകയും ചെയ്ത അദ്വൈതം തന്നെയാണു് ശ്രീനാരായണഗുരു അനുവർത്തിച്ചതു്. ഇക്കാര്യം ഗുരു നടരാജഗുരുവിനോടും സെൻസസ് റിപ്പോർട്ടറോടും വാഗ്ഭടാനന്ദനോടും വെളിപ്പെടുത്തിയിട്ടുണ്ടു്. അദ്വൈതത്തിലെ നിർഗ്ഗുണ ബ്രഹ്മസാക്ഷാത്കാരം സിദ്ധിച്ച ആളാണു് ഗുരു. ആ നിലയ്ക്കു് ഗുരുവിന്റെ കൃതികളിലോ പ്രവർത്തനങ്ങളിലോ വേറെ ഏതെങ്കിലും ദർശനം നിഴലിടുന്നുണ്ടോ എന്നന്വേഷിക്കുന്നതു് ശുദ്ധ അസംബന്ധവും ഗുരുദേവമഹിമ ലഘൂകരിക്കാൻ ഉദ്ദേശിച്ചുള്ളതും ആണു്. ഏതാണ്ടു് ഇങ്ങനെ ഒരു നിലപാടിനു പ്രചാരം കിട്ടിവരുന്നതായി കാണുന്നു.

എന്നാൽ ഗുരുദേവന്റെ വാക്കുകളിലും പ്രവർത്തനങ്ങളിലും കൃതികളിലും ശങ്കരാദ്വൈതത്തിന്നു് ചേരാത്തതായി പലതും കാണുന്നുണ്ടു്. ഇവയെല്ലാം വളരെ പണിപ്പെട്ടു് അദ്വൈതാനുസാരം വ്യാഖ്യാനിച്ചു തൃപ്തിപ്പെടുന്നതിനെക്കാൾ നല്ലതു് അവ എവിടെ നിന്നു വന്നവോ അതിനനുസരിച്ചു വ്യാഖ്യാനിക്കുന്നതാണു്. അതെവിടെനിന്നു വന്നുവെന്നു് അന്വേഷിച്ചു പോകുമ്പോൾ സിദ്ധർ പാടലുകൾ, തിരുക്കുറൾ, തേവാരം, തിരുവാചകം മുതലായ തമിഴുകൃതികളിലും ശൈവസിദ്ധാന്തത്തിലും ചെന്നെത്താതെ തരമില്ല.

ഇവയെല്ലാം സമഗ്രമായി പ്രതിപാദിച്ചാൽ ലേഖനം നീണ്ടുപോകും. അതുകൊണ്ടു് ഗുരുദേവകൃതികളിൽ വരുന്ന ശൈവസിദ്ധാന്തപരാമർശങ്ങളിൽ പ്രധാനമായവമാത്രം പരിശോധിക്കാം.

ഇവിടെ ഒരുകാര്യം വ്യക്തമായി ധരിച്ചിരിക്കണം. ശൈവസമയവും ശൈവസിദ്ധാന്തവും ഒന്നല്ല. ശൈവസമയത്തിൽ നിന്നുരുത്തിരിഞ്ഞു വന്നതാണു് ശൈവസിദ്ധാന്തം. ആദ്യത്തേതു് ഒരു മതവും രണ്ടാമത്തേതു് മതത്തിന്റെ പ്രാധാന്യം അംഗീകരിക്കുന്ന ദർശനവും ആണു്. ശൈവസമയത്തിന്റെ അങ്കുരം മോഹൻജദാരോ സംസ്കാരത്തിൽ ഉണ്ടെന്നൂഹിക്കപ്പെടുന്നു. അതു വളർന്നു വികസിച്ചതു് ക്രി. വ. ഏഴു മുതൽ ഒമ്പതുവരെ നൂററാണ്ടുകളിൽ തമിഴകത്തു ജീവിച്ചിരുന്ന ശൈവ നായനാരന്മാരുടെ കാലത്താണു്. അപ്പർ, സുന്ദരമൂർത്തി, തിരുജ്ഞാന സംബന്ധർ, മാണിക്യവാചകർ മുതലായവരുടെ തേവാരപ്പാടലുകളിൽ ശൈവസമയത്തിന്റെ തത്ത്വങ്ങൾ ആവിഷ്കൃതമായിരിക്കുന്നു. ഇവയിൽനിന്നു കിട്ടുന്ന സൂചനകൾ സ്വീകരിച്ചു് മെയ്കണ്ട ദേവർ ക്രി. വ. പതിമൂന്നാം നൂററാണ്ടിൽ ശൈവസിദ്ധാന്തം ക്രോഡീകരിച്ചു. പന്ത്രണ്ടു സൂത്രമടങ്ങുന്ന ശിവജ്ഞാന ബോധമാണു് ശൈവസിദ്ധാന്തത്തിന്റെ ആധാരശില. മെയ്കണ്ടരുടെ ശിഷ്യന്മാരായ അരുൾനന്ദിയും ഉമാപതിയും ശൈവസിദ്ധാന്ത സ്ഥാപനത്തിൽ പ്രധാനമായ പങ്കു വഹിച്ചിട്ടുണ്ടു്.

ഗുരുദേവന്റെ പ്രപഞ്ചവീക്ഷണം അദ്വൈതിയുടേതിൽനിന്ന തികച്ചും ഭിന്നമാണ്. അദ്വൈതി ഈ ചരാചരപ്രപഞ്ചം മായയാണെന്ന വിശ്വസിക്കുന്നു. ഗുരുദേവകൃതികളിൽ ഈ അഭിപ്രായത്തിനോട് യോജിക്കുന്ന പ്രസ്താവങ്ങൾ കാണാമെങ്കിലും ചരാചരപ്രപഞ്ചത്തിന്ന് അദ്വൈതി കല്പിക്കുന്നതിനെക്കാൾ വില ഗുരുദേവൻ കാണുന്നുണ്ട്. പ്രപഞ്ചം ഈശ്വരന്റെ വിഭൂതിയാണെന്ന ഗുരു പറയുന്നു. ആത്മോപദേശ ശതകത്തിൽ രണ്ടിടത്തും ശിവശതകത്തിൽ ഒരു സ്ഥലത്തും (ഭൂതി) ഈ പ്രസ്താവം വന്നിരിക്കുന്നതിനാൽ ഇത് കേവലം ആനുഷംഗികമല്ലെന്ന കരുതാം. പദ്യങ്ങൾ പകർത്തട്ടെ.

> വെളിയിലിരുന്ന വിവർത്തമിങ്ങുകാണും
> വെളിമുതലായ വിഭൂതിയഞ്ചുമോർത്താൽ
> ജലനിധി തന്നിലുയർന്നിടും തരംഗാ-
> വലിയതുപോലെയഭേദമായ് വരേണം.
>
> ആത്മോപദേശം 3

> അറിവു നിജസ്ഥിതിയിങ്ങറിഞ്ഞിടാനായ്-
> ഖര മുതലായ വിഭൂതിയായി താനേ
> മറിയുമവസ്ഥയിലേറി മാറി വട്ടം
> തിരിയുമലാത സമം തിരിഞ്ഞിടുന്നു.
>
> ആത്മോപദേശം 33

> കവലയനായകനക്കനൾനി ഹോതാ-
> വവനി തുടങ്ങിയ ഭൂതിയഞ്ചുമിന്നീ
> തവ മറിമായമിതാക്കറിഞ്ഞിടാവൂ
> കവിജന കല്പിത കാവ്യമെന്നപോലെ
>
> ശിവശതകം 19

പ്രപഞ്ചത്തെ ഈശ്വരന്റെ വിഭൂതിയായി കണ്ടതുകൊണ്ടല്ലേ പഴയ രജ്ജുസർപ്പോപമയിൽ രജ്ജുവിന്റെ സ്ഥാനം 'നലമിയലും മലർമാല' കൈക്കലാക്കിയതെന്ന് ആലോചിച്ചു നോക്കാവുന്നതാണ്.

ഈ പ്രപഞ്ചവീക്ഷണത്തിന്റെ പേരിൽ ആയിരിക്കണം ശൈവസിദ്ധാന്തത്തെ ദ്വൈതമായി വിവരിക്കാൻ ചിലർ ഇഷ്ടപ്പെടുന്നത്. എന്നാൽ ശൈവസിദ്ധാന്തവും അദ്വൈതം തന്നെ എന്ന ശൈവസിദ്ധാന്തികൾ അവകാശപ്പെടുന്നു. അവരുടെ 36 തത്ത്വങ്ങളിൽ ഏററവും പ്രധാനപ്പെട്ടത് പതി (ഈശ്വരൻ), പശു (വ്യക്തികൾ), പാശം (ബന്ധനം, മായ, ലോകം) എന്നിവയാണ്. ഇവയുമ മിഥ്യാത്വമല്ല, സത്യത്വമാണ് ശൈവസിദ്ധാന്തി കാണുന്നത്. പിന്നെ എങ്ങനെ അദ്വൈതം എന്ന ചോദിച്ചാൽ സമാധാനമുണ്ട്. ലോകത്തിൽ നാനാത്വം സത്യമാണെങ്കിലും നാനാത്വ ദൃഷ്ടി വെടിയണം. നാനാത്വത്തിൽ ഏകത്വം കാണണം. അദ്വൈതി നാനാത്വം പാടേ നിഷേധിക്കുന്നു.

> സകലവുമുള്ളതുതന്നെ തത്ത്വചിന്താ-
> ഗ്രഹനിതു സർവവുമേകമായ് ഗ്രഹിക്കും
> അകമുഖമായറിയായ്കിൽ മായയാം വൻ-
> പക പലതും ഭയമേകിടുന്ന പാരം.

എന്ന ആത്മോപദേശശതകത്തിൽ (പദ്യം 88) പാടുമ്പോൾ ഗുരു വളർത്തിയെടുക്കാൻ ഉപദേശിക്കുന്നത് ഏകത്വദൃഷ്ടിയാണ്. വിശിഷ്ടാദ്വൈതിയെപ്പോലെ പശുപതിപാശങ്ങളെ ശൈവസിദ്ധാന്തി ഒന്നായി കാണിച്ചുതരുന്നു. പശുവും പതിയും പാശവും പരസ്പരം വ്യത്യസ്തമെങ്കിലും അവതമ്മിൽ ഒരു അഭേദ സംബന്ധം ഉണ്ട്.

'ഇവൈ താനായും വേറുമായ്' എന്ന തമിഴിൽ പറയും. ആശാന്റെ വാക്കിൽ

> 'പൂവിൽ മണവും മണി വിളക്കി-
> ലൊളിയും' പോലെയാണിത്.

പൂവും, മണവും അതുപോലെ വിളക്കും അതിന്റെ ശോഭയും ആലോചിച്ചു നോക്കുമ്പോൾ വ്യത്യസ്തങ്ങളാണെന്ന കാണാം. വേറെ ഒരു കോണിൽനിന്ന നോക്കിയാൽ പൂവിനും മണത്തിനും, വിളക്കിനും ഒളിക്കും അഭേദസംബന്ധം ഉണ്ടെന്നും അറിയാം. ഗുരു ഈ ഉപമാനംതന്നെ ശിവശതകത്തിൽ കൈക്കൊണ്ടിട്ടുണ്ട്. നോക്കുക:

> മലർമണമെന്ന കണക്കു മൂന്നു ലോക-
> ത്തിലുമൊരുപോലെ പരന്നു തിങ്ങി വീശി
> കലശ ജല പ്രതിബിംബനഭസ്സുപോൽ
> പലതിലുമൊക്കെ നിറഞ്ഞരുളേ ജയം

പശുവും പാശവും പതിയുടെ ശരീരവും, പതി അവയുടെ ആത്മാവും ആയാൽ മൂന്നും ഒന്നായല്ലൊ. ശരീരശരീരി ഭാവമെന്ന വിശിഷ്ടാദ്വൈതി വിശേഷിപ്പിക്കുന്ന ഈ ബന്ധം ശൈവസിദ്ധാന്തിയും അംഗീകരിക്കുന്നു. അങ്ങനെയുള്ള ഏകത്വ ബോധത്തിന്റെകാര്യം വരുമ്പോൾ അദ്വൈതികളെക്കാൾ വലിയ അദ്വൈതികളാണ് ശൈവസിദ്ധാന്തികൾ. അദ്വൈതം എന്നു പറഞ്ഞാൽ രണ്ടില്ലാത്ത അവസ്ഥ. അതായത് ബ്രഹ്മം മാത്രം സത്യമായനില. അവിടെ എത്തുമ്പോൾ ചരാചരപ്രപഞ്ചം കേവലം മിഥ്യ. ഇതാണ് അദ്വൈതപക്ഷം. എന്നാൽ ശൈവസിദ്ധാന്തി ഇങ്ങനെ വിശദീകരിക്കും. ഒന്നെന്ന പറഞ്ഞാൽ ഈശ്വരൻ ഒന്നേയുള്ളൂ എന്നർത്ഥം. അതുകൊണ്ടു മററുള്ളതെല്ലാം മിഥ്യയാവണമെന്നില്ല. ഈശ്വരന് ഒപ്പം വേറൊന്നില്ല എന്നേ അതിനർത്ഥമുള്ളൂ. അങ്ങനെ ചരാചര പ്രപഞ്ചത്തിന്റെ സത്ത നിഷേധിക്കാതെതന്നെ ശൈവസിദ്ധാന്തി ഏകത്വം (അദ്വൈതം) സ്ഥാപിക്കുന്നു.

ഈ ലോകവും അതിലുള്ള അനന്തകോടി ജീവാത്മാക്കളും ഈശ്വരൻെറ ശരീരമാണെന്നും ഈശ്വരൻ അവയുടെ ആത്മാവാണെന്നും ഉള്ളകാര്യം ഗുരുദേവകൃതികളിൽ പേർത്തും പേർത്തും ആവിഷ്കൃതമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ കാണിക്കാം.

കരണവു മിന്ദ്രിയവും കളേബരം തൊ–
ട്ടറിയുമനേക ജഗത്തുമോർക്കിലെല്ലാം
പരവെളി തന്നിലുയർന്ന ഭാനുമാൻ തൻ
തിരുവുടലാണ തിരഞ്ഞു തേറിടേണം.

ആത്മോപദേശം 2

(അന്തഃകരണം, ഇന്ദ്രിയം, ശരീരം, ഈ ലോകം മുഴുവൻ — ഇവ ചിദാകാശത്തിൽ ഉയർന്ന സൂര്യൻെറ തിരുവുടൽ ആണ്)

എല്ലാ ഉയിരും നിന്നുരുവെല്ലാ ഉടലും നീ
എല്ലാ ഉലകം നിൻ കളിയല്ലാതവൈ ഇല്ലൈ.
പൊല്ലാതനവെല്ലാം പൊടി ചെയ്യാണ്ടരുൾ
പൂവീർ
പല്ലായിരം പരതേവേ, ചുരകോവേ.

തേവാരം III 3

എല്ലാ പ്രാണനും നിൻെറ ശരീരമാണ്. എല്ലാ ശരീരവും നിയാണ് എന്ന് ഒന്നാം വരിക്കർത്ഥം.

ഒൻറായ് പലവാ–
യുയിർക്കുയിരായ്

എന്ന (തേവാരം 1 . 8) പാടുന്നതിൻെറയും പൊരുൾ ഇതുതന്നെ.

ശിവൻെറ അഷ്ടമൂർത്തിത്വം എന്ന സങ്കല്പത്തിൽ ഈ ശരീരശരീരിഭാവം പ്രകടമാണ് ഈ വിശ്വം ശിവൻെറ ഉടലാണെന്നും അതിൻെറ അന്തർയാമി എന്ന നിലയിൽ ശിവൻ അതിൻെറ ആത്മാവാണെന്നും ആണല്ലൊ അഷ്ടമൂർത്തി സങ്കല്പത്തിൻെറ താല്പര്യം. പഞ്ചഭൂതങ്ങൾ, സൂര്യൻ, ചന്ദ്രൻ, ഹോതാവു എന്നിവയാണ് അഷ്ടമൂർത്തികൾ. പഞ്ചഭൂതങ്ങൾ, സൂര്യൻ, ചന്ദ്രൻ എന്നിവ കൊണ്ട് സൃഷ്ടപ്രപഞ്ചം മുഴുവൻ ഉപലക്ഷിതമായി. അതിലുള്ള ജീവാത്മാക്കളുടെ പ്രതിനിധിയായിട്ടാണ് ഹോതാവിനെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഗുരുദേവകൃതികളിൽ അഷ്ടമൂർത്തിത്വം പലവുരു പരാമൃഷ്ടമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ;

മതി കതിരോടു മണ്ണൊളി
വിയത്തനിലൻ ജലവും
പതിയുടെ രൂപമെന്നിഹ
നിനച്ചു പദം പണിയാം

ശിവസ്തവം. പദ്യം 8

ഒന്നുപോലഖിലാണ്ഡ കോടിയക–
ത്തടച്ചതിനുള്ളിലും
തന്നകത്തിലുമെങ്ങുമൊക്കെ നിറഞ്ഞു
തിങ്ങി വിളങ്ങിടും
നിന്നരുൾക്കൊരിടം കൊടുപ്പതിനൊന്നു–
മില്ലയിതെപ്പൊഴോ
നിന്നിൽ നിന്നരുൾ കൊണ്ടു ജാതമിതൊ–
ക്കെയും ഗുഹ പാഹി മാം

ഷൺമുഖസ്തോത്രം 14

ഇതിനോടു ബന്ധപ്പെട്ടതാണ് ഈശ്വരൻെറ രൂപത്തെപ്പററിയുള്ള വാദം. ഈശ്വരൻ സർവ വ്യാപിയാണെങ്കിൽ വിശ്വാകാരത്വം അംഗീകരിക്കണം. അപ്പോൾ കൈയും കാലുമുള്ള രൂപം ചേരുകയില്ല. അദ്വൈതി പാരമാർത്ഥികാവസ്ഥയിൽ നിരാകാരത്വവും വ്യാവഹാരികാവസ്ഥയിൽ സാകാരത്വവും സ്വീകരിക്കുന്നു. ശൈവസിദ്ധാന്തി ഈ സാകാരനിരാകാരഭാവത്തിനു പ്രാധാന്യം കല്പിക്കുന്നില്ല. അവർ പാരമാർത്ഥികം, വ്യാവഹാരികം എന്നീ സത്താതലങ്ങളും സ്വീകരിക്കുന്നില്ല. രൂപം ഉള്ളതും രൂപം ഇല്ലാത്തതും ആയ ഒരു ഭാവത്തിൽ വൈരുദ്ധ്യം ഉണ്ടെങ്കിൽപ്പോലും ഈശ്വരനെ രൂപി, അരൂപി, രൂപ്യരൂപി എന്നീ ഭാവങ്ങളിൽ ശൈവസിദ്ധാന്തി സങ്കല്പിക്കുന്നു. ശിവൻ ദൃശ്യമല്ലെന്നു പറഞ്ഞാൽ അസത്താണെന്ന നിലവരും. ദൃശ്യമാണെന്നുപറഞ്ഞാലോ ? അപ്പോൾ ജഡത്വം സിദ്ധമാവും. നാം നമ്മുടെ കണ്ണുകൊണ്ടു കാണുന്നതു ജഡവസ്തുക്കളല്ലേ ? അതിനാൽ ശംഭുവിൻെറ രൂപം ഇവയിൽ നിന്നു വ്യതിരിക്തമായി അറിയണം.

(അദൃശ്യം ചേദസദ്ഭാവോ
ദൃശ്യം ചേത് ജഡിമാ ഭവേത്
ശംഭോസ്തദ് വ്യതിരേകേണ
ജ്ഞേയം രൂപം വിദുർ ബുധാഃ)

ഗുരു മൂന്നു സ്ഥിതിയിലും ശിവനെ വണ്ണിച്ചിട്ടുണ്ട്. അരുവായ് ഉരുവായ് അരുവുരുവായ് എന്നു തേവാരത്തിൽ പാടിയതു് ഓർക്കുക.

മുകളിൽ പറഞ്ഞതു് പ്രധാനമായും പതിയെപററിയാണ്. പശുവിൻെറ (ജീവൻെറ) കാര്യം പരിഗണിക്കുമ്പോഴും ശൈവസിദ്ധാന്തീയ സൂചനകൾ ഗുരുദേവകൃതികളിൽ വരുന്നുണ്ട്. ശൈവസിദ്ധാന്തി സകല, കേവല, നിഷ്കള എന്നിങ്ങനെ ജീവൻമാരെ മൂന്നായി തരംതിരിക്കുന്നു. ആണവം, കർമ്മം, മായ എന്നീ മലങ്ങളുടെ സാന്നിദ്ധ്യവും അഭാവവും ആണ് ഈ വിഭജനത്തിനടിസ്ഥാനം. സകലം ശരീരസഹിതവും കേവലം ശരീരരഹിതവും ആണ്. കേവലാവസ്ഥയിൽ പോലും ആണവമലം കാണും. നിഷ്കലവും പരിപൂർണ്ണമായും മലമററ സ്ഥിതിയല്ല. ശുദ്ധമാണ് മുക്താവസ്ഥ. അതു് ഈ മൂന്നു ഘട്ടവും അതിക്രമിച്ചുള്ള സാ

യൂജ്യമാണ്. അദ്വൈതിക്ക കേവലാവസ്ഥ (കൈവല്യം) മോക്ഷംതന്നെ. ക്ലാവ് പിടിച്ച പാത്രം തുടച്ചു വൃത്തിയാക്കുമ്പോൾ ശുദ്ധമായ ലോഹത്തിൻെറ തിളക്കം കാണുന്നതു പോലെയാണ് സായൂജ്യസ്ഥിതി. വേറെ ഉദാഹരണം വേണമെങ്കിൽ പായൽ മൂടിയ കുളത്തിൽ നിന്നു പായൽ നീക്കിയാൽ ശുദ്ധജലം കാണാറാകുന്നതു പോലെ, ഗുരുദേവകൃതികളിൽ ഈ കാര്യം സൂചിതമായിട്ടുണ്ട്.

> സകലം കേവലമൊടുപോ–
> യകലുംപോഴങ്ങുദിക്കുമൊരു വഴിയേ
> സഹസനകാദികളൊടുംപോയ്
> ത്തികവായീടും വിളിക്കു മൊരു മൊഴിയേ.
>
> സ്വാനുഭവ ഗീതി

സകലം കേവലമൊടുപോയ് എന്നതിനു സകല — കേവലഭാവം അകന്നു എന്നർത്ഥം. കുമാരനാശാൻ

> സകല കേവലഭാവമകന്നു ഞാ–
> നഖില നായക, നിൻ പദ പങ്കജം
> മുകളിൽ വച്ചു മുകന്നു കലർന്നു ചി–
> ത്സുഖമഴിഞ്ഞു സുഖിപ്പതു മെന്നഹോ

എന്നു ശാങ്കരശതകത്തിൽ എഴുതിയതു് ഗുരുവിനെ അനുഗമിച്ചാണ്. ആത്മോപദേശ ശതകത്തിൽ

> ത്രിഗുണമയം തിരു നീറണിഞ്ഞൊരീശ–
> ന്നകമലരിട്ടു വണങ്ങിയക്ഷമാറി
> സകലമഴിഞ്ഞു തണിഞ്ഞു കേവലത്തിൻ
> മഹിമറു മഹസ്സിലാണിടേണം

എന്നു സകല കേവലഭാവം വിട്ടുപോകണമെന്ന ആഗ്രഹം പ്രകടിപ്പിക്കുമ്പോഴും

> നെടിയ കിനാവിതു നിദ്രപോലെ നിത്യം
> കെടുമിതുപോലെ കിനാവുമിപ്രകാരം
> കെടുമതി കാണുകയില്ല കേവലത്തിൽ
> പെടുവതിനാലനിശം ഭ്രമിച്ചിടുന്നു

എന്നു കേവലാവസ്ഥ വരേണ്യമല്ലെന്നു സൂചിപ്പിക്കുമ്പോഴും ഗുരു ശൈവസിദ്ധാന്തസങ്കേതം ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നതു്.

> കൈവല്യക്കടലൊന്നായ്
> വൈമല്യം പൂണ്ടിടുന്നതൊരു വഴിയാം
> ജീവിതവും കെടുമെന്നേ
> ശൈവലമകലുന്നിതന്നു പരഗതിയാം.

ഇവിടെ ശൈവലം (ചണ്ടി = പായൽ) അകലുമ്പോൾ പരഗതിയാവും എന്ന പ്രസ്താവം ശൈവസിദ്ധാന്തീയമാണ്. മലങ്ങളെപ്പറ്റി മൂന്നു പരാമർശംകൂടി ഉദ്ധരിക്കാം.

> ആംവായ് നീയെന്നാവിയൊടീ–
> യാക്കൈ പൊരുൾ മുമ്മല മുതിരും
>
> തേവാരപ്പതികം
>
> വംപെഴുമിമ്മലമായ–
> ക്കൊംപതിനൊന്നായ് വിലസു നല്ലരുതേ
>
> സ്വാനുഭവഗീതി
>
> വിലങ്ങി വിളയാടി നടകൊള്ളുമിവരോടി–
> മ്മലങ്ങളൊഴുകും കുടിലിലാണു വലയുന്നു
>
> മനനാതീതം.

പശുവിനെപ്പററിയുള്ള പരാമർശം നിറുത്തി പാശത്തിലേയ്ക്കുവരാം. ഈ ലോകവും ഇതിലുള്ള സകല വസ്തുക്കളും പാശമാണു്, കാരണം അവ ജീവിയെ സംസാരത്തോട് ബന്ധിക്കുന്നു. പാശം അഴിഞ്ഞാൽ മോക്ഷമായി. ഈശ്വരൻ സ്വന്തം അരുൾകൊണ്ട് ജീവിക്കു മോക്ഷം സമ്പാദിക്കുവാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുന്നതാണ് സൃഷ്ടി. മോക്ഷത്തിനു പല പല പടവുകളും മാർഗ്ഗങ്ങളും ശൈവസിദ്ധാന്തി അംഗീകരിക്കുന്നു. ഓരോന്നിനും അതതിൻെറ വിലയും കല്പിക്കുന്നു. ദാസമാർഗ്ഗം (ചര്യ) സത്പുത്രമാർഗ്ഗം (ക്രിയ), സഖാമാർഗ്ഗം (ജ്ഞാനം), സന്മാർഗ്ഗം (യോഗം) ഇവയാണ് മാർഗ്ഗങ്ങൾ. ഇവയിലൂടെ സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നീ അവസ്ഥകളിൽ എത്തുന്നു. അദ്വൈതത്തിൽ മോക്ഷത്തെ ക്രമ മുക്തി, സദ്യോമുക്തി എന്നിങ്ങനെയും വിദേഹമുക്തി, ജീവൻമുക്തി എന്നിങ്ങനെയും ആണ് വിഭജിക്കുക പതിവ്. ഗുരു ദർശനമാലയിൽ മോക്ഷത്തെ ശുദ്ധ, അതിശുദ്ധംവരം, അതിശുദ്ധവരീയസ്സ്, അതിശുദ്ധവരിഷ്ഠം, അശുദ്ധശുദ്ധം, അശുദ്ധാശുദ്ധം എന്നിങ്ങനെ വിഭജിച്ചു കാണുന്നു. ഇതു് ശാങ്കരാദ്വൈതികൾക്കിടയിൽ പ്രചാരമുള്ള ആശയമല്ല.

മോക്ഷത്തെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം ശ്രദ്ധിക്കാനുണ്ട്. ശാങ്കരാദ്വൈതത്തെ സംബന്ധിച്ചിടത്തോളം ജ്ഞാനോദയം ഉണ്ടാകുന്ന നിമിഷംതന്നെ പ്രപഞ്ചം മിഥ്യയാണെന്നു ബോദ്ധ്യമാവും.

> വിജ്ഞാത ബ്രഹ്മതത്ത്വസ്യ
> യഥാപൂർവ്വം ന സംസൃതി ഃ
> അസ്തി ചേന്ന സ വിജ്ഞാത–
> ബ്രഹ്മഭാവോ ബഹിർ മുഖ ഃ

(ബ്രഹ്മ തത്ത്വം അറിഞ്ഞവനു മുന്നേപോലെ സൃഷ്ടി അനുഭവപ്പെടുന്നില്ല. അനുഭവപ്പെടുന്നുണ്ടെങ്കിൽ അവൻ ബ്രഹ്മഭാവം അറിഞ്ഞിട്ടില്ല; ബഹിർ മുഖനാണ്.)

ഇതാണു വിവേകചൂഡാമണിയുടെ നിലപാട്. എന്നാൽ ഒഴിവിലൊടുക്കം കർത്താവിനെപ്പോലെ ജ്ഞാനോദയത്തിനുശേഷവും പ്രപഞ്ചഭാനം തുടരുമെന്നു അദ്വൈതദീപികയിൽ ഗുരു പറഞ്ഞിരിക്കുന്നു. (ജ്ഞാനിയും

അജ്ഞാനിയും തമ്മിൽ വ്യത്യാസമെന്ത് എന്നു ഇവിടെ ചോദിക്കാം. രണ്ടുപേരും കാണുന്നു; അജ്ഞാനി കാണുന്നത് വിശ്വസിക്കുന്നു, ജ്ഞാനി കാണുന്നത് വിശ്വസിക്കുന്നില്ല അത്രതന്നെ)

> വിശ്വം വിവേക ദശയിങ്കലഴിഞ്ഞു സർവ-
> മസ്വസ്ഥമാകിലുമതീന്ദ്രിയ ദൃശ്യമാകും
> ദിക്കിൻ ഭ്രമം വിട്ടുകിലും ചിരമിങ്ങവന്റെ
> ദൃക്കിന്നുദിക്കു പുനരങ്ങനെതന്നെ കാണാം.

> സത്യത്തിലില്ലയുലകം സകലം വിവേക-
> വിദ്ധ്വസ്തമായ പിറകും വിലസുന്നു മുൻപോൽ
> നിസ്തുക്കമായ് മരുവിലില്ലിഹ നീരമെന്നു
> സിദ്ധിക്കിലും വിലസിടുന്നിതു മുൻപ്രകാരം.

മുക്തിയിൽ ജീവാത്മാവും പരമാത്മാവും തമ്മിൽ ലയമില്ല എന്ന ആശയം, നാദം, ബിന്ദു എന്നീ സാങ്കേതികസംജ്ഞകളുടെ പ്രയോഗം, ശിവന്റെ സൃഷ്ടി, സ്ഥിതി, സംഹാരം, തിരോധാനം, അനുഗ്രഹം എന്നീ പഞ്ചകർമ്മങ്ങളുടെ സൂചന എന്നു തുടങ്ങി ഇനിയും അനേകം കാര്യങ്ങൾ ഗുരു ശൈവസിദ്ധാന്തത്തിൽ നിന്നു സ്വീകരിച്ചിട്ടുണ്ട്. ഇത്രയും കൊണ്ട് ഏകദേശസ്വരൂപം ലഭിക്കുമെന്നതിനാൽ അവ വിസ്തരിക്കുന്നില്ല.

ജീവിതത്തെ അതിലെ സകല യാഥാർത്ഥ്യങ്ങളോടുംകൂടി നേരിട്ട് മനുഷ്യനെ മനുഷ്യനാക്കാനെന്നപോലെ ജീവിതത്തെ ജീവിതവ്യമാക്കാനും പ്രയത്നിച്ച യുഗപുരുഷനാണ് ശ്രീനാരായണഗുരു. ജഗൻമിഥ്യാ എന്നു പറഞ്ഞു സാമൂഹികപ്രശ്നങ്ങളോട് വിമുഖത കാണിക്കാൻ ഗുരുവിനു കഴിഞ്ഞില്ല. സഹജാവബോധം കൊണ്ടെന്നപോലെ ഭേദബുദ്ധിയോടെതിർപ്പ് കാണിച്ച ഗുരുവിനു ജാതിവ്യത്യാസം വകവയ്ക്കാത്ത ഒരു ദർശനം കണ്ടപ്പോൾ അതിനോടു മമത തോന്നിയെങ്കിൽ അതു് സ്വാഭാവികമാണ്. ശ്രീരാമകൃഷ്ണ പരമഹംസനു വിവേകാനന്ദനെ കണ്ടെത്തേണ്ടിവന്നു ലോകസേവ ചെയ്യാൻ. ഗുരുവിൽ ശ്രീരാമകൃഷ്ണപരമഹംസനും വിവേകാനന്ദനും സമ്മേളിക്കുന്നു. * □

* ഈ വിഷയത്തെപ്പററി കൂടുതൽ വിശദമായ പ്രതിപാദനം ഈ ലേഖകന്റെ 'ശ്രീനാരായണ ദർശനം' എന്ന കൃതിയിൽ ഉണ്ട്.

## അഹിംസ

— അഹിംസാവ്രതം പാലിക്കുന്നവനിൽ ഹിംസ്രജന്തുക്കളും അല്ലാത്തവയും അമ്മയിലെന്നപോലെ സന്തോഷംകൊണ്ടു വിശ്വാസമുള്ളവരായിത്തീരുന്നു.

— അറിവുള്ളവർ ഉപദേശിച്ചിട്ടു നിങ്ങൾ ജന്തുഹിംസ നിർത്തിയെന്നു വരുന്നതിനെക്കാളും, നിങ്ങൾ തന്നത്താനെ അതു നിർത്താൻ ചെയ്യുന്നതാണുത്തമം.

— ജന്തുബലിയിൽ രണ്ട് ദോഷങ്ങളുണ്ട്: ഭക്ഷിക്കാത്ത ഒരാൾക്കാണെന്നു പറഞ്ഞു് അറക്കുന്ന കുററം ഒന്ന്. അതു് ഭക്ഷിക്കുന്നതു് രണ്ടാമത്തെ കുററം.

— കോഴിയും ആടും ഒന്നും വെട്ടരുതു്; ജന്തുഹിംസ പാപമാണ്.

— പരന്നപരം പരിതാപമേകിടുന്നോരെരി നരകാബ്ധിയിൽ വീണെരിഞ്ഞിടുന്നു.

— കൊല്ലുന്നവനില്ല ശാരണ്യത, മറെറല്ലാവക നന്മയുമാർന്നിടിലും.

— അരുളുള്ളവനാണ് ജീവി.

— അരുളൻപനുകമ്പ മൂന്നിനും പൊരുളൊന്നാണിതു—ജീവതാരകം.

—ശ്രീനാരായണഗുരു.

# ശ്രീനാരായണധർമ്മം എന്ത് ?

ഡോ: സുകുമാർ അഴീക്കോട്

മനുഷ്യഹൃദയത്തിന്റെ കല്ലിക്കലിൽനിന്നുണ്ടാകുന്ന കൊടും ക്രൂരത എവിടെയെല്ലാം നടമാടുന്നോ അതിനെല്ലാം എതിരാണ് ഗുരു. അതാണ് ജാതിക്കെതിരേ അദ്ദേഹം തന്റെ ശബ്ദം ഉയർത്തിയത്.

കാരുണ്യത്തിന്റെ പ്രവാചകനാണ് ശ്രീനാരായണൻ. അദ്ദേഹം വേദാന്തിയോ സമൂഹപരിഷ്കർത്താവോ എന്നീ ചോദ്യങ്ങൾക്ക് വലിയ അർത്ഥമില്ല. ഈ സത്യം അറിയാതിരിക്കുന്നവരാണ് ചോദ്യം ചോദിക്കുന്നതെങ്കിൽ, ഇത് അറിയുന്നവർക്കാകട്ടെ, അദ്ദേഹം വേദാന്തിയും മനുഷ്യോദ്ധാരകനും ആയിത്തീർന്നതിൽ അത്ഭുതവും തോന്നുകയില്ല.

പ്രാചീനകാലത്ത് ഹിമാലയസാനുവിൽ ആണ് നാരായണഗുരു ജീവിച്ചിരുന്നതെങ്കിൽ അദ്ദേഹം വാമദേവനെയോ യാജ്ഞവല്ക്യനെയോ പോലെ മഹാത്മാവായൊരു ഋഷിയായേനേ. രണ്ടായിരം കൊല്ലംമുമ്പ് പലസ്തീനിൽ ജനിച്ചിരുന്നെങ്കിൽ ക്രിസ്തുദേവനും അതിനെക്കാൾ അറുനൂറുകൊല്ലംമുമ്പ് പിറന്നിരുന്നെങ്കിൽ ബുദ്ധഭഗവാനും ക്രിസ്തുവിനുശേഷം എഴുനൂററാണ്ടു കഴിഞ്ഞ് കേരളത്തിൽ ജീവിച്ചിരുന്നെങ്കിൽ ശ്രീശങ്കരനും ആകാൻ നാരായണഗുരുവിന്ന് ഒരു പ്രയാസവും അനുഭവപ്പെടുമായിരുന്നില്ല.

ഗുരുവിന്റെ വചനങ്ങളിൽനിന്നുതന്നെ വ്യക്തമാകുന്ന ഒരു അനുമാനത്തിന്റെ ഫലമാണ് മേലെ കുറിച്ച സങ്കല്പങ്ങളെല്ലാം. ലോകത്തിൽ എല്ലാ ദേശങ്ങളിലും എല്ലാ കാലങ്ങളിലും ജീവിച്ചു പ്രവർത്തിച്ച മഹാപുരുഷന്മാരെല്ലാം ശ്രീനാരായണന്ന് ദൈവചൈതന്യം നിറഞ്ഞ അവതാരങ്ങളാണ്. 'അനുകമ്പാദശകം' എന്ന ഗുരുവിന്റെ കൃതി ഇതാണല്ലോ തെളിയിക്കുന്നത്. 1914-ൽ എഴുതിയ ആ കൃതിയിൽ സമസ്തജീവജാലങ്ങളോടും അനുകമ്പ അഥവാ കരുണ കാണിക്കുകയാണ് മനുഷ്യധർമ്മമെന്നും അത് പരമാവധി പ്രകടിപ്പിച്ച മനുഷ്യഗുരുക്കന്മാരെല്ലാം ദിവ്യരാണെന്നും ഗുരു പാടുന്നു. സത്യം സാക്ഷാൽക്കരിക്കാൻ അർജ്ജുനസാരഥിയായി പ്രവർത്തിച്ച ശ്രീകൃഷ്ണനും ഭൂതദയയുടെ വാരിധിയായ രന്തിദേവനും ദൈവപുത്രനായ ക്രിസ്തുവും കരുണാശാലിയായ മുത്തുനബിയും അപ്പർ, തിരുവള്ളുവർ, നന്തനാർ മുതലായ സിദ്ധന്മാരും എല്ലാം ഗുരുദേവന്ന് ആരാധ്യരാണ്. അവരുടെ അനുകമ്പാചര്യയാണ് അദ്ദേഹത്തിനു അനുസരണീയമായ ധർമ്മമാർഗ്ഗം. ഈ ധർമ്മമാണ് ശ്രീനാരായണധർമ്മം.

അത്തരം അനുകമ്പാശാലി മനുഷ്യരൂപം ധരിച്ച കാമധേനുവായും കല്പകവൃക്ഷമായും ലോകത്ത് ദാനസേവനാദികൾകൊണ്ട് ധർമ്മം പരത്തി വിലസുന്നു.

പക്ഷേ ഈ അനുകമ്പ ലോലമോ ക്ഷണികമോ ആയ വികാരക്ഷോഭത്തിന്റെ ഫലമല്ല. 'അനുകമ്പാദശക'ത്തിന്റെ അവസാനത്തെ പദ്യം ഈ സത്യം വെളിപ്പെടുത്തുവാൻ എഴുതപ്പെട്ടതാണ്.

''അരുമാമറയോതുമർത്ഥവും
ഗുരുവോതും മുനിയോതുമർത്ഥവും
ഒരു ജാതിയിലുള്ളതൊന്നുതാൻ
പൊരുളോർത്താലഖിലാഗമത്തിനും''

എല്ലാ വേദങ്ങളും ആചാര്യന്മാരും ഘോഷിക്കുന്ന സന്ദേശം ഒന്നാണ്, ഈ കാരുണ്യസന്ദേശം. 'ഒരു മതം' എന്ന ഗുരുവചനത്തിന്റെ മനോഹരമായ ഒരു വ്യാഖ്യാനമാണ് 'അനുകമ്പാദശകം' എന്നു പറയാം. 'അഖിലാ

ഗമത്തിനും പൊരുള് ഓത്താൽ ഒന്നു തന്നെ' എന്നതു് ഇന്നും സഫലമായിട്ടില്ലാത്ത ഒരൈക്യ ദർശനത്തിൻെറ രഹസ്യമാണ്. ഈ രഹസ്യത്തിൻെറ അടിസ്ഥാനത്തിലാണ് മതകലഹം ഒഴിവാക്കേണ്ടതെന്ന് 'ആത്മോപദേശശതക'ത്തിൽ ഗുരുദേവൻ പ്രഖ്യാപിച്ചു. 'പലമതസാരവുമേകം', 'പൊരുതി ജയിപ്പതസാദ്ധ്യം' എന്നൊക്കെയുള്ള മഹാവാക്യങ്ങാം ശ്രദ്ധിക്കുക.

കാരുണ്യത്തെ അഥവാ സ്നേഹത്തെ അദ്വൈതത്തിൽനിന്ന് ഉറഞ്ഞൊഴുകുന്ന അനുഗ്രഹധാരയായിട്ടാണ് ഗുരു കാണുന്നതു്. അദ്വൈതമില്ലെങ്കിൽ ഗുരുവിൻെറ ദർശനങ്ങാംക്കൊന്നിനും അടിസ്ഥാനമുണ്ടാവില്ല. ആധുനികദശയിലെ ഋഷിവര്യനാണ് ശ്രീനാരായണൻ എന്ന് റൊമെയിൻ റൊളാങ്ങിനെപ്പോലുള്ള അനേകം മഹാന്മാർ പ്രസ്താവിക്കുവാൻ കാരണം ഇതത്രേ.

'അനുകമ്പാദശക'ത്തിൻെറ കാലത്തെപ്പററി അല്പമൊന്ന് ചിന്തിക്കുന്നതു് നന്നായിരിക്കും. 1914 ഒന്നാം ലോകമഹായുദ്ധത്തിൻെറ തുടക്കം കുറിച്ച വഷം. അതിനു മുമ്പുതന്നെ ലോകം മുഴുവൻ ഹിംസയുടെയും സ്നേഹരാഹിത്യത്തിൻെറയും കാർമുകിലുകാം ഉരുണ്ടുകൂടിത്തുടങ്ങിയിരുന്നു. ഗുരുദേവനെ ആ കാലം വല്ലാതെ വ്യാമദ്ദിച്ചതായി തോന്നുന്നു. ലോകത്തെ വിഴുങ്ങുവാൻ തയ്യാറായി ഉടലെടുത്തുവരുന്ന ഹിംസയെ ഇല്ലാതാക്കുന്നതിന്ന് അദ്വൈതത്തിൻെറ കരുണാത്മകതയെ ശ്രീനാരായണൻ ഊന്നിപ്പറയാൻ ശ്രമിച്ചപ്പോാം ഉണ്ടായ കൃതിയാണ് 'അനുകമ്പാദശകം'. അതേകാലത്തുതന്നെയാണ് ഇതേ ഊന്നലോടുകൂടിയ 'ജീവകാരുണ്യപഞ്ചക'വും 'അഹിംസ'യും അദ്ദേഹം രചിച്ചതു്. 'എല്ലാവരും ആത്മസോദരർ' എന്ന സർവ്വശ്രുതസമൈക്യത്തെയാണ് ഗുരു ഇവയിൽ പ്രഘോഷിച്ചിരിക്കുന്നതു്. ഗുരുവിൻെറ ശിഷ്യനായ കുമാരനാശാൻ ഈ ആശയത്തെ പലവാറ് പ്രതിധ്വനിപ്പിച്ച സ്വന്തം കവിതകളിലൂടെ: 'അണുജീവിയിലും സഹോദരപ്രണയം' എന്നതായിരുന്നു ആശാൻെറ പ്രാർത്ഥന.

മനുഷ്യഹൃദയത്തിൻെറ കല്ലിക്കലിൽ നിന്നുണ്ടാകുന്ന കൊട്ടംക്രൂരത എവിടെയെല്ലാം നടമാടുന്നോ അതിനെല്ലാം എതിരാണ് ഗുരു. അതാണ് ജാതിക്കെതിരേ അദ്ദേഹം തൻെറ ശബ്ദം ഉയർത്തിയതു്. മനുഷ്യനെ മനുഷ്യൻ അകററുന്നതിലേറെ പാപം വേറെയില്ല. അതു നടക്കുന്നേടം നരകമാണെന്ന് ആശാൻ പാടി. ലോകത്തിൽ ഇന്നോളം ഉണ്ടായ ആചാര്യന്മാരെല്ലാം ജാതിക്കെതിരായിരിക്കുമെന്ന് 'അനുകമ്പാദശകം' വ്യഞ്ജിപ്പിക്കുന്നു. അതിന് പ്രാമാണ്യം കല്പിക്കാൻ ഒരു വേദത്തിനും സാദ്ധ്യമല്ല. മനുഷ്യനെ മനുഷ്യനിൽനിന്ന് അകററുന്ന ഒരു ദേവതയുമില്ല. ഗീതയുടെയോ വേദത്തിൻെറയോ മറവിൽ ജാതിയേയും മനുഷ്യഭേദത്തെയും സംരക്ഷിക്കാൻ മുതിരുന്നവക്ക് ആഷധർമ്മം എന്തെന്ന് അറിയില്ല. ആർഷധർമ്മത്തിൻെറ സ്നേഹാത്മകതയെ തെളിയിച്ചുകാട്ടി എന്നതാണ് ശ്രീനാരായണൻെറ വലിയൊരു സേവനം എന്നു ഞാൻ വിചാരിക്കുന്നു.

കാരുണ്യത്തിൻെറ പ്രവാചകനാണ് ശ്രീനാരായണൻ. അദ്ദേഹം വേദാന്തിയോ സമൂഹപരിഷ്കത്താവോ എന്നീ ചോദ്യങ്ങാംക്ക് വലിയ അർത്ഥമില്ല. ഈ സത്യം അറിയാതിരിക്കുന്നവരാണ് ചോദ്യം ചോദിക്കുന്നതെങ്കിൽ, ഇതു അറിയുന്നവക്കാകട്ടെ, അദ്ദേഹം വേദാന്തിയും മനുഷ്യോദ്ധാരകനും ആയിത്തീന്നതിൽ അത്ഭുതവും തോന്നുകയില്ല. □

''എല്ലാ മതങ്ങളുടേയും ഉദ്ദേശ്യം ഒന്നുതന്നെ. നദികാം സമുദ്രത്തിൽ ചേന്നാൽ പിന്നെ തിരക്കുഴിയെന്നും നടുക്കടലെന്നുമുണ്ടോ? ജീവാത്മാക്കാംക്ക് ഊദ്ധ്വമുഖത്വം ഉണ്ടാക്കുവാനുള്ള അധികാരമെ തങ്ങാംക്കുള്ളു. അതുണ്ടായിക്കഴിഞ്ഞാൽ സൂക്ഷ്മം അവർ താനേ അന്വേഷിച്ചു കണ്ടെത്തിക്കൊള്ളും. സൂക്ഷ്മാന്വേഷണത്തെ സഹായിക്കുന്ന മാഗ്ഗദർശികാം മാത്രമാണ് മതങ്ങാം. സൂക്ഷ്മമറിഞ്ഞവനു് മതം പ്രമാണമല്ല; മതത്തിന് അവൻ പ്രമാണമാണ്. ബുദ്ധമതം പഠിച്ചാണോ ബുദ്ധൻ നിമ്മാണമാഗ്ഗം ഉപദേശിച്ചതു്? ബുദ്ധൻ നിർമ്മാണമാഗ്ഗം ആരാഞ്ഞറിഞ്ഞ് ആ മാഗ്ഗം ഉപദേശിച്ചു. അതു പിന്നീടു ബുദ്ധമതമായി, അതുപോലെ മററു മതങ്ങളെക്കുറിച്ചും പറയാവുന്നതാണ്.''
—ശ്രീനാരായണഗുരു.

# ശ്രീനാരായണൻ കവിഎന്ന നിലയിൽ

എൻ. കെ. ദാമോദരൻ

ശ്രീനാരായണനെ വ്യത്യസ്ത വീക്ഷണഗതിക്കാരായ ആളുകൾ അവരവരുടെ മനോധർമ്മം പോലെ വ്യാഖ്യാനിച്ചു പോരികയാണു് ചെയ്യുന്നതു്. ചിലർ അദ്ദേഹത്തെ ഒരു ശുദ്ധവേദാന്തിയായും, മററു ചിലർ ഒരു സാമൂഹ്യപരിഷ്കർത്താവും, ഇനിയും ചിലർ ഒരു ആദ്ധ്യാത്മികാചാര്യനായും കാണുന്നു. അവിടത്തെ മതസങ്കല്പത്തെക്കുറിച്ചും ക്ഷേത്രസങ്കല്പത്തെക്കുറിച്ചുമൊക്കെ ഭിന്നാഭിപ്രായങ്ങളുണ്ട്. എന്നാൽ "ഗംഗ തന്നിലെ ഹ്രദം പോലെ" വർത്തിച്ച ഗുരുദേവന്റെ ചിന്തകളുടെ സാക്ഷാൽ സ്വഭാവം നേരിട്ടറിയാൻ അവിടത്തെ കൃതികൾ തന്നെയാണു് മുഖ്യാവലംബം.

**കേ**രളത്തിൽ വിസ്മയാവഹമായ ഒരു സാമൂഹിക വിപ്ലവത്തിനു നേതൃത്വം നൽകിയ ആദ്ധ്യാത്മികാചാര്യനായിട്ടാണു് ശ്രീനാരായണഗുരു ഏറിയകൂറും സ്മരിക്കപ്പെടുന്നതു്. ശ്രീനാരായണജയന്തി ആഘോഷിക്കുന്ന സന്ദർഭങ്ങളിൽ ഈ നിലയിലുള്ള അവിടത്തെ സേവനങ്ങളാണു് സാധാരണ പരാമൃഷ്ടമാവുക. എന്നാൽ അവിടുന്നു മഹാപ്രതിഭനും നിസ്തുലപ്രഭാവനുമായ ഒരു കവീശ്വരൻകൂടിയായിരുന്നു എന്ന വസ്തുത പലരും ശ്രദ്ധിയ്ക്കാറില്ല. ബാല്യകാലത്തുതന്നെ അവിടുന്നു് അന്യാദൃശമായ കവിതാവാസന പ്രകടിപ്പിച്ചിരുന്നു. സരസകവി മൂലൂർ എസ്. പത്മനാഭപ്പണിക്കർ 1069-ൽ പ്രസിദ്ധപ്പെടുത്തിയ സുപ്രസിദ്ധമായ 'കവിരാമായണ' ത്തിൽ അവിടത്തേക്കു് വാല്മീകിയുടെ സ്ഥാനം നല്കിയതു് സ്മരണീയമാണു്.

> ''ഇക്കാണും ജംഗമസ്ഥാവരനിഖിലപദാ-
> ർത്ഥങ്ങൾ നിത്യങ്ങളല്ലെ —
> ന്നാക്കാമ്പിൽ തീർച്ചചെയ്തും ചിലകുറി കവിതാ-
> ശക്തിയിൽ സക്തനായും
> ചിൽക്കാരുണ്യം ലഭിപ്പാൻ കരുതിയുമുടനേ
> മൗനമേന്തും ശിവശ്രീ-
> ഭക്തൻ നാരായണസ്വാമികൾ സുകൃതിശിരോ
> മൗലി വാല്മീകിയത്രേ''.

അന്നു 'നാണുഗുരുക്കൾ' എന്ന പേരിലാണു് അവിടുന്നു് അറിയപ്പെട്ടിരുന്നതു്. പലപ്പോഴും ധ്യാനനിരതനായിക്കഴിഞ്ഞിരുന്ന ആ യോഗിവര്യൻ ഇടയ്ക്കിടെ രചിച്ച സ്തോത്ര കവിതകളിൽ ദൃശ്യമായ കാവ്യ മഹിമയെ ആധാരമാക്കിയാണു് മൂലൂർ കവികുലഗുരുവായ വാല്മീകിയുടെ സ്ഥാനംതന്നെ അവിടത്തേക്കു നൽകിയതു്.

യഥാർത്ഥകവി ഋഷികൂടി ആയിരിക്കുമെന്നു ഭാരതീയ കാവ്യമീമാംസകന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. 'നാനൃഷിഃ കുരുതേ കാവ്യം' എന്ന പ്രമാണവാക്യം നോക്കുക. ഋഷികളുടെയോ ഋഷികല്പന്മാരായ മഹാശയന്മാരുടെയോ വാങ്മയങ്ങൾക്കാണു് ശാശ്വത പ്രതിഷ്ഠ ലഭിക്കുക. ശ്രീനാരായണനിൽ ഋഷിത്വവും കവിത്വവും സമഞ്ജസമായി സമ്മേളിച്ചിരുന്നു. സാമൂഹിക മണ്ഡലത്തിലെന്നപോലെ സാഹിത്യമണ്ഡലത്തിലും അവിടുന്നു പതിപ്പിച്ച പ്രഗാഢമുദ്ര കാണാതെ കടന്നുപോകാൻ കേരള സാഹിത്യ ചരിത്രകാരനു സാദ്ധ്യമല്ല.

ശ്രീനാരായണൻ ആദ്യകാലങ്ങളിൽ ശിവൻ, സുബ്രഹ്മണ്യൻ, ഗണപതി, കാളി തുടങ്ങിയ ദേവീ ദേവന്മാരെ സ്തുതിക്കുന്ന ഭക്തിരസപ്രധാനമായ കവിതകളാണു് രചിച്ചതു്. ഷണ്മുഖദശകം, ഭദ്രകാള്യഷ്ടകം, ഗുഹാഷ്ടകം, ശിവശതകം മുതലായി ഇരുപതോളം സ്തോത്രകൃതികൾ അങ്ങനെ നമുക്കു കൈവന്നിട്ടുണ്ടു്. ഇവ സാഹിത്യമൂല്യമില്ലാത്ത ശുഷ്കസ്തവങ്ങളല്ല. ദേവീ

ദേവന്മാരോട് ചെയ്യുന്ന കാരുണ്യ പ്രാർത്ഥനകൾക്കിടയ്ക്ക് അതീവ ഹൃദ്യങ്ങളായ കേശാദിപാദവർണ്ണനകളും, വേദാന്ത രഹസ്യസന്നിവേശവും, യൗഗിക സങ്കേത പരിസ്ഫുരണവും കാണാം. ഭക്തഹൃദയത്തെ വിമലീകരിക്കാൻ ഇവയുടെ അനുശീലനം അത്യന്തം സഹായകമാണ്. വില്വമംഗലത്തിന്റെ ശ്രീകൃഷ്ണകർണ്ണാമൃതം എന്ന സ്തോത്രകാവ്യത്തോട് കിട പിടിക്കുന്ന മനോഹര ശൈലിയിലാണ് ഇവയുടെ രചന. അർത്ഥസൗഭാഗ്യത്തിൽ ഇവയ്ക്കു മുൻതൂക്കമുണ്ടുതാനും. ആശയാവിഷ്കരണത്തിൽ തനി മലയാള പദങ്ങൾക്കുള്ള സാമർത്ഥ്യം ശ്രീനാരായണ കൃതികളിൽ തെളിഞ്ഞു വിളങ്ങുന്നു. പ്രസാദം, മാധുര്യം, പ്രാസദീക്ഷ തുടങ്ങിയ രചനാ ഭംഗികൾ അവയിൽ ഉടനീളം കാണാം. സംസ്കൃതവും മലയാളവും തമിഴും പ്രത്യേകമായും സമുചിതമായി സംയോജിപ്പിച്ചും കൈകാര്യം ചെയ്‌വാൻ ഗുരുദേവനുണ്ടായിരുന്ന അസാധാരണ സാമർത്ഥ്യത്തിനു നിദർശനങ്ങളാണ് മിക്കകൃതികളും. ഭദ്രകാള്യഷ്ടകത്തിലെ

''ഹേലാ ദാരിത ദാരികാസുര ശിരഃ
ശ്രീവീരപാണോന്മദ-
ശ്രേണീശോണിത ശോണിമാധരപടീം
വീടീരസാസ്വാദിനീം''

എന്നിങ്ങനെ കാളിയുടെ രൗദ്രഭാവത്തെ വ്യഞ്ജിപ്പിക്കാൻ പോന്ന ഉചിത പദങ്ങൾ വിന്യസിച്ചിരിക്കുന്നു.

ശിവശതകത്തിലെ ഭാഷയുടെ പ്രസന്ന മോഹനമായ പ്രവാഹം ആരെയും ആകർഷിക്കും.

''അഴകൊടു ഭാരതയുദ്ധ മദ്രിയിന്മേൽ
മുഴുവനുമമ്മുറികൊമ്പുകൊണ്ടു മുന്നം
എഴുതിനിറച്ചെളിയോർക്കിണങ്ങിനില്ക്കും
മുഴുമുതലാകിയ മൂർത്തികാത്തുകൊൾക.''

എന്ന പ്രാരംഭ പദ്യംതന്നെ ഉദാഹരണമാണ്. ഒരു സ്ത്രീഗർഹണപദ്യം കൂടി പരിശോധിക്കാം:

''മിഴിമുനകൊണ്ടു മയക്കി നാഭിയാകും
കുഴിയിലുരുട്ടി മറിപ്പതിന്നൊരുങ്ങി
കിഴിയുമെടുത്തുവരുന്ന മങ്കമാർതൻ
വഴികളിലിട്ടു വലയ്ക്കൊലാ മഹേശ.''

ഇതിൽ ഉപയോഗിച്ചിട്ടുള്ള രണ്ടു കൊച്ചു സംസ്കൃത പദങ്ങളൊഴികെ ബാക്കിയെല്ലാം ശുദ്ധമലയാള പദങ്ങളാണ്. 'കിഴിയുമെടുത്തു വരുന്ന' എന്ന പദത്തിന്റെ സ്വാരസ്യം ആലോചനാമൃതമാണ്. മററു കവികളുടെ 'കാഞ്ചനച്ചെപ്പ്' ഗുരുദേവന്റെ ദൃഷ്ടിയിൽ വെറും കിഴിമാത്രം! 'കിഴിയുമെടുത്തു വരിക' എന്നതിനു ജയിച്ചു കേറി വരിക എന്നൊരു അർത്ഥംകൂടിയുണ്ടു. അതു സന്ദർഭത്തിന്റെ സരസതയെ ദ്വിഗുണീഭവിപ്പിക്കുന്നു.

ശങ്കരാചാര്യർ സംസ്കൃതത്തിൽ രചിച്ചിട്ടുള്ള മിക്ക സ്തോത്രങ്ങളെയും അനുകരിച്ചു ഗുരുദേവൻ അതേ വൃത്തത്തിൽ മലയാളത്തിൽ സ്തോത്രങ്ങൾ എഴുതിയിട്ടുണ്ട്. അവയിലെല്ലാം ആചാര്യപാദരുടെ കൃതികളിലെ അതേ ശബ്ദാഡംബരവും അലങ്കാരപരതയും കാണാവുന്നതാണ്.

ആത്മോപദേശശതകം, അദ്വൈതദീപിക, ദൈവദശകം, ദർശനമാല തുടങ്ങിയ കൃതികൾ വേറൊരു വിഭാഗത്തിൽപ്പെടുന്നു. അനുഭൂതിസമ്പന്നനായ ഒരു യോഗീശ്വരന്റെ ചിന്തയുടെ 'പരിണതോജ്ജ്വലമുക്താഫല'ങ്ങളാണിവ. വേദസൂക്തങ്ങൾ പോലെയോ, ഉപനിഷൽ സൂക്തങ്ങൾ പോലെയോ അർത്ഥനിർഭരമാണ് ഈ കൃതികൾ. ദുർഗ്രഹങ്ങളായ ദാർശനികസിദ്ധാന്തങ്ങളെ അയത്നലളിതമായ ഭാഷയിൽ ഗുരുദേവൻ ഇവയിൽ ആവിഷ്കരിച്ചിരിക്കുന്നു. ആത്മോപദേശശതകത്തിലെ

''പരയുടെ പാലു നുകന്ന പണ്ഡിതന്മാ-
ർക്കൊരു പതിനായിരമാണ്ടൊരല്പകാലം
അറിവപരപ്രകൃതിക്കധീനമായാ-
ലരഞൊടിയായിരമാണ്ടുപോലെ തോന്നും.''

എന്ന വരികളിൽ പരമാത്മബോധം ലഭിച്ചവർക്കും അജ്ഞാനത്തിന് അധീനരായവർക്കും തമ്മിൽ കാലാവബോധത്തിലുള്ള വ്യത്യാസം എത്ര ലളിതവും ഗുളഗുളികാപ്രായവുമായ ഭാഷയിലാണ് ആവിഷ്കരിച്ചിരിക്കുന്നതെന്നു നോക്കുക. അനുഭവജ്ഞാനവിശിഷ്ടമായ മറെറാരു വേദാന്തകൃതിയാണ് അദ്വൈത ദീപിക. അതിൽ വസന്തതിലകവൃത്തത്തിലുള്ള പത്തൊൻപതു പദ്യങ്ങൾകൊണ്ടു് വേദാന്തതത്ത്വങ്ങളൊട്ടുമുക്കാലും ചുരുക്കിപ്പറഞ്ഞിരിക്കുന്നു. അതേ തത്ത്വരത്നങ്ങളെത്തന്നെ സ്വാനുഭൂതിയുടെ ഉരകല്ലിൽ തേച്ചുമിനുക്കി പത്തു ഗുച്ഛകങ്ങളിൽ നിബന്ധിച്ചു കാഴ്ചവെച്ചിരിക്കയാണ് ദർശനമാലയിൽ.

ഗുരുദേവൻ ഭക്തിലഹരിയിൽ മുഴുകിപ്പാടിയിട്ടുള്ള തേവാരപ്പതികങ്ങൾ അവിടത്തേയ്ക്കു തമിഴ് ഭാഷയിലുണ്ടായിരുന്ന അവഗാഹത്തിനും കവനസാമർത്ഥ്യത്തിനും ഉദാഹരണങ്ങളാണ്.

ശ്രീനാരായണൻ തന്റെ ശിഷ്യോത്തമനായ കുമാരനാശാന്റെ ചിന്താമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനശക്തി മലയാള കവിതാഗതിയെത്തന്നെ മാററിമറിക്കാൻ സഹായിച്ച ഘടകങ്ങളിലൊന്നാണ്. ആശാന്റെ ആദികാല സ്തോത്രകൃതികൾ ഗുരുദേവന്റെ സ്തോത്രകൃതികളോടു ഭാഷാരീതിയിലും ഉള്ളടക്കത്തിലും ശ്രദ്ധേയസാമ്യം വഹിക്കുന്നു. ശിഷ്യന്റെ ദാർശനിക വീക്ഷണം ഗുരുവിൽനിന്നു ലഭിച്ചതാണെന്നുള്ളതിൽ സംശയമില്ല. ശിഷ്യൻ മാംസനിബദ്ധമല്ലാത്ത രാഗത്തെക്കുറിച്ചു പാടി മലയാള സാഹിത്യത്തിൽ നിന്നു മുരിശ്ശൃംഗാര

ത്തെ ഗളഹസ്തം ചെയ്തു് ഗുരുവിൻെറ ഉദാത്തമായ പ്രേരണയിലാണ്. ശ്രീനാരായണൻ അദ്വൈതവും ബൗദ്ധദർശനവും സമീചീനമായി സമ്മേളിപ്പിച്ച് ലോകസമക്ഷം അവതരിപ്പിച്ചു. ആശാനും ആ പ്രക്രിയ തന്നെ അനുവർത്തിച്ചു. ജാതിധ്വംസകങ്ങളായ സോദ്ദേശകവിതകൾ രചിക്കാൻ ആശാനും സഹോദരൻ അയ്യപ്പനും മുതിർന്നതു് ശ്രീനാരായണസന്ദേശവാഹകന്മാർ എന്ന നിലയ്ക്കാണ്.

''ജാതി ഭേദം മതദ്വേഷം
ഏതുമില്ലാതെ സർവ്വരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിതു്''

എന്നു് അരുവിപ്പുറം ക്ഷേത്രത്തിൻെറ ഭിത്തിയിൽ ഗുരുദേവൻ ആലേഖനം ചെയ്ത പദ്യത്തിൻെറ സാരാംശ വിപുലീകരണമാണ് രണ്ടുപേരുടേയും കൃതികളിൽ കാണുന്നതു്.

ശ്രീനാരായണനെ വ്യത്യസ്ത വീക്ഷണഗതിക്കാരായ ആളുകൾ അവരവരുടെ മനോധർമ്മംപോലെ വ്യാഖ്യാനിച്ചുപോരികയാണ ചെയ്യുന്നതു്. ചിലർ അദ്ദേഹത്തെ ഒരു ശുദ്ധവേദാന്തിയായും, മററു ചിലർ ഒരു സാമൂഹ്യ പരിഷ്കർത്താവും, ഇനിയും ചിലർ ഒരു ആദ്ധ്യാത്മികാചാര്യനായും കാണുന്നു. അവിടത്തെ മതസങ്കൽപത്തെക്കുറിച്ചും ക്ഷേത്രസങ്കല്പത്തെക്കുറിച്ചുമൊക്കെ ഭിന്നാഭിപ്രായങ്ങളുണ്ട്. എന്നാൽ ''ഗംഗ തന്നിലെ ഹ്രദംപോലെ'' വർത്തിച്ച ഗുരുദേവൻെറ ചിന്തകളുടെ സാക്ഷാൽ സ്വഭാവം നേരിട്ടറിയാൻ അവിടത്തെ കൃതികൾ തന്നെയാണ് മുഖ്യാവലംബം. അവയുടെ പഠനത്തിനു അഭൂതപൂർവ്വമായ ഒരു ഉത്സാഹം കണ്ടുതുടങ്ങിയിട്ടുണ്ട്. ശ്രീനാരായണ സാഹിത്യത്തിനു സാർവ്വത്രിക പ്രചാരം ലഭിക്കയും കവിരാമായണ കർത്താവ് അവിടത്തേക്ക ദീർഘദൃഷ്ടിയോടെ നൽകിയ സ്ഥാനം സർവ്വസമ്മതമായിത്തീരുകയും ചെയ്യുന്ന കാലം വിദൂരസ്ഥമല്ലെന്നു വിശ്വസിക്കാം. □

## മഹാത്മജിയും ഗുരുദേവനും

**മഹാത്മജി—മതപരിവർത്തനം ചെയ്യണമെന്നും അതാണ് സ്വാതന്ത്ര്യലബ്ധിക്കു ശരിയായ വഴിയെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. സ്വാമിജി അതിനു അനുവദിക്കുന്നുണ്ടോ?**

**സ്വാമികൾ—മതപരിവർത്തനം ചെയ്തവർക്ക് സ്വാതന്ത്ര്യങ്ങൾ ലഭിച്ചുവരുന്നതായികാണുന്നുണ്ട്. അതു കാണുമ്പോൾ ജനങ്ങൾ മതപരിവർത്തനം നന്നെന്നു പറയുന്നതിൽ അവരെ കുററപ്പെടുത്തുവാനില്ല.**

**മഹാത്മജി—ആദ്ധ്യാത്മികമായ മോക്ഷലാഭത്തിനു് ഹിന്ദുമതം മതിയാകുമെന്നു സ്വാമിജി വിചാരിക്കുന്നുണ്ടോ?**

**സ്വാമികൾ—അന്യ മതങ്ങളിലും മോക്ഷമാർഗ്ഗം ഉണ്ടല്ലൊ.**

**മഹാത്മജി—അന്യമതങ്ങളുടെ കാര്യം ഇരിക്കട്ടെ. ഹിന്ദുമതം മോക്ഷലാഭത്തിനു പര്യാപ്തമെന്നുതന്നെയോ സ്വാമിജിയുടെ അഭിപ്രായം?**

**സ്വാമികൾ—ആദ്ധ്യാത്മികമായ മോക്ഷലാഭത്തിനു് ധാരാളം പര്യാപ്തംതന്നെ. ലൌകികമായ സ്വാതന്ത്ര്യത്തെ ആണല്ലോ ജനങ്ങൾ അധികം ഇച്ഛിക്കുന്നതു്.**

# ശ്രീനാരായണ പ്രസ്ഥാനങ്ങളും യുക്തിവാദവും

എം. പ്രഭ

കേരളത്തിലെ സാമൂഹിക സാംസ്കാരിക തലങ്ങളിൽ നാരായണഗുരുവിന്റെ കാലഘട്ടത്തിലും അതിനു ശേഷവുമുണ്ടായ പരിവർത്തനങ്ങൾ പ്രധാനമായും ശ്രീനാരായണ പ്രസ്ഥാനത്തിന്റെ സംഭാവനയാണ്. കേരളത്തിലെ യുക്തിവാദപ്രസ്ഥാനം ആരംഭിക്കുന്നതുതന്നെയും ശ്രീനാരായണന്റെ സന്ദേശങ്ങളുടെ ഉത്തേജനത്താലാണ്. ഗുരുവിന്റെ 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്'' എന്ന സന്ദേശത്തിന്റെ യുക്ത്യധിഷ്ഠിതമായ വളർച്ചയാണ് സഹോദരൻ അയ്യപ്പനെക്കൊണ്ട് 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്'' എന്ന് ഉദ്ഘോഷിക്കാനിടയാക്കിയത്.

ഒന്നാലോചിക്കൂ. 1854-ൽ ജനിച്ച ഒരു ശിശു ഇന്നു നാം അറിയുന്ന നാരായണഗുരു എന്ന മഹാപുരുഷനായി വളർന്നില്ലായിരുന്നുവെങ്കിൽ കേരളത്തിലെ ഇന്നത്തെ സാമൂഹികാന്തരീക്ഷം എങ്ങനെയുള്ളതായിരിക്കുമായിരുന്നു, ഇവിടത്തെ സാംസ്കാരിക സങ്കല്പങ്ങളുടെ രൂപഭാവങ്ങൾ എന്തായിരിക്കുമായിരുന്നു! താരതമ്യേന പ്രായം കുറഞ്ഞവർക്ക്, പ്രത്യേകിച്ച് കേരളത്തിലെ നൂറു വർഷത്തിനു മുമ്പുള്ള ജീവിത വീക്ഷണത്തെക്കുറിച്ചും ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും മനുഷ്യനെക്കുറിച്ചും മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലാത്തവർക്ക്, അന്നത്തെ കാര്യങ്ങൾ ഒട്ടുംതന്നെ സങ്കല്പിക്കാനാവുകയില്ല. ഭരണഘടനയിൽ ജനങ്ങളുടെ മൗലികാവകാശങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്യുന്നതിന് എത്രയോ മുമ്പുതന്നെ കേരളത്തിൽ അവകാശങ്ങളേയും കർത്തവ്യങ്ങളേയും കുറിച്ച് കുറെ ജനങ്ങളെങ്കിലും അവബോധം നേടിയിരുന്നു. ഒരു വലിയ വിഭാഗം വരുന്ന ജനങ്ങളെ അവർണ്ണരായി, അയിത്തജാതിക്കാരായി, തൊട്ടുകൂടാത്തവരായി, തീണ്ടിക്കൂടാത്തവരായി, കാണാൻപോലും പാടില്ലാത്തവരായി മറ്റുള്ളവർ നീക്കി നിറുത്തിയിരുന്നു. രാജ്യം ഭരിച്ചുപോന്ന രാജാക്കന്മാർ ആ വ്യവസ്ഥിതിയെ നിലനിറുത്തുകയും ചെയ്തിരുന്നു. അങ്ങനെ ചെയ്യുകയെന്നതു ഭരണാധികാരികളുടെ കർത്തവ്യവുമായിരുന്നു. ഇവയൊക്കെ സ്മൃതികളുടെ, മതശാസനകളുടെ അധികാരിതയുടെ പേരിലുമായിരുന്നു നില നിറുത്തിപ്പോന്നിരുന്നത്. അപരിഷ്കൃതവും സംസ്കാരശൂന്യവും മാനവിക മൂല്യങ്ങളുടെ നിഷേധവുമായ ജാതിവ്യവസ്ഥ ഇവിടെ സർവ്വാദരണീയമായിരുന്നു. അസമത്വവും അധർമ്മവും അനീതിയും സാമൂഹിക വ്യവസ്ഥയുടെ അടിത്തറയായിരുന്നു. കുമാരൻ ആശാൻ തന്റെ സ്വാതന്ത്ര്യഗാഥയിൽ പറയുന്നതുപോലെ ''എന്തൊരു മായാവ്യവസ്ഥയാലോ ബന്ധസ്ഥരായ്'' കഴിഞ്ഞ ജനങ്ങൾ. പാരമ്പര്യം അവരുടെ കാലുകളിൽ ചങ്ങലകളും കൈകളിൽ വിലങ്ങുകളും പൂട്ടിയിരുന്നു. മനസ്സിൽ ദാസ്യവും. മനുഷ്യൻ എന്ന നിലയിലേക്ക് ഉയരുവാൻ യാതൊരു സന്ദർഭവും ഉണ്ടായിരുന്നില്ല അവർക്ക്. അതേ സമയം വേറെ ചില കൂട്ടർ ''മുന്നോട്ടു കാലം കടന്നുപോയീടാതെ പിമ്പേ സ്മൃതികളാൽ കോട്ടകെട്ടി, വമ്പാർന്നനാചാരമണ്ഡലമത്രരായി'' വാണരുളിയിരുന്നു. അതുപോലെ ''ബാഹുവീര്യങ്ങളും ബുദ്ധിപ്രഭകളും സ്നേഹമൊലിക്കുമറവുകളും ആഹന്ത! യെത്ര വിഫലമാക്കിത്തീർത്തു നീ, ഹിന്ദുധർമ്മമേ ജാതിമൂലം'' എന്നും ആശാനെക്കൊണ്ട് പറയിച്ചില്ലേ. അതു 1922 ലായിരുന്നു. പിന്നെ, ബ്രിട്ടീഷ് മേല്ക്കോയ്മയിൽ നിന്നു വിമുക്തമായി ഇവിടെ ജനാധിപത്യ സമ്പ്രദായം ഏർപ്പെടുത്തണമെന്ന ഉദ്ദേശത്തോടെ 'സ്വരാജ്യ' പ്രസ്ഥാനം മുന്നോട്ടു നീക്കിയിരുന്ന കാലത്ത് സ്വാതന്ത്ര്യത്തേയും ജനാധിപത്യത്തേയും 'സ്വരാജ്യ'ത്തേയും ഒക്കെത്തന്നെയും ക്രൂരമായ പ്രഹസനമാക്കുന്ന, നിരർത്ഥകമാക്കുന്ന ജാതിയെക്കുറിച്ച് 'എന്തിന്നു ഭാരതധരേ! കരയുന്നു,

പാരതന്ത്ര്യം നിനക്കു വിധികില്ലതമാണു തായേ, ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-ലന്തപ്പെട്ടും തനയ, രെന്തിനയേ സ്വരാജ്യം' എന്നു് ഉൽക്കടമായ രോഷത്തോടെ അദ്ദേഹത്തെക്കൊണ്ടു ഗർജ്ജിപ്പിയ്ക്കാനും ഇടയാക്കിയില്ലേ. വളരെ ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരെ നന്നാക്കാനും ഒന്നാക്കാനും വേണ്ടിയുള്ളതാണു് മതങ്ങളെന്നു് അവകാശപ്പെട്ടുപോന്ന ഉന്നതസ്ഥാനീയന്മാർ ജാതിവ്യവസ്ഥ ശാശ്വതമായി നിലനിറുത്താൻ ഭരണരംഗംപോലും ദുരുപയോഗപ്പെടുത്തിപ്പോന്നിരുന്നു. അനാചാരങ്ങളും ദുരാചാരങ്ങളും പുലർത്തുകയെന്നതു് മൗലികാവകാശമാണെന്നു വിശ്വസിച്ചു പ്രവർത്തിച്ചുപോന്ന ഒരുപരിവിഭാഗം, അതോടൊപ്പം അവയ്ക്കു വിധേയരായി കേവലം മൃഗതുല്യരായി കഴിഞ്ഞുപോന്നിരുന്നവരുടെ ഒരു നിമ്ന വിഭാഗം.

നാരായണഗുരു ജനിച്ച 1854-ലെ അവസ്ഥ ഇതായിരുന്നു. ഈ അന്തരീക്ഷത്തിൽ പെററുവീണു വളൎന്നു് വരുന്നവർ സാധാരണമായി ഇതിലെ വായുവിഷലിപ്തമാണെന്നു, ദുർഗ്ഗന്ധം നിറഞ്ഞതാണെന്നു മനസ്സിലാക്കുകയില്ല. ജീർണ്ണത സ്വാഭാവികമാണെന്നേ ധരിക്കൂ. ഈ കരാളമായ കൂരിരുട്ടിൻെറ പുറത്തുകടന്നാൽ പ്രോജ്ജ്വലമായ ഒരു പ്രഭാതപ്രഭയുടെ അനുഗ്രഹമുണ്ടാകുമെന്നു് അങ്ങനെ ആർക്കും വിഭാവന ചെയ്യാൻ പ്രയാസമായിരുന്നു. ഈ ഘട്ടത്തിലായിരുന്നു ശ്രീനാരായണൻ ജനിച്ചതു്. അദ്ദേഹത്തിൻെറ ജീവചരിത്രത്തിലൂടെ കണ്ണോടിച്ചു പോകുന്ന ഒരാൾക്കു് ഇന്നു് മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകളിലൊന്നു്, അദ്ദേഹത്തിനു്, തൻെറ ബാല്യകാലത്തുതന്നെ, പാരമ്പര്യം ഒരുവൻെറ അന്തരംഗത്തിൽ കത്തിനിറയ്ക്കുന്ന അന്ധവിശ്വാസങ്ങളുടെ കാർമേഘപടലങ്ങളെ തുത്തുനീക്കി സ്വതന്ത്രമായി, നിർഭയമായി, യാതൊരു മുൻവിധിയും കൂടാതെ ചുററുമുള്ള യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷമായി വിലയിരുത്താൻ കഴിഞ്ഞിരുന്നുവെന്നതാണു്. അദ്ദേഹത്തെ യാഥാസ്ഥിതികത്വത്തിൻെറ ചങ്ങലകൾക്കു വരിഞ്ഞുകെട്ടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ ആത്മവൈഭവം 'ഊരപേറിയ കീഴ്നടപ്പിനാൽ' മറച്ചുകളയപ്പെടാനായില്ല; ധാർമ്മികബോധവും വ്യക്തിവൈശിഷ്ട്യവും മതനിഷ്ഠമായ അന്ധവിശ്വാസങ്ങളാൽ പങ്കിലമാക്കപ്പെട്ടില്ല. മനുഷ്യനെപ്പററി, ലോകത്തെപ്പററി, ജീവിതത്തിൻെറ മഹനീയതയെപ്പററി അദ്ദേഹത്തിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായി. സമൂഹത്തെ അനുനിമിഷം അധഃപതനത്തിൻെറ അഗാധതലങ്ങളിലേയ്ക്കു് ചവിട്ടിത്താഴ്ത്തിക്കൊണ്ടിരിക്കുന്ന വസ്തുതകൾ അദ്ദേഹം സൂക്ഷ്മതയോടെ അപഗ്രഥിച്ചു മനസ്സിലാക്കി. മനുഷ്യജീവിതം അർത്ഥമുള്ളതാക്കാൻ, ദുഃഖനിവൃത്തമാക്കാൻ, സുഖഭൂയിഷ്ഠമാക്കാൻ, ലോകം ഐശ്വര്യസമ്പൂർണ്ണമാക്കാൻ എന്താണു വേണ്ടതെന്നു് അദ്ദേഹത്തിനു കണ്ടെത്താൻ കഴിഞ്ഞു. എന്നിട്ടു് മൗലികമായ തലത്തിലുള്ള പരിവർത്തനത്തിനുവേണ്ടി അദ്ദേഹം മുന്നോട്ടുവന്നു. അത്യന്തം ശാന്തനായി, ഉറച്ച കാൽവെയ്പോടുകൂടെ, പ്രായോഗികബുദ്ധിയോടെ. ചെറിയ വാക്കുകളിൽ, നിറഞ്ഞ ആശയങ്ങൾ ഒതുക്കിക്കൊണ്ടു്. 1887-ൽ അരുവിപ്പുറത്തു നടത്തിയ പ്രതിഷ്ഠയോടെ ഉന്നതമായ, മഹനീയമായ ഒരു ആദർശലോകം എങ്ങിനെയുള്ളതാകണമെന്നു വരച്ചു കാണിച്ചു. ജനങ്ങൾ ഏകോദരസഹോദരങ്ങളെപ്പോലെ ജാതിവ്യത്യാസമില്ലാത്ത, മതദ്വേഷമില്ലാത്ത ഒരു ലോകം. ലോകത്തിൽ മതങ്ങൾ കൂട്ടിച്ചേൎന്നു മതദ്വേഷത്തിൻെറ പേരിൽ വരുത്തിക്കൂട്ടുന്ന അക്രമങ്ങളും പാതകങ്ങളും അദ്ദേഹം കണ്ടു. മനുഷ്യർ പ്രത്യേക മതങ്ങളായി അകന്നുനില്ക്കുമ്പോൾ ദ്വേഷം തികച്ചും സ്വാഭാവികമാണു്. സാഹോദര്യം ജാതികളും മതങ്ങളും ഉള്ളിടത്തോളം ഉടലെടുക്കുകയേയില്ല. അദ്ദേഹം അരുവിപ്പുറത്തു് ഇങ്ങനെ എഴുതിവെച്ചു. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിതു്.' സ്വാതന്ത്ര്യലബ്ധിക്കുശേഷംതന്നെ ഇൻഡ്യയിൽ നടന്നുപോരുന്ന സംഘട്ടനങ്ങളും മനുഷ്യക്കുരുതികളും മഹത്തായവയെന്നു് പ്രകീർത്തിക്കപ്പെടുന്ന മതങ്ങളുളവാക്കുന്നതാണല്ലോ. അന്നു് മുതൽ അദ്ദേഹത്തിൻെറ മരണംവരെ അദ്ദേഹം പറഞ്ഞതും എഴുതിയതുമായ കാര്യങ്ങൾ, അദ്ദേഹം നൽകിയ സന്ദേശങ്ങളും ഉപദേശങ്ങളും മാനവലോകത്തെ കറയററ ഒരു ആദർശലോകം സൃഷ്ടിക്കുന്നതിനു് വഴിയൊരുക്കുന്നതായിരുന്നു. ആദ്യമാദ്യം പറഞ്ഞവയെ കൂടുതൽ കൂടുതലായി പരിഷ്ക്കരിച്ചുകൊണ്ടാണു്, പിന്നെ പറഞ്ഞതു്. ലോകം മഹത്തായതായിത്തീരുകയും മനുഷ്യജീവിതം സൗഭാഗ്യപൂർണ്ണമായി വികസിക്കുകയും ക്ഷേമവും ഐശ്വര്യവും ക്രമപ്രവൃദ്ധമായി വളരുകയും ചെയ്യണമെങ്കിൽ ഓരോ വ്യക്തിയും ഉൾക്കൊള്ളേണ്ട ഉന്നതമായ ചിന്തകളെന്തായിരിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അവയെല്ലാം പരാമർശിക്കേണ്ടതില്ല. കൂടുതൽ പ്രധാനപ്പെട്ടതു പറയാം. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്, 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'മനുഷ്യരുടെ മതം വേഷം ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിനു യാതൊരു ദോഷവുമില്ല', 'നരനും നരനും തമ്മിൽ സാഹോദര്യമുദിക്കണം, അതിനു വിഘ്നമായുള്ളതെല്ലാം ഇല്ലാതെയാകണം' മുതലായവ. ഇവയെല്ലാം മനുഷ്യരെ ഒന്നാക്കാനുദ്ദേശിച്ചുള്ളവയാണു്. മനുഷ്യനും മനുഷ്യനും സഹോദരന്മാരാകണമെങ്കിൽ മതപരവും ജാതിപരവും ഈശ്വരവിശ്വാസപരവുമായ വ്യത്യാസങ്ങൾ മാത്രമല്ല, സാമ്പത്തികവും സാംസ്കാരികവും സാമൂഹികവും മററുമായ വ്യത്യാസങ്ങളും പോകണം. ഇന്നു ഇവയൊക്കെ ജനങ്ങൾക്കിടയിൽ സാഹോദര്യമുദിക്കുന്നതിൽ വിഘ്നമായി പ്രവർത്തിക്കുന്നവയാണു്. ഇവയോടൊപ്പം ഇന്നു മനുഷ്യരെ ശത്രുക്കളാക്കുന്നതു് രാഷ്ട്രീയവ്യത്യാസമാണു്. അതും തിരസ്കരിച്ചേ തീരൂ.

നാരായണഗുരുവിനെക്കുറിച്ചു് എഴുതുന്ന പലരും, അദ്ദേഹം തൻെറ കൂടുതൽ പക്വമായ ഘട്ടത്തിൽ പറഞ്ഞ പലകാര്യങ്ങളേയും ഏതാണ്ടു് മനപൂർവ്വമായിത്തന്നെ അ

പാരതന്ത്ര്യം നിനക്കു വിധികില്ലതമാണു തായേ, ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-ലന്തപ്പെട്ടും തനയ, രെന്തിനയേ സ്വരാജ്യം' എന്നു് ഉൽക്കടമായ രോഷത്തോടെ അദ്ദേഹത്തെക്കൊണ്ടു ഗജ്ജിപ്പിയ്ക്കാനും ഇടയാക്കിയില്ലേ. വളരെ ചുരുക്കിപ്പറഞ്ഞാൽ മനുഷ്യരെ നന്നാക്കാനും ഒന്നാക്കാനും വേണ്ടിയുള്ളതാണു് മതങ്ങളെന്നു് അവകാശപ്പെട്ടുപോന്ന ഉന്നതസ്ഥാനീയന്മാർ ജാതിവ്യവസ്ഥ ശാശ്വതമായി നിലനിറുത്താൻ ഭരണരംഗംപോലും ദുരുപയോഗപ്പെടുത്തിപ്പോന്നിരുന്നു. അനാചാരങ്ങളും ദുരാചാരങ്ങളും പുലത്തുകയെന്നതു് മൗലികാവകാശമാണെന്നു വിശ്വസിച്ചു പ്രവത്തിച്ചുപോന്ന ഒരുപരിവിഭാഗം, അതോടൊപ്പം അവയ്ക്കു വിധേയരായി കേവലം മൃഗതുല്യരായി കഴിഞ്ഞുപോന്നിരുന്നവരുടെ ഒരു നിമ്ന വിഭാഗം.

നാരായണഗുരു ജനിച്ച 1854-ലെ അവസ്ഥ ഇതായിരുന്നു. ഈ അന്തരീക്ഷത്തിൽ പെററുവീണു വളന്നു് വരുന്നവർ സാധാരണമായി ഇതിലെ വായുവിഷലിപ്തമാണെന്നു, ദുർഗ്ഗന്ധം നിറഞ്ഞതാണെന്നു മനസ്സിലാക്കുകയില്ല. ജീർണ്ണത സ്വാഭാവികമാണെന്നേ ധരിക്കൂ. ഈ കരാളമായ കൂരിരുട്ടിൻെറ പുറത്തുകടന്നാൽ പ്രോജ്ജ്വലമായ ഒരു പ്രഭാതപ്രഭയുടെ അനുഗ്രഹമുണ്ടാകുമെന്നു് അങ്ങനെ ആക്കും വിഭാവന ചെയ്യാൻ പ്രയാസമായിരുന്നു. ഈ ഘട്ടത്തിലായിരുന്നു ശ്രീനാരായണൻ ജനിച്ചതു്. അദ്ദേഹത്തിൻെറ ജീവചരിത്രത്തിലൂടെ കണ്ണോടിച്ചുപോകുന്ന ഒരാറാക്കു് ഇന്നു് മനസ്സിലാക്കാൻ കഴിയുന്ന വസ്തുതകളിലൊന്നു്, അദ്ദേഹത്തിനു്, തൻെറ ബാല്യകാലത്തുതന്നെ, പാരമ്പര്യം ഒരുവൻെറ അന്തരംഗത്തിൽ കുത്തിനിറയ്ക്കുന്ന അന്ധവിശ്വാസങ്ങളുടെ കാർമേഘപടലങ്ങളെ തുത്തുനീക്കി സ്വതന്ത്രമായി, നിർഭയമായി, യാതൊരു മുൻവിധിയും കൂടാതെ ചുററുമുള്ള യാഥാത്ഥ്യങ്ങളെ നിഷ്പക്ഷമായി വിലയിരുത്താൻ കഴിഞ്ഞിരുന്നുവെന്നതാണു്. അദ്ദേഹത്തെ യാഥാസ്ഥിതികത്വത്തിൻെറ ചങ്ങലകാംക്കു വരിഞ്ഞുകെട്ടാൻ കഴിഞ്ഞില്ല. അദ്ദേഹത്തിൻെറ ആത്മവൈഭവം 'ഉരപേറിയ കീഴ്നടപ്പിനാൽ' മറച്ചുകളയപ്പെടാനായില്ല; ധാമ്മികബോധവും വ്യക്തിവൈശിഷ്ട്യവും മതനിഷ്ഠമായ അന്ധവിശ്വാസങ്ങളാൽ പങ്കിലമാക്കപ്പെട്ടില്ല. മനുഷ്യനെപ്പററി, ലോകത്തെപ്പററി, ജീവിതത്തിൻെറ മഹനീയതയെപ്പററി അദ്ദേഹത്തിനു വ്യക്തമായ കാഴ്ചപ്പാടുണ്ടായി. സമൂഹത്തെ അനുനിമിഷം അധഃപതനത്തിൻെറ അഗാധതലങ്ങളിലേയ്ക്കു് ചവിട്ടിത്താഴ്ത്തിക്കൊണ്ടിരിക്കുന്ന വസ്തുതകാം അദ്ദേഹം സൂക്ഷ്മതയോടെ അപഗ്രഥിച്ചു മനസ്സിലാക്കി. മനുഷ്യജീവിതം അത്ഥമുള്ളതാക്കാൻ, ദുഃഖനിവൃത്തമാക്കാൻ, സുഖഭൂയിഷ്ഠമാക്കാൻ, ലോകം ഐശ്വയ്യസമ്പൂർണ്ണമാക്കാൻ എന്താണു വേണ്ടതെന്നു് അദ്ദേഹത്തിനു കണ്ടെത്താൻ കഴിഞ്ഞു. എന്നിട്ടു് മൗലികമായ തലത്തിലുള്ള പരിവർത്തനത്തിനുവേണ്ടി അദ്ദേഹം മുന്നോട്ടുവന്നു. അത്യന്തം ശാന്തനായി, ഉറച്ച കാൽവെയ്പോടുകൂടെ, പ്രായോഗികബുദ്ധിയോടെ. ചെറിയ വാക്കുകളിൽ, നിറഞ്ഞ ആശയങ്ങാം ഒതുക്കിക്കൊണ്ടു്. 1887-ൽ അരുവിപ്പുറത്തു നടത്തിയ പ്രതിഷ്ഠയോടെ ഉന്നതമായ, മഹനീയമായ ഒരു ആദശ്ലോകം എങ്ങിനെയുള്ളതാകണമെന്നു വരച്ചു കാണിച്ചു. ജനങ്ങാം ഏകോദര സഹോദരങ്ങളെപ്പോലെ ജാതിവ്യത്യാസമില്ലാത്ത, മതദ്വേഷമില്ലാത്ത ഒരു ലോകം. ലോകത്തിൽ മതങ്ങാം കൂട്ടുചേന്നു മതദ്വേഷത്തിൻെറ പേരിൽ വരുത്തിക്കൂട്ടുന്ന അക്രമങ്ങളും പാതകങ്ങളും അദ്ദേഹം കണ്ടു, മനുഷ്യർ പ്രത്യേക മതങ്ങളായി അകന്നുനില്ക്കുമ്പോാം ദ്വേഷം തികച്ചും സ്വാഭാവികമാണു്. സാഹോദയ്യം ജാതികളും മതങ്ങളും ഉള്ളിടത്തോളം ഉടലെടുക്കുകയേയില്ല. അദ്ദേഹം അരുവിപ്പുറത്തു് ഇങ്ങനെ എഴുതിവെച്ചു. 'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിതു്.' സ്വാതന്ത്ര്യലബ്ധിക്കുശേഷംതന്നെ ഇൻഡ്യയിൽ നടന്നുപോരുന്ന സംഘട്ടനങ്ങളും മനുഷ്യക്കുരുതികളും മഹത്തായവയെന്നു് പ്രകീത്തിക്കപ്പെടുന്ന മതങ്ങളുളവാക്കുന്നതാണല്ലോ. അന്നു് മുതൽ അദ്ദേഹത്തിൻെറ മരണംവരെ അദ്ദേഹം പറഞ്ഞതും എഴുതിയതുമായ കാര്യങ്ങാം, അദ്ദേഹം നൽകിയ സന്ദേശങ്ങളും ഉപദേശങ്ങളും മാനവലോകത്തെ കറയററ ഒരു ആദശ്ലോകം സൃഷ്ടിക്കുന്നതിനു് വഴിയൊരുക്കുന്നതായിരുന്നു. ആദ്യമാദ്യം പറഞ്ഞവയെ കൂടുതൽ കൂടുതലായി പരിഷ്കരിച്ചുകൊണ്ടാണു്, പിന്നെ പറഞ്ഞതു്. ലോകം മഹത്തായതായിത്തീരുകയും മനുഷ്യജീവിതം സൗഭാഗ്യപൂർണ്ണമായി വികസിക്കുകയും ക്ഷേമവും ഐശ്വയ്യവും ക്രമപ്രവൃദ്ധമായി വളരുകയും ചെയ്യണമെങ്കിൽ ഓരോ വ്യക്തിയും ഉാംക്കൊള്ളേണ്ട ഉന്നതമായ ചിന്തകളെന്തായിരിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. അവയെല്ലാം പരാമശിക്കേണ്ടതില്ല. കൂടുതൽ പ്രധാനപ്പെട്ടതു പറയാം. ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യനു്, 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി', 'മനുഷ്യരുടെ മതം വേഷം ഭാഷ മുതലായവ എങ്ങനെയിരുന്നാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിനു യാതൊരു ദോഷവുമില്ല'. 'നരനും നരനും തമ്മിൽ സാഹോദയ്യമുദിയ്ക്കണം, അതിനു വിഘ്നമായുള്ളതെല്ലാം ഇല്ലാതെയാകണം' മുതലായവ. ഇവയെല്ലാം മനുഷ്യരെ ഒന്നാക്കാനുദ്ദേശിച്ചുള്ളവയാണു്. മനുഷ്യനും മനുഷ്യനും സഹോദരന്മാരാകണമെങ്കിൽ മതപരവും ജാതിപരവും ഈശ്വരവിശ്വാസപരവുമായ വ്യത്യാസങ്ങാം മാത്രമല്ല, സാമ്പത്തികവും സാംസ്കാരികവും സാമൂഹികവും മററുമായ വ്യത്യാസങ്ങളും പോകണം. ഇന്നു ഇവയൊക്കെ ജനങ്ങാംക്കിടയിൽ സാഹോദയ്യമുദിയ്ക്കുന്നതിൽ വിഘ്നമായി പ്രവത്തിക്കുന്നവയാണു്. ഇവയോടൊപ്പം ഇന്നു മനുഷ്യരെ ശത്രുക്കളാക്കുന്നതു് രാഷ്ട്രീയവ്യത്യാസമാണു്, അതും തിരസ്കരിച്ചേ തീരൂ.

നാരായണഗുരുവിനെക്കുറിച്ചു് എഴുതുന്ന പലരും, അദ്ദേഹം തൻെറ കൂടുതൽ പക്വമായ ഘട്ടത്തിൽ പറഞ്ഞ പലകാര്യങ്ങളേയും ഏതാണ്ടു് മനപൂർവ്വമായിത്തന്നെ അ

വഗണിക്കുന്നതാണെന്ന് കാണാം. ''ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്''.......പ്രധാന ദേവാലയം വിദ്യാലയമായിരിക്കണം, ........ ജാതിഭേദം കൂടാതെ ഒരു പൊതു ആരാധനസ്ഥലത്തെങ്കിലും ജനങ്ങളെ ഒന്നിച്ചുചേർക്കുവാൻ ക്ഷേത്രങ്ങൾവഴി കഴിയുമെന്ന് തോന്നിയിരുന്നു. അനുഭവം നേരെ മറിച്ചാണ്. ക്ഷേത്രം ജാതിവ്യത്യാസത്തെ അധികമാക്കുന്നു. ഇനി ജനങ്ങൾക്കു വിദ്യാഭ്യാസം കൊടുപ്പാൻ ശ്രമിക്കണം. അവർക്ക് അറിവുണ്ടാകട്ടെ അതുതന്നെയാണ് അവരെ നന്നാക്കാനുള്ള മരുന്ന്''...........''ക്ഷേത്രങ്ങൾ ഇനി വേണ്ട''...........നാം ജാതിമതങ്ങൾ വിട്ടിരിക്കുന്നു..........., ഇതൊക്കെ സാധാരണ ജനങ്ങൾക്കുവേണ്ടി പറഞ്ഞതാണെന്ന് ഓർക്കണം. ക്ഷേത്രങ്ങൾ, മതങ്ങൾ, ഈശ്വരവിശ്വാസം മുതലായവ ജനങ്ങളെ ചൂഷണം ചെയ്യാനുള്ളവയാണെന്ന കാര്യം നാരായണഗുരു കണ്ടിരുന്നില്ല എന്നു പറയാനാവുകയില്ലല്ലോ. അദ്ദേഹം വളരെ ഊന്നിപ്പറഞ്ഞതും നമുക്കു ശ്രദ്ധിക്കുക. ''അറിവുണ്ടാകട്ടെ'' എന്നത്. മനുഷ്യന് വിശ്വാസമല്ലല്ലോ വേണ്ടത്. അറിവാണ് മനുഷ്യന് വേണ്ടത്. അതിൽക്കൂടെ മാത്രമേ മനുഷ്യൻ നന്നാവുകയുള്ളൂ. ക്ഷേത്രം വേണ്ടെന്നും മതവും ജാതിയും വിട്ടിരിക്കുന്നു എന്നും പറഞ്ഞപ്പോൾ നാരായണഗുരു എവിടെച്ചെന്നെത്തിയെന്നും നോക്കണം. യുക്തിവാദപരമായ ചിന്തയുടെ അത്യുന്നത തലങ്ങളിൽത്തന്നെയാണ് ചെന്നെത്തിയത്. യുക്തിവാദം അനുശാസിക്കുന്നത്, മുൻവിധിയൊന്നും കൂടാതെ, തുറന്ന മനസ്സോടെ പ്രശ്നങ്ങൾ നോക്കിക്കാണണമെന്നാണ്. മനുഷ്യന്റെ പുരോഗതിക്കു തടസ്സമുണ്ടാക്കുന്ന സകലതിനേയും തിരസ്കരിക്കണമെന്നാണ്. അന്ധമായ വിശ്വാസങ്ങൾ, മതം, ജാതി മുതലായവ, അവയെ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനങ്ങളും........ക്ഷേത്രങ്ങൾ ജാതിവ്യത്യാസത്തെ വർദ്ധിപ്പിക്കുന്നു. ആ നിലക്കു അവയെ ഒഴിവാക്കുക. ക്ഷേത്രങ്ങൾ വേണ്ടെങ്കിൽ ക്ഷേത്രത്തിൽ എന്തിനെ പ്രതിഷ്ഠിച്ചിരിക്കുന്നുവോ, ആ സങ്കല്പങ്ങളുടെ ആവശ്യമുണ്ടോ. ഇതൊക്കെ ആലോചിക്കേണ്ട കാര്യമാണ്. അത്യുന്നതമായ ആദർശങ്ങളിൽ, മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥിതിയാണ് യുക്തിവാദം വിഭാവനം ചെയ്യുന്നത്. അതിൽ നാം യഥാർത്ഥമനുഷ്യരെ കാണുന്നു. അവരുടെ ഇടയ്ക്ക്, യാതൊരു കന്മതിലുകളുമില്ല. സമ്പൂർണ്ണമായ മാനവ സമത്വം അവരെ ഏകോദര സഹോദരങ്ങളാക്കുന്നു. പരസ്പരം സ്നേഹിച്ചും സഹായിച്ചും കഴിയുന്നവരാക്കുന്നു. കാരുണ്യ നിസ്വാർത്ഥത, സേവനോത്സുകത മുതലായവ അവരുടെ സവിശേഷ ഗുണങ്ങളായിത്തീരുന്നു.

എന്തുകൊണ്ട് അദ്ദേഹം മതവും ജാതിയും ഉപേക്ഷിച്ചു എന്നതും വ്യക്തമായല്ലൊ. 1920-ൽ അദ്ദേഹം, തന്റെ പേരിൽ സ്ഥാപിക്കപ്പെട്ട സംഘടനയിൽനിന്ന് ഒഴിഞ്ഞുപോയതും നാം ശ്രദ്ധിക്കണം. അന്ന് അദ്ദേഹം ഇങ്ങനെ പറഞ്ഞു: ''യോഗത്തിന് ജാത്യാഭിമാനം വർദ്ധിച്ചുവരുന്നതുകൊണ്ടും നമ്മുടെ ഉദ്ദേശ്യങ്ങൾ യോഗംമുഖേന സാധിക്കാത്തതുകൊണ്ടും മുമ്പിനാലെ മനസ്സിൽ നിന്നു വിട്ടിരുന്നതുപോലെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും യോഗത്തെ വിട്ടിരിക്കുന്നു.'' ഈ തുറന്നടിച്ച പ്രസ്താവന അദ്ദേഹത്തിന്റെ മഹത്വം വാഴ്ത്തുന്നവരിൽ ആരും തന്നെ സാധാരണമായി ഉദ്ധരിക്കാറില്ല, ഉയർത്തിപ്പിടിക്കാറില്ല. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴണമെന്ന് അഭിലഷിച്ച നാരായണഗുരുവിന് വിഭാഗീയ സ്വഭാവം പുലർത്തിപ്പോരുന്ന ഒരു സംഘടനയുമായി എങ്ങിനെയാണു വേഴ്ച, പുലർത്താനാവുക? (ഇടയ്ക്കൊന്നു പറഞ്ഞുകൊള്ളട്ടെ, ഇന്ന് ആ സംഘടന എവിടെയെത്തിയെന്നാലോചിച്ചാൽ നാരായണഗുരുവിന്റെ ആദർശങ്ങൾ ഉൾക്കൊള്ളുന്ന എത്രയാളുകൾക്കാണ് ഇന്ന് അതുമായി സഹകരിക്കാനാവുക?)

ശ്രീനാരായണ ഗുരുവിന്റെ ദർശനം മഹനീയതമമായ മാനവികതയായിരുന്നു. മനുഷ്യന്റെ എല്ലാ തരത്തിലുമുള്ള ക്ഷേമം കൈവരുത്താനും വ്യക്തിത്വത്തിന്റെ സംശുദ്ധമായ പൂർണ്ണതയിലേക്കു അവനെ ഉയർത്തിക്കൊണ്ടു ചെല്ലാനും ഉത്തേജിപ്പിക്കുന്ന പാവനമായ മനുഷ്യസ്നേഹമായിരുന്നു. അതുതന്നെയാണ് യുക്തിവാദത്തിന്റെ ദർശനവും. അദ്ദേഹം ഏതൊരു ജാതിയിൽ ജനിച്ചു എന്നു കരുതപ്പെടുന്നുവോ ആ ജാതിയിൽ പെടുന്ന ജനങ്ങളുടെ നന്മക്കും ഉൽക്കർഷത്തിനും മാത്രമല്ല അദ്ദഹം ലോകോത്തരമായ തന്റെ സന്ദേശങ്ങൾ ആവിഷ്കരിച്ചത്. മാനവലോകത്തിന്റെ ക്ഷേമൈശ്വര്യത്തിന്നായിരുന്നു. ആ സത്യം ലോകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ആ സത്യത്തിന്റെ വെളിച്ചം നമ്മെ ബോദ്ധ്യപ്പെടുന്നതിനാണ്, മനുഷ്യന്റെ വിമോചനം. അവന്റെ ശുദ്ധീകരണം. മനസ്സിന്റെ,ചിന്തയുടെ,ബുദ്ധിയുടെ,വാക്കിന്റെ,പ്രവൃത്തിയുടെ, ശീലത്തിന്റെ, സ്വഭാവത്തിന്റെ, ജീവിതത്തിന്റെ, ശുദ്ധീകരണം, സംസ്കരണം. ഓരോ വ്യക്തിയും എല്ലാ സന്മാർഗ്ഗിക മൂല്യങ്ങളും ഉൾക്കൊള്ളുക. അവയാൽ നയിക്കപ്പെടുന്ന ധർമ്മബോധത്താൽ ഉത്തേജിക്കപ്പെടുന്നതും യുക്തിബോധത്താൽ ഭാസുരമാക്കപ്പെടുന്നതുമായ വ്യക്തിജീവിതം പടുത്തുയർത്തുക. സമൂഹത്തോടുള്ള തന്റെ കർത്തവ്യങ്ങളെ നിരന്തരമായി നിർവ്വഹിച്ചുപോരുക. മാനവാവകാശങ്ങളെ ഒരിക്കലും മറക്കാതിരിക്കുകയും അവയെ കാത്തുസൂക്ഷിക്കുകയും ചെയ്യുക. നല്ലവനാകുക. നന്മചെയ്യുക. പ്രബുദ്ധത നേടുക. അന്യജീവനുതകി സ്വജീവിതം ധന്യമാക്കുക. തന്റെ സുഖത്തിനായി ഒരുവൻ ചെയ്യുന്നത് അന്യർക്കും സുഖദായകമാകണമെന്ന് ശ്രദ്ധിക്കുക.

എത്ര അപൂർവ്വവും ഉന്നതവുമായ സന്ദേശങ്ങൾ! നാരായണഗുരുവിന്റെ സന്ദേശങ്ങൾ മാനവാവകാശങ്ങളുടെ സത്തയുൾക്കൊള്ളുന്നതാണ്. കേരളത്തിലെ ജനാവലയിൽ അതു ചെലുത്തിയ സ്വാധീനമില്ലായിരുന്നുവെങ്കിൽ, ആ സ്വാധീനത്തിലൂടെ നേടാൻ കഴിഞ്ഞ പ്രബുദ്ധതയില്ലായിരുന്നുവെങ്കിൽ എന്താകുമായിരുന്നു

ഇന്നത്തെ കേരളത്തിലെ അവസ്ഥ എന്നാലോചിക്കു. ശ്രീ വിവേകാനന്ദൻ കേരളത്തെ ഭ്രാന്താലയമായിക്കണ്ടു. 1892-ലായിരുന്നു അതു്. ഇന്നു കേരളം ഭ്രാന്താലയത്തിൻെറ ഉള്ളിലെ ഭ്രാന്താലയമാകുമായിരുന്നില്ലേ. ജനാധിപത്യത്തിൻെറ നിഴൽപോലും വീഴാത്ത, കാടത്തത്തിൻെറ, അപരിഷ്കൃതത്വത്തിൻെറ, മതഭ്രാന്തിൻെറ, ജാതി വെറിയുടെ തേർവാഴ്ചയാകുമായിരുന്നില്ലേ ഇവിടെ നടക്കുന്നതു്.

കേരളത്തിലെ സാമൂഹിക സാംസ്കാരികതലങ്ങളിൽ നാരായണഗുരുവിൻെറ കാലഘട്ടത്തിലും അതിനുശേഷവുമുണ്ടായ പരിവർത്തനങ്ങൾ പ്രധാനമായും ശ്രീനാരായണപ്രസ്ഥാനത്തിൻെറ സംഭാവനയാണു്. കേരളത്തിലെ യുക്തിവാദപ്രസ്ഥാനം ആരംഭിക്കുന്നതുതന്നെയും ശ്രീനാരായണൻെറ സന്ദേശങ്ങളുടെ ഉത്തേജനത്താലാണു്. ഗുരുവിൻെറ 'ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യനു്' എന്ന സന്ദേശത്തിൻെറ യുക്ത്യധിഷ്ഠിതമായ വളർച്ചയാണു് സഹോദരൻ അയ്യപ്പനെക്കൊണ്ടു് 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യനു്' എന്നു് ഉദ്ഘോഷിക്കാനിടയാക്കിയതു്,

പക്ഷെ ഒരു ദുഃഖമുണ്ടു്. നാരായണഗുരുവിൻെറ നാമധേയത്തിൽ സ്ഥാപിതമായിട്ടുള്ള സംഘടനകൾ ഇന്നു് ആ നാമധേയത്തെ വില്പനച്ചരക്കാക്കാൻ കിണഞ്ഞു പരിശ്രമിച്ചു പോരുകയാണു്. മററു മത-ജാതി വർഗ്ഗീയ സംഘടനകളെ-പ്രസ്ഥാനങ്ങളെ അനുകരിച്ചു, സ്വാർത്ഥതാല്പര്യം പുലർത്താനാണു് അവ ശ്രമിക്കുന്നതെന്നു തോന്നുന്നു. ജാതിവ്യവസ്ഥയെ, മതാടിസ്ഥാനത്തിലുള്ള വർഗ്ഗീയതയെ പാടെ വലിച്ചെറിയുന്നതിനു പകരം ചിലരുടെ സ്വാർത്ഥത്തിനുവേണ്ടി ആ പ്രസ്ഥാനങ്ങളെ ദുരുപയോഗപ്പെടുത്തിപ്പോരുന്നു. നാരായണഗുരു വിഭാവനം ചെയ്ത അത്യന്തം ഉദാത്തമായ ലക്ഷ്യങ്ങൾ ആ പ്രസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ അവഗണിക്കുന്നു; യുക്തിബോധം ജനകോടിയുടെ അന്തരംഗത്തിൽ മൗലികഘടകമാക്കാൻ അവർ യത്നിക്കുന്നില്ല. ദേശീയവിരുദ്ധമായ രീതിയിൽ, ഭരണഘടന വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾക്കു കടകവിരുദ്ധമായി താല്ക്കാലികമായ ലാഭത്തിനുവേണ്ടി മാനവനന്മയെ അവഗണിക്കുന്നു.

ഒരനുബന്ധം കൂടെച്ചേർക്കട്ടെ. ശ്രീനാരായണൻ ജനിച്ചു സമുദ്ധരിച്ച കേരളത്തെ മത-ജാതി വർഗ്ഗീയ ശക്തികൾ, അനീതിയും അസമത്വവും അധർമ്മവും അസാന്മാർഗ്ഗികതയും കൊടികുത്തിവാണ ഒന്നാം നൂററാണ്ടിലേക്കു തിരിച്ചുകൊണ്ടുപോകാൻ പരസ്യമായിത്തന്നെ ശ്രമം നടത്തിപ്പോരുന്നതു നാം കാണണം. ദേശീയതയുടെ പൊയ്മുഖം ധരിച്ച വർഗ്ഗീയത ഇന്നു ഇന്ത്യയിലൊട്ടാകെ തന്നെ ജനാധിപത്യത്തിൻെറ സംരക്ഷകരെന്നപോലെ മേൽക്കോയ്മ കൈയടക്കിയിരിക്കുന്നു. ഓരോ മതവും, അതാതിൻെറ ഒരു സ്വതന്ത്രസാമ്രാജ്യം വാഴിച്ചുകൂട്ടാൻ എല്ലാ കത്സിതമാർഗ്ഗവും സ്വീകരിച്ചു പ്രവർത്തിച്ചുപോരുന്നു. ഭരണാധികാരികളുടെ അനുഗ്രഹാശിസ്സുകളോടെതന്നെ വർഗ്ഗീയതക്കു എല്ലാ പ്രോത്സാഹനവും നൽകപ്പെട്ടുപോരുന്നു. മാനവമൂല്യങ്ങൾ പാടെ വലിച്ചെറിയപ്പെട്ടിരിക്കുന്നു. ഇവയൊക്കെ നേരായിത്തന്നെ കണ്ടുകൊണ്ടു മനുഷ്യൻേറതായ ഒരു നൂതന വ്യവസ്ഥിതി ഇവിടെ സൃഷ്ടിക്കുന്നതിനു്, നാരായണഗുരുവിൻെറ ലോകോത്തരമായ ദർശനം—പരിണാത്മകമായ മാനവികതയെന്ന യുക്ത്യധിഷ്ഠിതമായ ദർശനം—ലോകത്തിലെങ്ങും പ്രചരിപ്പിക്കുകയും അതു മനുഷ്യജീവിതത്തിൻെറ പ്രചോദനമാക്കുകയും ചെയ്യുന്നതിനു് ശ്രീനാരായണപ്രസ്ഥാനങ്ങൾ മുന്നോട്ടുവരേണ്ട സന്ദർഭം വളരെ അതിക്രമിച്ചിരിക്കുന്നു. ആ കടമ ഇവിടത്തെ മനുഷ്യസ്നേഹിയായ പ്രബുദ്ധനായ ഓരോ വ്യക്തിക്കുമുണ്ടു്. ആ ഗൗരവമേറിയ കടമ കാര്യക്ഷമമായും അടിയന്തിരമായും നിർവ്വഹിക്കാനും ഓരോ ആളും മുന്നോട്ടു വരുകയും വേണം; പ്രസ്ഥാനവും നിരന്തരമായി പ്രവർത്തിക്കുകയും വേണം.

ആ മഹാൻെറ സന്ദേശവും ഉപദേശവും ജീവിതമാതൃകയും നിഷ്ഫലമാകാതിരിക്കട്ടെ ! □

# ഈഴവരും ബുദ്ധമതവും

കെ. ജി. നാരായണൻ

> കാർഷികവും വിദ്യാഭ്യാസപരവും ധാർമ്മികവുമായ വിപ്ലവത്തിന് നേതൃത്വവും നല്കിയിരുന്ന ബുദ്ധവിഹാരങ്ങളുടെ മേധാവികൾ ഈഴവരായിരുന്നു. അവർ കേരളത്തിലെ മികച്ച കർഷകരും സംസ്കൃത പണ്ഡിതന്മാരും മഹാവൈദ്യന്മാരും ജ്യോതിശ്ശാസ്ത്രജ്ഞരുമെല്ലാമായിത്തീർന്നു. ജാതിവ്യവസ്ഥയുടെ നിഷ്കരുണമായ മർദ്ദനങ്ങൾക്കിടയിലും അവർക്ക് സ്വയം പ്രകാശിക്കാൻ കഴിഞ്ഞത് ബുദ്ധമതപാരമ്പര്യം മൂലമാണ്.

ഈഴവരെന്നോ തീയ്യരെന്നോ ഇന്നു കേരളത്തിൽ അറിയപ്പെടുന്ന ജനവിഭാഗം ഒരുകാലത്ത് ദക്ഷിണേന്ത്യയിലെ ഒരു പ്രമുഖ കർഷകജനവിഭാഗമായിരുന്നു. സംഘകാല സാഹിത്യത്തിൽ ഉഴവരെന്നും വേളാളരെന്നും മറ്റുമാണ് അറിയപ്പെടുന്നത്. ഈഴവർ, തീവർ, ഈഴക്കുടുംബികർ, ഇഴവർ, ഇരവർ, ഇല്ലവർ, ഇഡിഗർ, ചേകവർ, ചേകോർ, ചോവർ, ബില്ലവർ, വില്ലോർ, ഹലൈപൈക്ക്, നൈഗ്ഗഡഗാരു, തീവരുമക്കൾ, ചാന്റോർ, ഇല്ലത്തുപിള്ളമാർ, ഇല്ലത്താർ, നാടാർ, ചാന്നാർ, മുതലിയാർ എന്നീ ജാതിനാമധേയങ്ങൾ വഹിക്കുന്നവരായി നിരവധി സമുദായ വിഭാഗങ്ങളെ ദക്ഷിണേന്ത്യയിൽ തെക്കുഭാഗത്തായി പ്രാചീനകാലം മുതൽ നമുക്കു കാണാം. ഇവയിൽ ചില നാമധേയങ്ങൾ തേഞ്ഞും മാഞ്ഞും രൂപഭേദപ്പെട്ടും അപ്രത്യക്ഷമായിട്ടുണ്ട്. കേരളം, കന്യാകുമാരി, തിരുനൽവേലി, മധുര, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, മാഗലാപുരം, മൈസൂർ, കടക്, ആന്ധ്ര മുതലായ പ്രദേശങ്ങളിലാണ് ഇവർ അധികവും താമസിച്ചു വരുന്നത്. 1941-ൽ ഏകദേശം ഒരു കോടിയിൽപരമുണ്ടായിരുന്ന ഈ വിഭാഗങ്ങൾ ഇപ്പോൾ രണ്ടുകോടിയിൽ പരമായി വർദ്ധിച്ചിട്ടുണ്ടാവും.

കേരളത്തിന്റെ പ്രാചീന ചരിത്രത്തിൽ തരീസാപ്പള്ളി ശാസനത്തിലാണ് ഈഴവശബ്ദം ആദ്യമായി പ്രയോഗിച്ചിട്ടുള്ളത്. അത് എ.ഡി. 848-ലാണ്. കേരളത്തിന് വെളിയിൽ മധുര, തിരുനൽവേലി, തൃശ്ശിനാപ്പള്ളി, സിലോൺ മുതലായ പ്രദേശങ്ങളിൽ അതിനു വളരെ വളരെ മുമ്പുതന്നെ ഈഴവശബ്ദം ചരിത്രങ്ങളിലും ഗുഹാഭിത്തികളിലെ ലിഖിതങ്ങളിലും സ്ഥാനംപിടിച്ചിട്ടുണ്ട്. ഗുഹാഭിത്തികളിലെ ലിഖിതം തമിഴ് ബ്രാഹ്മലിപിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്, ഈ ഗുഹാലിഖിതങ്ങളിൽ ഈഴൻ ചടികൻ, ഈഴവൻ ആതൻ, തൊണ്ടി ഈഴവൻ, ഈഴക്കുഡുംബികൻ എന്നെല്ലാം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ബി. സി. രണ്ടാം ശതകത്തിലെ അളകാർമല ഗുഹാലിഖിതത്തിലെ 'ഈഴവൻ ആതൻ' ബി. സി. രണ്ടാം നൂററാണ്ടിലെ തന്നെ സിത്തന്നവാസൽ ഗുഹാലിഖിതത്തിലെ 'ചിറുപൊയിൽ ഈഴവൻ', ബി. സി. ഒന്നാം നൂററാണ്ടിലെ തിരുപ്പറക്കുൻറം ഗുഹയിലെ 'എരുക്കോട്ടൂർ ഈഴക്കുഡുംബികൻ പൊലാലയ്യൻ' എന്നും മററുമുള്ള പ്രയോഗങ്ങൾ ഈഴവ നാമധേയം കേരളത്തിനു വെളിയിൽ തമിഴനാട്ടിൽ ബി. സി. ഒന്നും രണ്ടും നൂററാണ്ടുകൾക്കുമുമ്പുതന്നെ നിലനിന്നിരുന്നതായി വെളിപ്പെടുത്തുന്നു. എ. ഡി. 34-ൽ ഈഴനാഗൻ എന്ന പേരുള്ള ഒരു സിംഹള രാജാവ് സിലോൺ ഭരിച്ചിരുന്നതായും ആഭ്യന്തര യുദ്ധത്തിൽ പരാജയപ്പെട്ട് അദ്ദേഹം മലബാറിലേക്ക് ഒളിച്ചോടിയതായും 3 വർഷം കഴിഞ്ഞ് ഒരു സൈന്യവുമായി മടങ്ങിച്ചെന്ന് എതിരാളികളെ പരാജയപ്പെടുത്തി രാജ്യഭരണം ഏററതായും സിലോൺ ചരിത്രമായ പാലിയിലുള്ള മഹാവംശവും പ്രസ്താവിക്കുന്നു. ഈ രേഖകൾ വെച്ചുകൊണ്ടു നോക്കുമ്പോൾ ഈഴൻ, ഈഴവൻ,

ഈഴക്കുഡുംബികൻ, ഈഴവൻ ആതൻ, ഇഴവർ, ഇല്ലര, ഈഴനാഗൻ തുടങ്ങിയ പദങ്ങാം സംജ്ഞാനാമങ്ങളോ ഗോത്രനാമങ്ങളോ സമുദായ നാമങ്ങളോ എന്ന നില യിൽ അശോക ചക്രവത്തിയുടെ കാലത്തിനു മുമ്പുമുതൽ തന്നെ നിലനിന്നിരുന്നുവെന്നു കാണാം. ബി. സി. മൂന്നാം നൂററാണ്ടിനു മുമ്പുമുതൽതന്നെ ദക്ഷിണേന്ത്യയിൽ ഒട്ടാകെ 'ഇല്ല്'ങ്ങാം കേന്ദ്രബിന്ദുവായി അംഗീകരിച്ച് നിലകൊണ്ടിരുന്ന പ്രമുഖ ദ്രാവിഡ ഗോത്രവർഗ്ഗ സമൂഹ ങ്ങാം അന്നും പിൽക്കാലത്തും ഇന്നും പലപല പതനങ്ങ ളിൽ കൂടി കടന്നുവന്നു് ഈഴവർ എന്ന സാമാന്യ നാമ ത്തിലും ഭാഷാഭേദമനുസരിച്ച് നാമധേയം രൂപഭേദ പ്പെട്ട നിലയിലും എന്നാൽ നരവംശപരവും അടി സ്ഥാനപരവുമായ ഗോത്രവർഗ്ഗ ഉള്ളടക്കത്തിൽ മാററങ്ങാം സംഭവിക്കാതെയും നിലനിന്നു വരികയാണ്.

ലോകപ്രശസ്തനായ അശോക ചക്രവർത്തി (ബി. സി. 273–232) സിലോണിനെ കേന്ദ്രീകരിച്ച് ബുദ്ധ മത പ്രചരണത്തിനു് മിഷ്യനറി സംഘങ്ങളെ അയച്ച കൂട്ടത്തിൽ ബി. സി. മൂന്നാം നൂററാണ്ടിൽതന്നെ കേരളം ഉാംപ്പെട്ട ദക്ഷിണേന്ത്യയിലും ബുദ്ധഭിക്ഷുക്കാം എത്തി ച്ചേന്നിരുന്നു. അതുവരെ ഉയന്നതരത്തിലുള്ള മതബോ ധമോ, സാംസ്കാരിക നിലവാരമോ ദക്ഷിണേന്ത്യ യിൽ ആവിർഭവിച്ചു കഴിഞ്ഞിരുന്നില്ല. ബുദ്ധഭിക്ഷു ക്കളുടെ ജനസേവനപരമായ ധമ്മപ്രചരണത്തിൻെറ അ ലകാം ദക്ഷിണേന്ത്യ ഒട്ടാകെ പടന്നൊഴുകി. ദേശീയ ജനതയുടെ ഒരു ഉയത്തെഴുന്നേല്പിൻെറ കാഹളദ്ധ്വനി അതിൽ മുഴങ്ങിക്കേട്ടു. സംഘകാല നവോത്ഥാനമെന്നാ ണു് ചരിത്രകാരന്മാർ അതിനെ വിലയിരുത്തിയിരി ക്കുന്നതു്. അന്നു് ബുദ്ധവിഹാരങ്ങാംക്കും ബുദ്ധഭിക്ഷു ക്കാംക്കും ഉദാരമായ സഹായവും സംരക്ഷണവും നല്കി യിരുന്നതു് ഈഴവരും തീയ്യരുമാണെന്നു് വ്യക്തമാ ക്കപ്പെട്ടിട്ടുള്ളതാണ്. അക്കാലത്തെ ശക്തന്മാരായ നാടുവാഴികളും പുകഴ്പെററ കഷ്കരും ലോകപരിച യം നേടിയ വിദേശ വ്യാപാരികളും ധനികന്മാരായ വണിക്ക് ശ്രേഷ്ഠന്മാരും സംസ്കാരനായകന്മാരും ഈ ഴവ തീയ്യജനതയായിരുന്നു എന്നു് ഈ ദാനരേഖകാം തെളിയിക്കുന്നു.

ബ്രാഹ്മണമേധാവിത്വം പ്രാബല്യത്തിൽ വന്നശേ ഷം അതിനുമുമ്പുള്ള എല്ലാ ചരിത്രവസ്തുതകളും അവശി ഷ്ടങ്ങളും നശിപ്പിക്കുകയോ തമസ്കരിക്കുകയോ ചെയ്ത തിൻെറ ഫലമായി ഇന്ത്യയുടെ മുഴുവൻ ചരിത്രവും ഐ തിഹ്യങ്ങളിൽ കൂടി ബ്രാഹ്മണ മേധാവിത്വത്തിൽ അധിഷ്ഠിതമാക്കിയിരിക്കയാണ്. കേരളചരിത്രത്തി ൻെറ യഥാത്ഥ സ്ഥിതിയും ഇതുതന്നെ. ബ്രിട്ടീഷുകാർ ഇന്ത്യൻ ഭരണാധികാരികളായിരുന്നില്ലെങ്കിൽ ലോക സംസ്ക്കാരത്തിൻെറ പ്രഭവകേന്ദ്രമായ ഭഗവാൻ ബുദ്ധ നെപ്പററിയോ അശോകചക്രവത്തിയെപ്പററിയോ അശ്വ ഘോഷനെപ്പോലെയുള്ളവരെപ്പററിയോ നമ്മാം അറിയു മായിരുന്നില്ല. കേരളത്തിൻെറ ആദിമസംസ്ക്കാര നേതാക്കളും ബുദ്ധസംസ്കാരവാഹകരുമായി നിലനി ന്നിരുന്ന ഈഴവ–തീയ്യജനതയുടെ ചരിത്രവും തമസ്ക്ക രിച്ചുകൊണ്ടാണ് കേരള മാഹാത്മ്യം വഴി പരശുരാമ കഥ സൃഷ്ടിച്ച് കേരളം നമ്പൂതിരിജന്മമാക്കി തീർത്ത തു്. ബുദ്ധമത വിദ്വേഷവും ധ്വംസനവും ആയിരുന്നു അതിൻെറ ഉപകരണം. ബുദ്ധമതക്കാരായിരുന്ന ഈഴവ –തീയ്യജനതയ്ക്കെതിരായിട്ടായിരുന്നു ഈ കെട്ടുകഥ സൃഷ്ടി ച്ച് ചരിത്രതമസ്കരണം നടത്തിയതു്.

തമിഴ് പുരാവസ്തു ഗവേഷകരും ചരിത്രപണ്ഡി തന്മാരുമായ ഐരാവതം മഹാദേവൻ, എസ്. നാഗ സ്വാമി, ടി. വി. മഹാലിംഗം, എൻ. സുബ്രഹ്മണ്യം, കെ. വി. സുബ്രഹ്മണ്യയ്യർ, എസ്. കൃഷ്ണശാസ്ത്രി, ആർ. രാജലക്ഷ്മി തുടങ്ങിയവരാണ് ഈ വസ്തുതകാം ഇപ്പോാം വെളിയിൽ കൊണ്ടുവന്നിരിക്കുന്നതു്. ഇവ രിൽ ചിലർ ബ്രാഹ്മിലിപി വായിച്ച് വാക്യം മന സ്സിലാക്കുകയും മററുചിലർ അതിനെ വ്യാഖ്യാനിക്കുക യും അതിൻെറ കാലനിണ്ണയം നടത്തുകയുമാണ് ചെയ്തി ട്ടുള്ളതു്. കേരള സവ്വകലാശാലയിലെ ചരിത്രവിഭാ ഗം തലവൻ ഡോക്ടർ രവീന്ദ്രൻ പ്രസ്തുത കണ്ടെത്തല് നെ ഒന്നുകൂടി അപഗ്രഥിച്ച് കൂടുതൽ പഠനത്തിനു് വി ധേയമാക്കിയിരിക്കുന്നു.

അശോകൻെറ കാലത്തു് ക്രിസ്തുമതമോ മുഹമ്മദ മത മോ ഭൂമുഖത്തു് ആവിർഭവിച്ചിരുന്നില്ല. ബ്രാഹ്മണ മതം ദുർബലമായ നിലയിൽ ആന്ധ്രയിൽ അങ്ങിങ്ങു പ്രചരിച്ചിരുന്നു. മററുള്ളിടത്തു അതു് ഇല്ലായിരുന്നു എന്നുതന്നെ പറയാം. ദക്ഷിണേന്ത്യയിൽ ജാതിവ്യവ സ്ഥയെപ്പററി കേട്ടുകോംവി പോലുമുണ്ടായിരുന്നില്ല. ബുദ്ധമതവും ജൈനമതവുമായിരുന്നു ഇൻഡ്യൻ സാമൂ ഹ്യ ജീവിതത്തിനു് പ്രകാശം ചൊരിഞ്ഞിരുന്നതു്. കേരളത്തിലെ സ്ഥിതിയും മറിച്ചായിരുന്നില്ല.

ബുദ്ധമതം കേരളത്തിൽ എത്തിച്ചേർന്നതു് സി ലോൺ വഴിയാണ്. തന്മൂലം കേരളത്തിൻെറ സാമൂ ഹ്യ–സാംസ്കാരിക ചരിത്രം സിലോണുമായി ബന്ധപ്പെ ട്ടാണു കിടക്കുന്നതു്–അഭേദ്യമായവിധം. ശ്രീബുദ്ധൻെറ കാലത്തും അതിനുമുമ്പും കപ്പൽവ്യാപാരത്തിൻെറ ഒരു തുറമുഖകേന്ദ്രമെന്ന നിലയിൽ സിലോൺ ഏഷ്യയിൽ എവിടെയും സുപരിചിതമായിരുന്നു. ഈ കപ്പൽ കച്ച വടക്കാക്കെല്ലാം കേരളവുമായി സമ്പക്കമുണ്ടായിരുന്നു. അങ്ങിനെ സിലോണും കേരളവും തമ്മിലുള്ള ബന്ധം സുദൃഢമായി തീന്നു.

സിലോണിൻെറ അറിയപ്പെടുന്ന യഥാത്ഥചരിത്ര ആരംഭിക്കുന്നതു് ബി. സി. മൂന്നാം നൂററാണ്ടിൽ അശോകചക്രവത്തിയുടെ പുത്രനായ മഹേന്ദ്രൻെറയും പു ത്രിയായ സംഘമിത്രയുടേയും നേതൃത്വത്തിൽ മഗധ യിൽനിന്നു് സിലോണിലേക്കു് നടന്ന ബുദ്ധമതദൗത്യ ത്തിൻെറ കടിയേററത്തോടു കൂടിയാണ്. അവർ സി

ലോണിനെ ഒട്ടാകെ ഇളക്കി മറിക്കുകയും പുനഃ സംഘ ടിപ്പിക്കുകയും സംസ്കരിക്കുകയും ചെയ്തിരിക്കുകയാണ്, മഹേന്ദ്രന്റെയും സംഘമിത്രയുടെയും പാവനമായ നാമ ധേയം ഭക്ത്യാദരവുകളോടെയാണ് ഇന്നും സിലോൺ അനുസ്മരിക്കുന്നത്' രണ്ടായിരത്തി ഇരുന്നൂറ് വർഷം ക ഴിഞ്ഞിട്ടും അതിന്റെ വശ്യതയും ബഹുമാന്യതയും ഒട്ടും മങ്ങിയിട്ടില്ല.

സിംഹളർ അവകാശപ്പെടുന്നത് അവർ മഗധയിൽ നിന്നും ബംഗാളിൽനിന്നുമുള്ള കുടിയേററക്കാരായ പാലി ആര്യന്മാരുടെ സന്തതിപരമ്പരകളാണെന്നാണ്. കേരളത്തിൽ നിന്നും തൃശ്ശിനാപ്പിള്ളിയിൽ നിന്നും സി ലോണിലേക്കും സിലോണിൽനിന്നു മറിച്ചും വമ്പിച്ച കുടിയേററങ്ങൾ അക്കാലത്ത് നടന്നിരുന്നതായി സിലോൺ ചരിത്രമായ മഹാവംശം പ്രഖ്യാപിക്കുന്നു. സിലോണിന്റെ വടക്കൻ പ്രദേശമായ ജാഫ്ന ദീർഘ കാലം ചോളത്തമിഴനായ 'ഇല്ലര' (ഈഴവ) രാജാ വിന്റെ ഭരണത്തിൻ കീഴിലായിരുന്നു. ബി. സി. 161 മുതൽ 137 വരെ ഭരണം നടത്തിയിരുന്ന ദത്തഗാ മിനി (ദ്രത്ത്ഗൈമുനേ—പാലി) എന്ന സിംഹള രാജാവു വളരെ ക്ലേശിച്ചാണ് 'ഇല്ലര'നെ തോല്പിച്ചോടിച്ചത്. അങ്ങിനെയാണ് ജാഫ്ന ഈഴദേശമായത്.

സിലോണിൽനിന്നു മതപ്രചരണം സംബന്ധി ച്ചും ശില്പവിദ്യ സംബന്ധിച്ചും കച്ചവടം സംബന്ധി ച്ചും ആക്രമണ യുദ്ധം സംബന്ധിച്ചും ധാരാളം സിംഹ ളർ കേരളത്തിൽ കുടിയേറുകയും സ്ഥിരതാമസമാക്കുക യും ചെയ്തിട്ടുണ്ട്. ക്രമേണ അവർ കേരളീയ ജനതയിൽ ലയിച്ചുചേർന്നു. ബംഗാളിൽനിന്നും മഗധയിൽനിന്നും സിലോണിൽ എത്തിച്ചേർന്ന പാലി ആര്യന്മാരിൽ നി ന്നു രൂപമെടുത്തിട്ടുള്ള സിംഹളരാണ് അവരിൽ വലിയ ഒരു വിഭാഗം. അതോടൊപ്പം ചോളത്തമിഴരിൽ നിന്നു രൂപമെടുത്തിട്ടുള്ള സിംഹളരും കേരളത്തിൽ ധാരാളം വന്നുചേർന്നിട്ടുണ്ട്; സ്ഥിരതാമസമാക്കിയിട്ടുണ്ട്. അ വർ എല്ലാവരും കേരളത്തിന്റെ സമുദ്രതീര പ്രദേശങ്ങ ളിൽ കപ്പലടുപ്പിക്കാൻ സൗകര്യമുള്ള മുനമ്പുകളും ഉൾക്കട ലുകളും കായലുകളും നദീമുഖങ്ങളും ഉൾപ്പെട്ട കേന്ദ്രങ്ങ ളിൽ സ്വന്തം കാളനിയും കച്ചവടകേന്ദ്രവും ബുദ്ധവിഹാ രങ്ങളും വിജ്ഞാന വിതരണകേന്ദ്രമായ പള്ളികളും കെട്ടിപ്പടുക്കുക ഉണ്ടായിട്ടുണ്ട്. കേരളത്തിന്റെ പടി ഞ്ഞാറൻ കടൽത്തീരത്തോട് അനുബന്ധിച്ച് ഉണ്ടായി ട്ടുള്ള ഈ കാളനികളും, ബുദ്ധവിഹാരങ്ങളും, വ്യാപാര കേന്ദ്രങ്ങളും, ബുദ്ധഭിക്ഷുക്കളുടെ ജനസേവന സമ്പർക്കവും ആണ് കേരളത്തിന്റെ ഗോത്രവർഗ്ഗ നാഗരീകതയേയും ഗിരിവർഗ്ഗ സംസ്കാരത്തേയും, ജീവിതരീതികളേയും ഇളക്കിമറിച്ച് അടിമുടി പുനഃസംഘടിപ്പിച്ചത്. തന്മൂ ലം ബംഗാളി നാഗരികതയും മാഗധി നാഗരികതയും സിംഹള നാഗരീകതയും ബുദ്ധമത നാഗരീകതയും കേ രള നാഗരീകതയ്ക്ക് പുതിയ രൂപവും ഭാവവും സംഭാവന ചെയ്തിരിക്കുന്നു. പ്രാചീന കേരളീയ ഗോത്രവർഗ്ഗ ഭാഷ യെ തമിഴിൽനിന്നും വ്യതിരിക്തമാക്കത്തക്കവണ്ണം പദസമുച്ചയംകൊണ്ട് ആദ്യം അലങ്കരിച്ച ഭാഷ പാ ലിയാകുന്നതിനുള്ള കാരണം മറെറാന്നല്ല. പാലി സാ ഹിത്യത്തിലെ ജാതക കഥകളുടെ ചുവടുപിടിച്ച് സം ഘകാല സാഹിത്യം വളർന്നുവന്നതിന്റെ പ്രേരകശക്തി യും ഇതുതന്നെ. 'ബൗദ്ധരുടെ സ്വാധീനം മൂലം ചില പാലി പദങ്ങൾ മലയാളം സ്വായത്തമാക്കിയിട്ടുള്ളതാ യി കാണാം.' (കേരളചരിത്രം. കേരള ഹിസ്ററി അസോസിയേഷൻ പാർട്ട് 2, പേജ് 323) 'ചേരചോള പാണ്ഡ്യദേശങ്ങളിൽ അക്കാലത്ത് പാലി ഭാഷ തമിഴി ന് തുല്യം പ്രാധാന്യമർഹിച്ചിരുന്നു എന്നത് പ്രധാന പ്പെട്ട ഒരു വസ്തുതയാണ്.' (ഇളംകുളം-കേരളം 5, 6. നൂററാണ്ടുകളിൽ പേജ് 102)

സംഘകാലത്തിന്റെ നേതാക്കൾ ദക്ഷിണേന്ത്യ യിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും ഉഴവ രോ വേളാളരോ എന്ന് അന്ന് അറിയപ്പെട്ടിരുന്ന ഇന്ന ത്തെ ഈഴവ—തിയ്യ സമുദായമായിരുന്നു എന്ന് തപോ ഗുഹകളിലെ ലിഖിതങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ബ്രിട്ടനിലെ ഇൻഡ്യയുടെ അംബാസിഡറായ ഡോക്ടർ പി. സി. അലക്സാണ്ടർ എഴുതിയിട്ടുള്ള 'കേരളത്തിലെ ബുദ്ധമതം' എന്ന ഗ്രന്ഥത്തിൽ ഈ വിഷയത്തെപ്പററി നടത്തിയിരിക്കുന്ന ചില പരാമർശങ്ങൾ ശ്രദ്ധേയമാണ്. അദ്ദേഹം പറയുന്നു: 'സിലോണിൽനിന്നും കുടിയേറി യവരും കേരളത്തിൽനിന്ന് ബുദ്ധമതത്തിലേക്ക് പരി വർത്തനം ചെയ്യവരും ഒന്നുചേർന്നു അതിപ്രാചീനകാലത്തു ബുദ്ധമതസമുദായമായി—ഈഴവരായി — രൂപമെടുക്കുക യും ബുദ്ധമതം തകർന്നു കഴിഞ്ഞപ്പോൾ അവരുടെ സാമൂ ഹ്യപദവി താണനിലയിൽ എത്തിച്ചേരുകയും ചെയ്തു.' ബുദ്ധമതം കേരളത്തിൽ നിശ്ശേഷം തകർന്നതിനുശേഷം ഈഴവർ ഹിന്ദുജന വിഭാഗത്തിലെ ഒരു താണസമുദായ മായി നിലനിന്നു വരികയായിരുന്നു. ബംഗാളിലെ ബു ദ്ധമതസമുദായത്തിനും ഇതേ സ്ഥിതിവിശേഷം തന്നെ യാണ് നേരിടേണ്ടിവന്നത്. ബുദ്ധമതസമുദായമായ കായസ്ഥരിൽ നിന്നാണ് ബംഗാളിൽ വിശ്വവിഖ്യാത നായ സ്വാമി വിവേകാനന്ദൻ ജന്മമെടുത്തത്. മഹാ യാന ബുദ്ധമതത്തിന്റെ അവശിഷ്ടമായ ചില ആരാധ നാരീതികൾ കേരളത്തിലും ബംഗാളിലും ഇന്നും തുടർന്നു വരുന്നുണ്ട്. കേരളത്തിലെ 'ചാത്തൻസേവ' സുപ്രസിദ്ധ മാണ്. ശ്രീബുദ്ധന്റെ നേർക്കുള്ള ഭക്തിപ്രകടനത്തിന് മഹായാനമാർഗ്ഗം വളർത്തിയെടുത്ത അവലോകിതേശ്വര ബോധിസത്വസങ്കല്പത്തിൽ ഒന്നായ ധർമ്മശാസ്താവിൽ നിന്നാണ് അത്ഭുതകർമ്മങ്ങൾക്ക് ഉറവിടവും അനുഗ്ര ഹദാതാവുമായ ചാത്തന്റെ ഉത്ഭവം. മഹായാന ബുദ്ധ മതക്കാർ ബോധിസത്വന്മാരിൽക്കൂടിയാണ് ദുഃഖനി വാരണം നേടി പരമനിർവ്വാണ പദപ്രാപ്തിക്ക് അർഹരാകുന്നത്. ബോധിസത്വനായ ശാസ്താവിനു നല്കുന്ന അഗ്ര്യപൂജമഹായാന മാർഗ്ഗത്തിനു നിർവ്വാണ പ്രാപ്തിക്കുള്ള ഒരു മാർഗ്ഗമാണ്.

ബി. സി. മൂന്ന്, രണ്ട് ഒന്ന് ശതാബ്ദങ്ങളിൽ ഗ്രഹാഭിത്തികളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള ബുദ്ധമതാനുയായികളും കേരളത്തിലെ സമുദ്രതീരങ്ങളിൽ ബുദ്ധവിഹാരങ്ങൾ കേന്ദ്രീകരിച്ച് ജനപദം കെട്ടിപ്പടുത്ത ആദിമ കേരളീയ ജനതയും ഈഴവരും, വേളാളരും മറ്റുമായ കർഷകജനതയായിരുന്നു. അശോകന്റെ ശിലാലിഖിതങ്ങളിൽ സ്ഥാനം പിടിക്കത്തക്കവണ്ണം കേരളം അന്ന് പ്രശസ്തിയിലെത്തിയതിന്റെ കാരണം ഇതല്ലാതെ മറ്റൊന്നല്ല. അശോകലിഖിതങ്ങളിൽ കേരളത്തെ വിശേഷിപ്പിച്ചിട്ടുള്ളത് കേതലപുതോ, കേലലപുതോ, കേരലപുതോ, കേരഡപുതോ എന്നും മറ്റുമുള്ള വിവിധ രൂപങ്ങളിലാണ് (ഈ വ്യത്യാസം സമുദായ നാമത്തിലും സംഭവിച്ചിട്ടുണ്ട്). 'ഈ പേരുകളെല്ലാം കേരളപുത്ര എന്ന സംസ്കൃത പദത്തിന്റെ പാലി രൂപങ്ങളാകുന്നു'. (കേരളചരിത്രം || p 328)

കേരളത്തിൽ ഇന്നു കാണുന്ന തലയെടുപ്പുള്ള മഹാക്ഷേത്രങ്ങളിൽ ഒട്ടുമുക്കാലും എ. ഡി. അഞ്ചാം നൂറ്റാണ്ടു വരെയും എട്ടാം നൂറ്റാണ്ടുവരെയും പ്രശസ്തങ്ങളായ ബുദ്ധവിഹാരങ്ങളായിരുന്നു. അവയുടെ ശില്പവിദ്യയും വിഹാരങ്ങളിലെ ധാതുഗർഭ മാതൃകയിലുള്ള ഗർഭഗ്രഹവും പൊതുശയനസ്ഥലം മാതിരിയുള്ള ചുററമ്പലവും പൊതുഭോജനശാലയെ അനുസ്മരിപ്പിക്കുന്ന ഊട്ടുപുരകളും വിശാലമായ താമരക്കുളങ്ങളും കളിപ്പുരയും മററും പരിശോധിച്ചാൽ ഈ വസ്തുത ബോദ്ധ്യപ്പെടും. അശോകന്റെ രണ്ടാം നമ്പർ ശിലാശാസനത്തിൽ ബുദ്ധവിഹാരം വഴിനടപ്പിലാക്കേണ്ട പരിപാടികളുടെ ഒരു വ്യക്തമായ രൂപരേഖ അടങ്ങിയിരിക്കുന്നു.

''ദേവപ്രിയനായ പ്രിയദർശി (അശോകൻ) രാജാവിനാൽ ഭരിക്കപ്പെടുന്ന രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും മാത്രമല്ല ചോളർ, പാണ്ഡ്യർ, സത്യപുത്രർ, കേരളപുത്രർ എന്നിവരുടെ രാജ്യങ്ങളിലും വിദൂരസ്ഥിതങ്ങളായ അന്തിയോകൻ, അദ്ദേഹത്തിന്റെ അയൽ രാജാക്കന്മാർ എന്നിവരുടെ രാജ്യങ്ങളിലും എല്ലായിടത്തും ദേവന്മാരുടെ പ്രീതിപാത്രമായി പ്രിയദർശി രാജാവ് ചികിത്സക്കായി രണ്ടുതരം വ്യവസ്ഥ ചെയ്തിരിക്കുന്നു. അവ മനുഷ്യർക്കും മൃഗങ്ങൾക്കും പ്രത്യേകം പ്രത്യേകം വൈദ്യശാലകൾ സ്ഥാപിച്ചിരിക്കുന്നു എന്നുള്ളതാണ്. കൂടാതെ മനുഷ്യർക്ക് ഉപയോഗമുള്ള ഔഷധികളും മൃഗങ്ങൾക്ക് ഉപയോഗമുള്ള ഔഷധികളും (ഫലമൂലാദികളും) കിട്ടുന്ന സ്ഥലങ്ങളിൽ നിന്ന് അവ കിട്ടാത്ത സ്ഥലങ്ങളിലേക്കു കൊണ്ടുപോയി കൃഷിചെയ്യപ്പെടണം. പഴം, കായ്, കിഴങ്ങ് വകകളും കൃഷിചെയ്യുണ്ടാക്കണം. മനുഷ്യർക്കും ഇതര ജീവികൾക്കും സൗഖ്യത്തിനായി വഴിയോരങ്ങളിൽ കിണറുകൾ കുഴിപ്പിക്കുന്നതിനായും തണൽ മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനായും ഏർപ്പാടു ചെയ്തിരിക്കുന്നു.''

ഇന്നത്തെ ഇൻഡ്യയിലെ ഡവലപ്പ്മെൻറ് ബ്ലോക്കുകൾക്കു പ്രചോദനം നല്കിയതു് ഈ ശിലാലിഖിതമാണ്. ബുദ്ധവിഹാരങ്ങളായിരുന്നു അന്നു കേരളത്തിൽ ഡവലപ്പ്മെൻറ് ബ്ളോക്കുകൾ. അവയുടെ നേതാക്കളായിരുന്നു ബുദ്ധമതക്കാരായ ഈഴവർ. ബുദ്ധവിഹാരങ്ങളിലെ വിദ്യാഭ്യാസത്തിൽ ആയുർവ്വേദം, ജ്യോതിഷം, നിയമം, ധർമ്മശാസ്ത്രം, കൃഷിശാസ്ത്രം, കരകൗശലം, സാഹിത്യം, കല എന്നിവ പ്രധാന പഠനവിഷയങ്ങളായിരുന്നു. എ. ഡി. 40 മുതൽ 150 വരെ കേരളം ഭരിച്ചിരുന്ന അഞ്ചു രാജാക്കന്മാരെപ്പററി പത്മനാഭമേനോന്റെ കൊച്ചിരാജ്യചരിത്രത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഒരാൾ സുപ്രസിദ്ധനായ ചേരൻ ചെങ്കുട്ടവനാണ്. ഇവർ എല്ലാവരും ബുദ്ധമതം അംഗീകരിച്ചവരാണെന്നുള്ളതു് സുവിദിതമാണ്. അതിനു ആവശ്യമായ തെളിവ് മഹാവംശം നല്കുന്നുണ്ട്.

'രക്ഷിത ധീരൻ എന്ന ബുദ്ധഭിക്ഷു വനവാസി (കുടക് ഉൾപ്പെടുന്ന കേരളം) രാജ്യത്തിലേക്കുപോയി മതപ്രസംഗം ചെയ്തു് 60000 പേരെ മതത്തിൽചേർത്തു. 37000 പേരെ പരിവ്രാജകരാക്കി. അദ്ദേഹം അവിടെ 500 വിഹാരങ്ങളും സ്ഥാപിച്ചു. മഹാദേവധീരൻ മഹിഷമണ്ഡലത്തിൽ എത്തി ദേവദത്ത സൂത്രത്തെ ജനങ്ങളുടെ ഇടയിൽ പ്രസംഗിച്ചു. 40000 പേർ ബുദ്ധമതത്തിൽ ചേർന്നു. 40000 പേരെ പരിവ്രാജകരാക്കി'

ഇതാണ് മഹാവംശത്തിലെ മൊഗ്ഗലി പുത്രന്റെ ധർമ്മപ്രചരണ വിവരണത്തിന്റെ ഒരു ഭാഗം. കേരളത്തിലെ തീരപ്രദേശങ്ങളിൽ 500 ബുദ്ധവിഹാരങ്ങൾ പ്രവർത്തിക്കുക വഴി വിദ്യാഭ്യാസ—കാർഷിക—വ്യാവസായിക—കരകൗശല— സാംസ്കാരിക — വൈദ്യശാസ്ത്രമേഖലകളിൽ വമ്പിച്ച ഒരു വിപ്ലവ പ്രക്രിയയാണ് ബി. സി. ഒടുവിൽ ഉടലെടുത്തതു്. വിദ്യാവിതരണത്തിനുവേണ്ടി ഉപയോഗിച്ച സ്ഥാപനങ്ങളാണ് പില്ക്കാലത്തു് പള്ളി എന്നപേരിൽ അറിയപ്പെട്ടതു്.

ചേരൻ ചെങ്കുട്ടവൻ (എ. ഡി. 125–180) അക്കാലത്തെ സുപ്രസിദ്ധനായ ഒരു യോദ്ധാവും വിജിഗീഷുവും ഭരണാധികാരിയും സാംസ്കാരിക നവോത്ഥാനത്തിന്റെ നേതാവും എന്ന നിലയിൽ പ്രശസ്തനായി പ്രശോഭിച്ചിരുന്ന ഒരു ചക്രവർത്തിയായിരുന്നു. ബുദ്ധമതക്കാർ ഒരു ദേവകന്യകയെപ്പോലെ ആരാധിച്ചുവന്ന ബുദ്ധമതക്കാരിയും പതിവ്രതാശിരോമണിയും ആയ കണ്ണകിയെ എ. ഡി. 170–ൽ തിരുവഞ്ചിക്കുളത്തു് (കൊടുങ്ങല്ലൂർ) ഒരു കന്യകാമഠം സ്ഥാപിച്ച് അതിൽ പ്രതിഷ്ഠിച്ചതു് ചേരൻ ചെങ്കുട്ടവനാണ്. ആ കന്യകാമഠമാണ് ഇന്നത്തെ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രം. ചെങ്കുട്ടവന്റെ അനുജൻ ഇളംകോ അടികൾ എന്ന ഭിക്ഷു എഴുതിയിട്ടുള്ള ചിലപ്പതികാര മഹാകാവ്യത്തിന്റെ ഇതിവൃത്തം ഈ കണ്ണകിയുടേതാണ്. ഈ കന്യകാമഠം കൂടി ഉൾപ്പെടുന്ന സ്ഥലത്തിനു് പൊതുവെ 'തിരുക്കന്യാമതിലകം' എന്നർത്ഥത്തിൽ തൃക്കണാമതിലകം എന്നാണ് പറഞ്ഞുവന്നിരുന്നതു്. ഈ പതിവ്രതാശി

രോമണിയായ പത്തിനി കടവുളിൻെറ പ്രതിഷ്ഠാവേള യിൽ ചോളം, മാളവം, സിംഹളം എന്നീ രാജ്യങ്ങളി ലെ ഭരണാധികാരികൾ സംബന്ധിച്ചിരുന്നു. തീരദേ ശങ്ങളിലെ ബുദ്ധമത കേന്ദ്രങ്ങളിൽ പത്തിനികടവുളി ൻെറ നിരവധി ക്ഷേത്രങ്ങളുണ്ടായി. പിൽക്കാലത്ത് ചാ തുർവർണ്ണ്യ ശക്തികൾ അവിടെ മൃഗബലിയോടുകൂടിയ ഭദ്രകാളി പൂജ തുടങ്ങുകയാണുണ്ടായത്.

കേരളത്തിലും മററു ദക്ഷിണേന്ത്യൻ സംസ്ഥാന ങ്ങളിലും ബുദ്ധമതം വന്നെത്തുമ്പോൾ ബ്രാഹ്മണ ക്ഷ ത്രിയ വൈശ്യ ശൂദ്ര ജാതികൾ അവിടെ ഉണ്ടായിരുന്നി ല്ല. കേരളത്തിൽ എ. ഡി. 9-ാം നൂററാണ്ടുവരെ രാ ഷ്ട്രീയ നേതാക്കൾ ബുദ്ധമതക്കാരായിരുന്നു. മററു മത ങ്ങളൊന്നും അവർക്കു പരിചയമുണ്ടായിരുന്നില്ല. കൊടു ങ്ങല്ലൂരിലെ ആദിമ ചേരന്മാരുടെ നാഗഗോത്രവർഗ്ഗക്കാരാ യിരുന്നു ഇവർ. അതുകൊണ്ടാണ് എൽ. കെ. അനന്ത കൃഷ്ണയ്യർ കൊടുങ്ങല്ലൂരെ കണ്ണകീദേവി ഈഴവരുടെ കല ദൈവമാണെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത്. അതുതന്നെ യാണ് ശബരിമല ശാസ്താവിനെപ്പററിയുള്ള വില ഇരു ത്തലും. ആര്യന്മാരും ചാതുർവർണ്ണ്യവും കേരളത്തിൽ കാ ലെടുത്തു കുത്തുമ്പോൾ നാഗന്മാരായിരുന്നു അവിടത്തെ അധികാരികൾ. ഈ നാഗങ്ങൾ ബ്രാഹ്മണരെ തുടരെ കടിച്ചു കൊന്നുകൊണ്ടിരുന്നു എന്നാണ് നമ്പൂതിരിമാർ എഴുതിയിട്ടുള്ള കേരള മാഹാത്മ്യം പോലുള്ള ഐതിഹ്യ ങ്ങളിൽ പറയുന്നത്. ഈ നാഗജനതയിൽ നിന്നാണ് കേരളത്തിലെ ആദിമ ചേരന്മാരുടെ ഉത്ഭവം. അന്ന് കേരളത്തിന് നാഗനാടെന്നായിരുന്നു പേർ. അനേക നൂററാണ്ടുകാലം ബുദ്ധമതം കേരളത്തിൽ നിലനിന്നി രുന്നു. നാഗാരാധനയും സർപ്പം പൂജയും ചാത്തൻ സേ വയുമെല്ലാം അതിൻെറ ചില അവശിഷ്ടങ്ങളാണ്. മററുപല ലക്ഷ്യങ്ങളും ഇന്നും അവശേഷിക്കുന്നു. കേരള വും മഗധയും തമ്മിലുള്ള കച്ചവടബന്ധങ്ങളെപ്പററി കൗ ടില്യൻ അർത്ഥശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. മൗര്യ സാമ്രാജ്യകാലത്തെ സ്ഥിതിയാണിത്. ബി. സി. രണ്ടാം നൂററാണ്ടിൽ വയനാട്ടിലെ എടക്കൽ ഗുഹയിൽ രേഖപ്പെടുത്തിയ ബ്രാഹ്മി ലിഖിതത്തിലെ 'സകമുനേർ ഒവരക' (ശാന്യമുനിയുടെ ധ്യാനസ്ഥലം) എന്ന പ്ര യോഗം ബുദ്ധമതപ്രധാനമാണ്. കേരളീയനായ ഇളം കോ അടികൾ രചിച്ച ചിലപ്പതികാരവും അദ്ദേഹത്തി ൻെറ സുഹൃത്ത് ചിത്തലൈ ചാത്തനാർ രചിച്ച മണി മേഖലയും കേരളത്തിലെ സാംസ്കാരിക മേഖലയിൽ ബുദ്ധമതത്തിനുണ്ടായിരുന്ന വമ്പിച്ച സ്വാധീനത്തി ൻെറ രേഖകളാണ്. ഇമയവരമ്പൽ ചേരലാതൻെറ കാലത്ത് ആ രാജാവിൻെറ അനുമതിയോടെ ചിലപ്പ തികാരത്തിലെ നായകനായ കോവിലൻെറ പുത്രികൻ വഞ്ചിപ്പട്ടണത്തിൽ (കൊടുങ്ങല്ലൂർ) അതിമനോഹരമായ ഒരു ബുദ്ധവിഹാരം പണികഴിപ്പിച്ചത് മണിമേഖല നേരിട്ടു സന്ദർശിച്ചിരുന്നതായി മണിമേഖലയിൽ പ്ര സ്താവിച്ചിരിക്കുന്നു. മണിമേഖല വഞ്ചിപ്പട്ടണത്തി ലെ വിഭിന്ന മതപണ്ഡിതന്മാരെ കണ്ടു കൂട്ടത്തിൽ തൻെറ പിതാമഹനേയും കാണുകയുണ്ടായി എന്നും പറ ഞ്ഞിരിക്കുന്നു. ലോകപ്രശസ്തിയാർജ്ജിച്ച മധ്യതിരുവി താംകൂറിലെ ശ്രീമൂലവാസം (തിരുമൂലപാതം) വിഹാരം പല്ലനകുമാരകോടിക്കു സമീപം തൃക്കുന്നപ്പുഴക്കു പടി ഞ്ഞാറ് കടലിൽ താണിരിക്കുന്നത് തെളിഞ്ഞ കടൽ വെള്ളത്തിൽ ഇപ്പോഴും മത്സ്യം പിടുത്തക്കാർ കാണുന്നു. അവർ അവിടെ വല വെയ്ക്കാറില്ല. കോലത്തു നാട്ടിലെ വിക്രമരാമൻ എന്ന രാജാവ് ശ്രീമൂലവാസത്തെ കടലാ ക്രമണത്തിൽ നിന്നു രക്ഷിക്കാൻ കരിങ്കൽ ഭിത്തികൾ നിർമ്മിച്ചതായി പാലിയം ഭവനത്തിൽനിന്ന് ലഭിച്ച ചെപ്പേടിൽ 'മററുങ്കോയിർ കരിയതെല്ലാമകപ്പട തി രുമൂലപാതത്ത് പടാരകക്ക്ട്ടിക്കുടുത്' എന്നതിൻെറ ആ മുഖം ബുദ്ധൻ, ധർമ്മം, സംഘം എന്നിവയെ അഭിനന്ദി ച്ചുകൊണ്ടാണ്. അമരം വന്ദനശ്ലോകത്തിൻെറ സ്ഥിതി യും ഇതുതന്നെ. മദ്ധ്യതിരുവിതാംകൂറിലെ തകഴി, കി ളിരൂർ, തിരുവിഴ, കുട്ടനാട്, തൃക്കുന്നപ്പുഴ, അമ്പലപ്പുഴ (കരുമാടി), മാവേലിക്കര, പള്ളിക്കൽ കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ നിരവധി ബുദ്ധവിഹാരങ്ങളുണ്ടാ യിരുന്നു. അററകുററപ്പെടാത്ത രണ്ടു ബുദ്ധവിഗ്രഹവും അററകുററപ്പെട്ടതായി നിരവധി വിഗ്രഹങ്ങളും അവി ടെനിന്നു ലഭിച്ചിട്ടുണ്ട്. തകഴി, തിരുവിഴ, ഓച്ചിറ, ഏററുമാനൂർ, മണ്ണാർശാല, പനച്ചിക്കൽ, മൂകാംബി, പള്ളിപ്പുറത്തുകാവ് മുതലായ ക്ഷേത്രങ്ങളിൽ ഇന്നും നട ന്നുവരുന്ന ചികിത്സാപദ്ധതികൾ സംഘാരാമങ്ങളുടെ പിൻതുടർച്ചകളാണ്. മാവേലിക്കര താലൂക്കിൽ ചെ ട്ടിക്കുളങ്ങര ഭഗവതിക്ഷേത്രത്തിൽ ഉത്സവത്തിനു പതി വുള്ള കതിരക്കെട്ട് ചീനസഞ്ചാരിയായ ഹ്യൂൻസാങ് വിവരിച്ചിട്ടുള്ള ഉത്തരേന്ത്യൻ ബൗദ്ധോത്സവത്തിൻെറ മാതൃകതന്നെ. ചേർത്തല ഭഗവതി ക്ഷേത്രത്തിലെ കോഴിനേർച്ച ബലിയിലും മററും നിലവിലുള്ള ബുദ്ധ മതക്കാരുടെ അന്നംകെട്ടിൻെറ കേരളപ്പതിപ്പാണ്.

ബുദ്ധമതം അതിനു സ്വാധീനശക്തിയുണ്ടായിരുന്ന എല്ലാ സ്ഥലങ്ങളിലും കാർഷികവിപ്ലവത്തിൻേറയും ധാർമ്മികവിപ്ലവത്തിൻേറയും വിദ്യാപ്രചരണത്തി ൻേറയും രാജവീഥിയാണ് ബുദ്ധവിഹാരങ്ങൾ വഴി വെട്ടിത്തെളിച്ചത്. ഈ വിഹാരങ്ങളുടെ നേതൃത്വം വഹിച്ചവർ ഈഴവ-തീയ്യജനതകളായിരുന്നു. അതിൽ നിന്നാണ് അവർ കേരളത്തിലെ ഒന്നാമത്തെ കൃഷകരും വ്യവസായികളും സംസ്കൃതപണ്ഡിതന്മാരും മഹാവൈ ദ്യന്മാരും ജ്യോതിശ്ശാസ്ത്രജ്ഞരും ആയോധന വിദഗ്ധരും ആയി ഉയർന്നുവന്നത്. ജാതിവ്യവസ്ഥയുടെ നിഷ്ഠൂര മായ മർദ്ദനങ്ങൾക്കിടയിലും അവർക്കു സ്വയം പ്രകാശി ക്കാൻ കഴിഞ്ഞതിൻെറ പിന്നിൽ ബുദ്ധമത പാരമ്പര്യം നിലകൊള്ളുന്നു.

ഇത്ര ശ്രേഷ്ഠവും മഹനീയവുമായ ഒരു പൈതൃകമു ണ്ടായിരുന്ന ഈഴവ തീയ്യസമുദായം കേരളത്തിലേക്കുള്ള ആര്യൻ തള്ളിക്കയററത്തിനു എതിരെ ബുദ്ധമത സംര ക്ഷണാർത്ഥം ചെറുത്തുനിൽപ് സംഘടിപ്പിക്കുക സ്വാഭാ

വികമാണ്. പക്ഷെ ആ ചെറുത്തുനിൽപ് വിജയിച്ചില്ല. അതിന്റെ ഫലമായി അവർ അയിത്തജാതികളും തീണ്ടൽ ജാതികളും ഹീനന്മാരുമായി തരംതാഴ്ത്തപ്പെട്ടു. ബുദ്ധമത വിശ്വാസം മനുസ്മൃതി പ്രകാരം ഒരു ക്രിമിനൽ കുറ്റകൃത്യമാക്കിയിരുന്നു. ഒരു ക്ഷത്രിയൻ ഒരു രാജ്യം വെട്ടിപ്പിടിച്ചാൽ ഉടൻ അവിടെ ചാതുർവർണ്ണ്യ വ്യവസ്ഥ ഏർപ്പെടുത്തണമെന്ന് കൗടില്യന്റെ അർത്ഥശാസ്ത്രം നിയമം സൃഷ്ടിച്ചിട്ടുണ്ട്. കേരളത്തിൽ ചാതുർവർണ്ണ്യവ്യവസ്ഥ കെട്ടിപ്പടുത്തിട്ടുണ്ടെങ്കിലും വൈശ്യജാതി ഉണ്ടായിട്ടില്ല. ഈഴവരുടെ നിസ്സഹകരണവും എതിർപ്പുമാണ് അതിനു കാരണം. ബുദ്ധമതക്കാരിലെ മഹായാന വിഭാഗക്കാർ ആര്യൻ കുടിയേറ്റക്കാരുമായി ഒത്തുചേർന്നു ജാതിവ്യവസ്ഥയിൽ ലയിച്ചുകൊണ്ട് കേരളത്തിലെ ബ്രാഹ്മണ മേധാവിത്വത്തിന്റെ വിറകുവെട്ടുകാരും വെള്ളംകോരികളുമായി സേവനമനുഷ്ഠിച്ചു. ഒടുവിൽ അവർ പ്രതാപശാലികളായി. ഈഴവ-തീയ്യ സമുദായം പൗരാവകാശമോ ഭരണാധികാരമോ ഇല്ലാത്ത അടിമകളുടെ പദവിയിലേക്കു തരംതാണു. വിവേകാനന്ദനു ജന്മം നല്കിയ നാമശൂദ്രരെപ്പോലെ അവസരം കിട്ടിയാൽ മുന്നോട്ടു കുതിച്ചു കയറാൻ ഈഴവർക്കു കഴിയുന്നതു് അവരുടെ ബുദ്ധമത പാരമ്പര്യംമൂലമാണ്. ഇന്നവർ കേരള രാഷ്ട്രീയത്തിലെ ഭാഗ്യനായകന്മാരായി വളർന്നു കഴിഞ്ഞിരിക്കുന്നു.

കേരളത്തിലെ ബുദ്ധമതസംസ്കാരത്തിന്റെ പ്രതിനിധികളായിട്ടാണ് ഈഴവർ ഇന്നും പരിഗണിക്കപ്പെട്ടുവരുന്നതു്. അവരിൽ പരമ്പരാഗതമായി കുടികൊണ്ടിരുന്ന മംഗലമഹാശക്തിയെ തട്ടിഉണർത്താൻ അവർക്കു ഒരു ആദ്ധ്യാത്മിക നേതാവിനെ ലഭിച്ചു: ശ്രീനാരായണ ഗുരു. നമുക്കു സുപരിചിതരായിരുന്ന എല്ലാ ഗുരുക്കന്മാരിൽനിന്നും അദ്ദേഹം വ്യത്യസ്തനായിരുന്നു. ഇന്ത്യയുടെ ആത്മചൈതന്യത്തെയും വിശ്വസംസ്കാര വ്യാപ്തിയേയും ഭ്രാന്താലയമായ കേരളത്തേയുംപറ്റി അവഗാഢമായ ഉൾക്കാഴ്ച നേടിയ യോഗീശ്വരനായ ഒരു വിപ്ലവകാരി. അന്യജീവനുതകി സ്വജീവിതം ധന്യമാക്കുവാൻ വെമ്പൽകൊള്ളുന്ന ഒരു ത്യാഗി. മനുഷ്യസംസ്കാരത്തിന്റെ പരമോദാരഭാവമായ സഹിഷ്ണുതയുടെ സാക്ഷാൽക്കാരം. അക്ഷോഭ്യതയുടെ പാരാവാരം. വിദ്വേഷരഹിതമായ സാമൂഹ്യവിപ്ലവബോധത്തിന്റെ വിളനിലം. അപവാദരഹിതമായ വിശുദ്ധ ജീവിതത്തിന്റെ ഉറവിടം.

> ഇത്ര ധന്യത തികഞ്ഞു കാണ്മതി
> ല്ലത്ര നൂനമൊരു സാർവ്വഭൗമനിൽ
> ചിത്തമാം വലിയ വൈരി കീഴമ
> ന്നത്തൽതീന്ന്'

ഒരു യമിതന്നെയായിരുന്നു അദ്ദേഹം. ഇത്രമേൽ ധന്യതതികഞ്ഞു് അനുഗ്രഹീതനായ ഈ ധർമ്മചക്രവർത്തിക്കു് വിശ്രമരഹിതനും നിസ്വാർത്ഥമതിയുമായ ഒരു സേനാനായകനെ ലഭിച്ചു: ഡോ. പി. പല്പു. ഈ ധർമ്മവിപ്ലവത്തിന്റെ വിശേഷാത്തരമായ കാഹളദ്ധ്വനി മുഴക്കുവാൻ ഒരു ദിവ്യ കോകിലം പറന്നുയർന്നു; മഹാകവി കുമാരനാശാൻ. ഈ മൂർത്തിത്രയങ്ങൾ കേരളത്തെ ഒട്ടാകെ ഒന്നു ഇളക്കി മറിച്ചു, ഇന്ത്യയിലുടനീളം അവർ ഒരു കോളിളക്കം സൃഷ്ടിച്ചു. കേരളത്തിലെ ദേശീയനവോത്ഥാന പ്രസ്ഥാനത്തെ അവർ സാർവ്വദേശീയ പ്രശസ്തിയിലേക്കുയർത്തി.

ശ്രീനാരായണഗുരുവിന്റെയും ഡോക്ടർ പല്പുവിന്റേയും മഹാകവി കുമാരനാശാന്റേയും സഹോദരൻ അയ്യപ്പന്റേയും മിതവാദി സി. കൃഷ്ണന്റേയും സി. കേശവന്റേയും പ്രമുഖരായ മറ്റു പല നേതാക്കന്മാരുടേയും ആത്മാവിനു് ഉൾക്കാഴ്ചയും പ്രചോദനവും പ്രകാശവും നല്കിയിരുന്നതു് സാരാംശത്തിൽ ബുദ്ധമതസംസ്കാരപ്രവാഹമാണെന്നു് ഇതിൽനിന്നു് വ്യക്തമാകുമെന്നു് കരുതുന്നു. □

# ആയുർവ്വേദവും ഈഴവസമുദായവും

സി. ആർ. കേശവൻ വൈദ്യർ

ആയുർവ്വേദ ശാസ്ത്രത്തിന്നു് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഈഴവ പണ്ഡിതന്മാർ നിരവധിയാണ്. അവരുടെ പരമ്പര ആയിരത്തഞ്ഞൂറ് കൊല്ലങ്ങൾക്കു് മുമ്പാരംഭിക്കുന്നു. കേരളത്തിലുടനീളം സഞ്ചരിച്ചു് ജനങ്ങളുടെ സ്മരണയുമായി സമ്പർക്കം പുലർത്തുകയാണെങ്കിൽ ഇവിടെ രേഖപ്പെട്ട ത്തപ്പെട്ട വൈദ്യവിശാരദന്മാരേക്കാൾ ഒട്ടും താഴെയല്ലാത്ത പരശ്ശതംപേരുകൾ ലഭ്യമായെന്നുവരും.

ആയുർവേദത്തിന്നു് ഏററവുമധികം പ്രശസ്തിയും പ്രചാരവുമുള്ളതു് കേരളത്തിലാണു്. ബുദ്ധമതാനുയായിയായ വാശടൻ ചരകൻേറയും സുശ്രുതൻേറയും സംഹിതകളെ ആധാരമാക്കി രചിച്ച അഷ്ടാംഗസംഗ്രഹവും അഷ്ടാംഗഹൃദയവുമാണു് കേരളത്തിലെ ആര്യവൈദ്യന്മാർ പ്രായേണ പിന്തുടരുന്നതു്. പഞ്ചകർമ്മം പോലുള്ള ചില ചികിത്സാ രീതികൾ കേരളം സ്വന്തമായി വളർത്തിയെടുത്തിട്ടുമുണ്ടു്. ആയുർവ്വേദ വൈദ്യന്മാർക്കിടയിൽ എല്ലാ സമുദായക്കാരേയും കാണാമെങ്കിലും, പരമ്പരയായി ആയുർവ്വേദം പഠിക്കുകയും പ്രയോഗിക്കുകയും ചെയ്തിരുന്നവരിൽ അധികംപേരും നമ്പൂതിരിമാരും ഈഴവരുമായിരുന്നു. ഇതിന്നു് ചരിത്രപരമായ കാരണങ്ങളുണ്ടു്. ബുദ്ധമതത്തിൻെറ പ്രഭാവകാലത്താണു് (ക്രിസ്തുവർഷം മൂന്നാം നൂററാണ്ടു മുതൽ എട്ടാം നൂററാണ്ടുവരെ) ആയുർവ്വേദം വികസിച്ചതു്. ബുദ്ധമതക്കാരാണു് പിൽക്കാലത്തു് ഈഴവർ എന്ന പേരിൽ ഹിന്ദുമതത്തിൻെറ ഭാഗമായിത്തീർന്നതെന്നു് ഒരു വിഭാഗം ചരിത്രകാരന്മാരുടെ അഭിപ്രായം ശരിയാണെങ്കിൽ അനേക നൂററാണ്ടുകളുടെ വൈദ്യപാരമ്പര്യമുള്ള കുടുംബങ്ങൾ ഈഴവസമുദായത്തിലുണ്ടായതു് ബുദ്ധമതത്തിൻെറ പൈതൃകമായിട്ടാകാം. ബ്രാഹ്മണർ ബുദ്ധമതത്തെ തുടച്ചുനീക്കിയെങ്കിലും ആ മതം സംഭാവന ചെയ്ത ശാസ്ത്രങ്ങൾ സ്വന്തമാക്കുന്നതിന്നു് ഒട്ടുംതന്നെ വൈമുഖ്യം കാണിക്കുകയുണ്ടായില്ല. ബുദ്ധമതത്തിലാകട്ടെ വിജ്ഞാനത്തെ വേലികെട്ടി സൂക്ഷിക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നതുമില്ല. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പറയുന്നതുപോലെ:

> ''സ്ഥാനയുക്തികളറിഞ്ഞു വൈദ്യക-
> സ്ഥാനഗർക്കു് മലയാളഭൂസുരർ
> ജൈനവാഹട നിബദ്ധ വൈദ്യമേ
> മാനമോടു നിജശാസ്ത്രമാക്കിനാർ''

അങ്ങിനെ ഈഴവർ പഴയ ബുദ്ധമതക്കാരെന്ന നിലയിലും നമ്പൂതിരിമാർ 'നിജശാസ്ത്രമാക്കിയും' വാശടൻെറ വൈദ്യശാസ്ത്രം കഴിഞ്ഞ അനേകം നൂററാണ്ടുകളായി കൈകാര്യം ചെയ്തുപോന്നു.

ആയുർവ്വേദത്തിൻെറ വികാസത്തിന്നു് സ്വന്തമായ സംഭാവനകൾ ചെയ്ത ഈഴവപണ്ഡിതന്മാരുടെ ഒരു പട്ടിക തയ്യാറാക്കുക കേവലം അസാദ്ധ്യമാണു്. വൈദ്യഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും നിഘണ്ടുക്കളും രചിച്ച ഏതാനും പേരെപ്പററി വളരെ ചുരുങ്ങിയ വിവരം മാത്രം നൽകാനേ തൽക്കാലം നിവൃത്തിയുള്ളു.

## ഇട്ടി അച്യുതൻ

ആദ്യം മനസ്സിൽ വരുന്ന നാമധേയം ഇട്ടി അച്യുതൻേറയാണു്. * 'ഹോർത്തൂസ്' ഇൻഡിക്കൂസ്' മല

* ഈ ഗ്രന്ഥത്തിൻെറ ടൈററിൽ പേജിൽ ഗ്രന്ഥനാമം Horti Malabaric എന്നാണു് കൊടുത്തിട്ടുള്ളതു്.

ബാറിക്കുസ്'' എന്ന വിശിഷ്ടമായ സസ്യവിജ്ഞാന കോശത്തിന്റെ രചനയിൽ മുഖ്യപങ്കു വഹിച്ച ഇട്ടി അച്യുതൻ ധിഷണാശാലിയായ ഒരായുർവ്വേദപണ്ഡിതനും ചികിത്സകനുമായിരുന്നു. ചേർത്തല ടൗണിന്നു സമീപമുള്ള കടക്കരപ്പള്ളിയാണ് അദ്ദേഹത്തിന്റെ ജന്മസ്ഥലം. കടക്കരപ്പള്ളി പഴയകാലത്ത് ഒരു ബുദ്ധമതകേന്ദ്രമായിരുന്നു. ഇന്നവിടെ മുഴുവൻ ഈഴവരാണ്. അവരുടെ ഇടയിൽ പ്രസിദ്ധരായ അനേകം ആയുർവ്വേദ വൈദ്യന്മാരുണ്ടായിരുന്നു. അങ്ങനെ പരമ്പരാഗതമായി ആയുർവ്വേദ വൈദ്യന്മാരെ സംഭാവന ചെയ്തുപോന്ന കടക്കരപ്പള്ളി കൊല്ലാട്ട കുടുംബത്തിലാണ് ഇട്ടി അച്യുതൻ ജനിച്ചത്. അദ്ദേഹം സസ്യശാസ്ത്രത്തിൽ—പ്രത്യേകിച്ച് ഔഷധി വർഗ്ഗങ്ങളിൽ—അത്ഭുതകരമായ വിജ്ഞാനം സമ്പാദിച്ചിരുന്നു. കേരളത്തിലെ സസ്യലതാദികളുടെ വൈവിദ്ധ്യം 1673—'77 കാലത്ത് കൊച്ചികോട്ടയിലെ ഡച്ച് ഗവർണ്ണറായിരുന്ന ഹെൻറിക് വാൻ റീഡിനെ ആകർഷിച്ചു. തന്റെ സുഹൃത്തായ ഇട്ടി അച്യുതനിൽ നിന്ന് ആ ചെടികളുടെ വിപുലമായ ഔഷധമൂല്യത്തെപ്പററി അദ്ദേഹം മനസ്സിലാക്കിയിരിക്കണം. കേരളത്തിലെ വൃക്ഷങ്ങളേയും സസ്യങ്ങളേയും ലതകളേയുംപററി ഒരു വിജ്ഞാനകോശം രചിക്കണമെന്ന് ഗവർണ്ണർക്ക് മോഹമുണ്ടായി. അതിനദ്ദേഹം നിയോഗിച്ചത് ഇട്ടി അച്യുതനെയായിരുന്നു. 'ചേകോവർണ്ണനായ ഈ മലയാം വൈദ്യ'നെ സഹായിക്കാൻ രംഗഭട്ടൻ, വിനായക പണ്ഡിതൻ, ആര്യഭട്ടൻ എന്നീ സാരസ്വത ബ്രാഹ്മണ പണ്ഡിതന്മാരേയും നിയോഗിച്ചിരുന്നു. കർമ്മലീത്താ ഓർഡറിൽപെട്ട മാത്യൂസ് പാതിരിയായിരുന്നു മറെറാരു സഹായി. ഇട്ടി അച്യുതന്റെ നേതൃത്വത്തിൽ രചിക്കപ്പെട്ട ഹോർത്തുസ് മലബാറിക്കുസ്സിൽ കേരളത്തിലെ വൻമരങ്ങൾ, ചെറുമരങ്ങൾ, ചെടികൾ, ലതകൾ, പുല്ലുകൾ എന്നിങ്ങനെ വിവിധ വർഗ്ഗങ്ങളിൽപ്പെട്ട 794 സസ്യങ്ങളെക്കുറിച്ച് വിവരിച്ചിട്ടുണ്ട്. അവയുടെ പേരുകൾ ലാററിൻ, മലയാളം, അറബിക്, സംസ്കൃതം എന്നീ ഭാഷകളിൽ അവയുടെത്തന്നെ ലിപികളിൽ കൊടുത്തിരിക്കുന്നു. ഇതോടൊപ്പം അവയുടെ ഇല, പൂവ്, കായ്, വേര് തുടങ്ങിയ ഭാഗങ്ങളുടെ ചിത്രങ്ങളുമുണ്ട്. ഓരോ ഭാഗത്തിന്റേയും നിറം, മണം, സ്വാദ്, ഉപയോഗക്രമങ്ങൾ, ഔഷധമൂല്യങ്ങൾ എന്നിവയും വിവരിക്കപ്പെട്ടിരിക്കുന്നു. ഫുൾസ്കാപ് ഫോളിയോ വലിപ്പത്തിൽ 500 പേജുവീതമുള്ള 12 വാല്യങ്ങളായിട്ടാണ് ഈ ഗ്രന്ഥം ഹോളണ്ടിലെ ആംസ്റ്റർഡാമിൽനിന്ന് പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്. ആദ്യത്തെ വാല്യം 1678-ൽ പ്രസിദ്ധീകൃതമായി. അവസാനത്തെ വാല്യം 1703-ലും.

## തയ്യിൽ കൃഷ്ണൻ വൈദ്യർ

കേരളത്തിലെ ആയുർവ്വേദ പഠനത്തിന് മികച്ച സംഭാവനകൾ നൽകിയ മറെറാരു മാന്യവ്യക്തി ആലപ്പുഴ തയ്യിൽ കുമാരൻ കൃഷ്ണൻ വൈദ്യരാണ്. മലയാള ഭാഷയിൽ ലക്ഷണമൊത്ത ഔഷധനിഘണ്ടു ആദ്യമായി രചിച്ചതു് അദ്ദേഹമാണ്. അതിനെ അതിശയിക്കുന്ന മറെറാരു ഔഷധ നിഘണ്ടു മലയാളത്തിൽ ഇതേവരെയുണ്ടായിട്ടില്ല.

തയ്യിൽ കുമാരൻ കൃഷ്ണൻ വൈദ്യർ നിഘണ്ടു നിർമ്മിക്കാനാരംഭിച്ചതു് 1893-ലാണെന്ന് ഗ്രന്ഥത്തിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. 1906-ൽ അതു് പ്രസിദ്ധീകൃതമായി. ഡെമ്മി അരശ്ശാൽ വലിപ്പത്തിൽ ആയിരത്തിൽപരം പുറങ്ങളുള്ള ഒരു നിഘണ്ടു വൈദ്യർ ഏകനായി പതിമൂന്നു കൊല്ലംകൊണ്ട് നിർമ്മിച്ചു എന്നതു് ഗംഭീരമായ ഒരു നേട്ടമാകുന്നു. നിഘണ്ടുവിൽ സശ്രദ്ധം ഞെക്കിഞെരുക്കിക്കൊള്ളിച്ചിട്ടുള്ള വസ്തുതകൾ നോക്കുമ്പോൾ ഒരൊററ വ്യക്തി ഇത്രയും ചുരുങ്ങിയ കാലംകൊണ്ട്, കൃത്യാന്തരങ്ങൾ ധാരാളമുണ്ടായിട്ടും ഇത്തരമൊരു ഗ്രന്ഥം രചിച്ചു എന്നതു് അത്ഭുതകരമായി തോന്നുന്നു.

ഔഷധ നിഘണ്ടു മൂന്നായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തെ ഭാഗത്തിൽ ഔഷധങ്ങൾ അകാരാദി ക്രമത്തിൽ ചേർത്തു് അർത്ഥവിചാരം ചെയ്തിരിക്കുന്നു. നാലു കോളങ്ങളിലായിട്ടാണ് വിവരണം. ആദ്യത്തെ കോളത്തിൽ സംസ്കൃത ഭാഷയിൽ ഔഷധങ്ങളുടെ പേരുകൾ നൽകിയിരിക്കുന്നു. രണ്ടാമത്തെ കോളത്തിൽ സമാനമായ മലയാള പദങ്ങളാണ്. നിർദ്ദിഷ്ടമായ പദാർത്ഥത്തിന്റെ ഏതംശമാണ് മുഖ്യമായും യോഗങ്ങളിൽ ഗ്രാഹ്യമായതു് എന്നാണ് മൂന്നാം കോളത്തിൽ പറയുന്നതു്. നാലാമത്തെ കോളത്തിലാകട്ടെ ഔഷധത്തിന്റെ രസം, അനുരസം, വീര്യം, വിപാകം എന്നിവ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

ഒരു ഉദാഹരണം :

''കുരുവിന്ദഃ/മുത്തങ്ങ/മൂലം/തി. തു. ല.
കി.രൂ—ശീ—പ—ഉ''

കുരുവിന്ദഃ എന്ന് സംസ്കൃതത്തിൽ പറയുന്ന മുത്തങ്ങയുടെ മൂലം (കിഴങ്ങ്) ആണ് ഔഷധയോഗങ്ങളിൽ ചേർക്കേണ്ടതു് എന്നും അതിന്റെ ഗുണങ്ങൾ തിക്തവും (കയ്പ്) തുവരവും (ചവർപ്പ്), ലഘുവും (എളുപ്പം ദഹിക്കുന്നതു്), കിഞ്ചിൽ രൂക്ഷവും (നെയ്പശ കുറഞ്ഞതു്), ശീതവും പാകത്തിൽ ഊഷ്ണവും (എരിച്ചതു്) ആണെന്നും ഒററവരിയിൽ വിവരിക്കപ്പെട്ടിരിക്കുന്നു. രസവീര്യവിപാകാദികളെ വിവരിക്കുന്ന 'തിക്തം' തുടങ്ങിയ പദങ്ങൾ ആദ്യക്ഷരങ്ങളെക്കൊണ്ട് സൂചിപ്പിച്ചിരിക്കുന്നു. 'ഔഷധനാമാവലി' എന്ന ഈ ഒന്നാംഭാഗത്തിൽ സംസ്കൃത പദങ്ങളാണ് അകാരാദി ക്രമത്തിൽ ചേർത്തിരിക്കുന്നതെങ്കിൽ, 'ഗുണദീപിക' എന്ന രണ്ടാം ഭാഗത്തിൽ ഭാഷാനാമങ്ങളെ അകാരാദി

ക്രമത്തിൽ ചേർത്തു് ആ നാമങ്ങൾ സൂചിപ്പിക്കുന്ന ദ്രവ്യങ്ങളുടെ വിവിധ ഭാരതീയ ഭാഷകളിലുള്ള പേരും സ്വഭാവവും ഗുണങ്ങളും സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. മിശ്രകവർഗ്ഗം എന്ന മൂന്നാം ഭാഗത്തിൽ സംയുക്ത ദ്രവ്യങ്ങളുടെ നാമങ്ങൾ അകാരാദി ക്രമത്തിൽ ചേർത്തു് നിർവ്വചിച്ചിരിക്കുന്നു. ചരകൻ, സുശ്രുതൻ, വാഗ്ഭടൻ തുടങ്ങിയ ആചാര്യന്മാരുടെ ഗ്രന്ഥങ്ങൾ നല്ലവണ്ണം പഠിച്ചു് സ്വാംശീകരിച്ചതിനുശേഷം കൃഷ്ണൻ വൈദ്യർ രചിച്ച ഈ ഔഷധനിഘണ്ടു തികച്ചും മൗലികമായ ഒരു ഗ്രന്ഥം തന്നെയാണു്. ആയുർവ്വേദ പണ്ഡിതനായ വയസ്കര മൂസ്സ് പറയുന്നു: ''പൂർവ്വാചാര്യന്മാർ എഴുതിയിട്ടുള്ളതിനെ നാം പ്രാമാണിക ഗ്രന്ഥമായി സ്വീകരിക്കുന്നതുപോലെ, കൃഷ്ണൻ വൈദ്യന്റെ ഈ പുസ്തകവും വൈദ്യന്മാർക്കു് പ്രമാണ ഗ്രന്ഥമായിരിക്കുന്നു.''

തയ്യിൽ കൃഷ്ണൻ വൈദ്യരുടെ ഔഷധ നിഘണ്ടു സെൻടൽ കൌൺസിൽ ഓഫ് ആയുർവ്വേദിക് റിസർച്ചിന്റെ ആഭിമുഖ്യത്തിൽ കേന്ദ്രഗവൺമെന്റ് ദേവനാഗരി ലിപിയിൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ടു്. കേരള ഗവൺമെന്റ് നിഘണ്ടുവിന്റെ പുന:പ്രസിദ്ധീകരണവും നിർവ്വഹിച്ചിട്ടുണ്ടു്.

## ഗോവിന്ദൻ വൈദ്യർ

കായിക്കര പി. എം. ഗോവിന്ദൻ വൈദ്യരാണു് ആചാര്യകല്പനായ മറ്റൊരായുർവ്വേദ പണ്ഡിതൻ. ചിറയിൻകീഴ് താലൂക്കിൽ കായിക്കരയാണു് വൈദ്യരുടെ ജന്മദേശം. കൊല്ലവർഷം 1054 കന്നിമാസം 24-ാം തീയതി അദ്ദേഹം ജനിച്ചു. മണമ്പൂർ ഗോവിന്ദനാശന്റെ അടുക്കൽ സംസ്കൃതവും അനന്തപുരത്തു് തമ്പുരാനിൽനിന്നു് ആയുർവ്വേദവും പഠിച്ചു. സംസ്കൃതാദ്ധ്യാപകൻ, ആയുർവ്വേദ സ്കൂൾ ഹെഡ് മാസ്റ്റർ, ആയുർവ്വേദ കോളെജ് പ്രൊഫസർ എന്നീ നിലകളിൽ അദ്ദേഹം ജോലി നോക്കിയിട്ടുണ്ടു്.

വൈദ്യശാസ്ത്രത്തിന്നു് ഗോവിന്ദൻ വൈദ്യർ നൽകിയ പ്രഥമോപഹാരം 'സൂതികാമൃതം' എന്ന പദ്യകൃതിയാണു്. കൊല്ലവർഷം 1109-ൽ അദ്ദേഹത്തിന്റെ അഷ്ടാംഗഹൃദയം ഭാഷ പ്രസിദ്ധീകൃതമായി. നല്ല ഒഴുക്കുള്ള പദ്യത്തിൽ വിരചിതമായ ഈ പരിഭാഷ അനന്തപുരത്തു തമ്പുരാൻ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ തുടങ്ങിയ പണ്ഡിതന്മാരുടെ മുക്തകണ്ഠമായ പ്രശംസക്കു് പാത്രീഭവിക്കുകയുണ്ടായി. ഗോവിന്ദൻ വൈദ്യർക്കു് ആയുർവ്വേദത്തിലുള്ള അസാമാന്യപാണ്ഡിത്യം പോലെ കവിതാരചനയിലുള്ള വൈഭവവും 'അഷ്ടാംഗഹൃദയം' ഭാഷ വിളംബരം ചെയ്യുന്നു. വളരെക്കാലമായി ലഭ്യമല്ലാതിരുന്ന പ്രസ്തുത കൃതി ഇരിങ്ങാലക്കുട വിവേകോദയം ബുക്കു് ലഘു ടിപ്പണിയോടുകൂടി പുന:പ്രകാശനം ചെയ്തിട്ടുണ്ടു്.

അഷ്ടാംഗഹൃദയത്തിന്നു് ഗോവിന്ദൻ വൈദ്യർ രചിച്ചിട്ടുള്ള ''അരുണോദയം'' എന്ന വ്യാഖ്യനം വളരെ പ്രസിദ്ധമാണു്. ആയുർവ്വേദ വൈദ്യശാസ്ത്രത്തിൽ കാലക്രമേണ വന്നുചേർന്ന അസ്പഷ്ടതകളും മാലിന്യങ്ങളും നിർമ്മാർജ്ജനം ചെയ്യാനും ശാസ്ത്രതത്വങ്ങളെ വിശദമായും അഗാധമായും വിശകലനം ചെയ്യാനും 'അരുണോദയ'ത്തിൽ ഗോവിന്ദൻ വൈദ്യർക്കു് കഴിഞ്ഞിട്ടുണ്ടു്. വൈദ്യവിദ്യാർത്ഥികൾക്കിടയിൽ പ്രചാരമുള്ള ഈ വ്യാഖ്യാനം അഷ്ടാംഗഹൃദയത്തിനു ഇന്നേവരെയുണ്ടായിട്ടുള്ള അനേകം വ്യാഖ്യാനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഒന്നാകുന്നു.

'അഭിനവ വാഗ്ഭടൻ' എന്നു് മഹാകവി കുമാരനാശാനാൽ പ്രശംസിക്കപ്പെട്ട ഗോവിന്ദൻ വൈദ്യർ അഷ്ടാംഗ സംഗ്രഹം ഭാഷാന്തരം ചെയ്തുകൊണ്ടിരിക്കെ 1114 ചിങ്ങം 7-ാം തീയതി നിര്യാതനായി.

## മറ്റു പ്രഗത്ഭമതികൾ

കായിക്കര ഗോവിന്ദൻ വൈദ്യർ, കൈക്കുളങ്ങര രാമവാര്യർ തുടങ്ങിയവരുടെ പ്രസിദ്ധങ്ങളായ വ്യാഖ്യാനങ്ങൾ വരുന്നതിന്നു മുമ്പു് അഷ്ടാംഗഹൃദയത്തിന്നു് 'ഭാസ്കരം' എന്ന ഒരു വ്യാഖ്യാനം രചിച്ച ആയുർവ്വേദ പണ്ഡിതനാണു് ഉപ്പോട്ടു കണ്ണൻ. കൊല്ലവർഷം ഒമ്പതാം നൂറ്റാണ്ടിൽ വിരചിതമായി എന്നു വിശ്വസിക്കപ്പെടുന്ന 'യോഗാമൃതം' എന്ന ആയുർവ്വേദഗ്രന്ഥം ഒരു ടിപ്പണിയോടുകൂടി കണ്ണൻ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. സാഹിത്യത്തിലും പത്രപ്രവർത്തനത്തിലുമെന്നപോലെ ആയുർവ്വേദത്തിലും വിലയേറിയ സംഭാവനകൾ നൽകിയിട്ടുള്ള ഒരു വിശിഷ്ട വ്യക്തിയാണു് പറവൂർ കേശവനാശാൻ. 'മാധവ നിദാനം' എന്ന പ്രസിദ്ധ ആയുർവ്വേദ ഗ്രന്ഥത്തിന്നു് 'സാരചന്ദ്രിക' എന്ന ഒരു വ്യാഖ്യാനം ആശാൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. 'ശാർങ്ഗധരം' 'ഭാവപ്രകാശം' 'ഭൈഷജ്യരത്നാവലി' എന്നിവയ്ക്കും അദ്ദേഹം വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ടു്. വെളുത്തേരി കേശവൻ വൈദ്യരും പെരുന്നെല്ലി കൃഷ്ണൻ വൈദ്യരും പ്രശസ്തരായ ആയുർവ്വേദപണ്ഡിതന്മാരും ചികിത്സകന്മാരുമായിരുന്നു. വെളുത്തേരി കേശവൻ വൈദ്യർ അഷ്ടാംഗഹൃദയം പദ്യരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അഷ്ടാംഗഹൃദയത്തിന്റെ ചില ഭാഗങ്ങൾ പെരുന്നെല്ലി കൃഷ്ണൻ വൈദ്യരും മലയാളത്തിലേക്കു് ഭാഷാന്തരം ചെയ്തിട്ടുണ്ടു്. എന്നാൽ പെരുന്നെല്ലിയുടേയും വെളുത്തേരിയുടേയും കവികൾ എന്ന നിലക്കുള്ള പ്രശസ്തി അവരുടെ വൈദ്യനൈപുണിയെ ഗ്രസിച്ചുകളഞ്ഞതായി തോന്നുന്നു. ചോലയിൽ

കുഞ്ഞുമാമി വൈദ്യരും കാക്കനാട്ട് മാമി വൈദ്യരും ചികിത്സാരംഗത്തു് അതികായരായിരുന്നു. ചോലയിൽ കുഞ്ഞുമാമി വൈദ്യരുടെ മകൻ കെ. എം. വൈദ്യർ ആധുനിക കാലത്തു് സംസ്കൃതഭാഷയിൽ ഒരായുർവ്വേദ നിഘണ്ടു തയ്യാറാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പണ്ഡിതനാണ്. 'പഞ്ചകർമ്മം' എന്ന പ്രശസ്തമായ ഗ്രന്ഥംവഴി കേരളത്തിന്റെ സ്വന്തമായ പ്രയോഗങ്ങൾക്ക് പ്രചാരം നൽകിയ മനക്കോടം കേശവൻ വൈദ്യരും 'വസ്തിപ്രദീപം' എന്ന കൃതിയുടെ കർത്താവായ പാണാവള്ളി കൃഷ്ണൻ വൈദ്യരും ആര്യവൈദ്യ ചരിത്രത്തിൽ പ്രമുഖമായ സ്ഥാനം അർഹിക്കുന്നു.

## ചോലയിൽ കുഞ്ഞുമാമി വൈദ്യർ

'അഭിനവസുശ്രുതൻ' എന്നറിയപ്പെട്ടിരുന്ന ചോലയിൽ കുഞ്ഞുമാമി വൈദ്യർ വലപ്പാടിന്നടുത്തു് എടമുട്ടം എന്ന സ്ഥലത്തു് കൊല്ലവർഷം 1029-ൽ ജനിച്ചു. അഛൻ രാമൻ ഒരു നല്ല ശാസ്ത്രപണ്ഡിതനായിരുന്നു. പൊക്കാഞ്ചേരി ചന്തുവൈദ്യരിൽനിന്നാണ് മാമി ആയുർവ്വേദം പഠിച്ചതു്. വൈദ്യം ആരംഭിച്ച് അധികം താമസിയാതെ മാമി വൈദ്യർ പ്രസിദ്ധനായി. ''മാമി മാററാത്ത രോഗമില്ല'' എന്നാണ് നാട്ടുകാർ പറയാറു്. പഴയ കൊച്ചി, തിരുവിതാംകൂർ, മലബാർ എന്നിവിടങ്ങളിലെല്ലാം ചികിത്സാർത്ഥം വൈദ്യരെ കൊണ്ടുപോകമായിരുന്നു. സാധാരണ വൈദ്യന്മാരിൽ നിന്ന് തികച്ചും ഭിന്നമായ രീതിയിലാണ് മാമി വൈദ്യർ ചികിത്സ നിശ്ചയിക്കാറു്. രോഗം മാറുന്നതുവരെയുള്ള ചികിത്സകളും പഥ്യങ്ങളും രോഗശാന്തിക്കുശേഷം വേണ്ട അനുഷ്ഠാനങ്ങളും എല്ലാം ആദ്യംതന്നെ എഴുതിക്കൊടുക്കും. ഇടക്കിടെവന്നു വൈദ്യരെ കാണേണ്ട കാര്യമില്ല. രോഗനിർണ്ണയത്തിലുള്ള വൈദഗ്ദ്ധ്യവും അസാമാന്യമായ ആത്മവിശ്വാസവുമാണിതു് കാണിക്കുന്നതു്. വൈദ്യർ കൊല്ലവർഷം 1109-ൽ നിര്യാതനായി. അദ്ദേഹത്തിന്റെ അനേകം ശിഷ്യന്മാർ ഇന്നും വൈദ്യം നടത്തിക്കൊണ്ടിരിക്കുന്നു. മാമി വൈദ്യരുടെ മക്കളായ ശങ്കരൻ വൈദ്യരും അപ്പു വൈദ്യരും പ്രശസ്തരായിരുന്നു.

## രാമാനന്ദ സ്വാമികൾ

ആയുർവ്വേദത്തിന്റെ ഒരു ശാഖയെന്ന് പരിഗണിക്കാവുന്ന സിദ്ധവൈദ്യത്തിൽ എടുത്തുപറയേണ്ട ഒരു നാമധേയമാണ് ശ്രീ രാമാനന്ദ സ്വാമികളുടേതു്. ചാവക്കാട്ട് താലൂക്കിൽപ്പെട്ട ഏങ്ങണ്ടിയൂർ തച്ചിപ്പിള്ളി രാമൻ എന്ന ആളുടെ മകനായി 1895 ഫെബ്രുവരി 26-ാം തീയതി രാമൻ ജനിച്ചു. പഞ്ചവടിയിൽ ഗോപാലസ്വാമിയുടെകൂടെ താമസിച്ച് വൈദിക വിദ്യയും, ശിവലിംഗസ്വാമികൾ, മധുര രാമനാഥയ്യർ, നീലകണ്ഠയ്യർ എന്നിവരിൽനിന്ന് സിദ്ധവൈദ്യവും അഭ്യസിച്ചു. ശ്രീനാരായണഗുരുവിന്റെ സന്യാസി സംഘത്തിൽ ചേർന്ന അദ്ദേഹം കൂർക്കഞ്ചേരി ശ്രീമഹേശ്വരക്ഷേത്രത്തിലെ വൈദിക കർമ്മത്തിന്റെ മേൽനോട്ടം വഹിക്കാൻ നിയുക്തനായി. ആയിടെയാണ് അദ്ദേഹം സിദ്ധവൈദ്യാശ്രമം സ്ഥാപിച്ചതു്. ഹിസ്റ്റീരിയ, ഉന്മാദം തുടങ്ങിയ രോഗങ്ങൾ ചികിത്സിച്ചു മാററുന്നതിൽ അദ്ദേഹം അത്ഭുതകരമായ പാടവം പ്രദർശിപ്പിച്ചിരുന്നു. പേപ്പട്ടി വിഷത്തിന്നുള്ള അദ്ദേഹത്തിന്റെ ചികിത്സയും ആധുനിക വൈദ്യശാസ്ത്രത്തെ അത്ഭുതപ്പെടുത്തുന്ന തരത്തിലുള്ളതായിരുന്നു. പേയിളകിയ ഒന്നുരണ്ടു രോഗികളെ പച്ചമരുന്നുകൾ ഉപയോഗിച്ച് സ്വാമികൾ സുഖപ്പെടുത്തിയിട്ടുണ്ട്. പ്രസിദ്ധമായ ചന്ദ്രിക ഔഷധ സോപ്പിന്റെ നിർമ്മാണം രാമാനന്ദ സ്വാമിയുടെ ഒരു ഫോർമുലയെ അടിസ്ഥാനപ്പെടുത്തിയാണ് നടക്കുന്നതു്. ലോഹങ്ങളും മററു ധാതുക്കളും സിദ്ധവൈദ്യമുറപ്രകാരം സ്ഫുടം ചെയ്തും സംസ്കരിച്ചും ഔഷധങ്ങൾ നിർമ്മിക്കുന്നതിൽ സ്വാമികൾ വിദഗ്ധനായിരുന്നു. വൈദ്യശാസ്ത്രസംബന്ധമായി രാമാനന്ദസ്വാമികൾ രചിച്ചിട്ടുള്ള കൃതിയാണ് 'സിദ്ധവൈദ്യ പ്രകാശിക'.

ആയുർവ്വേദ ശാസ്ത്രത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുള്ള ഈഴവ പണ്ഡിതന്മാർ നിരവധിയാണ്. അവരുടെ പരമ്പര ആയിരത്തഞ്ഞൂറു കൊല്ലങ്ങൾക്കു മുമ്പാരംഭിക്കുന്നു. അടുത്ത കാലത്തു് ജീവിച്ചിരുന്ന ചിലരെപ്പററി മാത്രമാണ് ഇവിടെ പരാമൃഷ്ടമായിട്ടുള്ളതു്. അതും സാഹിത്യ പരിശ്രമങ്ങൾ ചെയ്തവരെപ്പററിമാത്രം. കേരളത്തിലുടനീളം സഞ്ചരിച്ച് ജനങ്ങളുടെ സ്മരണയുമായി സമ്പർക്കം പുലർത്തുകയാണെങ്കിൽ ഇവിടെ രേഖപ്പെടുത്തപ്പെട്ട വൈദ്യവിശാരദന്മാരേക്കാൾ ഒട്ടും താഴെയല്ലാത്ത പരശ്ശതം പേരുകൾ ലഭ്യമായെന്നുവരും. അത്തരമൊരു ഗവേഷണത്തിന്ന് ആരെങ്കിലും മുതിർന്നെങ്കിൽ എന്ന ആശയോടെ ഈ ലേഖനം സമാപിക്കുകയേ നിവൃത്തിയുള്ളു. □

# മലയാള സാഹിത്യത്തിന് ഈഴവരുടെ സംഭാവന

**മഹാകവി എം. പി. അപ്പൻ**

> മലയാളസാഹിത്യത്തിന്റേയും, കേരള സംസ്കാരത്തിന്റേയും സമസ്തശാഖകളേയും സമ്പന്നമാക്കാൻ പര്യാപ്തമായ ശാശ്വതസംഭാവനകൾ നൽകാൻ ഈഴവസമുദായത്തിനു സാധിച്ചിട്ടുണ്ട്. നവീനകേരളത്തിന്റെ ശില്പികളിൽ പ്രമുഖർ ഈഴവസാഹിത്യകാരന്മാരിൽ ചിലരാണെന്നുള്ളത് നിസ്തർക്കമായ ഒരു വസ്തുതയാകുന്നു.

ചില സാഹിത്യപ്രസ്ഥാനങ്ങൾ ചില സമുദായങ്ങളിൽ നിന്നാണ് രൂപം കൊണ്ടിട്ടുള്ളത്. ആ സമുദായങ്ങളുടെ ഇടയിലാണ് അവ പ്രചരിച്ചിട്ടുള്ളത്. ചില പ്രത്യേക സാഹിത്യകൃതികൾ സൃഷ്ടിക്കാൻ ചില സമുദായങ്ങൾക്ക് സാധിച്ചിട്ടുണ്ട്, അവ അതിവിശിഷ്ടങ്ങളുമാണ്. അങ്ങനെ നോക്കുമ്പോൾ ഈഴവരുടെ സാഹിത്യസംഭാവനകളെപ്പററി പറയുന്നതിൽ സങ്കോചിക്കാൻ ഒന്നുമില്ല.

ഈഴവരുടെ ഇടയിൽ നിലനിന്നിരുന്ന ആചാരങ്ങളാണ് താലികെട്ടും, തിരണ്ടുകുളിയും, പുളികുടിയും. അവയോടു ബന്ധപ്പെട്ട ചില സാഹിത്യ പ്രസ്ഥാനങ്ങളുണ്ട്. അവയാണ് അമ്മാനപ്പാട്ടുകൾ, വാതിൽ തുറപ്പാട്ടുകൾ, കറിശ്ലോകങ്ങൾ മുതലായവ. താലികെട്ടു കല്യാണത്തിന്റെ തലേദിവസം രാത്രി കലതി എന്നൊരു ചടങ്ങുണ്ട്. അപ്പോൾ വാത്തിച്ചികൾ പാടുന്നതു് അമ്മാനപ്പാട്ടുകളാണ്. ആദിഘട്ടങ്ങളിൽ അത്തരം ഗാനങ്ങൾ രചിച്ചതു് വലിയ പാണ്ഡിത്യമൊന്നുമില്ലാത്ത വാസനാകവികളായിരുന്നുവെന്ന് ഊഹിക്കുന്നതിൽ വലിയ തെററില്ല. എന്നാൽ അനന്തരകാലത്തു പ്രതിഭാശാലികളായ ചില വിദ്വൽകവികൾ അമ്മാനപ്പാട്ടുകൾ രചിക്കുകയുണ്ടായി. പരവൂർ കേശവനാശാൻ, പെരുന്നെല്ലി കൃഷ്ണൻ വൈദ്യർ, മൂലൂർ പത്മനാഭപ്പണിക്കർ മുതലായവർ മനോഹരങ്ങളായ അമ്മാനപ്പാട്ടുകൾ എഴുതിയിട്ടുണ്ട്. പെരുന്നെല്ലിയുടെ കചചരിതം വളരെ പ്രചരിച്ചിരുന്ന ഒരു കവിതയാണ്.

ഉദ്ദേശം ഒന്നര നൂററാണ്ടിനു മുമ്പ് രണ്ടു ഈഴവ കവികൾ ഉണ്ടായിരുന്നു. അൽപ്പഴയാശാനും (കൊല്ലം), കൊച്ചമ്പിളിയാശാനും (പറവൂർ) ആയിരുന്നു ആ കവികൾ. അവരുടെ കൃതികൾ നാടോടിപ്പാട്ടുകളുടെ രീതിയിലുള്ള കവിതകളായിരുന്നു.

ആ കവികളുടെ പിൻഗാമികളായി വടക്കേ മലബാറിൽ ചില പണ്ഡിത കവികൾ ആവിർഭവിച്ചു. അതു കൊല്ലവർഷം 1000-ാം മാണ്ടിനും 1085-ാം മാണ്ടിനും ഇടയ്ക്കായിരുന്നു. നളചരിതം മണിപ്രവാളത്തിന്റെ കർത്താവായ മാടായി മന്ദൻ ഗുരുക്കളും, ഹരിശ്ചന്ദ്രചരിതം ശീതങ്കൻ തുള്ളലിന്റെ കർത്താവായ കക്കഴി കുഞ്ഞിബാപ്പു ഗുരുക്കളും, ഹരിശ്ചന്ദ്രചരിതം മണിപ്രവാളത്തിന്റെ കർത്താവായ നരിക്കുനി ഉണ്ണീരിക്കുട്ടി വൈദ്യനും രുക്മിണീസ്വയംവരത്തിന്റെ കർത്താവായ കാരായി കൃഷ്ണൻഗുരുക്കളുമാണു ആ പ്രതിഭാധനന്മാരിൽ പ്രമുഖന്മാർ.

ശ്രീനാരായണ ഗുരുദേവൻ സാമൂഹിക മണ്ഡലത്തിൽ പ്രവേശിക്കുന്നതിനു രണ്ടു ദശാബ്ദങ്ങൾക്കുമുമ്പു സാംസ്കാരിക രംഗങ്ങളിൽ പ്രവേശിച്ചു നിർഭയം പടവെട്ടി ജയക്കൊടി നാട്ടിയ രണ്ടു യുഗ്മചാരികളാണു വെളുത്തേരി കേശവൻ വൈദ്യനും, പെരുന്നെല്ലി കൃഷ്ണൻ

വൈദ്യനും. തിരുവനന്തപുരത്തുകാരായ ആ വിദ്വൽ കവികൾ ആകാലത്തിൽ അന്തരിച്ചുപോയി. ആദ്യമായി ശാകുന്തളം നാടകം തർജ്ജമ ചെയ്തതു വെളുത്തേരിയായിരുന്നു. കേരളവർമ്മയുടെ താത്പര്യം അനുസരിച്ച് വെളുത്തേരിക്കു ആ തർജ്ജമ ഒളിച്ചുവെയ്ക്കേണ്ടിവന്നു. അങ്ങിനെയാണു കേരളവർമ്മ, കേരളകാളിദാസനായതു്. അക്കഥയുടെ വിശദവിവരം ഈ ലേഖകന്റെ 'കായും കനിയും' എന്ന കൃതിയിൽ ഉണ്ടു്. ആദ്യമായി ഒരു അലങ്കാരശാസ്ത്രം എഴുതിയതും വെളുത്തേരിയാണു്. സംസ്കൃതവ്യാകരണം മലയാളത്തിൽ ആദ്യമായി രചിച്ചതും മററാരുമല്ല. ആ രണ്ടു ഗ്രന്ഥങ്ങളും എ. ആർ. രാജരാജവർമ്മയ്ക്കു മാർഗ്ഗദർശനം നൽകിയെന്നു പ്രസ്താവിക്കുമ്പോൾ ചിലൎക്കു നെററി ചുളിഞ്ഞേക്കും. എന്നാൽ വാസ്തവം അതാണു്.

സുഭദ്രാഹരണം നാടകം തുടങ്ങിയ വിശിഷ്ട കൃതികളുടെകർത്താവാണു് പെരുന്നെല്ലി കൃഷ്ണൻ വൈദ്യർ. അദ്ദേഹവും ഒരു അത്ഭുത പ്രതിഭനായിരുന്നു. 'കായും കനിയും' എന്ന ഗ്രന്ഥത്തിൽ പെരുന്നെല്ലിയെപ്പററിയും ഒരു പഠനം ഉണ്ടു്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ വിദ്വാൻ കുഞ്ഞികൃഷ്ണന്റെ 'രണ്ടു വിദ്വൽക്കവികൾ', കമ്പളം ചിറയിൽ വാസവപ്പണിക്കരുടെ 'സരസകവി മൂലൂർ' എന്നീ ഗ്രന്ഥങ്ങൾ വായിക്കേണ്ടതാണു്.

## മൂലൂർ

കുഞ്ഞുകുട്ടൻ തമ്പുരാൻ കവിഭാരതത്തിൽ ഈഴവ കവികൾക്കു സ്ഥാനം നൽകാത്തതിൽ പ്രതിഷേധിച്ച് കവിരാമായണം എഴുതിയ വീരപുരുഷനാണു് മൂലൂർ പത്മനാഭപ്പണിക്കർ. ആ ഗ്രന്ഥം വലിയൊരു സാഹിത്യയുദ്ധത്തിനു് ഹേതുവായി ഭവിച്ചു. കുഞ്ഞുകുട്ടൻ തമ്പുരാൻ, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ തുടങ്ങിയ സവർണ്ണ കവികളോടു് ഒററയ്ക്കുനിന്നു പോരാടി വിജയശ്രീലാളിതനായ മൂലൂരിന്റെ അപദാനങ്ങൾ പുളകപ്രസരത്തോടുകൂടിയേ സ്മരിക്കാൻ കഴിയൂ. അദ്ദേഹത്തെപ്പോലെയുള്ള ഒരു സാഹിത്യയോദ്ധാവു് ഒരു രാജ്യത്തിലും ഒരു കാലത്തും ഉണ്ടായിട്ടില്ല. അദ്ദേഹം അനേകം കവിതാഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ഹരിശ്ചന്ദ്രചരിതമാണു് അവയിൽ പ്രധാനം. ശ്രീനാരായണഗുരുവിന്റെ അപദാനങ്ങളെ കീർത്തിച്ചുകൊണ്ടു് മൂലൂർ എഴുതിയ കവനങ്ങളിൽ ഭക്തിരസം അലതല്ലുന്നു.

'ചെമ്പഴന്തിയിൽജ്ജനിച്ച ഗുരുവിന്റെ
ചെമ്പൊൽപ്പാദാംബുജം കാണുമാറാകണം'

എന്നു തുടങ്ങുന്ന ഗാനം അത്തരം കവനങ്ങളിൽ ഒന്നാണു്.

ആ കാലഘട്ടത്തിൽ തിനവിളരാമൻ, കോമത്തു കുഞ്ഞുപണിക്കർ, ഏറത്തു കൃഷ്ണനാശാൻ, മണമ്പൂർ ഗോവിന്ദനാശാൻ കുണ്ടനി ഗോവിന്ദനാശാൻ മുതലായ ഈഴവകവികൾ വേറെയും ഉണ്ടായിരുന്നുവെന്നുള്ളതു മറന്നുകൂടാ.

## ഗദ്യകാരന്മാർ

വെളുത്തേരിയുടെ കാലഘട്ടത്തിൽ ചില ഉത്തമ ഗദ്യകാരന്മാരും ഉണ്ടായിരുന്നു. 'പരിക്ലേശ രാജാവിന്റെ കഥ' എഴുതിയ റാവുബഹദൂർ പി. വേലായുധൻ, രസലേശിക, സരോഭാമിനീവിലാസം മുതലായവ രചിച്ച തത്തകണാരൻ മുതലായവർ ആ ഗദ്യകാരന്മാരിൽ പ്രമുഖരാണു്

പോത്തേരി കുഞ്ഞമ്പുവിന്റെ (കണ്ണൂർ) സരസ്വതീവിജയം അക്കാലത്തുണ്ടായ വിപ്ലവാത്മകമായ ഒരു ഗദ്യ കൃതിയാണു്. ക്രിസ്തുമതം സ്വീകരിച്ചാലേ അവർണ്ണൎക്കു രക്ഷയുള്ളൂ എന്ന അചഞ്ചലമായ വിശ്വാസം വെളിപ്പെടുത്താൻ എഴുതിയതാണു് ആ ഗ്രന്ഥം. സ്മരണീയനായ ഒരു വ്യക്തിയാണു് സാവിത്രീചരിതം (ഗദ്യം), ഇംഗ്ലീഷ് മലയാളം ശബ്ദകോശം എന്നീകൃതികളുടെ കർത്താവായ മൂളിയിൽ കൃഷ്ണൻ എന്ന പണ്ഡിതശ്രേഷ്ഠൻ.

## ശാസ്ത്രഗ്രന്ഥകർത്താക്കന്മാർ

മുന്നൂറു കൊല്ലം മുമ്പു ചേർത്തലയിൽ ജീവിച്ചിരുന്ന ഇട്ടി അച്യുതൻ ഒരു വൈദ്യശിരോമണിയായിരുന്നു. അദ്ദേഹമാണു് കേരളാരാമം [ഹോർത്തുസ് മലബാറിക്കുസ്] എന്ന ഔഷധ നിഘണ്ടുവിന്റെ രചനയിൽ ഗണ്യമായ സഹായം നൽകിയതു്. പതിനൊന്നു് വാല്യങ്ങളായി ഹോളണ്ടിൽ പ്രസിദ്ധപ്പെടുത്തിയ ആ ഗ്രന്ഥത്തിൽ അച്യുതന്റെ സേവനം രേഖപ്പെടുത്തിയിട്ടുണ്ടു്. കൊച്ചിയിൽ ഡച്ചു ഗവർണ്ണർ ആയിരുന്ന മഹാശയനാണു ഗ്രന്ഥം രചിച്ചതു്.

ഉപ്പോട്ടു കണ്ണനാണു മറെറാരു ഗ്രന്ഥകർത്താവു്. അഷ്ടാംഗഹൃദയത്തിനു് 'ഭാസ്കരം' എന്നൊരു വ്യാഖ്യാനവും യോഗാമൃതത്തിനു് ഒരു ലഘു ടിപ്പണിയും അദ്ദേഹം രചിച്ചിട്ടുണ്ടു്. ഒരു ഔഷധ നിഘണ്ടു രചിച്ച കിട്ടു ആശാൻ (ആലപ്പുഴ) ആണു് മറെറാരു ശാസ്ത്രഗ്രന്ഥകാരൻ. തയ്യിൽ കുമാരൻ കൃഷ്ണന്റെ ഔഷധ നിഘണ്ടു ആശ്ചര്യാവഹമായ ഒരു ഗ്രന്ഥമാണു്. അതിൽ ഓരോ ഔഷധത്തിനും അനേകം ഭാഷകളിൽ ഉള്ള തുല്യനാമങ്ങൾ കൊടുത്തിരിക്കുന്നു. ഔഷധങ്ങളുടെ രസവീര്യവിപാകാദികളെപ്പററിയും അതിൽ പറഞ്ഞിട്ടുണ്ടു്. കായിക്കര പി. എം. ഗോവിന്ദൻ വൈദ്യൻ അഷ്ടാംഗഹൃദയത്തിനു് അരുണോദയം എന്ന പേരിൽ അതിവിശിഷ്ടമായ ഒരു വ്യാഖ്യാനം എഴുതിയതിനു പുറമേ ആ ശാസ്ത്രഗ്രന്ഥം മുഴുവനും പദ്യരൂപത്തിൽ തർജ്ജമ ചെയ്യുകയും ഉണ്ടായി.

വൈദ്യശാസ്ത്രത്തിനു് ഏററവും കൂടുതൽ സംഭാവന നൽകിയിട്ടുള്ളതു് ഈഴവസമുദായമാണെന്നു തീർത്തു പറയാം.

കലാവിദ്യാ വിവരണം എന്ന ഗ്രന്ഥത്തെക്കുറിച്ചും പ്രസ്താവിക്കേണ്ടതുണ്ടു്. അതിൽ അറുപത്തിനാലു കലകളെപ്പററി പ്രതിപാദിച്ചിരിക്കുന്നു. എം. കെ. ഗുരുക്കൾ എന്ന മഹാപണ്ഡിതനാണു് അതിൻെറ രചയിതാവു്.

## ശ്രീനാരായണൻ

ആധുനിക യുഗത്തിൻെറ സ്രഷ്ടാവായ ശ്രീനാരായണ ഗുരുവിൻെറ സാഹിത്യസംഭാവനകൾ അന്യാദൃശങ്ങളാണു്. ജാതിമീമാംസ, ജനനീനവരത്നമഞ്ജരി, കുണ്ഡലിനിപ്പാട്ടു്, ആത്മോപദേശശതകം തുടങ്ങി എത്രയോ മലയാളകൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. അവയെല്ലാം ഉൽകൃഷ്ടങ്ങളാണു്. ലോകത്തുണ്ടായിട്ടുള്ള ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന ഒരു സാരസ്വത രത്നമാണു് നാരായണഭഗവൽപാദരുടെ ആത്മോപദേശശതകം. ഗുരുദേവകൃതികൾ സുവിദിതമാകയാൽ അവയെപ്പററി കൂടുതൽ പറയേണ്ട ആവശ്യമില്ലല്ലോ.

## കുമാരനാശാൻ

ശ്രീനാരായണൻെറ പ്രണതശിഷ്യനായ മഹാകവി കുമാരനാശാനാണു് അഭിനവ മലയാള കവിതയുടെ യഥാർത്ഥ സ്രഷ്ടാവു്. മലയാള കവിതയെ ലോക സാഹിത്യത്തിൻെറ നിലവാരത്തിലേക്കു് ഉയർത്തിയ പ്രതിഭാശാലികളിൽ അഗ്രഗണ്യനും ആശാൻ തന്നെ. വീണപൂവുമായി രംഗത്തിൽ പ്രവേശിച്ച ആശാൻ അനേകം ഉൽകൃഷ്ടകൃതികൾ രചിച്ചു. ലോക സാഹിത്യത്തിൽ ഉണ്ടായിട്ടുള്ള ഏററവും മഹനീയമായ ഖണ്ഡകാവ്യങ്ങളിൽ അഞ്ചെണ്ണം ആശാൻെറ കൃതികളാണു്, നളിനി, സീത, ചണ്ഡാലഭിക്ഷുകി, കരുണ എന്നിവയാണു് ആ കാവ്യപ്രകാണ്ഡങ്ങൾ. ആശാൻ കവിതയും ധാരാളം പ്രചരിച്ചിട്ടുള്ളതിനാൽ അവയെപ്പററി വിസ്തരിച്ചു പറയുന്നില്ല.

## സി. വി. കുഞ്ഞുരാമൻ

സാഹിത്യത്തിൻെറ സകല ശാഖകളിലും വിഹരിച്ചു വിജയം നേടിയ ഉജ്ജ്വല പ്രതിഭനായിരുന്ന സി. വി. കുഞ്ഞുരാമൻ. കവി, ഗവേഷകൻ, ആഖ്യായികാകാരൻ, ഉപന്യാസകാരൻ, പത്രാധിപർ എന്നീ നിലകളിലെല്ലാം അദ്ദേഹം അനുഷ്ഠിച്ച സേവനം നിത്യസ്മരണാർഹമാണു്. വാല്മീകിരാമായണം, വ്യാസഭാരതം, 'ഞാൻ', എൻെറ ശ്രീകോവിൽ, പഞ്ചവടി, രാഗപരിണാമം മുതലായവ സി. വി. യുടെ കൃതികളാകുന്നു.

അദ്ദേഹത്തിൻെറ മുഖപ്രസംഗങ്ങളുടെ മൂർച്ച ഭയങ്കരമായിരുന്നുവെന്നു ഉറപ്പിച്ചുതന്നെ പറയണം. ഒരു സാഹിത്യ വിമർശകൻ എന്ന നിലയിലും സി. വി. അത്യുന്നതനായിരുന്നു.

ഏതു രീതിയിൽഉള്ള ഗദ്യമെഴുതാനും സി.വി. ക്കു് വൈദഗ്ദ്ധ്യമുണ്ടായിരുന്നുവെന്നതു് എടുത്തു പറയേണ്ടതുണ്ടു്. മലയാളത്തിലെ വിരലിലെണ്ണാവുന്ന ഉന്നത ഗദ്യകാരന്മാരിൽ ഒരാൾ സി. വി. യാണു്.

## മൂർക്കോത്തു് കുമാരൻ

സി. വി. യെപ്പോലെയുള്ള ഒരു ബഹുമുഖ പ്രതിഭനായിരുന്നു മൂർക്കോത്തു കുമാരൻ. ശ്രീനാരായണഗുരു, യാദവകൃഷ്ണൻ, അമ്പുനായർ, വെള്ളിക്കൈ, ഗദ്യമഞ്ജരി തുടങ്ങി അനേകം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്. ആശാൻ കവിതയെപ്പററി മൂർക്കോത്തു് എഴുതിയിട്ടുള്ള ലേഖനങ്ങൾ ശ്രദ്ധാർഹമാണു്. രസാവഹമായ ഉപന്യാസങ്ങൾ എഴുതുന്നതിൽ അദ്ദേഹം അദ്വിതീയനായിരുന്നു. സി. വി. യെപ്പോലെ മൂർക്കോത്തും മലയാളത്തിലെ ഏററവും വലിയ ശൈലീവല്ലഭന്മാരിൽ ഒരാൾ ആകുന്നു. അദ്ദേഹത്തിൻെറ ഗദ്യത്തെ സംഗീതാത്മകമായ ഗദ്യമെന്നാണു് വിമർശകന്മാർ വിശേഷിപ്പിച്ചിട്ടുള്ളതു്.

## മലബാർ സുകുമാരനും മയ്യനാട്ടു് ദാമോദരനും

ഒരേ പ്രായക്കാർ അല്ലെങ്കിലും ചെറുകഥാകൃത്തുക്കൾ എന്ന നിലയിൽ സമുന്നതന്മാരായിരുന്നു മലബാർ കെ. സുകുമാരനും, മയ്യനാട്ടു കെ ദാമോദരനും. രസികശിരോമണിയായിരുന്ന സുകുമാരൻെറ കൃതികളിൽ ചിലപ്പോൾ സഭ്യേതരമായ ശൃംഗാരം കടന്നുകൂടും. ദാമോദരനു് അത്തരത്തിലുള്ള ഒരു പ്രവണത ഉണ്ടായിരുന്നില്ല. പ്രാണിവംശചരിത്രം, സുകുമാരകഥാ മഞ്ജരി മുതലായവ സുകുമാരൻെറയും, ശോകസങ്കലം, ഈഴവരുടെ ഇതിഹാസം, ഹൃദയ കലിക തുടങ്ങിയവ ദാമോദരൻെറയും പ്രസിദ്ധ കൃതികളാണു്.

## പി. കെ. പണിക്കരും, പള്ളത്തും

ജാതിയോടു പടവെട്ടിയ കവികളിൽ അഗ്രേസരന്മാരാണു് ബ്രഹ്മവിദ്യാ ഭൂഷണൺ പുതുപ്പള്ളി പി. കെ. പണിക്കരും മഹാകവി പള്ളത്തു രാമനും. തപതീ സംവരണം, സാഹിത്യമഞ്ജൂഷ തുടങ്ങി ഏതാനും ഉത്തമകൃതികൾ പണിക്കർ രചിച്ചിട്ടുണ്ടു്. പള്ളത്തിൻെറ കാവ്യപ്രപഞ്ചം കുറേക്കൂടി വിശാലമാണു്. 'അമൃതപുളിനം' മുതലായ ഗദ്യകൃതികളും, 'സത്യകാന്തി', 'ഉദയ

രശ്മി' തുടങ്ങിയ കവിതാ ഗ്രന്ഥങ്ങളും പള്ളത്ത് രചിക്കുകയുണ്ടായി.

> പൊള്ളും സഹാറയിൽപ്പൂഞ്ചോല കണ്ടിടാം
> മുള്ളുകാടുകളിൽ മലർക്കലയും.

എന്ന രണ്ടേ രണ്ടു വരി മതി പള്ളത്തിനെ അനശ്വരനാക്കാൻ.

## കെ. അയ്യപ്പൻ

സഹോദരൻ എന്ന പേരിൽ അറിയപ്പെടുന്ന കെ. അയ്യപ്പൻ പദ്യത്തിലും ഗദ്യത്തിലും വിഹരിച്ചിട്ടുണ്ട്. പ്രചാരണത്തിനു വേണ്ടിയാണ് അദ്ദേഹം തൂലിക പ്രയോഗിച്ചിട്ടുള്ളത്. ഉദ്ബോധനാത്മകമായ അക്കവിതകൾ നവീനകേരളത്തിന്റെ സൃഷ്ടിക്ക് അത്യധികം ഉപകരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സാമൂഹിക രാഷ്ട്രീയ വിമർശനങ്ങളും നിശിതമായിരുന്നു. 'കൊച്ചിയിലെ ഒരു പ്രജയായിരിക്കെ ആ വീരാത്മാവ് കൊച്ചി മഹാരാജാവിനോട് ഒരു കവിതയിൽ ഇപ്രകാരം ചോദിക്കുകയുണ്ടായി;—

> അയൽ രാജ്യം ഭരിക്കുന്ന
> പെൺപിറന്നോർ മഹാമതേ,
> നിത്തിയിക്രൂരമാചാരം
> ആണുങ്ങൾ കണ്ടിരിക്കയോ ?

തിരുവിതാംകൂറിൽ റീജൻറ് മഹാറാണി, ക്ഷേത്രത്തിലെ തെരിപ്പാട്ടും ജന്തുബലിയും നിറുത്തിയ അവസരത്തിലായിരുന്നു സഹോദരൻ കൊച്ചി മഹാരാജാവിനു ഈ നിവേദനം സമർപ്പിച്ചതു്.

അയ്യപ്പന്റെ അനശ്വരമായ ഒരു ഉദ്ബോധനഗാനം ഉദ്ധരിക്കാം:—

> നിങ്ങളിൽ വിശ്വങ്ങളെ ജയിക്കാൻ മതിയായ
> മംഗളമഹാശക്തിയുറങ്ങിക്കിടക്കുന്നു.
> അതിനെത്തട്ടിനിങ്ങളുണർത്തി വിട്ടീടുകിൽ
> അതുതാൻ കാമധേനു നിങ്ങൾക്കു സഹജരേ !
> ഉണർന്നു സജ്ജരായി മുന്നോട്ടു പാഞ്ഞീടുവിൻ
> തകർന്നു തരിപ്പണമാകട്ടെ തടസ്സങ്ങൾ.

ഒരു സാഹിത്യവിമർശകൻ എന്ന നിലയിലും അയ്യപ്പൻ ഗണനീയനാണ്. ആശാൻ കവിതയെപ്പററിയും മററും അദ്ദേഹം ശ്രദ്ധേയമായ ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. അവയെല്ലാം പത്രമാസികകളിൽ ചിതറിക്കിടക്കുകയാണ്.

## ആധുനികകാലഘട്ടം

### ആശാന്റെ അനുഗാമികൾ

ആശാൻകവിത അനേകം കവികൾക്ക് പ്രചോദനം നൽകിയിട്ടുണ്ട്. അവരിൽ ചിലർ സ്വതന്ത്ര സരണികളിൽ സഞ്ചരിച്ചു ഖണ്ഡകാവ്യങ്ങളോ, ഭാവഗീതങ്ങളോ രചിച്ചിട്ടുമുണ്ട്. എൻ. കെ. കേരള പണ്ഡിതൻ (കമല എന്ന ഖണ്ഡകാവ്യത്തിന്റെ കർത്താവ്), പാട്ടത്തിൽ നാരായണൻ വൈദ്യൻ (ഭർത്തൃപരിത്യക്തയായ ശകുന്തള), കെ. എസ്. കെ. തളിക്കുളം (മരുപ്പച്ച), പറവൂർ കെ. കെ. രാഘവപ്പണിക്കർ (മലർവാടി), മുതുകുളം പാർവതി അമ്മ (പൂക്കാരി), പന്തളം രാഘവപ്പണിക്കർ (രത്നവല്ലി), സി. പി. കേശവൻ വൈദ്യൻ (നദീ റ), പേരൂർക്കട കൊച്ചപ്പൻ (വസുധ), എൻ. ഭാർഗ്ഗവി (സത്യപൂജ), ഒ. നാണു ഉപാധ്യായൻ (ഗ്രാമീണ ഗീതങ്ങൾ), കാപ്പിൽ കേശവൻ (വാനമ്പാടി), ടി. ആർ. രാമൻ തോളൂർ (ശ്രീനാരായണസ്തുതി), കെടാമംഗലം പപ്പുക്കുട്ടി (കടത്തുവഞ്ചി), കവനാലയം നാണുക്കുട്ടൻ (സിംഹള) മുതലായവർ ആക്കൂട്ടത്തിൽ പെടുന്നു.

## ചെറുകഥ

മലയാളത്തിൽ വളരെ സമ്പന്നമായ ഒരു സാഹിത്യശാഖയാണല്ലോ ചെറുകഥ. ആ മാർഗ്ഗത്തിൽ വിഹരിച്ചു വിഖ്യാതി സമ്പാദിച്ചവരിൽ അഗ്രഗണ്യനാണ് എസ്. കെ. പൊറെറക്കാട്ട്. ജി. വിവേകാനന്ദൻ, ടാററാപുരം സുകുമാരൻ, ജി. എൻ. പണിക്കർ, കെ. ബാലകൃഷ്ണൻ, ഒ. വി. വിജയൻ, എം. മുകുന്ദൻ എന്നിവരും പ്രശസ്തരായ ചെറുകഥാ കൃത്തുകളത്രെ. സി. എ. കിട്ടുണ്ണി, കെ. എസ്. മണി, എം. പ്രേം, വി. കെ. അമ്മുണ്ണി, ശങ്കരൻ കരിപ്പായി, പട്ടത്തുവിള കരുണാകരൻ, കളവംകോടം ബാലകൃഷ്ണൻ, എം. പി. ഗംഗാധരൻ, മുട്ടത്തറ വേലായുധൻ മുതലായവരും നല്ല ചെറുകഥകൾ എഴുതിയിട്ടുണ്ട്.

## നോവൽ

ഗണനീയങ്ങളായ കൃതികൾ ഈ പ്രസ്ഥാനത്തിലും ഉണ്ടായിട്ടുണ്ട്. എസ്. കെ. പൊറെറക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ', കെ. സുരേന്ദ്രന്റെ 'താളം', ജി. വിവേകാനന്ദന്റെ 'കള്ളിച്ചെല്ലമ്മ', ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം', പി. കെ. ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ', എം. മുകുന്ദന്റെ 'മയ്യഴിപ്പുഴയുടെ തീരങ്ങളിൽ', പി. വത്സലയുടെ 'നെല്ല്' എന്നീ നോവലുകൾ പ്രസിദ്ധി നേടിയവയാണ്. കവനാലയം നാണുക്കുട്ടൻ, കാമ്പിശ്ശേരി കരുണാകരൻ, ടാററാപുരം സുകുമാരൻ, ജി. എൻ. പണിക്കർ, കിളിമാനൂർ വിശ്വംഭരൻ, ശ്രീധരൻ ചമ്പാട്, വിജയാലയം ജയകുമാർ, തോട്ടം രാജശേഖരൻ, കഴക്കൂട്ടം ത്യാഗരാജൻ തുടങ്ങി മററനേകം സാഹിത്യകാരന്മാരും നല്ല നോവലുകൾ രചിച്ചിട്ടുണ്ട്.

## നാടകം

നാടകരംഗത്തു പ്രവർത്തിച്ചിട്ടുള്ളവർ അത്ര വിരളമല്ല. അവരിൽ പ്രഥമഗണനീയൻ എസ്. എൽ. പുരം സദാനന്ദൻ ആണ്. അഭിനയ പ്രധാനമായ നാടക

ങ്ങൾ എഴുതി ഏററവും വിജയിച്ചിട്ടുള്ള മലയാള കലാകാരന്മാരുടെ മുൻപന്തിയിലാണ് അദ്ദേഹം നിൽക്കുന്നത്. അദ്ദേഹത്തിൻെറ 'ഒരാൾക്കൂടി കള്ളനായി' എന്ന നാടകം ഗണനാർഹമാണ്.

## കവിത

കാകളീകളകളം കൊണ്ടു സാഹിത്യാരാമത്തെ കോൾമയിർക്കൊള്ളിച്ചു കൊണ്ടിരിക്കുന്ന കവികോകിലങ്ങളും ഉണ്ട്. മൂലൂർ രാമചന്ദ്രപ്പണിക്കർ, രമാകാന്തൻ, കിളിമാനൂർ കേശവൻ, ഡോക്ടർ വെള്ളായണി അർജ്ജുനൻ, പുനലൂർ ബാലൻ, കായംകുളം പി. എൻ. മുരളി, ഡോ. ടി. കെ. രവീന്ദ്രൻ, കമ്മിറ്റി സുകുമാരൻ, കെടാകുളം കരുണാകരൻ, മൂടാടി ദാമോദരൻ, ഷൊർണ്ണൂർ കാർത്തികേയൻ, ഒ. വി. ഉഷ, പള്ളിച്ചൽ വേലായുധൻ, പാച്ചല്ലൂർ ദേവരാജൻ തുടങ്ങിയവർ അക്കൂട്ടത്തിൽപെടുന്നു. ഇതു് എഴുതുന്ന ആളും അനേകം കവിതാ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഗീതകത്തെ ഒരു പ്രസ്ഥാനമായി വളർത്തിയതു് ഈ ലേഖകനാണെന്ന വസ്തുതയും രേഖപ്പെടുത്തട്ടെ.

## ജീവചരിത്രം

കലാഭംഗിയുള്ള അനേകം ജീവചരിത്രങ്ങൾ കൈരളിക്കു കൈവന്നിരിക്കുന്നു. സി. കേശവൻെറ 'ജീവിതസമരം' (ആത്മകഥ), കെ. സുരേന്ദ്രൻെറ 'ടോൾസ്റ്റോയിയുടെ കഥ', പ്രൊഫ. എം. കെ. സാനുവിൻെറ 'നാരായണഗുരുസ്വാമി' മുതലായവ പ്രസിദ്ധങ്ങളത്രെ. സി. എ. കിട്ടുണ്ണിയുടെ ആത്മകഥാ രൂപത്തിലുള്ള 'നെടുവീർപ്പ്' എന്ന കൃതിയും ഹൃദ്യമായിരിക്കുന്നു. പുതിയ രീതിയിൽ ഉള്ള ഒരു ജീവിത ചരിതമാണ് മൂർക്കോത്തു് കുഞ്ഞപ്പയുടെ 'മൂർക്കോത്തു് കുമാരൻ',. സി. ഒ. കേശവൻെറ 'കുമാരനാശാൻ' വളരെ വിസ്തരിച്ചു എഴുതപ്പെട്ട ഒരു ഗ്രന്ഥമാണ്, കെ. സുരേന്ദ്രൻെറ 'കുമാരനാശാൻ' എന്നകൃതിയിൽ സങ്കല്പകാന്തി കലർന്നിട്ടുണ്ട്. ഡോ. പൽപ്പുവിൻെറ ഒരു ജീവചരിത്രം ആദ്യമായിട്ടെഴുതിയതു് പ്രാതഃസ്മരണീയനായ ടി. കെ. മാധവൻ ആണ്. കെ. ആർ. ഭാസ്കരൻ, ടി. കെ. നാരായണൻ, പഴമ്പിള്ളി അച്യുതൻ, കോട്ടുകോയിക്കൽ വേലായുധൻ മുതലായവർ ശ്രീനാരായണൻെറ ജീവചരിത്രത്തെ ആസ്പദമാക്കി ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. പി. കെ. ബാലകൃഷ്ണൻെറ 'ടിപ്പുസുൽത്താൻ', എം. കെ. കുമാരൻെറ 'ടോൾസ്റ്റോയിയും ഭാര്യയും' എന്നീ കൃതികൾ സ്മര്യവ്യക്തികളുടെ ജീവിതങ്ങളിലേക്കു് പുതിയ വെളിച്ചം വീശുന്നു. പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണൻെറ 'നമ്മുടെ സാഹിത്യകാരന്മാർ' വളരെ പ്രയോജനമുള്ള ഒരു ഗ്രന്ഥപരമ്പരതന്നെ. വിദ്വാൻ വി. കുഞ്ഞുകൃഷ്ണൻെറ 'രണ്ടു വിദ്വൽക്കവികൾ' എന്ന ഗ്രന്ഥം കണ്ണുനീരിൽ തൂലിക മുക്കിയെഴുതിയിട്ടുള്ളതാണ്. അതിൽ വെളുത്തേരി, പെരുന്നെല്ലി എന്നീ പ്രതിഭാശാലികളെ ഉയിർത്തെഴുന്നേല്പിച്ചിരിക്കുന്നു. കമ്പളം ചിറയിൽ വാസവപ്പണിക്കരുടെ 'സരസകവി മൂലൂർ' എന്ന ബൃഹദ്ഗ്രന്ഥത്തിൽ കഴിഞ്ഞ നൂററാണ്ടിൽ അവർണ്ണസമൂഹം അവകാശങ്ങൾ നേടിയെടുക്കാൻ നടത്തിയ ഐതിഹാസികമായ സമരപരമ്പരകളെയാണ് സത്യനിഷ്ഠമായും നിർഭയമായും, ചിത്രീകരിച്ചിരിക്കുന്നതു്. അതു് ഒരു ഈഴവ സർവ്വ വിജ്ഞാനകോശമാണെന്നു പറയാം. ചങ്കരൻ കുമരത്തു് ശങ്കരൻ, വി. എസ്. കേരളീയൻ, ജി. കമലമ്മ, വാടയിൽ സദാശിവൻ, എം. വിശ്വംഭരൻ മുതലായവരും ജീവചരിത്ര ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുണ്ട്.

## ചരിത്രം

ചരിത്രരംഗത്തും ചില പ്രഗല്ഭന്മാർ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു. കാമ്പിൽ അനന്തൻെറ 'തീയരുടെ പൗരാണികത്വം', എൻ. ആർ. കൃഷ്ണൻെറ 'ഈഴവർ അന്നും ഇന്നും', എന്നീ ഗ്രന്ഥങ്ങൾ പഠനയോഗ്യങ്ങൾതന്നെ. പി. കെ. ഗോപാലകൃഷ്ണൻ രചിച്ച 'കേരളത്തിൻെറ സാംസ്കാരിക ചരിത്രം' പ്രൗഢഗംഭീരമായ ഒരു മഹാഗ്രന്ഥമാണ്. ചരിത്രപരമായ അനേകം ഉൽകൃഷ്ടഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളവരാണ് പ്രൊഫ. പി. എസ്. വേലായുധൻ, ഡോ. ടി. കെ. രവീന്ദ്രൻ എന്നീ പ്രാമാണിക ചരിത്രകാരന്മാർ. പി. എസ്സി. ൻെറ 'റോമായുഗ'വും, ടി. കെ. യുടെ 'ചരിത്രപഠനങ്ങ'ളും വിശിഷ്ടങ്ങളത്രെ. വേലായുധൻ പണിക്കശ്ശേരിയുടെ 'കേരളം 15–ം, 16–ം നൂററാണ്ടുകളിൽ' 'സഞ്ചാരികൾകണ്ട കേരളം' എന്നീ ഗ്രന്ഥങ്ങളുംഗണനീയങ്ങളാണ്. ചരിത്രമണ്ഡലത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന മറെറാരു പണ്ഡിതനാണ് ഡോ. കെ. കെ. കുസുമൻ.

## സഞ്ചാരസാഹിത്യം

സഞ്ചാരസാഹിത്യത്തിൽ പൊറെറക്കാട്ടിനു സമസ്കന്ധനായ ഒരു വ്യക്തി മലയാള സാഹിത്യത്തിൽ ഇല്ല. അദ്ദേഹത്തിൻെറ 'സഞ്ചാരസാഹിത്യം' എന്ന ഗ്രന്ഥപരമ്പര കേരള സാഹിതിയുടെ വമ്പിച്ച സമ്പത്തുതന്നെ. എം. കെ. കുമാരൻെറ 'യമുനയുടെ തീരത്തു്' എന്ന കൃതിയിൽ ഹൃദ്യങ്ങളായ അനേകം ചിത്രീകരണങ്ങൾ കാണാം. വേലായുധൻ പണിക്കശ്ശേരിയുടെ 'മാർക്കോപോളോ കണ്ട ഇൻഡ്യ' എന്ന ഗ്രന്ഥവും, നെട്ടൂർ ദാമോദരൻെറ 'നർമ്മദയുടെ നാട്ടിൽ' എന്ന കൃതിയും ഇവിടെ സ്മരണീയമാണ്,

## പ്രബന്ധം

ഈ പ്രസ്ഥാനത്തിൽ വിഹരിച്ചിട്ടുള്ളവർ കുറച്ചൊന്നുമല്ല. വാഗ്ഭടാനന്ദഗുരുവിൻെറ പ്രബന്ധങ്ങൾ ആദ്ധ്യാത്മികസൗരഭം പ്രസരിപ്പിക്കുന്നവയാണ്, എ. സി.

ഗോവിന്ദൻ, സ്വാമി മംഗളാനന്ദ, ആററിങ്ങൽ പി. മാധവൻ, ആർ. പ്രകാശം, വേണാട്ട കരുണാകരൻ, സുകുമാരൻ പൊറെറക്കാട്ട്, ഡോ. വെള്ളായണി അർജ്ജുനൻ, കളവംകോട്ട ബാലകൃഷ്ണൻ, കിളിമാനൂർ വിശ്വംഭരൻ, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ, പ്രൊ. വി. ജഗന്നാഥപ്പണിക്കർ, ഡോ. ആർ. പ്രസന്നൻ, ഡോ. കെ. കെ. രാഹുലൻ, കരുവന്നൂർ രാമചന്ദ്രൻ, കെ. ആർ. കുന്നത്തു്, സദാനന്ദൻ വിരിപ്പകാല തുടങ്ങിയവർ നല്ല ഉപന്യാസങ്ങൾ രചിച്ചിട്ടുണ്ട്. എം. പ്രഭയും, കെ. ഐ. ജിയും ഉപന്യാസങ്ങൾ മുഖേന യുക്തിവാദ സാഹിത്യത്തെയാണ് പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതു്. കെ. കാത്തികേയനും, കെ. ബാലകൃഷ്ണനും എഴുതിയിട്ടുള്ള ലേഖനങ്ങളിൽ ഊർജ്ജസ്വലത മുന്നിട്ടനിൽക്കുന്നു. മൂക്കോത്തു് കുഞ്ഞപ്പയെപ്പോലെ ഉപന്യാസ പ്രസ്ഥാനത്തിന്റെ സകല ശാഖകളിലും ഒരുപോലെ വിഹരിച്ചു വിജയം നേടിയിട്ടുള്ളവർ കാണുകയില്ല. നർമ്മോപന്യാസത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അപൂർവ്വം ചില സാഹിത്യകാരന്മാരിൽ ഒരാളാണ് കുഞ്ഞപ്പ. 'ലോലാക്ഷികൾ' എന്ന കൃതി, അദ്ദേഹത്തിന്റെ നർമ്മബോധത്തിനു് സാക്ഷ്യം വഹിക്കുന്നു. നർമ്മോപന്യാസത്തിൽമാത്രം ദത്തശ്രദ്ധനാണ് എ. പി. ഉദയഭാനു. ആ പ്രസ്ഥാനത്തിൽ അദ്ദേഹം സമുന്നതനാണെന്നു പറയാം. 'അർത്ഥവും അനർത്ഥവും' തുടങ്ങിയ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കലാപാടവം കാണാം. ഈ ലേഖകനും വിവിധ വിഷയങ്ങളെപ്പററി ധാരാളം പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്.

## പഠനഗ്രന്ഥങ്ങൾ

പഠനഗ്രന്ഥശാഖയും പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ. മാധന്റെ സ്വതന്ത്രസമുദായം എന്ന ഗ്രന്ഥം ഈഴവരുടെ പുരോഗതിയെപ്പററി എഴുതിയ വിപ്ലവാത്മകമായ ഒരു കൃതിയാണ്. ഡോ. സുകുമാർ അഴീക്കോട്ട് രചിച്ച 'മഹാത്മാവിന്റെ മാർഗ്ഗം' എന്ന കൃതി ഗാന്ധി സാഹിത്യമാകുന്ന പൈമ്പാൽ കടഞ്ഞെടുത്ത തൂവെണ്ണയാകുന്നു. അദ്ദേഹത്തിന്റെ 'തത്ത്വമസി' എന്ന ഗ്രന്ഥം അനുപമമാണെന്നു പറഞ്ഞേ തീരൂ. ഉപനിഷത്തുകളെപ്പററി ഇത്രയും സമഗ്രവും മർമ്മഗ്രാഹിയും ആയ മറെറാരു ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടില്ല. അനേകം അവാർഡുകളും വിദ്വജ്ജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയും നേടാൻ അതിനു കഴിഞ്ഞിരിക്കുന്നു. പ്രൊഫ. ബാലരാമപ്പണിക്കരുടെ 'നാരായണഗുരു പ്രബന്ധങ്ങളിലൂടെ' എന്ന പഠനഗ്രന്ഥം പ്രൗഢഗംഭീരമായിട്ടുണ്ട്.

ബാലരാമപ്പണിക്കരുടെ ശ്രീനാരായണ വിജയത്തിനു് അദ്ദേഹവും, ധ്വന്യാലോകത്തിനു ഈ. വി. ദാമോദരനും എഴുതിയിട്ടുള്ള വ്യാഖ്യാനങ്ങൾ അത്യന്തം പ്രയോജനപ്രദമായിരിക്കുന്നു. ശ്രീനാരായണഗുരുവിന്റെ കൃതികൾക്കു് ഡോ. ടി. ഭാസ്കരനാണ് സമ്പൂർണ്ണമായ ഒരു വ്യാഖ്യാനം തയാറാക്കിയിട്ടുള്ളതു്. ആ ബൃഹദ് ഗ്രന്ഥത്തിൽ ഗുരുദേവന്റെ ഓരോ കൃതിയേയും വേണ്ടതുപോലെ വ്യാഖ്യാനിച്ചിട്ടുണ്ട്. ശ്രീനാരായണ സാഹിത്യം പഠിക്കുന്നവക്കും അതിനെപ്പററി ഗവേഷണം നടത്തുന്നവക്കും അതു നൽകുന്ന സാഹായ്യം അനല്പമാണ്. സി. ആർ. കേശവൻ വൈദ്യരുടെ 'ശ്രീനാരായണ ചിന്തകൾ', 'ഗുരുചരണങ്ങളിൽ' എന്നീ ഗ്രന്ഥങ്ങൾ പ്രത്യേകമായ പ്രസ്താവന അർഹിക്കുന്നു. ആ ലോകഗുരുവിന്റെ സന്ദേശങ്ങളെ ഇത്രത്തോളം ലളിതസുന്ദരമായി വ്യാഖ്യാനിക്കുന്ന ഗ്രന്ഥങ്ങൾ ഇതേവരെ വേറെ ഉണ്ടായിട്ടില്ല. പി. കെ. ബാലകൃഷ്ണന്റെ 'നോവൽ — സിദ്ധിയും സാധനയും' ജി. പ്രിയദർശനന്റെ 'മാസികാ പഠനങ്ങൾ' അരുമാനൂർ നിർമ്മലാനന്ദന്റെ 'ഗീതകപ്രസ്ഥാനം' ചമ്പാടൻ വിജയന്റെ 'വെൺമണിയുടെ പുറകെ', തോട്ടം രാജശേഖരന്റെ 'സിനിമ—സത്യവും മിഥ്യയും'! ഗുരു നിത്യചൈതന്യയതിയുടെ 'ആത്മോപദേശ ശതക വ്യാഖ്യാനം' മുതലായവ ഈ പ്രസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പഠനാർഹങ്ങളായ ഇതര ഗ്രന്ഥങ്ങളാണ്.

## വിമർശനം

ഉന്നത നിലവാരം പുലത്തുന്ന അനേകം വിമർശന ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. കെ. സദാശിവന്റെ 'കുമാരൻ ആശാൻ', സ്വാമി ആര്യഭടന്റെ 'കരുണയും കുചേലവൃത്തവും', എന്നിവ ആശാൻ സാഹിത്യത്തിൽ വെളിച്ചം പരത്തുന്ന വിമർശന ഗ്രന്ഥങ്ങളാണ്. ചങ്കരൻകുമരത്തു ശങ്കരൻ കാളിദാസന്റെ ശാകുന്തളം, മേഘസന്ദേശം എന്നീ കൃതികളുടെ വിവത്തനങ്ങളെപ്പററി എഴുതിയിട്ടുള്ള വിമശനങ്ങൾ പണ്ഡിതോചിതങ്ങളും, ഊർജ്ജസ്വലങ്ങളുമത്രേ.

മലയാളസാഹിത്യവിമർശകന്മാരിൽ അദ്വിതീയൻ ഡോ. സുകുമാർ അഴീക്കോടാണ്. അദ്ദേഹത്തിന്റെ വിമർശനം എപ്പോഴും സ്വതന്ത്രവും നൂതനവും ഉജ്ജ്വലവുമായിരിക്കും. ആശാന്റെ സീതാകാവ്യം എന്ന ആദ്യകൃതിതന്നെ അദ്ദേഹത്തെ ശ്രദ്ധേയനായ ഒരു വിമർശകനാക്കി. 'രമണനും ചങ്ങമ്പുഴക്കവിതയും', 'ജി. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' എന്നിവയാണ പിന്നീട് എഴുതിയ വിമർശനഗ്രന്ഥങ്ങൾ. ജിയെപ്പററിയുള്ള ഗ്രന്ഥം ഇളക്കിവിട്ട കൊടുങ്കാററ് ഇനിയും ശമിച്ചിട്ടില്ല. അഴീക്കോടിന്റെ വിമർശനഗ്രന്ഥങ്ങളിൽ ഏററവും സമുന്നതം 'മലയാളസാഹിത്യവിമശനം' എന്ന ബൃഹദ്ഗ്രന്ഥമാണ്. മലയാളസാഹിത്യത്തിലെ വിമർശകന്മാരെ നിപുണമായും, നിർദ്ദയമായും, ശക്തമായും വിലയിരുത്തിയിരിക്കുകയാണ് ആ ഗ്രന്ഥത്തിൽ.

പ്രൊഫ. എം. കെ. സാനുവാണ് മറെറാരു പ്രമുഖ വിമർശകൻ. ഒരു സാഹിത്യകൃതിയുടെ മർമ്മം ഗ്രഹി

ഗോവിന്ദൻ, സ്വാമി മംഗളാനന്ദ, ആററിങ്ങൽ പി. മാധവൻ, ആർ. പ്രകാശം, വേണാട്ട കരുണാകരൻ, സുകമാരൻ പൊററെക്കാട്ട്, ഡോ. വെള്ളായണി അർജ്ജനൻ, കളവംകോട്ട ബാലകൃഷ്ണൻ, കിളിമാനൂർ വിശ്വംഭരൻ, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ, പ്രൊ. വി. ജഗന്നാഥപ്പണിക്കർ, ഡോ. ആർ. പ്രസന്നൻ, ഡോ. കെ. കെ. രാഹുലൻ, കരുവന്നൂർ രാമചന്ദ്രൻ, കെ. ആർ. കുന്നത്ത്, സദാനന്ദൻ വിരിപ്പകാല തുടങ്ങിയവർ നല്ല ഉപന്യാസങ്ങൾ രചിച്ചിട്ടണ്ട്. എം. പ്രഭയും, കെ. ഐ. ജിയും ഉപന്യാസങ്ങൾ മുഖേന യുക്തിവാദ സാഹിത്യത്തെയാണ് പോഷിപ്പിച്ചുകൊണ്ടിരിക്കുന്നതു്. കെ. കാർത്തികേയനും, കെ. ബാലകൃഷ്ണനും എഴുതിയിട്ടുള്ള ലേഖനങ്ങളിൽ ഊർജ്ജസ്വലത മുന്നിട്ടനിൽക്കുന്നു. മൂർക്കോത്തു് കുഞ്ഞപ്പയെപ്പോലെ ഉപന്യാസ പ്രസ്ഥാനത്തിന്റെ സകല ശാഖകളിലും ഒരുപോലെ വിഹരിച്ച വിജയം നേടിയിട്ടുള്ളവർ കാണുകയില്ല. നർമ്മോപന്യാസത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള അപൂർവ്വം ചില സാഹിത്യകാരന്മാരിൽ ഒരാളാണ് കുഞ്ഞപ്പ. 'ലോലാക്ഷികൾ' എന്ന കൃതി, അദ്ദേഹത്തിന്റെ നർമ്മബോധത്തിനു് സാക്ഷ്യം വഹിക്കുന്നു. നർമ്മോപന്യാസത്തിൽമാത്രം ദത്തശ്രദ്ധനാണ് എ. പി. ഉദയഭാനു. ആ പ്രസ്ഥാനത്തിൽ അദ്ദേഹം സമുന്നതനാണെന്നു പറയാം. 'അർത്ഥവും അനർത്ഥവും' തുടങ്ങിയ ഗ്രന്ഥങ്ങളിൽ അദ്ദേഹത്തിന്റെ കലാപാടവം കാണാം. ഈ ലേഖകനും വിവിധ വിഷയങ്ങളെപ്പററി ധാരാളം പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്.

## പഠനഗ്രന്ഥങ്ങൾ

പഠനഗ്രന്ഥശാഖയും പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഈ. മാധവന്റെ സ്വതന്ത്രസമുദായം എന്ന ഗ്രന്ഥം ഈഴവരുടെ പുരോഗതിയെപ്പററി എഴുതിയ വിപ്ലവാത്മകമായ ഒരു കൃതിയാണ്. ഡോ. സുകമാർ അഴീക്കോട്ട് രചിച്ച 'മഹാത്മാവിന്റെ മാർഗ്ഗം' എന്ന കൃതി ഗാന്ധി സാഹിത്യമാകുന്ന പൈമ്പാൽ കടഞ്ഞെടുത്ത തൂവെണ്ണയാകുന്നു. അദ്ദേഹത്തിന്റെ 'തത്ത്വമസി' എന്ന ഗ്രന്ഥം അനുപമമാണെന്നു പറഞ്ഞേ തീരൂ. ഉപനിഷത്തുകളെപ്പററി ഇത്രയും സമഗ്രവും മർമ്മഗ്രാഹിയും ആയ മറെറാരു ഗ്രന്ഥം മലയാളത്തിൽ ഉണ്ടായിട്ടില്ല. അനേകം അവാർഡുകളും വിദ്വജ്ജനങ്ങളുടെ മുക്തകണ്ഠമായ പ്രശംസയും നേടാൻ അതിനു കഴിഞ്ഞിരിക്കുന്നു. പ്രൊഫ. ബാലരാമപ്പണിക്കരുടെ 'നാരായണഗുരു പ്രബന്ധങ്ങളിലൂടെ' എന്ന പഠനഗ്രന്ഥം പ്രൗഢഗംഭീരമായിട്ടുണ്ട്.

ബാലരാമപ്പണിക്കരുടെ ശ്രീനാരായണ വിജയത്തിന് അദ്ദേഹവും, ധന്യാലോകത്തിനു ഈ. വി. ദാമോദരനും എഴുതിയിട്ടുള്ള വ്യാഖ്യാനങ്ങൾ അത്യന്തം പ്രയോജനപ്രദമായിരിക്കുന്നു. ശ്രീനാരായണഗുരുവിന്റെ കൃതികൾക്ക് ഡോ. ടി. ഭാസ്കരനാണ് സമ്പൂർണ്ണമായ ഒരു വ്യാഖ്യാനം തയാറാക്കിയിട്ടുള്ളതു്. ആ ബൃഹദ് ഗ്രന്ഥത്തിൽ ഗുരുദേവന്റെ ഓരോ കൃതിയേയും വേണ്ടതുപോലെ വ്യാഖ്യാനിച്ചിട്ടുണ്ട്. ശ്രീനാരായണ സാഹിത്യം പഠിക്കുന്നവർക്കും അതിനെപ്പററി ഗവേഷണം നടത്തുന്നവർക്കും അതു നൽകുന്ന സാഹായ്യം അനല്പമാണ്. സി. ആർ. കേശവൻ വൈദ്യരുടെ 'ശ്രീനാരായണ ചിന്തകൾ', 'ഗുരുചരണങ്ങളിൽ' എന്നീ ഗ്രന്ഥങ്ങൾ പ്രത്യേകമായ പ്രസ്താവന അർഹിക്കുന്നു. ആ ലോകഗുരുവിന്റെ സന്ദേശങ്ങളെ ഇത്രത്തോളം ലളിതസുന്ദരമായി വ്യാഖ്യാനിക്കുന്ന ഗ്രന്ഥങ്ങൾ ഇതേവരെ വേറെ ഉണ്ടായിട്ടില്ല. പി. കെ. ബാലകൃഷ്ണന്റെ 'നോവൽ — സിദ്ധിയും സാധനയും' ജി. പ്രിയദർശനന്റെ 'മാസികാ പഠനങ്ങൾ' അരുമാനൂർ നിർമ്മലാനന്ദന്റെ 'ഗീതകപ്രസ്ഥാനം' ചമ്പാടൻ വിജയന്റെ 'വെൺമണിയുടെ പുറകെ', തോട്ടം രാജശേഖരന്റെ 'സിനിമ—സത്യവും മിഥ്യയും'! ഗുരു നിത്യചൈതന്യയതിയുടെ 'ആത്മോപദേശ ശതക വ്യാഖ്യാനം' മുതലായവ ഈ പ്രസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പഠനാർഹങ്ങളായ ഇതര ഗ്രന്ഥങ്ങളാണ്.

## വിമർശനം

ഉന്നത നിലവാരം പുലർത്തുന്ന അനേകം വിമർശന ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. കെ. സദാശിവന്റെ 'കുമാരൻ ആശാൻ', സ്വാമി ആര്യഭടന്റെ 'കരുണയും കുചേലവൃത്തവും', എന്നിവ ആശാൻ സാഹിത്യത്തിൽ വെളിച്ചം പരത്തുന്ന വിമർശന ഗ്രന്ഥങ്ങളാണ്. ചങ്കരൻകുമരത്തു ശങ്കരൻ കാളിദാസന്റെ ശാകുന്തളം, മേഘസന്ദേശം എന്നീ കൃതികളുടെ വിവർത്തനങ്ങളെപ്പററി എഴുതിയിട്ടുള്ള വിമർശനങ്ങൾ പണ്ഡിതോചിതങ്ങളും, ഊർജ്ജസ്വലങ്ങളുമത്രേ.

മലയാളസാഹിത്യവിമർശകന്മാരിൽ അദ്വിതീയൻ ഡോ. സുകമാർ അഴീക്കോടാണ്. അദ്ദേഹത്തിന്റെ വിമർശനം എപ്പോഴും സ്വതന്ത്രവും നൂതനവും ഉജ്ജ്വലവുമായിരിക്കും. ആശാന്റെ സീതാകാവ്യം എന്ന ആദ്യകൃതിതന്നെ അദ്ദേഹത്തെ ശ്രദ്ധേയനായ ഒരു വിമർശകനാക്കി. 'രമണനും ചങ്ങമ്പുഴക്കവിതയും', 'ജി. ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' എന്നിവയാണു പിന്നീട് എഴുതിയ വിമർശനഗ്രന്ഥങ്ങൾ. ജിയെപ്പററിയുള്ള ഗ്രന്ഥം ഇളക്കിവിട്ട കൊടുങ്കാററ് ഇനിയും ശമിച്ചിട്ടില്ല. അഴീക്കോടിന്റെ വിമർശനഗ്രന്ഥങ്ങളിൽ ഏററവും സമുന്നതം 'മലയാളസാഹിത്യവിമർശനം' എന്ന ബൃഹദ്ഗ്രന്ഥമാണ്. മലയാളസാഹിത്യത്തിലെ വിമർശകന്മാരെ നിപുണമായും, നിർഭയമായും, ശക്തമായും വിലയിരുത്തിയിരിക്കുകയാണ് ആ ഗ്രന്ഥത്തിൽ.

പ്രൊഫ. എം. കെ. സാനുവാണ് മറെറാരു പ്രമുഖ വിമർശകൻ. ഒരു സാഹിത്യകൃതിയുടെ മർമ്മം ഗ്രഹി

ക്കാനും അതു് ആവിഷ്കരിക്കാനും അദ്ദേഹം അതിപ്രഗല്ഭനാണു്. 'കാററും വെളിച്ചവും', 'അവലോകനം' മുതലായവയാണു് അദ്ദേഹത്തിന്റെ വിമർശനഗ്രന്ഥങ്ങൾ.

പി. കെ. ബാലകൃഷ്ണൻ മറെറാരു പ്രമുഖവിമർശകനാണു്. 'കാവ്യകല കുമാരനാശാനിലൂടെ' എന്ന ഗ്രന്ഥത്തിൽ അദ്ദേഹം ആശാൻ കവിതയെ സ്വതന്ത്രമായി വിലയിരുത്തിയിരിക്കുന്നു. ചന്തുമേനോൻ, എഴുത്തച്ഛൻ എന്നിവരെക്കുറിച്ചും അദ്ദേഹം എഴുതിയിട്ടുള്ള വിമർശനഗ്രന്ഥങ്ങൾ ഉയർന്ന നിലവാരം പുലർത്തുന്നുണ്ടു്.

എം. കെ. കുമാരൻ, പി. കെ. ഗോപാലകൃഷ്ണൻ മുതലായവർ സാഹിത്യം ഉൾപ്പെടെയുള്ള അനേകം വിഷയങ്ങളെപ്പററി പുരോഗമനാത്മകവും ചിന്തോദ്ദീപകവുമായ വിമർശനങ്ങൾ എഴുതിയിട്ടുള്ളവരാണു്.

കെ. സുരേന്ദ്രൻ, എം. ആർ. ചന്ദ്രശേഖരൻ, ശ്രീനി, കെ. അശോകൻ, ഗുരുനിത്യചൈതന്യയതി, പി. ഭാസ്കരനുണ്ണി, ടി. എൻ. ജയചന്ദ്രൻ, കളവങ്കോടം ബാലകൃഷ്ണൻ, കെ. പി. അപ്പൻ, തോട്ടം രാജശേഖരൻ, ഡോ. ടി. ഭാസ്കരൻ, ഡോ. കെ. വിജയൻ, ഡോ. വെള്ളായണി അർജ്ജുനൻ, എം. സത്യപ്രകാശം, അരുമാനൂർ നിർമ്മലാനന്ദൻ, ജി. പ്രിയദർശനൻ, ഷൊർണ്ണൂർ കാർത്തികേയൻ, ഡോ. എൻ. വിശ്വനാഥൻ, ഡോ. കെ. കെ. രാഹുലൻ, നെടുംകുന്നം ഗോപാലകൃഷ്ണൻ തുടങ്ങി പലരും വിമർശനരംഗത്തു പ്രവർത്തിച്ചിട്ടുണ്ടു്. ഈ ലേഖകന്റെ വകയായും ചില വിമർശന പ്രബന്ധങ്ങൾ ഉണ്ടെന്ന വസ്തുതയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

## വിവർത്തനം

വിവർത്തനകലയിൽ ബദ്ധശ്രദ്ധരായ സാഹിത്യകാരന്മാർ ഉണ്ടെന്നുള്ളതും സന്തോഷാവഹംതന്നെ. സി. ആർ. അയ്യപ്പൻ വൈദ്യർ, മുതുകുളം പാർവ്വതി അമ്മ എന്നിവർ ഭഗവദ്ഗീതയും, എ. ചക്രപാണി, മുതുകുളം പാർവ്വതി അമ്മ എന്നിവർ ലൈററ് അഫ് ഏഷ്യയുടെ 6, 7, 8 എന്നീ കാണ്ഡങ്ങളും, സി. പി. കേശവൻ വൈദ്യൻ അശ്വഘോഷന്റെ ബുദ്ധചരിതവും മലയാളത്തിലേക്കു മനോഹരമായി തർജ്ജമചെയ്തിട്ടുണ്ടു്. ഡോ. കെ. വിജയന്റെ ആശ്ചര്യ ചൂഡാമണി (ഗദ്യം), ഉത്തമമായ ഒരു വിവർത്തന ഗ്രന്ഥമാകുന്നു. പരവൂർ വി. കെ. ദാമോദരൻ വികാർ അഫ് വേക്ക് ഫീൽഡ് എന്ന പ്രശസ്ത ഗ്രന്ഥം വിവർത്തനം ചെയ്തിട്ടുണ്ടു്. വിവർത്തനരംഗത്തു് അതിവിദഗ്ദ്ധനായി വിഹരിക്കുന്ന എൻ. കെ. ദാമോദരൻ 'കാരമോസ് സഹോദരന്മാർ', 'നിന്ദിതരും പീഡിതരും' തുടങ്ങി അനേകം ഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തിരിക്കുന്നു. അവയെല്ലാം വിദ്വൽ സമ്മതി നേടിയിട്ടുള്ളവയാണു്. ഇതു് എഴുതുന്ന ആൾ ലൈററ് അഫ് ഏഷ്യ (ഗദ്യം), റുബായിയാത്തു് (പദ്യം) എന്നീ ഗ്രന്ഥങ്ങൾ തർജ്ജമചെയ്തിട്ടുണ്ടു്.

## വൈജ്ഞാനിക സാഹിത്യം

അത്യധികം ക്ഷമയും, അധ്വാനവും ആവശ്യപ്പെടുന്ന ഒരു ശാഖയാണു് വൈജ്ഞാനികസാഹിത്യം. അധികമാരും ഈ മണ്ഡലത്തിൽ സഞ്ചരിക്കാത്തതിന്റെ രഹസ്യവും മറെറാന്നല്ല. പള്ളിപ്പാട്ടു കുഞ്ഞുകൃഷ്ണന്റെ 'മഹച്ചരിതസംഗ്രഹസാഗരം' ധാരാളം വിവരങ്ങൾ അടങ്ങിയതും പ്രയോജനപ്രദവും ആയ ബൃഹദ് ഗ്രന്ഥമാണു്. സർവ്വവിജ്ഞാനകോശത്തിന്റെ സമ്പാദനം മുഖേന സാരസ്വതമായ ഒരു മഹായജ്ഞത്തിൽ മുഴുകിയിരിക്കുകയാണു് ഡോ. വെള്ളായണി അർജ്ജുനൻ. ആ ഗ്രന്ഥപരമ്പര മലയാളസാഹിതിക്കു് ഒരു അമൂല്യനിധിയായിരിക്കും, മറെറാരു വിജ്ഞാനകോശവും പരാമൃഷ്ടമാകേണ്ടതാണു്. ഡോ. വെള്ളായണിയും ഈ ലേഖകനുംകൂടി സമ്പാദനംചെയ്ത 'ജീവചരിത്ര വിജ്ഞാനകോശ'മാണു് ആ ഗ്രന്ഥം. മൂലൂർ രാമചന്ദ്രപ്പണിക്കരുടെ 'വിജ്ഞാന വൃന്ദാവനം' എന്ന ഗ്രന്ഥത്തിൽ ഇംഗ്ലീഷിലും, സംസ്കൃതത്തിലുംഉള്ള പ്രസിദ്ധ സൂക്തങ്ങൾക്കും അവയുടെ മലയാള വിവർത്തനങ്ങൾക്കും പുറമെ, മലയാളകവികളുടെ സൂക്തങ്ങളും ധാരാളം ഉദ്ധരിച്ചിരിക്കുന്നു.

### ഗവേഷണം

ഒരു തപസ്യയാണു് ഗവേഷണം എന്നു പറയാം. ആ രംഗത്തു് ഏററവും കൂടുതൽ പ്രവർത്തിച്ചിട്ടുള്ള പണ്ഡിതൻ ഡോ. വെള്ളായണി അർജ്ജുനൻ ആണു്. അദ്ദേഹത്തിന്റെ 'ഗവേഷണമേഖല' ഭാഷാഗവേഷണശാഖയിൽ ഉണ്ടായിട്ടുള്ള ഏററവും മികച്ച ഗ്രന്ഥങ്ങളിൽ ഒന്നാണു്. ഡോ. ടി. ഭാസ്കരന്റെ കൃഷ്ണഗാഥാ പഠനവും ഡോ. കെ. വിജയന്റെ രസാർണ്ണവസുധാകരവും ഉന്നത നിലവാരം പുലർത്തുന്ന പഠനഗ്രന്ഥങ്ങളാകുന്നു. ഡോ. കെ. രത്നമ്മ മുതലായവരും ആ രംഗത്തിൽ പ്രവർത്തിച്ചിട്ടുള്ള ഗണനീയ വ്യക്തികൾതന്നെ.

### ശാസ്ത്രം

അധുനാതനകാലത്തും ചില ഉത്തമശാസ്ത്രഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ടു്. പി. കെ. കോരുവിന്റെ 'കരണപദ്ധതി', വ്യാഖ്യാനം, 'വരഗണിത പ്രവേശിക' എന്നിവയും, വിദ്വാൻ കെ. ഈ. നീലകണ്ഠന്റെ സുരഭി (സർവാർത്ഥ ചിന്താമണിയുടെ വ്യാഖ്യാനം), ഹോരാഫല രത്നാവലി എന്നിവയും അക്കൂട്ടത്തിൽ പെടുന്നു.

## സാഹിത്യശാസ്ത്രം

ഈ പ്രസ്ഥാനത്തിലും ചില ഉൽക്കൃഷ്ട ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിരിക്കുന്നു. പേട്ടയിൽ(?) — 

ൻെറ 'ബാലാലങ്കാരം', ലളിതവും പ്രയോജനപ്രദവുമായ ഒരു അലങ്കാര ശാസ്ത്രമാണ്.

## പത്രപ്രവത്തനം

പരവൂർ കേശവനാശാൻ, സി. കൃഷ്ണൻ, സി. വി. കുഞ്ഞുരാമൻ, മൂക്കോത്തു കുമാരൻ, ടി. കെ. മാധവൻ, കെ. അയ്യപ്പൻ, കെ. സുകുമാരൻ, മുതലായവർ പരിണതപ്രജ്ഞന്മാരും അതിപ്രഗല്ഭന്മാരും, നിർഭയന്മാരും ആയ പത്രാധിപന്മാരായിരുന്നു. സി. വി. കുഞ്ഞുരാമനും അദ്ദേഹത്തിൻെറ പുത്രനായ കെ. സുകുമാരനും തൂലികകളെ മൂർച്ചയുള്ള പടവാളുകളാക്കുകയാണുണ്ടായത്. അവരുടെ മുഖപ്രസംഗങ്ങളും ലേഖനങ്ങളും കേരളത്തിൽ ചരിത്രം സൃഷ്ടിക്കുകയുണ്ടായി. കെ. അയ്യപ്പനും അജയ്യനായ ഒരു പത്രാധിപരായിരുന്നു. പിന്നോക്ക സമുദായങ്ങളുടെ സംവരണം തുടങ്ങിയ കാര്യങ്ങൾക്കുവേണ്ടി ധീരമായും ശക്തമായും പോരാടിയ ഒരു പത്രാധിപരായിരുന്നു കേരള കൗമുദി ചീഫ് എഡിററർ രാമൻ തോളൂർ. അദ്ദേഹത്തിൻെറ പാരമ്പര്യം പുത്രനായ ഡോ. ശിവൻ തോളൂർ പുലർത്തിക്കൊണ്ടിരിക്കുകയാണ്. അഭിമാനി പത്രാധിപർ പി. ഗംഗാധരനും പിന്നോക്കക്കാർക്കുവേണ്ടി ശക്തമായി വാദിക്കുകയുണ്ടായി. തെരുവത്തു രാമൻ മുതലായവർ ഇന്നും ആ രംഗത്തിൽ ഊർജ്ജസ്വലരായി പ്രവർത്തിച്ചുവരുന്നു.

വിവേകോദയം മാസികയുടെ പത്രാധിപർ എന്ന നിലയിൽ സി. ആർ. കേശവൻ വൈദ്യർ അനുഷ്ഠിച്ചുവരുന്ന സേവനവും മഹനീയമാണ്. പുരോഗമനാത്മകങ്ങളും ഉത്തേജകങ്ങളുമായ മുഖപ്രസംഗങ്ങളാണ് വിവേകോദയത്തിൽ പതിവായി വന്നുകൊണ്ടിരിക്കുന്നതു്.

മലയാളസാഹിത്യത്തിൻേറയും, കേരള സംസ്കാരത്തിൻേറയും സമസ്തശാഖകളേയും സമ്പന്നമാക്കാൻ പര്യാപ്തമായ ശാശ്വതസംഭാവനകൾ നൽകാൻ ഈഴവസമുദായത്തിനു സാധിച്ചിട്ടുണ്ട്. നവീന കേരളത്തിൻെറ ശില്പികളിൽ പ്രമുഖർ ഈഴവസാഹിത്യകാരന്മാരിൽ ചിലരാണെന്നുള്ളതു് നിസ്തർക്കമായ ഒരു വസ്തുതയാകുന്നു. നൂററാണ്ടോളം നീണ്ടുകിടക്കുന്ന മഹത്തായ ഈ സാംസ്കാരികപാരമ്പര്യം അഭംഗമായി തുടർന്നുകൊണ്ടുപോകാൻ സമുദായത്തിലെ യുവതലമുറയ്ക്കു് സാധിക്കുമെന്നതിൽ സംശയമില്ല.

''മങ്ങിയും മയങ്ങിയും പുകഞ്ഞൊളിഞ്ഞു
മായുവാൻ
തങ്ങിടുന്ന കൈത്തിരിക്കു
തുല്യമായ് ഭവിക്കൊലാ;
ഉജ്ജ്വലിക്കുവിൻപ്പടർന്നിടുന്ന
പന്തമെന്നപോൽ
ഇജ്ജഗത്തിലാകവേ പ്രകാശമായ്
പ്പരക്കുവിൻ.''

എന്നാണ് അവരോടു പറയുവാനുള്ളതു്. □

---

### ധനം

**കുടുംബങ്ങളെ നശിപ്പിക്കുന്നതും ധാർമ്മികമായ ജീവിതത്തെ തുലയ്ക്കുന്നതുമായ സമ്പത്തുണ്ടാക്കുന്നതു നല്ലതല്ല. ധാർമ്മികമായി സമ്പാദിക്കുന്ന ധനത്തിനേ നിലനിൽപുള്ളു; ആയതു് പുണ്യവുമാണ്.**

**മദ്യവ്യവസായംകൊണ്ടുള്ള സമ്പത്തു നല്ല രീതിയിലുള്ളതല്ല. അനേകം പേരെ നശിപ്പിച്ചുണ്ടാക്കുന്ന ധനം സമ്പാദിക്കുന്നവനും അവൻെറ കുടുംബത്തിനും ശാശ്വതമായ ഒന്നല്ല. അതു പാപമാണ്. അങ്ങനെ സമ്പാദിച്ചു അനുഭവിക്കുന്നവർ പാപികളും ദുഷ്ടന്മാരുമായിരിക്കും.**

**— ശ്രീനാരായണഗുരു.**

# "മദ്യം വിഷമാണ്"

## ഡോക്ടർ സി. കെ. രാമചന്ദ്രൻ

> മദ്യത്തിന്റെ ദോഷത്തെപ്പററി ബുദ്ധൻ മുതൽ ഗാന്ധിജിവരെയുള്ളവർ വിളിച്ചു പറഞ്ഞിട്ടുണ്ട്. എന്നാൽ ശ്രീനാരായണഗുരുവിന്റെ വചനം പോലെ ശക്തമായ വചനം വേറെയില്ല. മദ്യം ഏതെങ്കിലും രോഗത്തിനു ഔഷധമാണോ എന്ന ചോദ്യത്തിന്നുത്തരം തീർത്തും അല്ലെന്നാണ്. അതിൽ ഏതെങ്കിലും തരത്തിലുള്ള പോഷകാംശമുണ്ടോ എന്നു ചോദിച്ചാൽ അതിനുള്ള ഉത്തരവും തീർത്തും ഇല്ലെന്നു തന്നെയാണ്. പിന്നെ എന്താണ് മദ്യം? ശ്രീനാരായണഗുരു പറഞ്ഞതുപോലെ, വിഷം തന്നെ.

"മദ്യം വിഷമാണ് അതുണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത്''. 1906-ൽ അതായത് 80 കൊല്ലങ്ങൾക്കു മുൻപ് തന്റെ 64-ാം ജന്മദിനം കൊണ്ടാടിയപ്പോൾ മദ്യപാനത്തെക്കുറിച്ച് ഗുരുദേവൻ ജനങ്ങൾക്കുകൊടുത്ത സന്ദേശമായിരുന്നു ഇത്. അന്ന് നാരായണഗുരു മദ്യത്തെപ്പററി പുറപ്പെടുവിച്ച ഈ അഭിപ്രായം ഇന്നും നൂതനമായി നിലകൊള്ളുന്നു എന്നതാണ് സത്യം. മദ്യപാനത്തിന്റെ ദോഷവശങ്ങളെപ്പററി ബുദ്ധൻ മുതൽ ഗാന്ധിജിവരെ പറഞ്ഞിട്ടുണ്ടെങ്കിലും നാരായണഗുരുവിന്റെ ഈ വചനംപോലെ ഹ്രസ്വവും ശക്തവുമായ മറെറാരു വചനം ഇല്ലെന്നു പറയാം.

'മദ്യവിക്രയസന്ധാന
ദാനാദാനാനി നാചരേൽ'—

എന്ന വാഗ്ഭടാചാര്യന്റെ 1300 കൊല്ലം മുമ്പുള്ള അഭിപ്രായത്തെ ഏതാണ്ട് അതേരീതിയിൽതന്നെ ലളിതമായ ഭാഷയിൽ വൈദ്യപണ്ഡിതൻ കൂടിയായ ശ്രീനാരായണഗുരു ആവർത്തിച്ച് ഉറപ്പിച്ചിരിക്കുകയാണെന്നുവേണം കരുതുവാൻ. 'ധർമ്മത്തെയും അധർമ്മത്തെയും, സുഖത്തേയും, ദുഃഖത്തേയും അർത്ഥത്തേയും അനർത്ഥത്തേയും ഹിതത്തേയും അഹിതത്തേയും തിരിച്ചറിയാൻ വയ്യാത്തനിലയിൽ എത്തിക്കുന്ന ഇതിനെ ബുദ്ധി എന്ന പ്രത്യേകഗുണമുള്ള മനുഷ്യൻ എങ്ങനെ ശീലിക്കും'—എന്നാണ് വാഗ്ഭടന്റെ ചോദ്യം. 'മോഹം, ഭയം, ശോകം, ക്രോധം, മരണം ഇവയെല്ലാം ഒന്നിച്ചിരിക്കുന്ന ഒരു വസ്തുമാത്രമാണ് മദ്യം; ധർമ്മാർത്ഥകാമ മോക്ഷങ്ങളെകുറിച്ചുള്ള ചിന്തയെമാത്രമല്ല ധൈര്യത്തെയും നശിപ്പിക്കുന്നു; എല്ലാററിലും ഉപരിയായി സാമൂഹ്യജീവിതത്തിന് ആവശ്യമായ ലജ്ജയേയും അതില്ലാതാക്കുന്നു' — എന്നാണ് വാഗ്ഭടൻ അവജ്ഞയോടെ അതിനെ വിവരിക്കുന്നത്. ആധുനിക ശാസ്ത്രത്തിന്റെ ദൃഷ്ടിയിൽ എന്തെല്ലാം വിവരങ്ങളുണ്ടോ, ആധുനിക ഗവേഷണങ്ങൾകൊണ്ടുള്ള നിഗമനങ്ങൾ എത്രത്തോളമുണ്ടോ അവയെല്ലാം വാഗ്ഭടന്റെ ഈ വിവരണങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. ഗുരുദേവൻ ഈ കാര്യങ്ങളെ ഏററവും ലളിതമായി വിവരിച്ചിരിക്കുന്നത് ഇങ്ങിനെയാണ്. ''മദ്യപാനിയെ ഭാര്യയും, അച്ഛനും, സഹോദരനും, പുത്രനും ഈശ്വരൻപോലും ദ്വേഷിക്കുന്നു. അതുകൊണ്ട് മദ്യത്തെ ഉപേക്ഷിക്കുകതന്നെവേണം.

മദ്യനിരോധനം തന്റെ ജീവിതകാലത്തെങ്കിലും സ്വന്തം നാട്ടിൽ പ്രായോഗികമാക്കിയത് മുഹമ്മദ് നബി മാത്രമാണ്. മദ്യത്തിലും ചൂതുകളിയിലും മുഴുകിയിരുന്ന തന്റെ ഖുറൈഷികുലത്തെ മൂന്നു ഘട്ടങ്ങളിലായിട്ടാണ് അതിൽനിന്നു വിമുക്തമാക്കിയത്. ആദ്യമായി പ്രവാചകൻ സൌമ്യമായി പറഞ്ഞു. 'മദ്യപാനത്തിലും, ചൂതുകളിയിലും അല്പം ഗുണവും വളരെയേറെ ദോഷവു'മുണ്ടെന്ന്. രണ്ടാംഘട്ടത്തിൽ അദ്ദേഹം പറഞ്ഞു് 'പ്രാർത്ഥിക്കുന്ന അവസരങ്ങളിൽ ഒരിക്കലും മദ്യ

പാടില്ലാത്തതെന്നായിരുന്നു. അവസാനമായി പറഞ്ഞ 'മദ്യവും ചൂതും പൈശാചികമായ മ്ലേഛപ്രവൃത്തിയാണ്; അതുകൊണ്ട് അവയെ വർജ്ജിക്കതന്നെ വേണ'മെന്ന്. ഈ പ്രഖ്യാപനത്തെ തുടർന്ന് മദീനയിലെ തെരുവുകളിൽ മദ്യം ഒഴുകി. സംഭരിച്ചുവെച്ച പാത്രങ്ങൾ എല്ലാം തച്ചുടക്കുകയായിരുന്നു. കള്ള കുടിച്ചിരുന്നവർപോലും വായിൽ കയ്യിട്ട ഛർദ്ദിച്ചുകളഞ്ഞു.

മദ്യപാനത്തെ പ്രോത്സാഹിപ്പിക്കുന്നതാരത്തിൽ എവിടെയെങ്കിലും ഒരു സാംസ്കാരിക മുന്നേറ്റം ഉണ്ടായതായി അറിവില്ലെങ്കിലും മദ്യപാനം മനുഷ്യസംസ്കാരത്തിന്റെ അതിപ്രാചീന ദശകങ്ങളിൽതന്നെ ഉണ്ടായിരുന്നതായി തെളിവുകൾ ഉണ്ട്. ചരിത്രപരമായി നോക്കുമ്പോൾ ഈജിപ്പിൽ മദ്യപാനം ആരംഭിച്ചു എന്നാണ് കാണുന്നത്. ഈത്തപ്പഴം പായിൽ പൊതിഞ്ഞുകൊണ്ട് പുകകൊള്ളിച്ചു തൂക്കിയശേഷം ആ പായകെട്ടുകൾ കത്തി ദ്വാരമുണ്ടാക്കി ആ ദ്വാരത്തിൽകൂടി വീഴുന്ന മധുപാനം ചെയ്തിരുന്നതായി ചരിത്രം പറയുന്നു. ഫറോമാരുടെ കാലത്ത് മദ്യത്തിന് അതിപ്രധാനമായ ഒരു സ്ഥാനമുണ്ടായിരുന്നു. ഫറോമാരുടെ ജനിച്ചുവീണ കുട്ടികളെ ആദ്യമായി കുളിപ്പിക്കുന്നത് മദ്യത്തിലായിരുന്നത്രെ. ഇതു ക്രിസ്തുവിന് 2000 കൊല്ലങ്ങൾക്കുമുമ്പുള്ള സ്ഥിതിയാണ്.

ഭാരത സംസ്കാരത്തിന്റെ പ്രധാനഭാഗമാണ് മദ്യപാനം എന്നു തോന്നത്തക്കതരത്തിലാണ് നമ്മുടെ പുരാതന ഗ്രന്ഥങ്ങളിലെ മദ്യപാനവർണ്ണന. സോമരസത്തെപ്പററി അറിയാത്തവരില്ല. വേദകാലത്തെ ഒരുതരം എൽ. എസ്സ്. ഡി. ആയിരുന്നു അത്. സോമപാനത്തിന്റെ ആദ്ധ്യാത്മികമായ വൈദികതത്വത്തിലേക്ക് ഞാൻ കടക്കുന്നില്ല. പുരാതന ആയുർവ്വേദ ഗ്രന്ഥങ്ങളിൽ ഏററവും പ്രാധാന്യം നൽകി വിവരിച്ചിട്ടുള്ള ഒരു അദ്ധ്യായമാണ് 'മദാത്യയാധികാരം'—എന്നു വെച്ചാൽ കള്ളകുടികൊണ്ടുള്ള ദൂഷ്യങ്ങളും അതിന്റെ ചികിത്സയും. മദ്യം അത്രക്കധികം സാർവത്രികമായി ഭാരതത്തിൽ ഉപയോഗിച്ചിരുന്നതുകൊണ്ടാവണം അതുകൊണ്ടുള്ള ദൂഷ്യത്തെപ്പററി ഭാരതീയർക്ക് വളരെ വിപുലമായ അറിവ് ഉണ്ടായിരുന്നത്. ഇന്നത്തെ ആധുനിക ശാസ്ത്രം നൽകുന്ന അറിവോളം തന്നെവരും അത്. പഴയ നിയമത്തിൽ മദ്യത്തിന്റെ ആപത്തിനെപ്പററി വളരെ വിശദമായി പറയുന്നില്ലെങ്കിലും പിതാവിന്റെ കണ്ണിൽ പെടാതിരിക്കുവാൻ രണ്ടു പെൺകുട്ടികൾ മദ്യം കൊടുത്ത് അവരുടെ പിതാവിനെ മത്തനാക്കി മയക്കിയശേഷം സംഭോഗസുഖത്തിൽ ഉന്മത്തരായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പുതിയ നിയമത്തിൽ മദ്യത്തെ ചെകുത്താനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. അനേകകൊമ്പുകളും തലകളുമുള്ള ദുർഭൂതം കടലിൽനിന്ന് കയറുന്നതായി വിവരിച്ചിരിക്കുന്നു.

ഭാരതത്തിന്റെ ചരിത്രത്തിൽ മദ്യപാനം അതിന്റെ ബീഭത്സരൂപംപൂണ്ട പല ഘട്ടങ്ങളുമുണ്ട്. താന്ത്രിക മതവും കാപാലിക മതവും ശ്രദ്ധേയമാണ്. മദ്യം, മാംസം, മൈഥുനം ഇവ അവരുടെ വേദപ്രമാണമാണ്. ഈ അവസ്ഥ അവരെ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പൂർണ്ണവികാസത്തിലെത്തിച്ചു. പക്ഷേ സ്വാതന്ത്ര്യം നിയന്ത്രിതമായിരുന്നില്ല. സ്വന്തം നിലക്കുപോലും അതിനുള്ള മാനസികവികാസം അവർക്കു ലഭിച്ചില്ല. അതിനാൽ ഈ വ്യക്തിസ്വാതന്ത്ര്യത്തിന്റെ വളർച്ച സമൂഹത്തിന്റെ വളർച്ചയ്ക്കു കോടാലിവെച്ചു. അങ്ങിനെ സ്വയം നശിച്ച പല വംശങ്ങളെപ്പററിയും ഹിന്ദുപുരാണങ്ങളിൽകാണാം. ശ്രീകൃഷ്ണൻ ജനിച്ച യദുവംശംതന്നെ അവസാനം മദ്യംകുടിച്ചു കൂത്താടി അതിനോടനുബന്ധിച്ച പാതകങ്ങൾ ചെയ്തു സ്വയം നശിച്ചു. മദ്യപാനം മൂലം പല രാജാക്കന്മാർക്കും രാജ്യംതന്നെ നഷ്ടമായിട്ടുണ്ട്. പതിനഞ്ചാം നൂററാണ്ടിലെ യൂറോപ്പിന്റെ സദാചാരത്തെപ്പററി എഴുതിയ റസ്സൽ അവിടെ സന്യാസിമഠങ്ങൾതന്നെ മദ്യശാലകൾക്ക് സമമായിരുന്നു എന്നു രേഖപ്പെടുത്തിയിരുന്നു.

കേരളത്തിലും പഴയ കാലത്തു മദ്യം പ്രസിദ്ധമായിരുന്നു. അന്നത്തെ കേരളം ഇന്നത്തെ തമിഴ്നാടിന്റെ ഭൂരിഭാഗവും ഉൾപ്പെട്ടതായിരുന്നു. മത്സ്യവും മദ്യവും ചക്കപ്പഴവും രാജകീയ ഭോജനമായി സംഘകൃതികളിൽ വർണ്ണിച്ചിരിക്കുന്നു. കുടിച്ചുകൂത്താടുന്ന സമൂഹം എന്നും മററും ചില കാവ്യങ്ങളിലും മണിമേഖലയിലും കാണാം. അന്നത്തെ കവികളും ഭൂരിപക്ഷം കവയിത്രികളും ഇന്നത്തെ അമേരിക്കൻ തലമുറയേക്കാൾ കുടിച്ചിരുന്നത്രെ. പക്ഷേ അന്നത്തെ കേരളത്തിൽ തെങ്ങു ചെത്തിയിരുന്നു എന്നതിന് സംഘകൃതികളിൽ യാതൊരുതെളിവും കാണുന്നില്ല. തെങ്ങ് എന്ന പേരുപോലുമില്ല. പനയെപ്പററിയെ പരാമർശമുള്ളു. തന്നെയല്ല ചെത്തിയിരുന്നതും സ്ത്രീകളായിരുന്നത്രെ. പാല. മുല്ല. മരുതം തുടങ്ങിയ സ്ഥലങ്ങളിൽ താമസിച്ചിരുന്ന ജനങ്ങൾ അതാത് സ്ഥലങ്ങളിൽ മദ്യം ഉണ്ടാക്കിയിരുന്നു എന്നാണ് പറയപ്പെടുന്നത്. പ്രത്യേകിച്ച് ഏതെങ്കിലും ഒരു വർഗ്ഗത്തിന് മദ്യനിർമ്മാണം അവകാശപ്പെട്ടതായി രേഖയില്ല. കുടിയുടെ കൂടുതലും അതിന്റെ അനിവാര്യതയും സമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തിന്റെ ഏററവും വലിയ തെളിവാണ്. മദ്യം വിൽക്കുന്ന സ്ഥലങ്ങൾ ലേലം ചെയ്യാൻ തുടങ്ങിയതുതന്നെ. കൊല്ലവർഷാരംഭത്തിൽതന്നെ മദ്യവില്പനശാലകൾ ലേലം ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. കാലങ്ങൾ കടന്നപോയി. കേരളത്തിൽ പല പരിവർത്തനങ്ങളുംവന്നു. അധഃപതിച്ച താന്ത്രിക മതത്തിന്റെ കരിനിഴലുകൾ കേരളത്തിൽ പതിച്ചു. ശാക്തേയ വിശ്വാസികളായി ഉയർത്തിരിഞ്ഞ ഒരു സമൂഹത്തിലെ സാധാരണക്കാരുടെ മതബോധത്തേയും സദാചാരത്തേയും സാമൂഹ്യജീവിതത്തേയും മദ്യപാനവും അതോടനുബന്ധിച്ച ദുരാചാരങ്ങളും സാരമായി ദുഷിപ്പിച്ചു.

ഈ അവസരത്തിലാണ് ശ്രീനാരായണഗുരു ഈ ക്രൂരമായ ദുരാചാരങ്ങളുടെ ഈ വലയത്തിൽനിന്നു സ്വതന്ത്രരാക്കാൻ മദ്യവിരോധം ഉൽബോധിപ്പിച്ചത്. മദ്യപാനം ചിന്താശക്തിയെ നശിപ്പിക്കും. അത് വ്യക്തികളിൽനിന്ന് സമൂഹത്തിലേക്ക് മാറുമ്പോഴാണ് സാമൂഹ്യമായ മരവിപ്പ് അനുഭവപ്പെടുക. അതില്ലാതാക്കാൻ ശ്രീനാരായണഗുരു മദ്യാസക്തിയിൽനിന്നും സമൂഹത്തെ മോചിപ്പിയ്ക്കാൻ ഇറങ്ങിത്തിരിച്ചു. ദേശീയത്വം എവിടെ എല്ലാം വികസിച്ചുവോ അവിടെ എല്ലാം മദ്യപാനത്തിൽനിന്നും ജനങ്ങളെ മോചിപ്പിക്കാൻ അതിപ്രയത്നം നടന്നിട്ടുണ്ട്. യൂറോപ്പിൽ ആദ്യമായി ദേശീയത്വത്തിന് തിരികൊളുത്തിയത് ജോൺ ഓഫ് ആർക്ക് ആയിരുന്നു. അവർ ആദ്യമായി ചെയ്തതോ, ഫ്രാൻസിലെ പട്ടാളക്കാരുടെ കുടി നിർത്തലായിരുന്നു. അതുകൊണ്ടുമാത്രമാണ് ആദ്യമായി അവർക്കു ഇംഗ്ലീഷുകാരെ തോല്പിക്കാൻ സാധിച്ചതും. അയർലണ്ടിൽ ഡിവാലറേയും അതുപോലെ മററ പലരും പല രാജ്യങ്ങളിലും ഇതിനായി മുന്നോട്ടുവന്നു. ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തോട് അനുബന്ധിച്ചാണ് മഹാത്മജി മദ്യവർജ്ജനം ഒരു പ്രസ്ഥാനമായി വളർത്തിയെടുത്തത്. പക്ഷേ ഒരിടത്തും ഇത് പൂർണ്ണവിജയത്തിൽ എത്തിയതായി പറഞ്ഞുകൂടാ.

ഏററവും താണരീതിയിലുള്ള ഒരു ആത്മമോചനം മദ്യത്തിലൂടെ കണ്ടെത്തുക എന്നതാണ് അടിസ്ഥാനപ്രേരണ. ദരിദ്രർ കുടിക്കുന്നത് മറക്കാനും ധനികർ ആഹ്ലാദിക്കാനും ആണെന്ന് പറയുന്നു. സത്യത്തിൽ ഇരുകൂട്ടരും കുടിക്കുന്നത് മറക്കാൻതന്നെയാണ്. മറക്കൽ പല നിലവാരത്തിൽ ആണെന്നുമാത്രം. ആത്മമോചനത്തിനുള്ള ഉത്തമമാർഗ്ഗങ്ങളിൽനിന്ന് മനുഷ്യനെ പിന്തിരിപ്പിക്കുക എന്ന ദോഷവശംകൂടി മദ്യത്തിനുണ്ട് എന്ന് എടുത്തുപറയേണ്ടതില്ല. മദ്യപാനത്തിന് പ്രാമുഖ്യം നല്കിക്കൊണ്ട് ആധുനിക സമൂഹത്തിന് നിലനില്ക്കാൻ കഴിയുമെന്നു തോന്നുന്നില്ല. അമേരിക്കയിൽ ഏതാണ്ട് ഒരു കോടി ജനങ്ങൾ മദ്യത്തിന് തികച്ചും അടിമകളാണ്. 13-നും 15-നും ഇടയ്ക്കുള്ള സ്കൂൾ കുട്ടികൾ ഇൻറർവെൽ സമയത്ത് ബിയറും ലഞ്ച് സമയത്ത് വിസ്കിയും കഴിക്കുന്നത് പതിവായിരിക്കുന്നു. കഞ്ചാവ്, കറുപ്പ്, എൽ. എസ്സ്. ഡി. തുടങ്ങിയ സ്വർഗ്ഗപ്രദായിനികളിൽനിന്ന് ഇപ്പോൾ മോചനം നേടുന്നവർ ചെന്നുനില്ക്കുന്ന വഴിത്തിരിവ് മദ്യപ്പുഴകളുടെ മദ്ധ്യേയാണ്. ഇന്ത്യയിലെ ഇളം തലമുറകളിലും മദ്യാസക്തി വർദ്ധിക്കുന്നതു കാണുന്നു. ഇവിടെ മദ്യത്തിൻെറ ഘട്ടം പിന്നിടാതെ തന്നെയാണ് മയക്കമരുന്നുസേവയും പുരോഗതിയിലെത്തിക്കൊണ്ടിരിക്കുന്നത്. ഒരു രഹസ്യ കണക്കനുസരിച്ച് കോളേജ് ഹോസ്റ്റലുകളിൽ വില കുറഞ്ഞതും വീര്യം കൂടിയതുമായ മദ്യവും കഞ്ചാവും കൊടുത്ത് ഉപജീവനം കഴിക്കുന്ന വളരെപ്പേരുള്ളതായി കാണുന്നു.

അമേരിക്കയിൽ ഹൃദ്രോഗവും കാൻസറും കഴിച്ചാൽ മാരണകാരി മദ്യമാണ്. കരൾ നശിച്ച് ഉണ്ടാകുന്ന മഹോദരം, പ്രത്യേകതരം ഹൃദ്രോഗങ്ങൾ, തലച്ചോറിൻെറ പ്രവർത്തന നാശം ഈവക ദുരിതങ്ങളാണ് മദ്യം വരുത്തിവെക്കുന്നത്. ഒരു കുടിയൻെറ ആയുസ്സ് 12 കൊല്ലം കുറയുമെന്നാണ് കണക്ക്. അമേരിക്കയിൽ 50 മുതൽ 70 വരെ ശതമാനം കൊലപാതകങ്ങളിൽ കൊല്ലുന്നവനോ കൊല്ലപ്പെട്ടവനോ കുടിയനായിരിയ്ക്കും. ആത്മഹത്യക്കാരും 30 ശതമാനം കുടിയന്മാരാണ്. വിവാഹമോചനം തേടുന്നവർ കുടിയന്മാരുടെ ഇടയിൽ മററുള്ളവരുടെ ഇടയിലുള്ളതിനേക്കാൾ 7 ഇരട്ടിയാണ്. കുടിയുടെ ഫലമായി തൊഴിൽ ഇല്ലാതിരിക്കുക; കുത്തഴിവുമൂലമുണ്ടാവുക തുടങ്ങി സമൂഹത്തോടുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്ന അനേകലക്ഷം പേർ അമേരിക്കൻ സമൂഹത്തിന് ഒരു കൊല്ലം വരുത്തുന്ന നഷ്ടം 1700 കോടി ഡോളറാണത്രെ. മോട്ടോർ അപകടങ്ങളിൽ എൺപതു ശതമാനവും മദ്യം കൊണ്ടാണ്.

മദ്യം കുടിച്ചാൽ ചിന്താശക്തി കൂടും, പ്രവർത്തനക്ഷമത വർദ്ധിക്കും, ലൈംഗിക പരാജയം പമ്പ കടക്കും എന്നെല്ലാം പറയുന്നത് ശരിയല്ല. സത്യത്തിൽ മന്ദബുദ്ധിയാകും. പ്രവർത്തന ക്ഷമത നശിക്കും. ചിലപ്പോൾ ഷണ്ഡനും ആയി എന്നുവരും. തലച്ചോറിലെ സെല്ലുകൾ ഉല്പാദിപ്പിക്കുന്ന ആർ. എൻ. എ. (റിബോന്യൂക്ലിക് ആസിഡ്) യുടെ പ്രവർത്തനം കൊണ്ടാണ് ഓർമ്മശക്തിയും സൂക്ഷ്മ നിരീക്ഷണപാടവവും ഉണ്ടാകുന്നത്. മദ്യം മുൻപറഞ്ഞ ആർ. എൻ. എ യുടെ ഉല്പാദനത്തെ തടയും. ക്രമേണ ഓർമ്മശക്തി നശിക്കുകയും ബുദ്ധി മരവിക്കുകയും ചിലപ്പോൾ സാമൂഹ്യ വിരുദ്ധനായി മാറുകയും ചെയ്യും. കുടിയ്ക്കുടിയിൽ പലർക്കും വിശപ്പു കുറയും. വിശപ്പു കുറഞ്ഞാലോ കുടിയും കൂടും. കേരളത്തിലെ മഹോദരരോഗികളിൽ 98 ശതമാനവും മദ്യമൂലമാണ്. ആൽക്കഹോളിക് ന്യൂറോകാർഡൈററിസ് എന്ന ഹൃദ്രോഗം കുടിയന്മാരുടെ മറെറാരു ഗുരുതരമായ രോഗമാണ്. കൈകാൽ മരവിപ്പ്, ശക്തിക്ഷയം, തളർച്ച തുടങ്ങിയ വാതസംബന്ധമായ രോഗങ്ങളും മദ്യപാനക്കാരുടെ ഇടയിൽ കൂടുതലാണ്. അല്പം മദ്യം പതിവായി കുടിക്കുന്നത് ആരോഗ്യത്തിനു നല്ലതാണെന്നുള്ള ഒരഭിപ്രായം ഉണ്ടായിരുന്നു. എന്നാൽ അതു് തെററാണ് എന്നുള്ള നിഗമനത്തിലാണ് ഇതുവരെയുള്ള ഗവേഷണപഠനങ്ങൾ എത്തിച്ചേരുന്നത്.

ഏതെങ്കിലും രോഗത്തിന് മദ്യം ഔഷധമാണോ എന്നാണ് ചോദ്യമെങ്കിൽ ഉത്തരം തീർത്തും അല്ലെന്നു തന്നെ. ഏതെങ്കിലും തരത്തിലുള്ള പോഷകാംശങ്ങൾ ഉണ്ടോ എന്നു ചോദിച്ചാൽ ഉത്തരം തീർത്തും ഇല്ലെന്നു തന്നെയാണ്. പിന്നെന്താണ്?" — ശ്രീനാരായണഗുരു പറഞ്ഞതുപോലെ, ശാസ്ത്രീയമായ ദൃഷ്ടിയിൽക്കൂടി നോക്കിയാൽ അതു് 'വിഷമാണ്'. □

# നാരായണഗുരുകുലം

മുനി നാരായണപ്രസാദ്

അദ്വൈത വേദാന്തം അഥവാ ബ്രഹ്മ
വിദ്യ ഗുരുപരമ്പരയിലൂടെ ശ്രവിക്കുവാ
നും മനനനിദിധ്യാസനങ്ങൾ കൊണ്ട്
സ്വന്തം ജീവിതത്തിൽ സാക്ഷാത്ക്ക
രിക്കാനും ജിജ്ഞാസുക്കളെയും ഏവ
ർക്കും സൗകര്യമുണ്ടാക്കിക്കൊടുക്കുകയും
അതിലുള്ള താത്പര്യം വളർത്തിയെ
ടുക്കുവാൻ ശ്രമിക്കുകയുമാണ് ഗുരുകുല
പ്രസ്ഥാനത്തിന്റെ പ്രഥമവും പ്രധാ
നവുമായ ലക്ഷ്യം. ഗുരുവിന്റെ പ്രാ
ധാന്യവും ശിഷ്യന്മാരുടെ പ്രമാണതയെ
സംബന്ധിച്ചുള്ള കീഴ്‌മേൽ സ്ഥാനക്രമവും
ആണ് ഗുരുകുലത്തിൽ അംഗീകരിക്ക
പ്പെട്ടിട്ടുള്ള ധാരണ.

**നാ**രായണഗുരുകുലത്തിന്റെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ചരിത്രത്തെ അതിന്റെ സ്ഥാപകനായ നടരാജഗുരുവിന്റെ ജീവചരിത്രത്തിൽനിന്ന് വേർതിരിച്ചു കാണുക സാദ്ധ്യമല്ല. ഗുരുകുലത്തിനു ജന്മം നല്ലാൻ ഇടയാക്കിയ സംഭവത്തെ നടരാജഗുരു തന്റെ ആത്മകഥയിൽ ഇങ്ങനെ വർണ്ണിക്കുന്നു:

''ഇൻറർമീഡിയററ് പരീക്ഷ ജയിച്ചെന്നറിയുന്നതിനു തൊട്ടുമുമ്പുള്ള ഒഴിവുകാലത്ത് കേരളത്തിലെ ഒരു ഓണംകേറാമൂലയിൽ പോയി താമസിക്കാനിടയായി. അപ്പോഴാം പ്രാചീനകാലചരിത്രത്തെ അനുസ്മരിപ്പിക്കുന്ന ഒരു കാഴ്ചകണ്ടു. അതെന്റെ ഉള്ളിൽ ആഴത്തിൽ പതിഞ്ഞു. ഗ്രാമത്തിലെ ഒരു പ്രമാണിയുടെ വീട്ടിൽ കഴിയുന്ന ഒരു സംസ്കൃതാദ്ധ്യാപകൻ കുറെ കുട്ടികളെ ആ വീട്ടുവരാന്തയിൽവച്ച് ഭാരതത്തിലെ പ്രാചീനമായ രീതിയിൽ സംസ്കൃതം പഠിപ്പിച്ചു ജീവിക്കുന്നു. അതൊരു നിസ്സാരകാര്യമാണെങ്കിലും എന്നെ വല്ലാതെ ആകർഷിച്ചു.

''സുമുഖനായ ഒരു യുവാവ് സേവനനിരതനായി, ഗുരുവിന്റെ ആവശ്യങ്ങൾ അറിഞ്ഞ് നിർവഹിച്ചുകൊണ്ടിരിക്കുന്നതു ഞാൻ ശ്രദ്ധിക്കാനിടയായി. മുട്ടിപ്പുല്ലുകൾക്കും കാട്ടുപ്പച്ചെടികൾക്കും ഇടയിലൂടെ വയലിന്റെ വക്കിൽ ഒഴുകിക്കൊണ്ടിരുന്ന നീരൊഴുക്കിൽ ഗുരു കുളിച്ചുകൊണ്ടിരിക്കുകയായിരുന്നു. വെയിൽ നന്നായി ഉറച്ചിട്ടുണ്ട്. ആ ചെറുപ്പക്കാരൻ ഗുരുവിന്റെ വസ്ത്രങ്ങൾ അടിച്ചുനനച്ച് തുവെള്ളയാക്കി വിരിച്ചു. പ്രാചീന ഭാരതത്തിന്റെ ഒരംശം ആ വയൽവക്കിൽ തങ്ങിനില്ക്കുന്നതായി തോന്നി. ഇക്കണ്ട ദൃശ്യം എന്റെ പ്രത്യേക ശ്രദ്ധയിൽ പതിയാൻ വേണ്ടി ഉദ്ദേശിക്കപ്പെട്ടതായിരുന്നു എന്നുപോലും തോന്നിപ്പോയി.

''ഇതാ ഇവിടെ, ആധുനിക കാലത്ത് കാണാനില്ലാത്ത, ജിജ്ഞാസയുളവാക്കുന്ന എന്തോ ഒന്നുണ്ട്. ഗുരുവും ശിഷ്യനുംകൂടി ഒരു കലത്തിൽ ഗാഢമായ സ്നേഹബന്ധത്തോടുകൂടി ഒരുമിച്ചു ജീവിക്കുന്ന പരിപാവനമായ ചിത്രം. ഇതിന്റെ ഓർമ്മയും അതു നല്കിയ വിലയേറിയ സൂചനകളും വിസ്മരിച്ചു കളയാനാകാത്ത വണ്ണം ആഴമേറിയതും അർത്ഥവത്തുമാണ്. വികാരതരളിതനാകാതെ അതെനിക്ക് ഇപ്പോഴും അനുസ്മരിക്കാനാവുന്നില്ല. പ്ലേറ്റോയുടെ 'അക്കാദമി'യും അരിസ്റ്റോട്ടിലിന്റെ 'പെരിപ്പെററിക് ഇൻസ്റ്റിററ്യൂട്ടും' ഈ ഉപനിഷത് മാതൃകയോട് ഉപമിച്ചാൽ വെറും നിസ്സാരമാണ്. ഞാൻ അക്കണ്ടതു് ഒരു ഗ്രാമീണ സ്വർഗ്ഗമാണ്. ഉപനിഷത്തുകളിലും പുരാണങ്ങളിലും അവിടവിടെയും 'റൂസ്സോയുടെ എമിലി'ലും അല്ലാതെ മറ്റൊരിടത്തും അതു സമുചിതമായി വർണ്ണിച്ചു കണ്ടില്ല. അക്കാഴ്ച പ്രത്യേക കാരണമൊന്നും കൂടാതെ തന്നെ എന്റെ ഉള്ളിൽ തട്ടി. വളരെക്കാലം അതെനിക്കുത്തേജനം നല്കിക്കൊണ്ടിരുന്നു. ഭാവി തലമുറയ്ക്ക് ഈ മനോജ്ഞമായ രീതിയിൽ പരിണത പ്രജ്ഞരിൽനിന്നു ജ്ഞാനാർജ്ജനം സാദ്ധ്യമായിത്തീരുമെങ്കിൽ ദുഷ്ടതനിറഞ്ഞ ഈ ലോകത്തിന് മാപ്പുകൊടുത്തു കളയാമെന്നും തെററുകളെല്ലാം പൊറുത്തു കളയാമെന്നും എനിക്കു തോന്നിപ്പോയി''.

ആദ്ധ്യാത്മിക ഗുരുശിഷ്യ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ഒരു മാതൃകാവിദ്യാലയസ്ഥാപനം അന്നു

മുതൽ നടരാജഗുരുവിന്റെ ഒരു സ്വപ്നമായി ഉള്ളിൽ ഉറങ്ങിക്കിടന്നു.

കാലം പിന്നെയും കഴിഞ്ഞു. എം. എ. യും എൽ. ടി. യും ഡിഗ്രികൾ ഒന്നിച്ചു ജയിച്ച വിവരം അറിഞ്ഞുകൊണ്ട് വീട്ടിൽ ചെന്നു കയറുന്നത് ചാരുകസേരയിൽ കിടക്കുന്ന നാരായണഗുരുവിന്റെയും വിനയാന്വിതനായി മാറി നില്ക്കുന്ന അച്ഛന്റെയും (ഡോ: പൽപ്പു) നടുവിലേക്കാണ്. വിജയവിവരം അറിഞ്ഞ ഗുരു ഡോക്ടറെ ഒരു പഴയ വാഗ്ദാനം ഓർമ്മിപ്പിച്ചു. ഒരു മകനെ ഗുരുവിന്റെ പ്രസ്ഥാനത്തിനുവേണ്ടി അർപ്പിക്കാമെന്നതായിരുന്നു ആ വാഗ്ദാനം. അതു നിറവേററാനുള്ള സമയമായി എന്നു ഗുരു കണ്ടു. അങ്ങനെ നടരാജഗുരുവിന്റെ ഭാവി അവിടെവെച്ചു തീരുമാനിക്കപ്പെട്ടു.

അങ്ങനെ നടരാജഗുരു നാരായണഗുരുവിന്റെ ആശ്രമത്തിലെ ഒരു അന്തേവാസിയായി സ്വീകരിക്കപ്പെട്ടെങ്കിലും അതിനെ സ്വാഗതാർഹമായി ആശ്രമത്തിലെ മററുള്ള അന്തേവാസികളിൽ അധികം പേർ കണ്ടില്ല. കൊററിക്കൂട്ടത്തിൽ ചെന്നുപെട്ട ഹംസത്തിന്റെ അനുഭവമാണ് നടരാജഗുരുവിനുണ്ടായത്. എങ്കിലും ഗുരുവിൽ ശിഷ്യനുള്ള ശ്രദ്ധയും ശിഷ്യനിൽ ഗുരുവിനുള്ള വാത്സല്യവും ഏറി വരികതന്നെ ചെയ്തു. അവർതമ്മിലുള്ള താത്ത്വികമായ സംവാദങ്ങൾ അനുസ്യൂതം തുടരുകയും ചെയ്തു. പലപ്പോഴും, നിശ്ശബ്ദനായി നിന്നു കേൾക്കുന്ന ശിഷ്യനോട് ഗുരു ചെയ്യുന്ന അനർഗളമായ ജ്ഞാനോപദേശധാരയായിരുന്നു, അത്. എന്നാലും തന്റെ മററു ശിഷ്യന്മാരിൽനിന്നും തികച്ചും വ്യത്യസ്തനായ ഈ ശിഷ്യനെ സ്വന്തമായ മാർഗ്ഗത്തിൽ സ്വതന്ത്രമായി ചരിച്ചുകൊള്ളാൻ ഗുരു അനുഗ്രഹിച്ചനുവദിച്ചു. അപ്പോഴാണ് ഉള്ളിൽ ഉറങ്ങിക്കിടന്ന മാതൃകാവിദ്യാഭ്യാസ സ്ഥാപനത്തിന്റെ സങ്കല്പം ഉണർന്നുവന്നത്. ഒരു വഴിമുടക്കിയായിത്തന്നെക്കാണുന്ന ആശ്രമാന്തരീക്ഷത്തിൽനിന്നും ബന്ധുക്കളിൽനിന്നും ഒരൊളിച്ചോട്ടംതന്നെ നടത്തേണ്ടിവന്നു. ആ ഓട്ടം നീലഗിരി മലയുടെ മുകൾത്തട്ടിൽ ചെന്നാണ് നിന്നത്. അവിടെ ഇരുന്നുകൊണ്ടാണ് തന്റെ സങ്കല്പത്തിലുള്ള സ്ഥാപനത്തിന്റെ രൂപരേഖ നടരാജഗുരു തയ്യാറാക്കിയത്. 'നാരായണ ഗുരുകുലം' എന്നതിനു പേരിട്ടു.

ഗുരുകുലം തുടങ്ങാനുള്ള പദ്ധതിയുമായി ഗുരുവിനെ സമീപിച്ച ശിഷ്യനെ ഗുരു അനുഗ്രഹിച്ച് ആശീർവദിക്കയും മൂന്നു നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു: (1) വിവാഹം തടയരുത് (2) ഗുരുവും ശിഷ്യന്മാരും അന്യോന്യം സഹകരിച്ച് ഒരു കുടുംബത്തിലെ അച്ഛനും മക്കളുമെന്ന പോലെയുള്ള പാരസ്പര്യത്തോടുകൂടി ജീവിക്കുന്നതായിരിക്കണം ഗുരുകുലം. (3) ലോകം മുഴുവൻ ഗുരുകുലം ആയിത്തീരണം. ഗുരുവിന്റെ അനുഗ്രഹപൂർവ്വകമായ ഈ നിർദ്ദേശങ്ങൾ തന്നെയാണ് ഗുരുകുലപ്രസ്ഥാനത്തെ ഇന്നും നയിക്കുന്നത്. ഗുരുകുലത്തിൽ അന്തേവാസികളായെത്തുന്നവരോട് അവിവാഹിതരായി കഴിയാൻ നിർബന്ധിക്കാറില്ല. എന്നാലും വേണ്ടപോലെ സ്വാതന്ത്ര്യത്തിനും അദ്ധ്യാത്മജ്ഞാനം അനുസ്യൂതം ഗുരുശിഷ്യപരമ്പരയിലൂടെ നിലനില്ക്കുന്നതിനും വേണ്ടി ഗുരുശിഷ്യ പരമ്പരയെ തീരുമാനിക്കുന്നത് ബ്രഹ്മചാരികളെയും ഉദ്ദേശിച്ച് ത്യാഗികളായിക്കഴിയുന്ന സന്ന്യാസിക

രിൽ നിന്നാണ്. ഹിന്ദുമതത്തിലെ മഠം, ആശ്രമം, എന്നെല്ലാം പറഞ്ഞു പോരുന്ന പദവിയാണ് നാരായണഗുരുകുലത്തിനുള്ളത് എന്നതിനാൽ ഇത് അനിവാര്യവുമാണ്.

മനസ്സു നിറയെ സുന്ദരമായ സ്വപ്നങ്ങളും അവ നടപ്പിൽ വരുത്താനായി ശൂന്യമായ കീശ മാത്രവുമുള്ള നടരാജഗുരുവിന് ഇത്തരമൊരു സ്ഥാപനം ഉണ്ടാക്കിയെടുക്കാൻ അനുഭവിക്കേണ്ടി വന്നിട്ടുള്ള ക്ലേശങ്ങൾ തന്റെ ആത്മകഥയിൽ ഗുരു വിവരിച്ചിരിക്കുന്നത് ആരുടേയും കണ്ണിനെ ഈറനണിയിക്കും. നാരായണഗുരുവിന്റെ ഒരു ഭക്തൻ കാരുണ്യപൂർവ്വം വാടകയില്ലാതെ നല്കിയ ഒരു തേയിലഫാക്ടറി കെട്ടിടത്തിലാണ് 1923-ൽ ഗുരുകുലം പ്രവർത്തിച്ചു തുടങ്ങിയത്. കൂനൂർ ടൗണിനടുത്തായിരുന്നു ആ സ്ഥലം. ഏതാനും ബ്രഹ്മചാരികളും അദ്ധ്യാപകരും ചേർന്ന് അങ്ങനെ ഗുരുകുലം പ്രവർത്തിച്ചു തുടങ്ങി. ഒന്നുരണ്ടു സഹാദ്ധ്യാപകരും സഹായത്തിനുണ്ടായി.

വളരെ താമസിയാതെതന്നെ ഊട്ടി നഗരത്തിനടുത്ത് നാലേക്കർ സ്ഥലം ഗുരുകുലത്തിനുവേണ്ടി സ്വന്തമായി ഗവൺമെണ്ടിൽനിന്നും പതിച്ചുകിട്ടി. നാരായണഗുരു നടത്തിയ നീലഗിരി സന്ദർശനവേളയിൽ ഈ സ്ഥലം പോയിക്കാണുകയുണ്ടായി. 1926-ൽ പുതിയ സ്ഥലത്ത് ഗുരുകുലം പ്രവർത്തിച്ചുതുടങ്ങി. തിരുവിതാംകൂർ മഹാരാജാവ് ബാലരാമവർമ്മ തിരുമനസ്സുകൊണ്ടാണ് പുതിയ ഗുരുകുലത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചത്. സർ സി.പി. രാമസ്വാമി അയ്യർ ഒരു പ്രസംഗകനായിരുന്നു. വളരെ ചെറുപ്പമായ മഹാരാജാവ് പൊതുയോഗത്തിൽ പ്രസംഗിക്കുന്നത് അന്നാദ്യമായിട്ടാണ്.

1926-ൽ തന്നെയാണ് ഒരു ത്യാഗി എന്ന പദവി അംഗീകരിച്ചുകൊണ്ട് നടരാജഗുരുവിന് നാരായണഗുരു ഒരു പീതാംബരം നല്കിയത്. നാരായണ ഗുരുകുലത്തിന്റെ സ്ഥാപനത്തിനുശേഷം നാലുവർഷം കഴിഞ്ഞാണ് നാരായണഗുരുവിന്റെ സന്ന്യാസി ശിഷ്യന്മാർ ചേർന്ന് ശ്രീനാരായണ ധർമ്മസംഘം തൃശ്ശൂരിൽവെച്ച് രജിസ്റ്റർ ചെയ്തത്. അന്ന് ഈ സന്ന്യാസി സംഘത്തിന്റെ ഉപദേഷ്ടാവായിക്കൂടി നടരാജഗുരുവിനെ നാരായണഗുരു ഉദ്ദേശിച്ചിരുന്നു.

നാരായണഗുരു വിഭാവനം ചെയ്ത ഏകലോകത്തിന്റെ സംസൃഷ്ടിക്കുവേണ്ടി ആധുനികമായ ശാസ്ത്രവിജ്ഞാനം നേടുവാനും അദ്ധ്യയന സമ്പ്രദായം മനസ്സിലാക്കാനുമായി നാരായണഗുരു തന്നെ പണവും അനുഗ്രഹവും നല്കി നടരാജഗുരുവിനെ യൂറോപ്പിലേക്കയച്ചു. നടരാജഗുരു പാരീസിൽ സൊർബോണിൽ ഒരു ഗവേഷണ വിദ്യാർത്ഥിയായിരിക്കുമ്പോഴാണ് 1928-ൽ നാരായണഗുരു മഹാസമാധി അടയുന്നത്. 'വിദ്യാഭ്യാസ പ്രക്രിയയിൽ വ്യക്തിഗതമായ ഘടകത്തിനുള്ള സ്ഥാനം' എന്ന വിഷയത്തിൽ ഡി. ലിററ് ബിരുദവുമായി 1933-ൽ നടരാജഗുരു മടങ്ങിയെത്തി. എന്നാലും നാരായണഗുരു ഏതു മാതൃകാസ്ഥാപനത്തിന്റെ നടത്തിപ്പിനായിട്ടാണോ നടരാജഗുരുവിനെ യൂറോപ്പിലേക്കയച്ചത് അ

സ്ഥാനത്തുനിന്നും ഗുരുവിനുശേഷം വന്ന അധികാരികൾതന്നെ നീക്കംചെയ്തിരിക്കുന്നതായി അദ്ദേഹം കണ്ടു. വീണ്ടും നീലഗിരിയിൽതന്നെ എത്തി ഗുരുവിനെപ്പററിയുള്ള പഠനതപസ്യയിൽ മുഴുകി. ഇതിനിടയിൽ ഊട്ടി ഗുരുകുലത്തിനു പുതിയൊരു കെട്ടിടമുണ്ടായി .വർക്കലയിൽ ഒരു ഗുരുകുലം തുടങ്ങുന്നതിനുള്ള ഭൂമി വാങ്ങുകയും ചെയ്തു. നാരായണഗുരുവിന്റെ വാക്കുകളെ ആധുനിക മനസ്സിനു് ഉൾക്കൊള്ളത്തക്ക രീതിയിൽ വ്യാഖ്യാനിച്ചു കൊടുക്കുകയെന്നതു് തന്റെ സ്വധർമ്മമായി ഗുരു കണ്ടു. അതിനുവേണ്ടി സുദീർഘമായൊരു തപസ്യയായിരുന്നു നടരാജഗുരുവിന്റെ ശേഷിച്ച ജീവിതകാലം. അതിന്റെ ഭാഗമെന്ന നിലയിൽ ഗുരുകുലപ്രസ്ഥാനം വളർന്നു.

1949-ൽ ന്യൂയോർക്കിൽ വച്ചു നടന്ന ഒരു ലോകസർവ്വമത സമ്മേളനത്തിലേക്കു് ഇൻഡ്യയിൽനിന്നുള്ള പ്രതിനിധിയായി നടരാജഗുരു ക്ഷണിക്കപ്പെട്ടു. ആ സമ്മേളനത്തിൽ നാരായണഗുരുവിന്റെ ദർശനം അവതരിപ്പിച്ചുകൊണ്ടു നടത്തിയ പ്രസംഗത്തിൽ ആകൃഷ്ടനായ ഹാരിജേക്കബ്സനാണ് അമേരിക്കയിൽ ആദ്യത്തെ ഗുരുകുലം ഉണ്ടാക്കിയതും, നടരാജഗുരുവിനെ രണ്ടുവർഷക്കാലത്തോളം അവിടെ താമസിപ്പിച്ചു് പാഠങ്ങൾ നടത്തിച്ചതും. അമേരിക്കയിലേക്കു പോകുന്നതിനുമുമ്പുതന്നെ ശിഷ്യത്വം സ്വീകരിച്ചുകഴിഞ്ഞ മറെറാരു പാശ്ചാത്യനാണ് ജോൺ സ്പിയേഴ്സ്. അദ്ദേഹത്തെയാണ് പില്ക്കാലത്തു് തന്റെ അനന്തരഗാമിയായി നടരാജഗുരു നാമനിർദ്ദേശം ചെയ്തതു്.

1951-ൽ അമേരിക്കയിൽനിന്നു മടങ്ങിവന്ന നടരാജഗുരുവിനു് നാരായണഗുരുവിന്റെ അനുയായികളുടെ ഇടയിൽ എവിടേയും സ്വീകരണം ലഭിച്ചു. നാരായണഗുരുവിന്റെ അനുയായികൾ വർക്കലയിൽ ഒരു യോഗം ചേർന്നു് നടരാജഗുരുവിനെ നാരായണഗുരുവിന്റെ അനന്തരഗാമിയായി അംഗീകരിച്ചു. ഒരു ഗുരുവിന്റെ ഗുരുത്വം ഇത്തരം സാമൂഹിക അംഗീകാരത്തിനു വിധേയമല്ല എന്നതാണ് വാസ്തവമെങ്കിലും അതോടെ ഗുരുകുലപ്രസ്ഥാനവും പ്രസിദ്ധമായിത്തുടങ്ങി. 1951-ൽ മംഗലാനന്ദസ്വാമിയും 1954-ൽ നിത്യചൈതന്യയതിയും നടരാജഗുരുവിന്റെ ശിഷ്യന്മാരായിത്തീർന്നു. വർക്കല ഗുരുകുലപ്രസ്ഥാനത്തിന്റെ കേന്ദ്രമാക്കിക്കൊണ്ടു് മംഗലാനന്ദസ്വാമിയുടെ പത്രാധിപത്യത്തിൽ 'ഗുരുകുലം' മാസികയുടെ പ്രസിദ്ധീകരണവും ആരംഭിച്ചു. എന്നാൽ സാമ്പത്തികമായ ഭാരം 'ഗുരുകുലം' മാസികയെ നാലു കൊല്ലത്തിലധികം ജീവിക്കാനനുവദിച്ചില്ല.

ഇതേ ഘട്ടത്തിലാണ് ബാംഗ്ലൂരിനു സമീപത്തുള്ള കഗാളിപുരത്തു് ജോൺ സ്പിയേഴ്സിന്റെ ചുമതലയിൽ ഒരു പുതിയ ഗുരുകുലം തുടങ്ങിയതു്. 1955-ൽ അവിടെനിന്നു് ''വാല്യൂസ്'' എന്ന ഇംഗ്ലീഷ് മാസികയുടെ പ്രസിദ്ധീകരണം ആരംഭിച്ചു. ''വാല്യൂസ്'' മാസികയിലൂടെയാണ് നടരാജഗുരുവിന്റെ ബൃഹത് ഗ്രന്ഥങ്ങളൊഴികെയുള്ള എല്ലാ രചനകളും ലോകം കണ്ടതു്. 1971-ൽ ജോൺ സ്പിയേഴ്സ് നടരാജഗുരുവിന്റെ ശിഷ്യത്വം വേണ്ടെന്നു തീരുമാനിക്കുന്നതുവരെ 'വാല്യൂസ്'' മാസിക നാരായണഗുരുകുലത്തിന്റെ മുഖപത്രമായി തുടർന്നു.

1956-ൽ നടരാജഗുരു, ജോൺ സ്പിയേഴ്സ്, മംഗലാനന്ദ സ്വാമി എന്നിവരുടെ സിംഗപ്പൂർ സന്ദർശനവേളയിൽ അവിടെ ഒരു പുതിയ ഗുരുകുലകേന്ദ്രം സ്ഥാപിതമായി. തുടക്കത്തിൽ സിംഗപ്പൂരിലെ മലയാളികളുടെ മാത്രം ഒരു പ്രസ്ഥാനമായിരുന്നു അതെങ്കിലും ഇന്നു് സിംഗപ്പൂരിലെ ഇൻഡ്യൻ വംശജരും, ചീനരുമായ നിരവധി പേരുടെ ശാന്തിസങ്കേതമായിത്തീർന്നിട്ടുണ്ടു് അവിടത്തെ ഗുരുകുലം.

1956-ൽ ബാംഗ്ലൂർ നഗരത്തിൽനിന്നു് 18 മൈൽ അകലെയുള്ള സോമൻഹള്ളിയിൽ നിത്യചൈതന്യയതിയുടെനേതൃത്വത്തിൽ പുതിയൊരു ഗുരുകുലം തുടങ്ങുന്നതിനുവേണ്ടി ഭൂമി ദാനമായി ലഭിക്കുകയും അവിടെ ഗുരുകുലം പ്രവർത്തിച്ചു തുടങ്ങുകയും ചെയ്തു. ഇപ്പോൾ വിനയചൈതന്യയാണ് ഈ ഗുരുകുലത്തിന്റെ ചുമതല വഹിക്കുന്നതു്. വടക്കേ മലബാറിലുള്ള ചെറുവത്തൂരിലും പുതിയൊരു ഗുരുകുലത്തിനുവേണ്ടി ഭൂമി ദാനമായി ലഭിച്ചു. സ്വാമി കൃഷ്ണാനന്ദയുടെ ആധിപത്യത്തിൽ അവിടെയും ഗുരുകുലം പ്രവത്തിക്കുന്നു.

1959-ൽ നടരാജഗുരു ബൽജിയം സന്ദർശിച്ചു. അന്നാണ് ഡോക്ടർ മാക്ക്ഗവാർട്ടിന്റെ നേതൃത്വത്തിൽ ബൽജിയത്തിൽ ഒരു ഗുരുകുലം ആരംഭിച്ചതു്. ഗുരുവിന്റെ നിർദ്ദേശപ്രകാരമുള്ള സ്വാധ്യായങ്ങളും ചർച്ചകളും ആണ് ഭാരതത്തിനുപുറത്തുള്ള ഗുരുകുലങ്ങളിൽ നടക്കുന്ന പ്രധാന പ്രവത്തനം.

1966-ലാണ് കണ്ണൂർ ജില്ലയിലെ ഏഴിമലയിൽ ഒരു ഗുരുകുലകേന്ദ്രം സ്ഥാപിതമായതു്. ആദ്യം ഒരു ഇംഗ്ലീഷുകാരിയായ റോമറിൻ ഗ്രേസ് ബ്രൂക്കും പിന്നീടു് കുമാരസ്വാമിയും ഈ ഗുരുകുലത്തിന്റെ ചുമതല വഹിച്ചിരുന്നു. അറബിക്കടലിനു് അഭിമുഖമായി കിടക്കുന്ന മനോഹരമായ ഈ കുന്നിൻ ചരിവിൽ 1970-ൽ നടന്ന ലോകസമാധാന സമ്മേളനം ലോകശ്രദ്ധയെ ആകർഷിച്ച ഒരു സംഭവമായിരുന്നു. ഈ ഗുരുകുലത്തിന്റെ സ്ഥലം ഇപ്പോൾ നേവൽ അക്കാഡമിക്കുവേണ്ടി എടുത്തുകഴിഞ്ഞു.

1966-നും 70-നും ഇടയ്ക്കുള്ള ഘട്ടത്തിലാണ് വയനാട്ടിലെ വൈത്തിരി, തോൽപ്പട്ടി, പെരിയ, എന്നിവിടങ്ങളിലും പാലക്കാട്ടു് ജില്ലയിലെ എരുമയൂരിലും, ആലത്തൂരും ഓരോ ഗുരുകുലകേന്ദ്രം സ്ഥാപിതമായതു്. എരിമയൂർ ശ്രീ. വിദ്യാധരനും ആലത്തൂരെ പിഴമലയിൽ സ്വാമി ഭാസ്കരാരണ്യരും ചുമതല വഹിക്കുന്നു. അമൃതബിന്ദു ആശ്രമം എന്നുകൂടി പേരുള്ള വൈത്തിരി ഗുരുകുലത്തിന്റെ അധിപൻ ജോൺ ലെച്ചാട്ടെന്ന ആശ്രമാചാര്യനാണ്. അദ്ദേഹത്തിന്റെ സഹധർമ്മിണിയായ നിക്കോൾ ലെച്ചാർട്ടും ചേർന്നു കുട്ടികൾക്കായുള്ള ഒരു വലിയ ചിത്രകലാസ്കൂൾ ഇവിടെ നടത്തുന്നു. കുട്ടികളുടെ ചിത്രങ്ങൾ യൂറോപ്പിലും ഇൻഡ്യയിലും പ്രദർശിപ്പിച്ചു പോരുന്നുണ്ടു്. പെരിയ ഗുരുകുലത്തിന്റെ ചുമതലവഹിക്കുന്നതു് ജർമ്മൻ സ്വദേശിയായിരുന്ന വുൾഫ്

ധാങ്ങ് തേരാക്കുട്ട് ആണ്. തോൽപ്പെട്ടിയിലെ ചുമതല ശ്രീ. ശ്രീധരനാണ്.

1973-ൽ നടരാജഗുരു സമാധി പ്രാപിച്ചു. മംഗലാനന്ദസ്വാമി 1967-ൽതന്നെ സമാധിയായി. ജോൺ സ്പീയേഴ്സ് ഗുരുകല പ്രസ്ഥാനം വിട്ടു പൊയ്ക്കഴിഞ്ഞിരുന്നു. 1972-ൽ നടരാജഗുരു തന്റെ വിൽപ്പത്രത്തിൽ എഴുതി രജിസ്റ്റർ ചെയ്ത കോഡിസിൻ പ്രകാരം നിത്യചൈതന്യയതി ഗുരുകുലാദ്ധ്യക്ഷനും ഗുരുവും ആയി. 1969 മുതൽ തന്നെ നിത്യ ചൈതന്യ യതി ലോകപര്യടനം ആരംഭിച്ചു കഴിഞ്ഞിരുന്നു. ഒരു വ്യാഴവട്ടക്കാലത്തോളം യതി നടത്തിയ ലോകപര്യടനങ്ങൾക്കിടയിൽ അമേരിക്കയിലെ സ്റ്റാൻഫോർഡ് യൂണിവേഴ്സിററി, കാലിഫോർണിയ, സ്റ്റേററ് കോളേജ് ഓഫ് സൊനോമാ, പോർട്ട് ലൻഡ് സ്റ്റേററ് യൂണിവേഴ്സിററി, ഹവായ് യൂണിവേഴ്സിററി, സ്വിററ്സർലാൻഡിലെ ഇൻറർ നാഷണൽ യൂണിവേഴ്സിററി ഓഫ് ലൂഗാനോ, ഹോളണ്ടിലെ സ്കൂൾ ഫോർ ഓറിയൻറൽ സ്റ്റഡീസ്, ലണ്ടനിലെ റോയൽ സ്കൂൾ ഓഫ് ആർട്ട്സ്, ലണ്ടൻ യൂണിവേഴ്സിററി എന്നിവിടങ്ങളിൽ നാരായണഗുരുവിന്റെ ദർശനം, ഭഗവദ് ഗീത, സൗന്ദര്യലഹരി, ഭാരതീയ മനഃശാസ്ത്രം, സൗന്ദര്യശാസ്ത്രം എന്നീ വിഷയങ്ങളിൽ റെഗുലർ യൂണിവേഴ്സിററി ക്ലാസ്സുകളും, വർക്ക് ഷോപ്പുകളും, സെമിനാറുകളും നടത്തുകയുണ്ടായി. ഈ യാത്രകളുടെ ഫലമായി അമേരിക്കയിൽ ഓറിഗണിലെ പോർട്ട് ലൻഡ്, വാഷിംഗ്ടൺ സ്റ്റേററിലെ ബെയിൻ ബ്രിഡ്ജ്, ആസ്ത്രേലിയയിലെ സിഡ്നി, സ്പ്രിംഗ് ഡെയിൻ, ഫിജിയിലെ ബാ, ന്യൂസിലണ്ടിലെ ഓക്ക് ലണ്ട്, ഇംഗ്ലണ്ടിലെ ഡെവൺ എന്നിവിടങ്ങളിൽ പുതിയ ഗുരുകുലങ്ങൾ രൂപം കൊള്ളുകയുണ്ടായി. 1955-ൽ കോന്നിക്കു സമീപമുള്ള വകയാററിൽ തുടങ്ങിയ വിദ്യാനികേതനവും 1976-ൽ തലശ്ശേരി കനകമലയിൽ തുടങ്ങിയ ഗുരുകുലവും പുതിയ പരിപാടികൾക്കു വിധേയമായിരിക്കയാണ്. 1981-ൽ മദിരാശിയിലെ പിത്താദ്രിപ്പെട്ടിലെ ശ്രീനാരായണ സത്സംഘം ഗുരുകുലത്തിൽനിന്നും ഏറെറടുത്ത് അതും ഒരു ഗുരുകുലമാക്കി പ്രവർത്തിച്ചുപോരുന്നു.

തിരുവനന്തപുരം നഗരത്തിൽ ഒരു ഗുരുകുലശാഖ പ്രവർത്തനമാരംഭിക്കുന്നതിനു വേണ്ട തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞു. കുമാരപുരത്തിനടുത്തുള്ള ചെട്ടികുന്നിലാണ് ഇതിനുവേണ്ട സ്ഥലം ലഭിച്ചിട്ടുള്ളത്.

1968-ൽ ഗുരുകുലം മാസിക വീണ്ടും പ്രസിദ്ധീകരിച്ചുതുടങ്ങി. നിത്യചൈതന്യയതിയുടെ പത്രാധിപത്യത്തിലാണ് തുടങ്ങിയതെങ്കിലും അദ്ദേഹം ലോകയാത്ര ആരംഭിച്ചു കഴിഞ്ഞപ്പോൾ അതിന്റെ ചുമതല മുനി നാരായണപ്രസാദ് ഏറെറടുത്തു. 1974 മുതൽ ഗുരുകുലം മാസിക സ്വന്തമായ പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധീകരിക്കാൻ തുടങ്ങി. സ്വന്തം പ്രസ്സ് ഉണ്ടായതോടെ പ്രസിദ്ധീകരണവിഭാഗം വികസിച്ചു തുടങ്ങി. നടരാജഗുരുവിന്റെയും, നിത്യചൈതന്യ യതിയുടേയും മുനി നാരായണപ്രസാദിന്റെയും ഗ്രന്ഥങ്ങളാണ് പ്രധാനമായും ഗുരുകുലത്തിൽനിന്നും പ്രസിദ്ധീകരിക്കുന്നത്. അതിൽ പലതും നാരായണഗുരുവിന്റെ വ്യാഖ്യാനവും പഠനവുമാണ്. 1972 മുതൽ വർക്കല ഹെഡ്ക്വാർട്ടേഴ്സിന്റെ ഭരണം മുനി നാരായണപ്രസാദിൽ നിക്ഷിപ്തമായിരിക്കുകയാണ്. 1972-ൽ നടരാജഗുരു എഴുതിയ കോഡിസിൽ അനുസരിച്ച് മുനി നാരായണപ്രസാദായിരിക്കും നിത്യചൈതന്യയതിയുടെ അനന്തരഗാമി.

## ബ്രഹ്മവിദ്യാമന്ദിരം

നാരായണഗുരുവിന്റെ ഏററവും വലിയ ഒരു അഭിലാഷമായിരുന്നു ശിവഗിരിക്കുന്നിന്റെ മുകളിൽ ലോകമതങ്ങളും ദർശനങ്ങളും പഠിക്കത്തക്കവണ്ണം ഒരു ബ്രഹ്മവിദ്യാമന്ദിരം സ്ഥാപിക്കണമെന്നത്. എന്നാൽ അത് നിറവേററാനുള്ള മുൻകയ്യെടുത്തത് നടരാജഗുരുവാണ്. രൂപം കൊണ്ടത് നാരായണഗിരിയിലും. 1963-ലാണ് അതിനു തറക്കല്ലിട്ടത്. തന്റെ ഗുരുവിന്റെ സങ്കല്പം സാക്ഷാത്ക്കരിക്കാനുള്ള നടരാജഗുരുവിന്റെ ഈ സംരംഭത്തിന് ഒരു വിശ്വവിദ്യാലയത്തിന്റെ പദവി നൽകിക്കൊണ്ട് East West University of Brahmavidya എന്ന പേരിൽ നിത്യചൈതന്യയതി വിപുലമാക്കുകയുണ്ടായി. ആധുനിക സർവ്വകലാശാലകളിൽനിന്നും തികച്ചും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്ന ഈ വിശ്വവിദ്യാലയം മേൽക്കൂരയില്ലാത്ത ഒരു സർവ്വകലാശാലയാണെന്ന് പറയാം. മനുഷ്യന്റെ പഠന മേഖലകളെ പലതായി വിഭജിച്ചിട്ട് അവയിൽ ഓരോന്നിനും പ്രത്യേകം പ്രത്യേകം വൈദഗ്ധ്യം നൽകുന്നതിനു പകരം ഒരേ മനുഷ്യചേതനയുടെതന്നെ നാനാമുഖങ്ങളിലൂടെയുള്ള വ്യഞ്ജിത ഭാവങ്ങളായികണ്ട്, മനുഷ്യന്റെ വിവിധതരം താൽപര്യ മേഖലകളെ ലക്ഷ്യോന്മുഖമാക്കിത്തീർത്ത്, വിദ്യാഭ്യാസത്തെ സാർത്ഥകമാക്കിത്തീർക്കുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഗുരുകുലത്തിന്റെ അടിസ്ഥാന തത്ത്വമായിരിക്കുന്ന ഗുരുശിഷ്യപാരമ്പര്യം തന്നെയാണ് ഇത്തരമൊരു വിദ്യാഭ്യാസം സാദ്ധ്യമാക്കിത്തീർക്കുന്നത്. ക്യാമ്പസ്സോ, വൻകെട്ടിടങ്ങളോ ഇല്ലാത്ത ഈ വിശ്വവിദ്യാലയത്തിനു് ആകെയുള്ള കെട്ടിടം വർക്കല ഗുരു നാരായണഗിരിയിൽ നിർമ്മിച്ചുവരുന്ന ഗുരുപീഠം മാത്രമാണ്. ഒരു ഗവേഷണഗ്രന്ഥശാലയും ഒരു പ്രസംഗമണ്ഡപവും ഉൾക്കൊള്ളുന്നതാണ് ഈ ഗുരുപീഠം. അതിന്റെ ആദ്യഘട്ടം പൂർത്തിയാകുകയും 1982 ജനുവരി 1-ന് ഉത്ഘാടനം ചെയ്യുകയും ചെയ്തു. അന്നുമുതൽ ബ്രഹ്മവിദ്യാ മന്ദിരത്തിന്റെ ഗവേഷണ ഗ്രന്ഥശാല പ്രവർത്തിച്ചു തുടങ്ങി. ആധുനിക വാസ്തുശില്പത്തിന്റെയും ദാരുശില്പത്തിന്റെയും ഒരു കമനീയ മാതൃകകൂടിയാണ് ആ മന്ദിരം. അടുത്ത ഘട്ടത്തിന്റെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

## ഗുരുകുലത്തിന്റെ ഉദ്ദേശ്യവും ലക്ഷ്യവും

അദ്വൈത വേദാന്തം അഥവാ ബ്രഹ്മവിദ്യ ഗുരുമുഖത്തുനിന്നും ശ്രവിക്കുവാനും മനനനിദിദ്ധ്യാസനങ്ങൾ കൊണ്ട് യഥാർത്ഥജീവിതത്തിൽ സാക്ഷാത്കൃതമാക്കാനും ജിജ്ഞാസുക്കളായ ഏവർക്കും സൗകര്യമുണ്ടാക്കിക്കൊടുക്കുകയും അതിലുള്ള താത്പര്യം വളർത്തിയെടുക്കുവാൻ ശ്രമിക്കുകയുമാണ് ഗുരുകുലപ്രസ്ഥാനത്തിന്റെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. വേദാന്തം വെറും തത്ത്വബോധത്തിനു വേണ്ടിമാത്രം ഉള്ളതല്ല. ദൈനംദിന ജീവിതത്തെത്തന്നെ സാക്ഷാത്കൃതമായ പര

സത്യത്തിന്റെ ബഹിസ്ഫുരണമായി ദർശിക്കുകയും, വ്യക്തിയുടേയും സമൂഹത്തിന്റെയും ജീവിതത്തിൽ അതു പുലർന്നുകാണാനുള്ള അഭിനിവേശം ഉണ്ടായിരിക്കുകയും ചെയ്യുക, തത്ത്വാവധാരണത്തെ സാർത്ഥകമാക്കിത്തീർക്കുന്ന അതിന്റെ മറുവശമാണ്. അത്തരമൊരു മാതൃകാജീവിതത്തിന് അനുകരണീയനായി സ്വീകരിച്ചിട്ടുള്ളത് നാരായണഗുരുവിനെത്തന്നെയാണ്. അതിനാൽ ഗുരുവിന്റെ ജീവിതത്തിലെ സവിശേഷതകൾ പരിചിതമാക്കിക്കൊടുക്കുകകൂടി ഗുരുകുലത്തിന്റെ കടമയായിത്തീർന്നിരിക്കുന്നു. ഇപ്രകാരമുള്ള ജീവിതത്തിലെ മുഖ്യപ്രേരണകളായിരിക്കും അഹിംസ, സാഹോദര്യം എന്നിവ.

## ഭരണക്രമം

സാഹോദര്യം ഗുരുകുലത്തിലെ ഒരു മുഖ്യാംശമാണെങ്കിലും ആധുനികകാലത്തെ ജനാധിപത്യ വ്യവസ്ഥക്കു പരിചിതമായ സമത്വം ഗുരുകുല പ്രസ്ഥാനത്തെ നയിക്കുന്നില്ല. ഗുരുവിന്റെ പ്രാഥമ്യവും ശിഷ്യന്മാരുടെ പ്രമുഖതയുമനുസരിച്ചുള്ള കീഴ്മേൽ സ്ഥാനക്രമവും ആണ് ഗുരുകുലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള തത്ത്വം. അദ്ധ്യാത്മജ്ഞാനം പകർന്നുകൊടുക്കേണ്ടതും പരമ്പരയാണ്. ആദിനാരായണൻ, പത്മഭാവൻ, വസിഷ്ഠൻ, ശക്തി, പരാശരൻ, വ്യാസൻ, ശുകൻ, ഗൗഡപാദർ, ഗോവിന്ദൻ, ശങ്കരൻ എന്നിങ്ങനെയുള്ള ഒട്ടനവധി ഗുരുപരമ്പരകൾ ഭാരതത്തിൽ പ്രഖ്യാതമാണ്. ശിഷ്യനില്ലാത്തപക്ഷം ഗുരുവിന്റെ മഹത്തായ ദർശനം ഭാവിലോകത്തിന് ഉപകരിക്കാതെ നഷ്ടപ്പെട്ടു പോകുന്നു. സദ്ഗുരു ലാഭം ഉണ്ടാകാത്ത ശിഷ്യന് ആജീവനാന്തം സത്യപിപാസുവായിത്തന്നെ കഴിയേണ്ടിവരും. അതുകൊണ്ടാണ് ഗുരുശിഷ്യ പരമ്പരയെയാണ് ഗുരുകുല പ്രസ്ഥാനത്തിൽ നിലനിറുത്തേണ്ടതെന്ന് തീരുമാനിച്ചിട്ടുള്ളത്. ഒരു അദ്ധ്യാത്മ സ്ഥാപനത്തിന്റെ ഭരണം അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സാധിതമാക്കിത്തീർക്കാൻ സഹായിക്കുന്ന തരത്തിലായിരിക്കണമല്ലോ. ജനാധിപത്യം എന്നും മറ്റുമുള്ള ഭരണപരമായ പ്രത്യയശാസ്ത്രസിദ്ധാന്തത്തിനുവേണ്ടി ബലികഴിക്കാനുള്ളതല്ല ഒരു അദ്ധ്യാത്മസ്ഥാപനത്തിന്റെ ആത്മാവായിരിക്കുന്ന അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഈ തത്ത്വം അറിഞ്ഞുകൊണ്ടുതന്നെയാണ് നാരായണഗുരു തന്റെ വിൽപ്പത്രത്തിൽ 'പരമ്പരയാ നിലനില്ക്കേണ്ടതാകുന്നു' എന്നു പറഞ്ഞു ഗുരുശിഷ്യ പരമ്പരയുടെ പ്രാധാന്യത്തെ എടുത്തുകാട്ടിയത്. അതേ തത്ത്വംതന്നെയാണ് ഭരണനിർവഹണത്തിൽ ഗുരുകുലപ്രസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ഭരണപരമായ ഔപചാരികതകൾ കഴിയുന്നത്ര കുറയ്ക്കുകയും അദ്ധ്യാത്മികമായ പാരസ്പര്യം പ്രസ്ഥാനത്തിന്റെ മുന്നോട്ടുള്ള ഗതിയെ നിയന്ത്രിക്കുകയും ചെയ്യണം എന്നുള്ളതാണ് ഒരു നിയാമക തത്ത്വമായി സ്വീകരിച്ചിട്ടുള്ളത്. സർവ്വാത്മനാ നാരായണഗുരുവിനായി സർവ്വസ്വവും സന്ത്യജിച്ചിട്ടുള്ള നാലുപേർ പരമ്പരയിൽ എപ്പോഴും ഉണ്ടായിരിക്കും. അതിൽ ഒന്നാമത്തേത് നാരായണഗുരുവിന്റെ സത്യദർശനത്തെ പ്രതിനിധാനം ചെയ്യുന്ന ഗുരുവും മറ്റു മൂന്നുപേർ സച്ഛിഷ്യന്മാരുമായിരിക്കും. നാലാമതൊരാളെ കൂടി മറ്റു മൂന്നുപേർ മനസ്സിൽ സങ്കൽപിച്ചിരിക്കുകയും വേണം. ഇങ്ങനെ നിലനിർത്തിപ്പോരുന്ന പരമ്പരയിലെ ഗുരുക്കന്മാർ തിരഞ്ഞെടുക്കുന്ന ശിഷ്യന്മാരുടെ പ്രമുഖതയ്ക്കുള്ള മുഖ്യമായ യോഗ്യത നിഷ്കളങ്കമായ ത്യാഗവും, സത്യദീക്ഷയും, അചഞ്ചലമായ ശ്രദ്ധയും, ഗുരുകുല പ്രസ്ഥാനത്തോടു കാട്ടുന്ന സേവനസന്നദ്ധതയും മാത്രമാണ്. ജാതി, മതം, വർഗ്ഗം, വർണ്ണം, ദേശം ഇത്യാദി പരിഗണനകളൊന്നും ഒരിക്കലും കണക്കിലെടുക്കേണ്ടതല്ല. പരമ്പരയിലേക്കു വരുന്നവർ സാമൂഹ്യബന്ധങ്ങൾ പൂർണ്ണമായി വെടിഞ്ഞ് സന്ന്യാസം സ്വീകരിച്ചവരായിരിക്കണം എന്നു നിർബന്ധമുണ്ട്. പരമ്പരയിലുൾപ്പെടുത്താൻ കണക്കിലെടുക്കേണ്ട യോഗ്യതകൾ നാരായണഗുരുതന്നെ തന്റെ ആശ്രമമെന്ന കൃതിയിൽ എണ്ണിപ്പറഞ്ഞിട്ടുണ്ട്. വിദ്വാനും, മുനിയും, ഉദാരചിത്തനും, സമദൃഷ്ടിയും, ശാന്തഗംഭീരനും, ജിതേന്ദ്രിയനും, പരോപകാരിയും, ദീനദയാലുവും, സത്യവാനും, സമർത്ഥനും, സദാചാരനിരതനും, കർത്തവ്യങ്ങളെ ശീഘ്രം ചെയ്യുന്നവനും, മടിയില്ലാത്തവനും ആയിരിക്കണം അയാൾ എന്നാണ് ഗുരു നിർദ്ദേശിക്കുന്നത്.

ദക്ഷിണയായും സ്വയാർജ്ജിതമായും ഉള്ള ഗുരുകുലത്തിന്റെ സ്വത്തുക്കളെല്ലാം അതാതുകാലത്തു ജീവിച്ചിരിക്കുന്ന ഗുരുവിന്റെ പൂർണ്ണമായ ഉടമസ്ഥതയിലും ഉത്തരവാദിത്വത്തിലും ആണ് ഇരിക്കുന്നത്. ഒരു ഗുരുവിന്റെ കാലശേഷം പരമ്പരയിലെ ഒന്നാമത്തെ ശിഷ്യൻ ഗുരുവായിത്തീരുകയും തന്റെ ഗുരുവിന്റെ അധീനതയിലിരുന്ന സ്വത്തുക്കളുടെയെല്ലാം അധികാരിയായിത്തീരുകയും ചെയ്യുന്നു.

## ഗുരുകുല കൺവെൻഷൻ

ഗുരുകുല പ്രസ്ഥാനത്തിന്റെ നിലനിൽപിന്റെ ഒരു പ്രധാന അംശവും ജിജ്ഞാസുക്കളൊയുള്ള സാധാരണ ജനങ്ങളും ഗുരുകുലവുമായുള്ള ബന്ധത്തിന്റെ ഒരു പ്രധാന കണ്ണിയും ആണ് ആണ്ടുതോറും ഡിസംബർ അവസാനവാരത്തിൽ വർക്കല ഗുരുകുലത്തിൽ ചേരുന്ന ഗുരുകുല കൺവെൻഷൻ. ഗുരുകുല പ്രസ്ഥാനത്തോടു അകത്തുനിന്നും പുറത്തുനിന്നും സഹകരിക്കുന്നവരെല്ലാം ഈ ഒരാഴ്ചക്കാലം വർക്കല ഗുരുകുലത്തിൽ ഒന്നിച്ചുചേർന്ന് താമസിച്ചുകൊണ്ട് ദാർശനിക വിഷയങ്ങളെ അധികരിച്ചുകൊണ്ടുള്ള ചർച്ചകളും പഠനങ്ങളും നടത്തുന്നു. എല്ലാവർഷവും ജനുവരി 1-ാംതീയതി കൺവെൻഷൻ അവസാനിച്ചിരുന്നത് ഗുരുവിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന ശിഷ്യന്മാരുടെ സമ്മേളനത്തോടെയാണ്. അടുത്തവർഷം മുതൽ കൺവെൻഷൻ ഡിസംബർ 23-ാംനു മുതൽ 29 വരെ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്ക് ''മെഴിവന്ന് മൗനനിലയായ് മുഴങ്ങുന്ന'' അനുഭവമുണ്ടാകുന്നത് ഒരു സാധാരണ സംഭവമാണ്. ഗുരുകുലപ്രസ്ഥാനത്തിന്റെ അസാധാരണമെന്നു കരുതാവുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ സാധാരണമായിത്തീരുന്നതായി അനുഭവപ്പെടുന്ന ഒരു സന്ദർഭം കൂടിയാണിതു. □

# കേരളത്തിന്റെ വ്യാവസായിക വളർച്ചയിൽ ഈഴവർ നൽകിയ സംഭാവന

**കളവങ്കോടം ബാലകൃഷ്ണൻ**

> യോഗിയും അദ്വൈതദാർശനികനുമായിരുന്ന നാരായണഗുരു ലൗകികകാര്യങ്ങളിൽ അത്യന്തം തല്പരനായിരുന്നു. വിദ്യാഭ്യാസം, കൃഷി, വ്യവസായം, സാങ്കേതിക പരിശീലനം തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധിക്കണമെന്ന് അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു.

"വിദ്യകൊണ്ട് പ്രബുദ്ധരാവുക; സംഘടനകൊണ്ട് ശക്തരാവുക'' എന്നതാണ് നാരായണഗുരു അധഃകൃതലക്ഷങ്ങൾക്കായി നല്കിയ ഏററവും ശക്തിമത്തായ സന്ദേശം. വിദ്യയ്ക്കാണ് പ്രാമുഖ്യം നല്കിയിരിക്കുന്നതെന്നു പ്രത്യേകം ശ്രദ്ധിക്കുക. അറിവുനേടാതെ ഉണർവ്വുനേടി പുരോഗമിക്കാനും ഉയരാനും വളരാനും കഴിയുകയില്ലെന്ന് വ്യക്തം. അനാവശ്യമായ അനാചാരങ്ങൾക്കായി (കെട്ടുകല്യാണം, തിരണ്ടുകളി, പുളികുടി, സർപ്പം തുള്ളൽ) പണം ദുർവ്യയം ചെയ്യരുതെന്നും കൃഷി, വ്യവസായം മുതലായവയിൽ സജീവ ശ്രദ്ധ ചെലുത്തണമെന്നും ധനം സമ്പാദിക്കണമെന്നും ഗുരു പലപ്പോഴായി ആവർത്തിച്ച് ഉപദേശിക്കുകയുണ്ടായിട്ടുണ്ട്.

1910-ൽ ചെറായി വിജ്ഞാനവർദ്ധിനി സഭ സമർപ്പിച്ച മംഗളപത്രത്തിനു മറുപടി പറയവേ ഗുരു നല്കിയ ഉദ്ബോധനങ്ങൾ അത്യന്തം ശ്രദ്ധേയമത്രേ: ''ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലാണ് നാം നമ്മുടെ ശ്രദ്ധ പതിപ്പിക്കേണ്ടത്. വിദ്യാഭ്യാസം കഴിഞ്ഞാൽ സമുദായാഭിവൃദ്ധിക്ക് അത്യാവശ്യമായിട്ടുള്ളത് വ്യവസായമാണ്. വ്യവസായംകൊണ്ടല്ലാതെ ധനാഭിവൃദ്ധി ഉണ്ടാകുവാൻ സാധിക്കുന്നതല്ല. പലമാതിരി യന്ത്രങ്ങൾ മുതലായവ വരുത്തി കൈപ്പണികൾ നടത്തിക്കുന്നതിനും നടത്തുന്നതിനും ഒരുമ്പെടണം. ഒരാളോ, അഥവാ സാധിക്കാതെ വരുന്നപക്ഷം പലർകൂടി കമ്പനി ഏർപ്പെടുത്തിയോ വ്യവസായങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ രാജ്യത്ത് ധാരാളമായുണ്ടാകുന്ന കൊപ്രാ, ചകിരി മുതലായവ അന്യദേശങ്ങളിലയച്ച് അവിടെ അവർ രൂപാന്തരപ്പെടുത്തുന്നതിന് വളരെ കൂടുതൽ വിലകൊടുത്ത് നാം വാങ്ങിച്ച് ഉപയോഗിക്കുന്നു. നമ്മുടെ കുട്ടികളെ വ്യവസായശാലകളിൽ അയച്ച്, രൂപാന്തരപ്പെടുത്തേണ്ട മാതിരി പഠിപ്പിക്കണം.''

1927-ൽ ഗുരു ശിവഗിരി തീർത്ഥയാത്രയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇപ്രകാരം വിരൽ മടക്കിയെണ്ണി: ''1. വിദ്യാഭ്യാസം. 2. ശുചിത്വം. 3. ഈശ്വരഭക്തി. 4. സംഘടന. 5. കൃഷി. 6. കച്ചവടം. 7. കൈത്തൊഴിൽ. 8. സാങ്കേതിക പരിശീലനങ്ങൾ.''

1902-ൽ ആവിർഭവിച്ച ശ്രീനാരായണ ധർമ്മ പരിപാലനയോഗത്തിന്റെ മൂന്നാമത്തെ വാർഷികം നാരായണഗുരുവിന്റെ സാന്നിദ്ധ്യത്തിലും ഔപചാരികമായ അദ്ധ്യക്ഷതയിലും കൊല്ലത്തുവെച്ചു നടന്നപ്പോഴാണ് കേരളത്തിലെ ആദ്യത്തെ വ്യവസായ പ്രദർശനം സംഘടിപ്പിക്കപ്പെട്ടത്. കേരളത്തിലെ ഏററവും വലിയ പ്രദർശനം നടന്നത് 1953-ൽ, ശ്രീ. ആർ. ശങ്കറുടെ നേതൃത്വത്തിൽ യോഗത്തിന്റെ കനകജൂബിലിയോടനുബന്ധിച്ചുമായിരുന്നു.

കാലത്തെ പിന്നിട്ട നാരായണ ഗുരുവിൻെറ ക്രാന്തദർശിതയും ആധുനിക വീക്ഷണവും ഇവയിലെല്ലാം നമുക്കു തെളിഞ്ഞുകാണാം.

1911 ഫെബ്രുവരി 15-ാംതിയ്യതി ശ്രീമൂലം പ്രജാസഭയിലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട്, നാരായണ ഗുരുവിൻെറ ശിഷ്യോത്തംസവും മഹാകവിയുമായ കുമാരനാശാൻ ചെയ്ത പ്രസംഗത്തിൽ കയർ, കൊപ്രാ, തുണി നെയ്ത്ത് എന്നിവ (തിരുവിതാംകൂർ) സംസ്ഥാനത്തെ പ്രധാന വ്യവസായമാണെന്നും മുഖ്യമായും ഇവ ഈഴവ സമുദായത്തിൻെറ കൈകളിലാണെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. രാജ്യത്തിൻെറയും ജനങ്ങളുടേയും അഭിവൃദ്ധി വ്യവസായത്തിൻെറ വിജയകരവും ശാസ്ത്രീയവുമായ വികാസത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഈ വ്യവസായങ്ങളുടെ സംഘാടനവും വികസനവും സർക്കാർ സ്വന്തം ചുമതലയായി ഏറ്റെടുക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ആ വ്യവസായങ്ങൾ ശാസ്ത്രീയമായ അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. യൂറോപ്പിലോ അമേരിക്കയിലോ പ്രത്യേക പരിശീലനം നേടിയ യുവജനങ്ങളുടെ ചുമതലയിലാക്കണമെന്ന് ആശാൻ അഭ്യർഥിച്ചു. ആ വ്യവസായങ്ങളിൽ വളരെ താല്പര്യം പുലർത്തുന്നവരാകയാൽ, ഈഴവ സമുദായത്തിലെ ഏതാനും യുവാക്കളെ പരിശീലനത്തിനായി വിദേശരാജ്യങ്ങളിലയക്കുന്നത് അഭിലഷണീയമായിരിക്കുമെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി.

അതിനടുത്ത ദിവസം, 1911 ഫെബ്രുവരി 16-ാം തീയതി. ശ്രീമൂലം പ്രജാസഭയിൽ. കുമാരനാശാൻ വീണ്ടും:

''യൂറോപ്പിലോ അമേരിക്കയിലോ കുട്ടികളെ അയച്ച് തൊഴിൽപരവും സാങ്കേതികവുമായ പരിശീലനം ചെയ്യിപ്പിക്കാൻ മിക്ക ഈഴവ കുടുംബങ്ങൾക്കും സാമ്പത്തിക പരാധീനതമൂലം സാധിക്കുകയില്ല. ഇതിനു മുൻപ്, നായർ ക്രിസ്ത്യൻ സമുദായാംഗങ്ങളെയാണ് സർക്കാർ പരിശീലനത്തിനായി തിരഞ്ഞെടുത്തയച്ചിട്ടുള്ളത്. പിന്നോക്കം നിൽക്കുന്ന ഈഴവ സമുദായം സർക്കാരിൻെറ സവിശേഷശ്രദ്ധ അർഹിക്കുന്നുണ്ട്. ഈഴവ സമുദായത്തിലെ അർഹരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകി യൂറോപ്പിലയച്ച് സാങ്കേതിക പരിശീലനം നൽകാൻ സർക്കാർ ദയ കാട്ടേണ്ടിയിരിക്കുന്നു.''

ശ്രീനാരായണ ഗുരുദേവൻ എന്ന ജീവ ചരിത്ര ഗ്രന്ഥത്തിൽ ജോൺ ധർമ്മതീർഥർ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു:

''കയർ പിരിക്കുന്ന തൊഴിലിലും ഗുരുദേവൻ വിദഗ്ധനായിരുന്നു. അവധൂതനായി കടലോരങ്ങളിൽ സഞ്ചരിക്കുന്ന കാലത്ത് അവിടെയുള്ള പല സാധുക്കൾക്കും കയറുപണി ശീലിപ്പിച്ചുകൊടുക്കുകയും അവർക്ക് അതൊരു ഉപജീവനമാർഗ്ഗമായിത്തീരുകയും ചെയ്തിട്ടുണ്ട്. കൃഷിസംബന്ധമായും വ്യവസായ സംബന്ധമായും അദ്ദേഹത്തോട് അഭിപ്രായം ചോദിച്ച് അതനുസരിച്ച് പ്രവർത്തിച്ചതുമൂലം ധനികന്മാരായിത്തീർന്നവരും കുറച്ചൊന്നുമല്ല.''

മഹാകവി കുമാരനാശാൻ 1924 ജനുവരി 16-ാം തീയതി പല്ലനയിൽവെച്ച് റെഡീമർ ബോട്ടപകടത്തിൽ അകാലചരമമടയുന്നത്, തോന്നയ്ക്കൽനിന്നു പുറപ്പെട്ട് കൊല്ലം വഴി ആലുവായിലെ സ്വന്തം ഓട്ടുകമ്പനിയിലേക്ക് പോകുന്നതിനിടയിലായിരുന്നു.

വ്യവസായ സംരംഭങ്ങളിൽ ഗുരുദേവൻെറ ഉപദേശങ്ങളും അനുഗ്രഹങ്ങളും സിദ്ധിച്ചതുമൂലം അഭിമാനാവഹമായ അഭിവൃദ്ധി നേടിയ കാര്യം പല വ്യവസായികളും ഏററുപറയുകയുണ്ടായിട്ടുണ്ട്.

യോഗിയും അദ്വൈതദാർശനികനുമായിരുന്ന നാരായണഗുരു ഇത്തരം ലൗകികകാര്യങ്ങളിൽ അത്യന്തം ശ്രദ്ധാലുവായിരുന്നു. ലൗകികജീവിതം ഹോമിച്ച് ആദ്ധ്യാത്മികപ്രകാശം ജ്വലിപ്പിയ്ക്കുന്ന രീതിയായിരുന്നില്ല നാരായണഗുരു ഉപദേശിച്ചത്. ആധിഭൗതികതയും ആദ്ധ്യാത്മികതയും തമ്മിൽ സമഞ്ജസമായി സമന്വയിപ്പിക്കുകയായിരുന്നു ഗുരുവിൻെറ ലക്ഷ്യം. കുമാരനാശാൻെറ കാവ്യജീവിതത്തിലും ഗുരുദേവൻെറ കാൽനഖേന്ദു മരീചികളെത്തന്നെ അനുസന്ധാനം ചെയ്യാൻ ശ്രമം നടത്തിയിരിക്കുന്നതു് കാണാം. ഭൗതികം ഇല്ലെങ്കിൽ അഭൗതികം ഇല്ലെന്നതാണ് പരമസത്യം. ഭൗതികത്തിലൂടെയാണ് അഭൗതികത്തെ കൈയെത്തിപ്പിടിക്കേണ്ടത്.

ഇന്ന് കേരളത്തിലെ ഈഴവരിൽ ഒട്ടനവധി പേർ വിവിധ വ്യവസായങ്ങളിൽ വിജയകരമായി വ്യാപരിക്കുന്നുണ്ട്. കയർ, കൊപ്രാ, തുണിനെയ്ത്ത്, മത്സ്യം, കോൺട്രാക്ട്, സ്വർണ്ണം, തടി എന്നിങ്ങനെ ഏതു തുറയിലും അവർ ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നുണ്ട്. അധികമധികം വ്യവസായങ്ങൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. വ്യവസായ സംരംഭങ്ങളുടെ എണ്ണം വർദ്ധിക്കുക മാത്രമല്ല, വ്യവസായ പരിശ്രമങ്ങൾ പുതിയ മേച്ചിൽപ്പുറങ്ങൾ തേടുകകൂടി വേണം.

നിർഭാഗ്യവശാൽ, കേരളത്തിലെ അന്തരീക്ഷം ഇന്ന് വ്യവസായങ്ങൾക്ക് പൂർണ്ണമായും അനുകൂലമാണെന്നു പറഞ്ഞുകൂടാ. ട്രെയിഡ് യൂണിയനുകളുടെ ആവശ്യത്തിൽക്കവിഞ്ഞ പെരുപ്പമാണ് ഒരു കാരണം. അവ തമ്മിലുള്ള മത്സരം അരോചകമായ അരാജകാവസ്ഥയ്ക്ക് ഇന്ന് വഴിയൊരുക്കുന്നു. വേതനവും മററാനുകൂല്യങ്ങളും അതിർകവിഞ്ഞ നിലയിലേയ്ക്കെത്തിയിരിക്കുന്നു. അതേ സമയം, ഉല്പാദനക്ഷമത വേണ്ടത്ര ഉയർന്നി

ട്ടില്ലതാനും. തൊഴിലിൽ ശുഷ്കാന്തിയും വൈദഗ്ധ്യവും പ്രദർശിപ്പിക്കാൻ വ്യഗ്രത കാണുന്നില്ല. ഇതിനൊക്കെപ്പുറമേയാണ്, വ്യവസായങ്ങളോടും വ്യവസായികളോടുമുള്ള നിഷേധാത്മകവും നശീകരണോന്മുഖവുമായ സമീപനം. തൊഴിൽ സമരങ്ങളുടെ ബാഹുല്യം ബഹുജനങ്ങൾക്ക് വല്ലാത്ത മനംമടുപ്പുണ്ടാക്കിത്തുടങ്ങിയിട്ടുണ്ട്. പട്ടിയെ പേപ്പട്ടിയെന്നു മുദ്രകുത്തികൊല്ലാൻ പുറപ്പെടുന്നതുപോലെയാണ്, വ്യവസായിയെ മുതലാളിയെന്ന് ചേരിതിരിച്ച് വർഗ്ഗരഹിതവിപ്ലവത്തിന് ചിലർ ഒരുമ്പെടുന്നത്. ഏതു വ്യവസ്ഥിതിയിലും വ്യവസായങ്ങൾ അനിവാര്യമാണെന്ന വസ്തുത അക്കൂട്ടർ വിസ്മരിക്കുന്നു. വ്യവസായത്തിന്റെ നേതൃത്വം വഹിക്കാൻ ഒരാളോ ഒരു പററം ആൾക്കാരോ തലപ്പത്തുണ്ടാകാതെ വയ്യല്ലോ. അവരെ ശത്രുവർഗ്ഗമായി കണക്കാക്കി ഉന്മൂലനം ചെയ്യാൻ കച്ചകെട്ടുന്ന സിദ്ധാന്തം പരിഷ്കൃതമോ ഉദ്ബുദ്ധമോ ആണെന്നു തോന്നുന്നില്ല. ന്യായമായ സേവന വ്യവസ്ഥകൾക്കും അനുബന്ധമായ മററു ആനുകൂല്യങ്ങൾക്കും വേണ്ടി കൂട്ടായി വിലപേശുന്നത് നിഷിദ്ധമാണെന്ന് ഇവിടെ വിവക്ഷിക്കുന്നില്ല. തലമറന്ന് തലവേദനയില്ലാതാക്കാൻ ശ്രമിക്കരുതെന്നു മാത്രം. പൊന്നിനോടുള്ള ദുര കാരണം പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലുകയുമരുത്.

വ്യവസായരംഗത്തെ അനാശാസ്യപ്രവണതകൾക്കു വളംവെച്ചുകൊടുക്കാൻ രാഷ്ട്രീയ പ്രതിബദ്ധതമൂലം ഈഴവസമുദായത്തിലെ ഒരു വിഭാഗം അറിഞ്ഞോ അറിയാതെയോ ചട്ടുകങ്ങളായിത്തീരുന്നുണ്ടോ? ഈ തരത്തിൽ ഒരു ആത്മപരിശോധന നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണെന്നാണ് തോന്നുന്നത്. □

**ക്ഷത്രിയനായിരുന്ന വിശ്വാമിത്രൻ, വസിഷ്ഠമഹർഷിയോടു കലഹിക്കുകയും അദ്ദേഹത്തോടു ജയിപ്പാൻ പ്രയാസമാണെന്നു കണ്ടപ്പോൾ, തനിക്കും വസിഷ്ഠനെപ്പോലെ ബ്രഹ്മർഷിയാകണം എന്നു വിചാരിച്ചു അതിന്നായി ഘോരമായ തപസ്സു ചെയ്കയും അങ്ങനെ ഒരു പുതിയ സ്വർഗ്ഗം സൃഷ്ടിക്കാനുള്ള ദിവ്യശക്തിപോലും സമ്പാദിക്കുകയും ചെയ്തുവെങ്കിലും അദ്ദേഹം ബ്രഹ്മർഷിയാണെന്നു വസിഷ്ഠൻ സമ്മതിക്കാതിരുന്ന പുരാണ കഥയെ സ്വാമി രസകരമായി ഇങ്ങനെ വ്യാഖ്യാനിക്കുകയുണ്ടായി:**

**''വസിഷ്ഠൻ ബ്രാഹ്മണനും വിശ്വാമിത്രൻ ക്ഷത്രിയനുമാണ്. ബ്രാഹ്മണനും ക്ഷത്രിയനും തമ്മിൽ ഒരംഗുലത്തിന്റെ വ്യത്യാസമേ ഉള്ളൂ. അത്ര അടുത്തു നിൽക്കുന്ന ക്ഷത്രിയൻ, ബ്രാഹ്മണനാവാൻ ശ്രമിച്ചിട്ടുണ്ടായ പാടാണിത്. ആ സ്ഥിതിക്ക് എത്രയോ ദണ്ഡ് അകലെകിടക്കുന്ന മററു ജാതിക്കാർ ബ്രാഹ്മണ്യത്തിനു ശ്രമിച്ചാലുള്ള കഥ എന്തായിരിക്കും?''**

— ശ്രീനാരായണഗുരു

# സഹോദര പ്രസ്ഥാനം

**ടാററാപുരം സുകുമാരൻ**

> ജാതിയുടേയും മതത്തിന്റേയും പേരിൽ നൂററാണ്ടുകളായി വളർന്നിരുന്ന എത്രയോ അന്ധവിശ്വാസങ്ങളാണ് സഹോദര പ്രസ്ഥാനത്തിന്റെ ഊഷ്മളതയിൽ ഉരുകിപ്പോയത്! ഈഴവൻ മുതല്ക്കുള്ള താഴ്ന്ന സമുദായങ്ങൾ എന്തെല്ലാം അനാചാരങ്ങളാണ് അനുഷ്ഠിച്ചിരുന്നത്! സാമൂഹിക സ്വാതന്ത്ര്യത്തിനുള്ള ആദ്യപടി ഇവയെ പിഴുതെറിയുക എന്നതായിരുന്നു. ഈ ആദർശം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അയ്യപ്പന്റെ നേതൃത്വത്തിലുള്ള സഹോദര പ്രസ്ഥാനം നിസ്തുലമായ പങ്കു വഹിക്കുകയുണ്ടായി.

**മി**ശ്രഭോജനം എന്നു കേട്ടാൽ അതിൽ വിശേഷവിധിയായി എന്തെങ്കിലുമുണ്ടെന്ന് പുതിയ തലമുറയിൽപ്പെട്ടവർ ചിന്തിച്ചെന്നു വരുകയില്ല. എന്തുകൊണ്ടെന്നാൽ മിശ്രഭോജനവും മിശ്രവിവാഹങ്ങളുമെല്ലാം ഇന്നു സർവ്വസാധാരണമായിത്തീർന്നിരിക്കുന്നു. എന്നാൽ വർഷങ്ങൾക്കു മുമ്പു കേരളത്തിലെ അവസ്ഥ ഇതായിരുന്നില്ല. തീണ്ടൽ നിലനിന്ന കാലമായിരുന്നു അത്. മേൽജാതിക്കാരെ കണ്ടാൽ കീഴ് ജാതിക്കാർ ഓടിമാറിക്കൊള്ളണം. തൊട്ടുകൂടാത്തവരും ദൃഷ്ടിയിൽ പെട്ടാലും പാപമുള്ളവരുമായ അധഃകൃതവിഭാഗം നിരവധി യാതനകൾ സഹിച്ചാണ് കഴിഞ്ഞുകൂടിപ്പോന്നത്. നമ്പൂരിയെ കണ്ടാൽ ഈഴവൻ 'തീണ്ടാപ്പാട'കലത്തിൽ നിൽക്കണം. പുലയനു് ഈഴവന്റെ അടുത്തുപോകാൻ പാടില്ല. ജാതിയും ഉപജാതിയുമായി മനുഷ്യസമുദായം പല പല അറകളിലായി കഴിഞ്ഞു കൂടിയിരുന്ന അക്കാലത്താണ് ശ്രീനാരായണ ഗുരുദേവൻ ജനങ്ങളിൽ നിന്ന് ജാതിചിന്ത അകററാനായി ഏകജാതി സന്ദേശപ്രചരണത്തിനായി കേരളത്തിൽ സഞ്ചരിച്ചിരുന്നത്. ഗുരുദേവസന്ദേശങ്ങൾ സാമൂഹ്യപരിഷ്കരണത്തിനുള്ള ശംഖനാദമായി മാറി. പക്ഷെ ജാതിചിന്ത ഹൃദയത്തിന്റെ അഗാധതയിൽ പതിഞ്ഞു പോയതിനാൽ അക്കാലത്ത് ഗുരുദേവസന്ദേശങ്ങൾ യാഥാസ്ഥിതികരായ ഈഴവർ ചെവിക്കൊണ്ടില്ല. എന്നാൽ അത്തരക്കാരെ യാഥാർത്ഥ്യത്തിലേക്കു നയിക്കാൻ ഒരു ഷോക്ക് ട്രീററ്മെൻറ് തന്നെ ആവശ്യമായിരുന്നു.

ഇപ്രകാരം ജാതിനിർമ്മാർജ്ജന യത്നത്തിൽ നിസ്തുലമായ പങ്കുവഹിച്ച ഒരു പ്രസ്ഥാനമാണ് സഹോദര പ്രസ്ഥാനം. സഹോദരൻ അയ്യപ്പൻ എന്നു പിൽക്കാലത്ത് പ്രസിദ്ധനായ കെ. അയ്യപ്പനായിരുന്നു അതിന്റെ ഉപജ്ഞാതാവ്.

ഏകദേശം എഴുപതുവർഷങ്ങൾക്കു മുമ്പാണ് ആ സംഭവമുണ്ടായത്. കെ. അയ്യപ്പൻ തിരുവനന്തപുരത്തു നിന്ന് ജന്മനാടായ ചെറായിലേക്കു പോവുകയായിരുന്നു. കൊച്ചിക്കടുത്തുള്ള ഒരു കായലോരഗ്രാമമാണ് ചെറായി. ബി. എ. പരീക്ഷ എഴുതി റിസൾട്ട് കാത്തിരിക്കുന്ന ഒരു കോളേജുവിദ്യാർത്ഥിയായിരുന്നു അയ്യപ്പൻ അന്ന്. ശ്രീനാരായണഗുരുദേവന്റെ വാത്സല്യം അക്കാലത്തുതന്നെ നേടുവാൻ അയ്യപ്പനു കഴിഞ്ഞിരുന്നു. ചെറായിക്കു വരുന്നവഴി ആലുവാ അദ്വൈതാശ്രമത്തിൽ ശ്രീനാരായണഗുരുദേവൻ എത്തിയിട്ടുണ്ടെന്നറിഞ്ഞ് ഗുരുദേവദർശനത്തിനായി അദ്ദേഹം അങ്ങോട്ടുപോയി. അയ്യപ്പനിൽ ഒരു വിപ്ലവകാരിയെ കണ്ട ഗുരുദേവൻ അയ്യപ്പന്റെ സാമൂഹ്യസേവനങ്ങളെ അഭിനന്ദിക്കാറുണ്ടായിരുന്നു.

അയ്യപ്പൻ ഗുരുദേവസന്നിധിയിലെത്തി. അന്നും ജാതിവ്യവസ്ഥ, അയിത്തം എന്നീ വിഷയങ്ങളെക്കുറിച്ച് അയ്യപ്പൻ സംസാരിച്ചു. ജാതി പോകണം എന്ന്

ആവേശത്തോടെ അയ്യപ്പൻ പറഞ്ഞത് ഗുരുദേവൻ ശ്രദ്ധിച്ചു. എല്ലാം കേട്ടശേഷം ഗുരുദേവൻ ചോദിച്ചു: ''ജാതിക്കെതിരായി ഇങ്ങനെ പറഞ്ഞുകൊണ്ടിരുന്നാൽ മതിയോ? നമ്മുടെ അനുയായികളുടെ മനസ്സിൽ നിന്നു തന്നെ ജാതിചിന്ത നീക്കം ചെയ്യുന്നതിന് എന്തെങ്കിലും ചെയ്യേണ്ടതല്ലേ?''

ഗുരുദേവന്റെ ചോദ്യങ്ങൾ കുറിക്കുകൊണ്ടു. അവ അയ്യപ്പന്റെ മനസ്സിൽ ആഴത്തിൽ പതിയുക തന്നെ ചെയ്തു. ഗുരുദേവദർശനം കഴിഞ്ഞു ചെറായിയിലേക്ക് മടങ്ങുമ്പോഴും ആ വാക്കുകൾ സ്വന്തം ചെവിയിൽ പ്രതിധ്വനിക്കുന്നതായി അയ്യപ്പനു തോന്നി. ''ശരിയാണ്; ആദ്യം അനുയായികളുടെ മനസ്സിൽനിന്ന് ജാതിചിന്ത മാറണം. അത് സ്വയം മാറുകയില്ല. മാറ്റുക തന്നെ വേണം. അതിനെന്താണു വഴി?'' എന്നായി അയ്യപ്പന്റെ ആലോചന. അങ്ങിനെ അയ്യപ്പന്റെ ഹൃദയത്തിൽ ഒരു സാമൂഹ്യവിപ്ലവത്തിന്റെ മുളപൊട്ടുകയായിരുന്നു.

ചെറായിയിലെത്തിയതോടെ അയ്യപ്പൻ അസ്വസ്ഥനായി. ജാതി പോകണമെന്നു ചിന്തിക്കുന്ന ഈഴവർ ആദ്യം ചെയ്യേണ്ടത് പുലയരുമായി സഹവസിക്കുകയും അവരെ സമഭാവനയോടെ കാണുകയും ചെയ്യണം. ഇതിനെന്താണൊരു വഴി? അന്ന് ഈഴവഗൃഹങ്ങളിൽ പുലയരെ പ്രവേശിപ്പിക്കുകയോ, അവരുമായി 'തൊട്ടുണ്ണുകയോ' ചെയ്തിരുന്നില്ല. ഈ അകൽച്ച മാററിയെടുക്കുകയാണാവശ്യമെന്ന് അയ്യപ്പനു തോന്നി. അദ്ദേഹം പലരേയും ചെന്നുകണ്ട് ഇക്കാര്യം ചർച്ച ചെയ്തു. അങ്ങിനെ ഉയർന്നുവന്ന ഒരു ആശയമാണ് മിശ്രഭോജനം.

ഈ ആശയവുമായി അയ്യപ്പൻ ബഹുദൂരം മുന്നോട്ടു പോയി. തുടർന്ന് ഏതാനും യുവാക്കളെ ഒന്നിച്ചു ചേർത്തു മിശ്രഭോജനത്തിനുള്ള പദ്ധതി തയ്യാറാക്കി. യോഗം ചേർന്ന് ജാതിനശീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചു അയ്യപ്പൻ പ്രസംഗിച്ചു. അതിനുശേഷം അവിടെ ഹാജരായവർക്ക് അയ്യപ്പൻ ഒരു സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. അതു ഇപ്രകാരമായിരുന്നു:

'ജാതിവ്യത്യാസം ശാസ്ത്രവിരുദ്ധവും ദോഷകരവും അനാവശ്യവുമായതുകൊണ്ട് അതിനെ ഇല്ലാതാക്കുവാൻ നിയമവിരുദ്ധമല്ലാത്തവിധം എന്നെക്കൊണ്ടു കഴിയുന്നതൊക്കെ ചെയ്യാമെന്ന് ഞാൻ പൂർണ്ണമനസ്സാലെ സമ്മതിച്ചു സത്യം ചെയ്തുകൊള്ളുന്നു.'

യോഗം അവസാനിക്കുന്നതിനു മുമ്പ് അയ്യപ്പൻ ഇത്രയുംകൂടി പറഞ്ഞു: 'ഞങ്ങളിൽ ചിലർ പുലയനുമൊത്തു ഭക്ഷണം കഴിക്കാൻ തയ്യാറായിട്ടുണ്ട്. ആരെങ്കിലും അതിൽ പങ്കുചേരണമെങ്കിൽ അറിയിക്കാം.'

ഈ കേട്ടപ്പോഴാണ് തങ്ങൾ ചെയ്തുപോയ പ്രതിജ്ഞയുടെ അപകടം പലർക്കും മനസ്സിലായത്. പുലയനെ 'തൊട്ടുതിന്നുക' നിഷിദ്ധമാണ്. യോഗാദ്ധ്യക്ഷനുൾപ്പെടെ ഏതാനും പേർ വിസമ്മതം പ്രകടിപ്പിച്ചു ഉടനെ യോഗസ്ഥലത്തു നിന്ന് ഇറങ്ങിപ്പോയി. ശേഷം പേർ അയ്യപ്പന്റെ നേതൃത്വത്തിൽ മിശ്രഭോജനത്തിന് സന്നദ്ധരായി. ഒരു പുലയബാലനെ നേരത്തെ കുളിപ്പിച്ചു വെള്ളമുണ്ടുടുപ്പിച്ചു തയ്യാറാക്കി നിറുത്തിയിരുന്നു. അവൻ പാകംചെയ്ത ആഹാരം അവനോടൊപ്പമിരുന്ന് അവശേഷിച്ചവർ കഴിച്ചു. ഇതായിരുന്നു ആദ്യത്തെ മിശ്രഭോജനം.

നൂറ്റാണ്ടുകളായി പവിത്രമെന്നു കരുതിയിരുന്ന ഒരാചാരമാണ് ലംഘിക്കപ്പെട്ടത്. അതു നാട്ടിൽ കോളിളക്കമുണ്ടാക്കി. ചെറായിയിലെ ഈഴവസഭ മിശ്രഭോജനത്തിൽ പങ്കെടുത്ത ഈഴവ കുടുംബങ്ങൾക്ക് ഭ്രഷ്ട് കല്പിച്ചു. മിശ്രഭോജനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ചു അയ്യപ്പൻ പിൽക്കാലത്തു രചിച്ച ഒരു കവിതയിൽ ഇങ്ങനെ എഴുതുകയുണ്ടായി:

ഇളകി മറിഞ്ഞിതു പിറേറ ദിവസം<br>
ജനതയശേഷം ബഹളം ബഹളം!<br>
പുലയൊരീഴവരൊരുമിച്ചുണ്ടതു്<br>
ശരിയല്ലെന്നു ശഠിച്ചു ജനങ്ങൾ!

മിശ്രഭോജനത്തിൽ പങ്കെടുത്തവരെ 'പുലച്ചോന്മാർ' എന്നുവിളിച്ചു സമുദായം അകററി നിറുത്തി. അയ്യപ്പന് 'പുലയനയ്യപ്പൻ' എന്നൊരു പേരും അവർ കൊടുത്തു. മാത്രമോ? ഈ പ്രസ്ഥാനത്തിന് നേതൃത്വം നല്കിയ അദ്ദേഹത്തിന് യാഥാസ്ഥിതികരിൽനിന്ന് കായികദണ്ഡനം വരെ അനുഭവിക്കേണ്ടിവന്നു.

പക്ഷെ അയ്യപ്പൻ കൊളുത്തിയ തീ പടർന്നു പിടിക്കാൻ താമസമുണ്ടായില്ല. യുവാക്കളുടെ ഹൃദയത്തിൽ ഈ ആശയത്തിനു സ്വാഗതം ലഭിച്ചു. പക്ഷെ പലർക്കും പറമെ പറയാൻ ഭയമായിരുന്നു. സമുദായ വിലക്ക് ഭീകരമായിരുന്നു. മിശ്രഭോജനത്തിൽ പങ്കെടുത്ത 22 വീട്ടുകാർക്കാണ് ചെറായിയിലെ ഈഴവസഭ വിലക്കു കല്പിച്ചത്. അവർക്ക് അലക്കുകാരനേയും ക്ഷുരകനേയും വരെ വിലക്കി. പുലച്ചോവന്മാരുടെ അടിയന്തിരങ്ങളിൽ ആരും പങ്കെടുത്തുകൂടാ എന്ന് കർശനമായി ആജ്ഞാപിക്കപ്പെട്ടു. വെള്ളമോ തീയോ കൊടുത്തുകൂടാ. പുരമേയുക, കുളം തേവുക, വേലി കെട്ടുക, അടിയന്തിരം നടത്തുക എന്നിവയ്ക്കൊന്നും ആരും സഹകരിക്കുകയില്ല. വിലക്കപ്പെട്ടവർ ഒന്നിച്ചും പരസ്പരം സഹകരിച്ചും തന്നെ ഓരോന്നും ചെയ്യേണ്ടിവന്നു.

പിന്നീട് അയ്യപ്പൻ സ്ഥാപിച്ച സഹോദരൻ എന്ന പത്രം ജാതിനശീകരണത്തിനുള്ള ജിഹ്വയായിത്തീർന്നു. മിശ്രഭോജനങ്ങൾ നാടിന്റെ പലഭാഗത്തും ഒളിഞ്ഞും തെളിഞ്ഞും നടന്നു. അതിന്റെയെല്ലാം വാർത്തകൾ സഹോദരനിൽ പ്രത്യക്ഷപ്പെട്ടു. ഇത്രയുമായപ്പോൾ ഈ പ്രസ്ഥാനത്തെക്കുറിച്ച് ശ്രീനാരായണഗുരു

ദേവൻെറ അഭിപ്രായമറിയാൻ പലരും വെമ്പൽകൊണ്ടു. ആലുവായിൽ ഒരു സഹോദരസമ്മേളനം നടത്താൻ നിശ്ചയിച്ച അവസരമായിരുന്നു അതു്. പ്രസ്തുത സമ്മേളനത്തിൽ ഗുരുദേവൻെറ സന്ദേശം വിളംബരം ചെയ്തു. അതിപ്രകാരമായിരുന്നു: 'മനുഷ്യരുടെ മതം, വേഷം, ഭാഷ മുതലായവ എന്തുതന്നെയായാലും അവരുടെ ജാതി ഒന്നായതുകൊണ്ടു് അന്യോന്യം വിവാഹവും പന്തിഭോജനവും ചെയ്യുന്നതിനു് യാതൊരു ദോഷവുമില്ല.' ആലുവായിൽ ചേർന്ന സമസ്തകേരള സഹോദരസമ്മേളനം ഒരു പുതിയ പ്രസ്ഥാനത്തിൻെറ നാന്ദി കുറിച്ചു— അതായിരുന്നു സഹോദരപ്രസ്ഥാനം.

ശ്രീനാരായണ ഗുരുസ്വാമികളുടെ വിളംബരം സഹോദരപ്രസ്ഥാനത്തിൻെറ നേരെ തിരിയാൻ അധഃകൃതജനതയ്ക്കു് പ്രചോദനമേകി. ക്രമേണ അതൊരു വിമോചന പ്രസ്ഥാനമായി മാറി. 'സഹോദരൻ' പത്രത്തിൽ കെ. അയ്യപ്പൻ എഴുതിക്കൊണ്ടിരുന്ന മുഖപ്രസംഗങ്ങൾ ഈ പ്രസ്ഥാനത്തിനുനേരെ ഈഴവർക്കുണ്ടായ എതിർപ്പുകൾ കുറക്കുവാനും സഹായകമായി. മിശ്രഭോജനംകൊണ്ടു് ഒരു പ്രയോജനവുമില്ലെന്നു വാദിച്ചിരുന്നവരുടെ കണ്ണു തുറപ്പിക്കുന്നതിനായി അക്കാലത്തു് കെ. അയ്യപ്പൻ ഇപ്രകാരമെഴുതി: 'മിശ്രഭോജനമെന്നു കേൾക്കുമ്പോൾ നെററി ചുളിക്കുന്നവർ അതിൻെറ ഉദ്ദേശവും ഉപയോഗവും തീരെ മനസ്സിലാക്കീട്ടില്ല. മിശ്രഭോജനം ചെയ്യുന്നതു് അതുകൊണ്ടുമാത്രം ഏതെങ്കിലും വർഗ്ഗക്കാർക്കു് വിദ്യാഭ്യാസവും ധനവും വർദ്ധിപ്പിച്ചു കളയാമെന്നു വെച്ചിട്ടല്ല. ഉയർന്നവരെ താഴ്ത്തി താണവരുടെനിലയിൽ കൊണ്ടുവരുവാനും മിശ്രഭോജനക്കാർക്കു ഉദ്ദേശമില്ല. പൊതുവിൽ രാജ്യത്തിൻെറ ക്ഷേമത്തിനു വേണ്ടി, ആർക്കും ഉപദ്രവം ഉണ്ടാകാത്ത വിധത്തിൽ ജാതിവ്യത്യാസം ഇല്ലാതാക്കണമെന്നു മാത്രമേ അവർക്കു ആഗ്രഹമുള്ളു. ഒരു താണ ജാതിക്കാരൻ എത്ര യോഗ്യനും പരിശുദ്ധനും ശുചിയുള്ളവനും ആയാലും, അയാൾക്കു് നീചനും വൃത്തിഹീനനുമായ ഒരുയർന്ന ജാതിക്കാരനുമായി ഊണുകഴിക്കാൻ പോയിട്ടു്, അയാളുടെ അടുത്തു പോകാൻ തന്നെ പാടില്ല. നമ്മുടെ സമുദായജീവിതത്തിൻെറ പോക്കു് അങ്ങിനെയാണു്. വാസ്തവത്തിൽ ശുചിയും യോഗ്യതയും മററും ആരും നോക്കുന്നില്ല. നമ്പൂതിരി സ്ത്രീ പെററവൻ എത്ര നീചനായാലും പരമയോഗ്യൻ! ശുചിയുള്ളവൻ, ശുചിയില്ലാത്തവൻ, യോഗ്യൻ, നിസ്സാരൻ എന്നീ ഭേദങ്ങളല്ല കണക്കാക്കുന്നതു്. താണവനും ഉയർന്നവനും എന്നുള്ളതാണത്രെ യഥാർത്ഥമായ ഭേദം! ജനങ്ങളുടെ ഈ വിശ്വാസഗതിക്കു് വളരെക്കാലത്തെ പരിചയംകൊണ്ടു് എളുപ്പത്തിൽ ഉടക്കാൻ പാടില്ലാത്ത ദൃഢത വന്നുപോയിട്ടുണ്ടു്. ഇതിനു മാററം വരുത്താതെ ജാതിവ്യത്യാസം ഇല്ലാതാക്കുവാനുള്ള ശ്രമം ഒരുവിധത്തിലും ഫലിക്കുകയില്ല. മിശ്രഭോജനം ജനസാമാന്യത്തിൻെറ കല്ലിച്ചുപോയ മനോഗതിയെ എളുപ്പത്തിൽ ഉരുക്കുവാനുള്ള ദ്രാവകമാണു്. ആകയാൽ അതു താണവരെ ഉയർത്തുന്നതിനും, ഉയർന്നവരുടെ അന്ധവിശ്വാസത്തെ ഇല്ലാതാക്കുന്നതിനും പൊതുവിൽ ജനങ്ങളുടെ ഇടയിൽ സൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനും ഏററവും ഉപകരിക്കും.'

ഇങ്ങനെ നിരന്തരമായ പ്രബോധനവും പ്രചാരണവും മൂലം സഹോദര പ്രസ്ഥാനത്തിൻെറ നേർക്കുയർന്ന എതിർപ്പുകളെല്ലാം കെട്ടടങ്ങി. ചെറായിയിലെ ഈഴവസഭ ഭ്രഷ്ടു കല്പിച്ച എല്ലാ കുടുംബങ്ങളേയും സഭയോടു യോജിപ്പിക്കാൻ തീരുമാനമെടുത്തു. ഇക്കാലത്തുതന്നെയാണു് സഹോദര പ്രസ്ഥാനത്തിൻെറ ശാഖകൾ നാടിൻെറ നാനാഭാഗങ്ങളിലും ഉടലെടുത്തതു്. ഈ ശാഖകളുടെ യോഗങ്ങളിൽ പുലയയുവാക്കൾക്കു് പ്ലാററ്ഫോറത്തിൽതന്നെ സ്ഥാനം കൊടുത്തു. അതിനുമുമ്പാകട്ടെ സമ്മേളനസ്ഥലത്തിൻെറ അയലത്തുപോലും നില്ക്കാൻ പുലയനു അനുവാദമുണ്ടായിരുന്നില്ല. സമ്മേളനത്തോടനുബന്ധിച്ചു് നടത്താറുണ്ടായിരുന്ന 'ജാതിരാക്ഷസദഹന'വും ആകർഷണീയമായിരുന്നു. ഒരു കലാപരിപാടിയെന്നോണം സദസ്യർ അതു കണ്ടു രസിക്കുമായിരുന്നു.

ജാതിരാക്ഷസ ദഹനത്തിൻെറ ചടങ്ങു് ഇപ്രകാരമായിരുന്നു: വളരെ ഉയരമുള്ള ഒരു വികൃതരൂപം വൈക്കോൽകൊണ്ടു നേരത്തെ നിർമ്മിച്ചുവെയ്ക്കും. അതിനുള്ളിൽ പടക്കങ്ങളും മററും വെച്ചിരിക്കും. രൂപത്തെ കടലാസ്സുകൊണ്ടു് പൊതിഞ്ഞു പൂണൂലും ധരിപ്പിച്ചിരിക്കും. ഒരു കയ്യിൽ ഒരു കുടുക്ക. അതിൻെറ പുറത്തു് 'അസൂയക്കുടുക്ക' എന്നു് എഴുതിയിട്ടുണ്ടാവും. ഈ രൂപത്തെ ഒരു മഞ്ചത്തിൽ താങ്ങി 'ജാതിരാക്ഷസൻ നശിക്കട്ടെ! ജാതി രാക്ഷസൻ ദഹിക്കട്ടെ!' എന്നു് ആർത്തു വിളിച്ചു് തപ്പു്, ചെണ്ട എന്നിവയുടെ അകമ്പടിയോടെ കൊണ്ടുപോകും. ദഹനസ്ഥലത്തെത്തിയാൽ മഞ്ചം ഇറക്കി ജാതിരാക്ഷസനെ അവിടെ സ്ഥാപിക്കും. പിന്നെ അയ്യപ്പൻെറ പ്രസംഗമായി: 'ഇവനാണു് ജാതിരാക്ഷസൻ! ഇവൻ ചെയ്ത അക്രമങ്ങൾക്കു കണക്കില്ല.......' തുടർന്നു തപ്പിൻേറയും ചെണ്ടയുടേയും ശബ്ദമുയരും. അതിനിടയിൽ അയ്യപ്പൻതന്നെ ജാതിരാക്ഷസനു് തീ കൊടുക്കും. തീജ്ജ്വാലകൾ ആളിപ്പടരുമ്പോൾ പടക്കങ്ങൾ പൊട്ടും. രാക്ഷസൻ ചാമ്പലായിക്കഴിയുമ്പോൾ ആ സ്ഥലത്തു സ്വാമിസന്ദേശങ്ങൾ എഴുതിയ പതാകകൾ ഉയർത്തും.

സഹോദരപ്രസ്ഥാനത്തിലേക്കു് കൂടുതൽ ആളുകളെ നയിക്കാൻ ഈ ജാതിരാക്ഷസദഹനവും മററും സഹായിച്ചു എന്നു പറയേണ്ടതില്ലല്ലൊ. ജാതിയുടേയും മതത്തിൻേറയും പേരിൽ നൂററാണ്ടുകളായി വളർന്നിരുന്ന എത്രയോ അന്ധവിശ്വാസങ്ങളാണു് സഹോദര പ്രസ്ഥാനത്തിൻെറ ഊഷ്മളതയിൽ ഉരുകിപ്പോയതു്! ഈഴവൻ മുതല്ക്കുള്ള താഴ്ന്ന സമുദായങ്ങൾ എന്തെല്ലാം അനാചാരങ്ങളാണു് അനുഷ്ഠിച്ചിരുന്നതു്. സാമൂഹിക സ്വാതന്ത്ര്യത്തിനുള്ള ആദ്യപടി ഇവയെ പിഴുതെറിയുക എന്നതായിരുന്നു ശ്രീനാരായണൻെറ ഉൽബോധനം. ഈ ആദർശം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനു് അയ്യപ്പൻെറ നേതൃത്വത്തിലുള്ള സഹോദര പ്രസ്ഥാനം നിർണ്ണായകമായ പങ്കു് വഹിക്കുകയുണ്ടായി. □

# ശ്രീനാരായണഗുരുവിന്റെ മഹത്വം

**അശോകൻ വേങ്ങശേരി**

ശ്രീനാരായണഗുരുവിന്റെ മഹത്വം നിറഞ്ഞ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം നടത്തുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം. ഗുരുദേവൻ ആരായിരുന്നു? എന്തുകൊണ്ട് അദ്ദേഹം ആദരിക്കപ്പെടുന്നു? ആ മഹാഗുരു മാനവരാശിക്കു നല്കിയ സന്ദേശമെന്ത്? ഗുരുവിനെ ആദരിക്കുന്നുവെന്നവകാശപ്പെടുന്നവരുടെ കടമയെന്ത്?

19-ാം നൂററാണ്ട് കേരളചരിത്രത്തിലെ ഇരുണ്ട കാലഘട്ടമായിരുന്നു. ഹിന്ദുമതത്തിന്റെ ഏററവും വലിയ ശാപമായ ജാതിവ്യവസ്ഥയും അതു സൃഷ്ടിച്ച അടിമത്വവും കേരളത്തെ അക്ഷരാർത്ഥത്തിൽത്തന്നെ ഭ്രാന്താലയമാക്കി മാററിയിരുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിമിത്തം സാമൂഹ്യജീവിതം ഭയാനകമായിരുന്നു. സവർണ്ണമേധാവിത്വത്തിന്റെ ചാട്ടവാറടിയേററു രക്തംവന്നിട്ടും പ്രതികരിക്കാനാവാതിരുന്ന ഒരു വലിയ സമൂഹത്തിന്റെ മൂകരോദനം അവിടെ മുഴങ്ങി. ലക്ഷ്യബോധമില്ലാതെ മൃഗതുല്യരായിക്കഴിഞ്ഞ അവരുടെ ഇടയിലേക്ക് ഒരു പുതിയ യുഗത്തിന്റെ പാഞ്ചജന്യവുമായി ഒരാചാര്യൻ കടന്നു വന്നു-നാരായണഗുരുദേവൻ.

കേരളത്തിന്റെ തെക്കേയററത്തു തിരുവനന്തപുരത്തിനടുത്തു ചെമ്പഴന്തി ഗ്രാമത്തിൽ വയൽവാരത്തു വീട്ടിൽ മാടനാശാന്റെയും കുട്ടിയമ്മയുടെയും അരുമ സന്താനമായി പിറന്ന നാണു ഒരു നൂററാണ്ടിന്റെ വിമോചകനായ-ഒരു പുതിയ വ്യവസ്ഥിതിയുടെ ഉപജ്ഞാതാവായി മാറിയ കഥ ആധുനിക കേരളത്തിന്റെ ചരിത്രമാണ്. ലോകം കണ്ട ഒരു വലിയ സാമൂഹ്യവിപ്ലവം ഒരു ജീവിതകാലത്തിനുള്ളിൽ പൂർത്തിയാക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. വാചകകസർത്തുകൾകൊണ്ടോ ആയോധനാഭ്യാസങ്ങൾ കൊണ്ടോ അല്ല അദ്ദേഹം അതു സാധിച്ചത്. എല്ലാതലത്തിലുമുള്ള മനുഷ്യന്റെ ബൗദ്ധികമണ്ഡലത്തിൽ-അവന്റെ ചിന്താമണ്ഡലത്തിൽ ദൂരവ്യാപകമായ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഒരു പുതിയ ജീവിതമാർഗ്ഗം ഗുരു നയിച്ചു കാണിച്ചു. ഗുരു തുറന്നുതന്ന പുതിയ യുഗത്തിന്റെ കവാടങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക സമൂഹത്തെമാത്രം ഉദ്ദേശിച്ചായിരുന്നില്ല. ചണ്ഡാലൻ മുതൽ ബ്രാഹ്മണൻവരെ സമൂഹത്തിന്റെ എല്ലാ തട്ടിലുമുള്ള ജനങ്ങളെയും തന്റെ അമൃതവചനങ്ങളാലും പ്രവത്തങ്ങളാലും ഗുരുദേവൻ ഇളക്കി മറിച്ചു.

തന്റെ പ്രവർത്തനശൈലിയും നയചാതുര്യവും ലോകത്തിനു വെളിവാക്കിയ അരുവിപ്പുറം ക്ഷേത്രപ്രതിഷ്ഠയോടുകൂടി ഗുരുദേവൻ ജനമദ്ധ്യത്തിലിറങ്ങി. വിഗ്രഹപ്രതിഷ്ഠ നടത്താനുള്ള വൈദിക ബ്രാഹ്മണന്റെ അലംഘനീയമായ കുത്തകാവകാശത്തെ ബ്രാഹ്മണമേധാവിത്വം ഫണമുയർത്തിയാടിയ ഒരു കാലഘട്ടത്തിൽ സമർത്ഥമായി നിഷേധിക്കുവാൻ ആ ധൈര്യശാലിക്കു കഴിഞ്ഞു. പക്ഷേ ആ സമീപനം ലളിതമായിരുന്നു-സൗമ്യമായിരുന്നു. 'ഈഴവശ്ശിവ'നെന്ന പ്രയോഗത്തിലൂടെ നാരായണഗുരു സമുദ്ഘാടനം ചെയ്ത സ്വതന്ത്രചിന്താശക്തിയുടെ പ്രചണ്ഡമാരുതൻ കേരളീയ സമൂഹത്തിൽ ഒരു പുതിയ യുഗത്തിന്റെ നാന്ദി കുറിച്ചു.

അയ്യൻകാളിയേയും കെ. പി. കറുപ്പനെയും പോലുള്ള സാമൂഹ്യവിപ്ലവകാരികൾ അധഃസ്ഥിത സമൂഹത്തിന്റെ മോചനകാഹളവുമായി രംഗത്തു വന്നു. വി. ടി ഭട്ടതിരിപ്പാടിനെപ്പോലുള്ള ഉല്പതിഷ്ണുക്കൾ നാലുകെട്ടിന്റെ ഇരുണ്ട മതിൽക്കെട്ടുകൾ പൊളിച്ചു പുറത്തുചാടി. നമ്പൂതിരി മേധാവിത്വത്തിൽനിന്നും നായർ സമുദായത്തെ മോചിപ്പിക്കുവാൻ മന്നത്തു പത്മനാഭൻ പ്രവർത്തന നിരതനായി. ആശാനെയും സഹോദരൻ അയ്യപ്പനെയും ഡോ; പല്പുവിനെയും ടി. കെ. മാധവനെയുംപോലുള്ളവരുൾക്കൊള്ളുന്ന ഒരു പുതിയ തലമുറ രംഗപ്രവേശം ചെയ്തു. ചുരുക്കത്തിൽ കേരളീയ സാമൂഹ്യജീവിതത്തിന്റെ ചട്ടക്കൂടു മുഴവൻ ആടിയുലഞ്ഞു. പുതിയ ചൈതന്യവും പുതിയ ഭാവങ്ങളുമായി പുത്തൻ ജീവിതത്തിന്റെ തിരിനാമ്പുകളുയർന്നു. കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ട് സാമൂഹിക-സമുദായിക സംഘടനകളും മററു പുരോഗമന പ്രസ്ഥാനങ്ങളും രൂപംകൊണ്ടു. S. N. D. P. യോഗം (1903), നായർ സർവ്വീസ് സൊസൈററി (1914), നമ്പൂതിരി യോഗക്ഷേമസഭ (1907) എല്ലാം ഇരുപതാം നൂററാണ്ടിന്റെ ഉദയത്തോടെ പ്രവർത്തനനിരതമായി. ഇതിനെല്ലാം ഊർജ്ജം പ്രദാനം ചെയ്തുകൊണ്ട് അക്ഷയമായ ഒരു ഊർജ്ജസ്രോതസ്സായി ഗുരു നിലകൊണ്ടു.

ശ്രീനാരായണ ഗുരുവെന്ന മഹാനായ ആചാര്യന്റെ ഒരു മുഖം മാത്രമാണ് നാമിവിടെ കണ്ടത്. നാരായണഗുരുവിനെ ഒരു സാമൂഹ്യ വിപ്ലവകാരിയായി കാണുന്നവർക്ക് ഇതു ധാരാളം മതിയാവും. എന്നാൽ ഗുരു ഒരു സാമൂഹിക വിപ്ലവകാരി എന്നതിലുപരി മററു പലതുമായിരുന്നു. നാരായണഗുരുവിന്റെ യഥാർത്ഥ മഹിമയും അവിടെയാണ്.

നിലവിലുള്ള വ്യവസ്ഥിതികളെ മാററി മറിക്കലാണല്ലോ വിപ്ലവംകൊണ്ടുദ്ദേശിക്കുന്നത്. അതുകൊണ്ടുതന്നെ ഏതൊരു വിപ്ലവത്തിന്റെയും പ്രസക്തി ആ കാലഘട്ടത്തിൽമാത്രം ഒതുങ്ങിപ്പോവുകയാണു പതിവ്. സാമൂഹികരംഗം അടിക്കടി മാറിക്കൊണ്ടിരിക്കുന്ന ഒരു ചുററുപാടിൽ പല വിപ്ലവചരിത്രങ്ങളും പഴങ്കഥകളായി മാറുന്നു. തലമുറകൾ കഴിയുന്നതോടെ ഇ

ത്തരം വിപ്ലവ പശ്ചാത്തലങ്ങളുടെ തീക്ഷ്ണതയും തീവ്രതയും നഷ്ടമാവുകയും വിപ്ലവകാരികൾ പലരും വിസ്മൃതരാവുകയുംചെയ്യുന്നു. ചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ ലോകത്തിലെവിടെയും ഏതു സമൂഹത്തിലും അനേകം സാമൂഹ്യപരിഷ്ക്കർത്താക്കൾ ഉണ്ടായിരുന്നിട്ടുണ്ട് എന്നു കാണുവാൻ കഴിയും. എന്നാൽ അവരിൽ നിന്നൊക്കെ നാരായണഗുരുവിനെ വ്യത്യസ്തനാക്കി നിലനിർത്തുന്ന പല ഘടകങ്ങളുമുണ്ട്. താൻ ജനിച്ച കാലഘട്ടത്തിന്റെ ഒരു പ്രാഥമികാവശ്യം (Primitive need) എന്ന നിലയിലാണ് ഗുരു സാമൂഹ്യവിപ്ലവം കൈകാര്യം ചെയ്തത്, പക്ഷേ അവിടെ മാത്രം ഒതുങ്ങിയതായിരുന്നില്ല അദ്ദേഹത്തിന്റെ ജീവിതം. കേരളീയ മനസ്സിൽ, ലക്ഷോപലക്ഷം അനുയായികളുടെ ഹൃദയത്തിൽ, ലോകത്തെമ്പാടുമുള്ള ബുദ്ധിജീവികളുടെയും ചിന്തകന്മാരുടെയും ബൗദ്ധികമണ്ഡലത്തിൽ നാരായണഗുരു ചിരഞ്ജീവിയായി നിലനില്ക്കുന്നു. ഒരു വിപ്ലവകാരിക്കോ സാമൂഹികപരിഷ്ക്കർത്താവിനോ വിരാജിക്കാൻ കഴിയാത്ത ആ മൂർത്തതലത്തിൽ നിന്നുകൊണ്ട് മനുഷ്യമനസ്സിനെ പ്രചോദിപ്പിക്കുന്ന, അങ്ങനെയുള്ള ഒരു മഹാഗുരുവിനെ അളക്കുവാൻ ഉപയോഗിക്കുന്ന നിലവാരം കുറഞ്ഞ ഒരു അളവുകോൽ മാത്രമാണ് 'സാമൂഹിക വിപ്ലവകാരി' എന്ന ലേബൽ എന്നു വ്യക്തമാക്കിക്കൊള്ളട്ടെ. ഗുരുവിനെ മനസ്സിലാക്കാൻ ശ്രമിക്കാതെ 'ആനയിലന്ധരെന്നപോലെ പലവിധയുക്തി പറഞ്ഞു പലരും വാദിച്ചുകൊണ്ടിരിക്കുന്നത് പരിതാപകരമായ ഒരു വിരോധാഭാസമാണ്.

കാലദേശങ്ങളെ അതിജീവിക്കുവാൻ കഴിയുന്ന സനാതനങ്ങളായ കുറെ ജീവിതസത്യങ്ങൾ എല്ലാ കാലത്തെയും മനുഷ്യസമൂഹത്തിനും അംഗീകാരയോഗ്യമായ നിലയിൽ ആവിഷ്ക്കരിക്കുവാൻ ഗുരുവിനു കഴിഞ്ഞു. നടരാജഗുരുവിന്റെയും ഗുരുനിത്യചൈതന്യയതിയുടെയും പ്രവർത്തനങ്ങളിലൂടെ നാരായണഗുരുവിനെ അറിയാനിടയായ പാശ്ചാത്യ ബുദ്ധിജീവികൾ ഗുരുവിൽ ആകൃഷ്ടരായത് അദ്ദേഹം കേരളത്തിൽ സാമൂഹികവിപ്ലവം നടത്തിയതിന്റെ പേരിലല്ല; മറിച്ച് അദ്ദേഹം ആവിഷ്ക്കരിച്ച വിശ്വമാനവികദർശന (Universal Sense of Self) ത്തിന്റെ മഹത്വം കൊണ്ടാണ്.

ഗുരുദേവദർശനങ്ങളെയും സിദ്ധാന്തങ്ങളെയും ഈ ലേഖനത്തിൽ വിശദീകരിക്കുവാൻ സ്ഥലപരിമിതിയും എന്റെ വിജ്ഞാനപരിധിയും അനുവദിക്കുന്നില്ല. അദ്വൈതദർശനം പുനരാവിഷ്ക്കരിച്ചുകൊണ്ട് മനുഷ്യനും മനുഷ്യനും തമ്മിലുള്ള അകലം പുതുക്കി നിർണ്ണയിക്കുവാൻ ഗുരുവിനു കഴിഞ്ഞു. ദീർഘനാളത്തെ തപസ്യയിലൂടെയും നിരന്തരമായ സത്യാന്വേഷണത്തിലൂടെയും തനിക്കു കണ്ടെത്തുവാൻ കഴിഞ്ഞ അമൂല്യദർശനങ്ങൾ അമൃതസമാനം അദ്ദേഹം ആവിഷ്ക്കരിച്ചിട്ടുണ്ട്. ദർശനമാല, ആത്മോപദേശശതകം, അദ്വൈതദീപിക, ജനനീനവരത്നമഞ്ജരി തുടങ്ങിയ ദാർശനിക കൃതികൾ മാനവസമൂഹത്തിന്റെ പൊതുസ്വത്തായി നിലകൊള്ളുന്നു. നാരായണഗുരുവിനെ പഠിക്കുവാനും വിലയിരുത്തുവാനും ആഗ്രഹിക്കുന്നവർ ആ കൃതികൾ പഠിക്കുവാൻ ശ്രമിക്കുകയാണ് വേണ്ടത്.

ഭാരതത്തിന്റെ പൈതൃകമായ മഹത്തായ ജ്ഞാനപാരമ്പര്യത്തിന്റെ ഇരുപതാംനൂറ്റാണ്ടിലെ കണ്ണിയാണ് നാരായണഗുരു. യുഗങ്ങൾക്കുമുമ്പ് ഭാരതത്തിൽ ആവിഷ്ക്കരിക്കപ്പെട്ട ഉപനിഷത്സത്യങ്ങൾ പുനരേകീകരിക്കുവാൻ ഗുരുവിനു കഴിഞ്ഞു. ലോകത്തിന്റെതന്നെ അക്ഷയസമ്പത്തായ ഉപനിഷത്തുക്കളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഋഷിതലത്തിലേക്ക് ഗുരു ഉയർന്നു. നാരായണഗുരുവിനെ ആ പാരമ്പര്യത്തിൽനിന്നു വേർപെടുത്തി നിലനിർത്തി ഗുരുവിന്റെ മഹത്വം നിർണ്ണയിക്കുവാൻ ഗുരുവിന്റെ ആരാധകരെന്നഭിമാനിക്കുന്ന പലരും ശ്രമിച്ചു കണ്ടിട്ടുണ്ട്. വില കുറഞ്ഞ വിശ്വാസപ്രമാണങ്ങളുടെയും മിഥ്യാഭിമാനത്തിന്റെയും സങ്കുചിതമായ കാഴ്ചപ്പാടിന്റെയും പേരിൽ നാരായണഗുരുവിനെ ചെപ്പിലടക്കാൻ ശ്രമിക്കുന്നവർ ആ മഹാഗുരുവിനോടു തിന്മയാണ് ചെയ്യുന്നത്. ഗുരുവിന്റെ തനിമയായ ഗുരുത്വം നിഷേധിച്ചുകൊണ്ട് ഗുരുവിനെ മറ്റെന്തൊക്കെയോ ആക്കുവാൻ ശ്രമിക്കുന്നവരോട് ഹാ കഷ്ടം! എന്നു സഹതപിക്കുവാനേ കഴിയുന്നുള്ളൂ.

ഗുരുദേവന്റെ മഹത്വം മനസ്സിലാക്കിയ ഒട്ടേറെ പണ്ഡിതന്മാരും ദാർശനികരും ബുദ്ധിജീവികളും മറ്റു പ്രമുഖരും ഗുരുവിനെ വ്യത്യസ്തതലത്തിൽ വിലയിരുത്തിയിട്ടുണ്ട്. അതിൽ എന്നെ ഏറ്റവും അധികം സ്വാധീനിച്ച വിലയിരുത്തൽ ഭാരതത്തിന്റെ ഋഷികവിയായ രവീന്ദ്രനാഥ ടാഗോറിന്റേതാണ്. ശിവഗിരിയിൽവച്ചു നടന്ന ചരിത്രപ്രസിദ്ധമായ മഹദ് സമാഗമത്തിനുശേഷം ടാഗോർ പറയുകയുണ്ടായി,

"I have been touring different parts of the world During these travels I have had the good future to come in to contact with several saints and maharshis But I have frankly to admit that I have never come across one who is spiritually greater than Swami Sree Narayana Guru of kerala may a person who is on a par with him in spiritual attainment.

I am sure, I shall never forget that radiant face illuminated by the self effulgent hight of divine glory and those yogic eyes fixing their gaze on a far remote point in the distant horizon"

നാനാത്വത്തിൽ ഏകത്വം എന്ന ഭാരതീയദർശനത്തിന്റെ അന്തസ്സത്തയുൾക്കൊണ്ടുകൊണ്ട് ഏതു വ്യത്യസ്തവിക്ഷണമുള്ളവർക്കും ആരാദ്ധ്യനായിരിക്കുവാൻ കഴിഞ്ഞ ആ മഹാവ്യക്തിത്വത്തിനു മുൻപിൽ സാഷ്ടാംഗം പ്രണമിച്ചുകൊണ്ട് ഈ ലേഖനം ഉപസംഹരിക്കുന്നു.

# THE UNIQUENESS OF SREE NARAYANA

*C. Achutha Menon*
(Former Chief Minister of Kerala)

Sree Narayana was one of the greatest among the galaxy of Social reformers who ushered in the renaiseance period in modern Indian history. His name is not so well known as it ought to be even among Indians, not to speak of people outside India. even in modern Indian histories and histories of the freedom movement in India, his name seldom finds mention. In the officially sponsored history of the Indian freedom movement written by such an eminent historian like Dr. Tarachand, Sree Narayana Guru and the movement sponsored and led by him are not dealt with. But for all that Sree Narayana was one of the greatest Indians who lived and worked during the latter half of the 19th century. His place is amonq such giants as Rama Mohan Roy, Ramakrishna Paramahamsa, Vivekananda, Mahatma Phule Dayananda Saraswathi, Periyar Ramaswamy Naicker etc.

Sree Narayana was born in 1856 in a poor peasant family in Chempazhanthy, a village near the city of Trivandrum. The family belonged to the Ezhava caste (also called Thiyya in the northern part of Kerala) which was considered to be untouchable at that time. He was educated in the traditional way in his mother tongue Malayalam and Sanskrit. Later on he mastered tamil also by his own efforts. But he had never had the advantage of modern English education. This is one of the factors which marks him out from among other Indian renaiseance leaders.

After reaching the period of adolescence his thirst for knowledge and enlightenment took him to various gurus both in Kerala and in Tamilnadu. He became a great scholar in Sanskrit, Tamil and malayalam, all three of which he could use with superb mastery and ease. He also delved deep into the works of Hindu philosophy and sat at the feet of revered gurus for acquiring the art of yoga. He thus became fully equipped mentally and emotionally for the life of a teacher and sanyasi which he became in later life.

Narayana's parent arranged an early marriage for the young man, and he went through the rituals formally. But his mind was not in family life. It is said that he never cohabited with his wife even for a single day.

He left home and began a career of wandering. Nobody could talk, least of all himself, what his destination was. He would walk for miles throughout the day, talking to all sorts of people on the way and reaching some place at the end of the day where he would find shelter in a friendly house, partake of the homely food and shelter they offer and take the night's rest there. next morning he would be gone. He spent many years like this wandering over most parts of old Travancore State and parts of distant Tamilnadu. During this period nobody could exactly tell where he was. It is said that he spent days and nights in deep meditation in sheltered caves, in the midst of deep forests. It is certain that he imbibed a deep love of nature and its beauty. This can be seen in the places he selected in after life for founding his temples and asrams, like Aruvippuram, Varkala Hills and Alwaye. It is also certain that his contact with people in all stations and walks of life deepend his knowledge of people, their spiritual and worldly problems, their innermost thoughts.

It is after this period of what is called 'Avadhoota' state that he came and settled in a hut near the water falls in Aruvippuram a magnificiently beautiful site on the Karamana river about 10 kilometres from Trivandrum city. There it was that he performed the revolutionary act of installing an idol of Lord Shiva (Sivalingam i.e. the phallus in which form shiva is usually worshipped by hindus) on the night of Sivarathri day in 1888. Revolutionary, because according to the caste rules of the Hindu, only persons belonging to the Brahman caste could perform acts of worship of God and installation of idols in temples. His was an act of Sacrilege in the eyes of Orthodox hindus belonging to the upper castes. They protested and asked what right Narayana Guru, as low caste, untouchable Ezhava, had to install the idol of Shiva. To which Narayana Guru coolly answered "I have installed an Ezhava Shiva". The sarcasm and inner meaning of the answer are unequalled in history. Firstly it meant, 'you high caste people need not quarrel with me because I have installed an Ezhava Shiva'. And secondly it meant that Shiva, that is God, had no caste and therefore could as well be an Ezhava.

The next important step in the life of Sree Narayana was the founding of the Sree Narayana Dharma Paripalana Yogam (SNDP YOGAM) in 1903. When fame began to gather round Sree Narayana, the foremost young men of the Ezhava Community began to gather around him. After Kumaran Assn the poet or even earlier came Dr. Palpu, a doctor in Mysore Health Service, one who was educatged in England and had a high job in Mysore. Then lots of others like K. Aiyappan, T.K. Madhavan, V.C. Kunhiraman, in fact the entire intellectual elite of the Ezhava community then joined him. With this team, the Guru decided to launch a great movement for social reform, including abolition of untouchability and caste. The great poet Kumaran Asan was the secretary of the organization for the first 17 years. The Yogam grew from strength to strength and became a great force in the transformation of this caste-ridden feudal society of Kerala. It played a great part in the famous Vaikom Satyagraph in 1924 for entry into roads passing by the side of the Hindu temple for all untouchables. It fought for equal electoral right for all communities and a just share of jobs in Government service and political power.

A small temple was built to house the idol and regular poojas and archanas began. Kumaran Asan, the great Malayalam Poet was the first priest to serve in this temple as a disciple of Sree Narayana. The fame of the temple spread far and wide and people from all parts of the land began to visit the temple. The Guru in course oftime founded inumerable temples throughout the length and breadth of Kerala.

This was the first step in a great movement of social reform. Originally Ezhavas worshipped all sorts of tribal Gods who were outside the Hindu brothern and the Gods were propitiated by sacrifies of fowles, goasts etc. In their place the offerings of bananas, gur, sugar, milk rice etc. became the norm in this new temples, the tribal gods were replaced by Subrahmanya, Shiva, Devi etc. Sree Narayana insisted that to his temples, everybody should be freely admitted, including the parayas and pulayas. This was the first blow at the rigid caste exclusiveness of Hinduism.

The central message of Sree Narayana Guru was the equality of all men irrespective of caste or creed "One caste, one religion, one God" was one of his most famous sayings. He saw the abolition of caste as the key to the renovation of Hindu Society. This was a revolutionary message in his times. He had respect for all religions and preached tolerance and understanding. "The essence of all religions is one" he said and further that "it does not matter what your religion is if you prove to be a good man".

Christ said "Do unto others as you would they should do unto you". To the same effect, through couched in different terms is Narayana Gurus advice "Whatever you do for your own satisfactions should be of good to others".

Many more sayings of this kind can be quoted. But more than the sayings, it is the deeds, the entire life of Sree Narayana that stands out as a beacon of light, kindness and inspiration for generations to come.

---

SWAMI'S DIALOGUES

Talking to an inmate about Mahatmaji's speech at the Vaikom Satyagraha Swami said:

"Is not Gandhiji saying that everything can succeed by penance?"

Inmate: Yes.

Swami: Why is the Satyagraha not succeeding?

Inmate: It may be that the strength of the penance is deficient. Success is sure if it is true Satyagraha.

Swami: Can everyone become a true Satyagrahi? Is it possible?

Inmate: It is considered very difficult.

